TUEBINGEN
UNIVERSITY LIBRARY
MALAYALAM
MANUSCRIPT SERIES
3
GENERAL EDITOR
DR SCARIA ZACHARIA

# തച്ചോളി പാട്ടുകൾ

എഡിറ്റർ

പി. ആൻറണി

dcb

34 A
11416

N12<527855527 021
ubTÜBINGEN

# തച്ചോളിപ്പാട്ടുകൾ

ജനറൽ എഡിറ്റർ: ഡോ സ്കറിയാ സക്കറിയ (ജ. 1947). കേരള സർവകലാശാലയിൽനിന്നു മലയാളഭാഷയിലും സാഹിത്യത്തിലും ഫസ്റ്റ്ക്ലാസോടെ മാസ്റ്റർ ബിരുദം, പ്രാചീന മലയാള ഗദ്യത്തിൻെറ വ്യാകരണ വിശകലനത്തിന് ഡോക്ടറേറ്റ്. ചങ്ങനാശ്ശേരി സെൻറ് ബർക്ക്മാൻസ് കോളജിലെ മലയാള വിഭാഗത്തിൽ അധ്യാപകൻ. 1986-ൽ ട്യൂബിങ്ങനിലെ ഗുണ്ടർട്ട് ഗ്രന്ഥശേഖരം വേർതിരിച്ചറിഞ്ഞു. 1990-91-ൽ അലക്സാണ്ടർ ഫൊൺ ഹുംബോൾട്ട് ഫെലോ എന്ന നിലയിൽ ജർമ്മനിയിലെയും സ്വിറ്റ്സർലണ്ടിലെയും ലൈബ്രറികളിലും രേഖാലയങ്ങളിലും നടത്തിയ ഗവേഷണ പഠനത്തിൻെറ വെളിച്ചത്തിൽ, ഡോ ആൽബ്രഷ്ട് ഫ്രൻസുമായി സഹകരിച്ച് ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയിൽ ആറുവാല്യമായി എട്ടു പുസ്തകം പ്രസിദ്ധീകരിച്ചു. 1993-ൽ ജർമ്മൻ അക്കാദമിക് വിനിമയ പരിപാടിയുടെ (DAAD) ഭാഗമായി ട്യൂബിങ്ങൻ സർവകലാശാലയിൽ നടത്തിയ ഹ്രസ്വ ഗവേഷണത്തിനിടയിൽ കൈയെഴുത്തു ഗ്രന്ഥപരമ്പര ആസൂത്രണം ചെയ്തു. പാഠനിരൂപണം, സാഹിത്യപഠനം, സാമൂഹിക സാംസ്കാരിക ചരിത്രം, ജീവചരിത്രം, എഡിറ്റിംഗ്, തർജമ, വ്യാകരണം, നവീന ഭാഷാശാസ്ത്രം, ഫോക്‌ലോർ എന്നീ ഇനങ്ങളിലായി ഇരുപത്തഞ്ചോളം പുസ്തകങ്ങളും പ്രബന്ധങ്ങളും മലയാളം, ഇംഗ്ലീഷ്, ജർമ്മൻ ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
വിലാസം: *കരിക്കമ്പള്ളി, ചങ്ങനാശ്ശേരി - 686 102*

എഡിറ്റർ: പി ആൻറണി (ജ. 1967). മഹാത്മാഗാന്ധി സർവകലാശാലയിൽനിന്ന് രണ്ടാം റാങ്കോടുകൂടി എം. എ. പാസ്സായി. അതേ സർവകലാശാലയിലെ സ്കൂൾ ഓഫ് ലറ്റേഴ്സിൽ വടക്കൻപാട്ടുകളെക്കുറിച്ചു ഗവേഷണം നടത്തുന്നു.

# തച്ചോളിപ്പാട്ടുകൾ


ജനറൽ എഡിറ്റർ

**ഡോ സ്കറിയാ സക്കറിയ**

എഡിറ്റർ

**പി ആൻറണി**



പ്രസാധകർ

**കേരള പഠന കേന്ദ്രം**

**സെൻറ് ബർക്ക്മാൻസ് കോളജ്**

ചങ്ങനാശ്ശേരി - 686 101

**ഡി സി ബുക്സ്**

കോട്ടയം

വില 50.00 രൂപ

UNIV. BIBL. TÜBINGEN
34 A 11416

(Malayalam)
Tuebingen University Library Malayalam Manuscript Series (TULMMS) Vol III
**Taccoli Pattukal**
Text with critical studies
General Editor: **Dr Scaria Zacharia**
Editor: **P Antony**
Rights Reserved
First Published March 1994
Typesetting & Printing: D C Offset Printers, Kottayam
Publishers:
Centre for Kerala Studies
St Berchmans' College, Changanassery
D C Books, Kottayam, Kerala
Distributors:
CURRENT BOOKS
Kottayam, Thiruvananthapuram, Kollam, Pathanamthitta, Alappuzha, Eranakulam, Aluva, Palakkad, Kozhikode, Vatakara, Thalassery, Kalpetta

**Rs. 50.00**

145(d)18/93-94)

S. No. 2184 dcb 1464 1000 0394

ജന്മം കൊണ്ടു തന്നെ കവികളായ
നാടോടിപ്പാട്ടുകാർക്ക്
മലയാളികളുടെ ഗുരു
പരമ്പരയിൽ പെട്ട
ഡോ ഹെർമൻ ഗുണ്ടർട്ടിനോടു
ചേർന്നു നിന്ന് ഈ സമാഹാരം
ഞങ്ങൾ സമർപ്പിക്കുന്നു.

ട്യൂബിങ്ങൻ സർവകലാശാലയിലെ മലയാളം കൈയെഴുത്തു ഗ്രന്ഥങ്ങളുടെ പരമ്പര (TULMMS)

ജനറൽ എഡിറ്റർ ഡോ സ്കറിയാ സക്കറിയ

| | | |
|---|---|---|
| പയ്യന്നൂർപ്പാട്ട് | 1 | എഡിറ്റർ: പി ആൻറണി |
| പഴശ്ശിരേഖകൾ | 2 | എഡിറ്റർ: ജോസഫ് സ്കറിയാ |
| തച്ചോളിപ്പാട്ടുകൾ | 3 | എഡിറ്റർ: പി ആൻറണി |

## ഉള്ളടക്കം


Acknowledgement ix

ആമുഖം xi

ഡോ സ്കറിയാ സക്കറിയ

Dr Hermann Gundert and Folk Literature xxvii

Dr Albrecht Frenz

തച്ചോളിപ്പാട്ടുകൾക്ക് ഒരു മുഖവുര xxxiii

പി ആൻറണി


## തച്ചോളിപ്പാട്ടുകൾ


1 തച്ചോളി ഒതേനൻെറ പാട്ട് 1

2 തെക്കു തിരുനുമ്പ കുഞ്ഞിക്കണ്ണൻെറ പാട്ട് 11

3 കരുവാഞ്ചേരി കുഞ്ഞിക്കേളു 40

4 തോട്ടത്തിൽ കേളപ്പൻെറ പാട്ട് 70

5 കള്ളിപ്പാലയാട്ടെ കോരൻെറ പാട്ട് 98

6 നാളോം പുതിയവീട്ടിൽ കേളുവിൻ പാട്ട് 110

7 ഓമനക്കടിഞ്ഞോത്തെ കുഞ്ഞിയൊതേൻെറ പാട്ട് 120

8 തച്ചോളി കേളുവിൻ പാട്ട് 131

9 പറമ്പിക്കുറുക്കാട്ടെ കുഞ്ഞ്യാമറെ പാട്ട് 142

10 എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻെറ പാട്ട് 151

11 കൊലത്തിരിത്തമ്പുരാൻെറ പാട്ട് (അപൂർണ്ണം) 170

പദാർത്ഥസൂചിക 174

# ACKNOWLEDGEMENTS

It gives me pleasure to acknowledge permission and support for the publication of Malayalam manuscripts in the **Tuebingen University Library.** The director and his colleagues have always received me as a welcome guest and provided expert colleagual assistance. *Dr George Baumann*, director of Oriental Section, has been the main source of knowledge and support. *Dr Karl Heinz Gruessner* and *Dr Gabriele Zeller* have been helpful in the preparation of this series.

The idea for this series was born out of the research work done in the Tuebingen University Library in preparation of *Hermann Gundert Series* (6 volumes, 8 books). My research project in Germany at that stage (1990-91) was made possible by the generous assistance of a research fellowship from **Alexander von Humboldt Foundation.**

The preparation for the first three volumes of this series was completed during my research work in Tuebingen University (1993) on the invitation of **DAAD-German Academic Exchange Programme**.

I am grateful for a grant from *Dr Herbert Karl,* Mayor of Calw, for reprographing 12 volumes of Tellicherry Records in Germany.

I could never have prepared and published this series without the personal encouragement and professional support of *Dr Albrecht Frenz*, to whom we owe the familiarising of Kerala Studies in modern Germany. He helped me to the Tuebingen University Library in 1986, and paved the way for the chance discovery of invaluable Malayalam manuscripts. The organizing committee of *Dr Hermann Gundert Conference* 1993 and *Dr Hermann Gundert Foundation*, Stuttgart deserve special thanks for their spirited interest and whole hearted support.

*Prof Dr Heinrich von Stietencron* and his colleagues in the department of indology University of Tuebingen, have helped me in my sojourn through words and deeds.

The Gundert family especially members of Steinhaus *Ms Gertraud Frenz* and *Ms Margret Frenz* cheerfully aided me in my research work. Closer, at home, I am grateful to quite a few eminent scholars : *Prof S Guptan Nair, Prof Dr M Leelavathy, Prof Dr A P Andrewskutty, Prof Dr MGS Narayanan* and *Prof Dr KM Prabhakara Variar* who helped in

various ways with the editing of this series. Two young research scholars, *P Antony* and *Joseph Scaria* shared the most difficult task of carefully copying down and analysing these difficult texts. They even prepared the press copies of these volumes and checked the proof sheets. The young journalist *K Balakrishnan* (Desabhimani, Kannur) has focussed public attention on these valuable works through his learned articles. *Rev Dr George Madathiparampil* principal **St Berchmans'College**, *Prof NS Sebastian* and other colleagues in the department of Malayalam, *Prof A E Augustine, Prof K V Joseph*, eminent cultural leader *Murkot Ramunny* and veteran publisher *DC Kizhakkemuri* have provided the right kind of stimulation, support, advice or expertise.

Changanassery
March 1994

**SCARIA ZACHARIA**
General Editor

# ആമുഖം

## സ്കറിയാ സക്കറിയ

കേരളത്തിലെ നാടോടിപ്പാട്ടുകളെക്കുറിച്ച് ആദ്യം പഠനം നടത്തിയത് ആരാണ്? വടക്കൻ പാട്ടുകളുടെ മികച്ച മാതൃകകളായ തച്ചോളിപ്പാട്ടുകൾ ശേഖരിച്ചു പദാനുപദം പരിശോധിച്ചു നിഘണ്ടുവിൽ ഉപയോഗിച്ച ഡോ ഹെർമൻ ഗുണ്ടർട്ടിന്റെ നാടോടി വിജ്ഞാന സംബന്ധമായ സേവനങ്ങൾ നമ്മുടെ പണ്ഡിതന്മാർ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്നു തോന്നുന്നു. നിഘണ്ടുവിലെ പരാമർശങ്ങളല്ലാതെ, ഈ രംഗത്തു ഗുണ്ടർട്ടു ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതലൊന്നും മലയാളികൾ അറിഞ്ഞിരുന്നില്ല. ഇപ്പോൾ ജർമനിയിലെ ട്യൂബിങ്ങൻ സർവ്വകലാശാലാ ലൈബ്രറിയിലെ ഹസ്തലിഖിതഗ്രന്ഥാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന തച്ചോളിപ്പാട്ടുകൾ എന്ന കൈയെഴുത്തു ഗ്രന്ഥം നാടൻ പാട്ടുകൾ ശേഖരിച്ചുപയോഗിക്കുന്നതിൽ ഗുണ്ടർട്ടിനുണ്ടായിരുന്ന ഉത്സാഹം വെളിപ്പെടുത്തുന്നു. അതിനാൽ ഗുണ്ടർട്ട് ചരമശതാബ്ദിയോടനുബന്ധിച്ച്, ട്യൂബിങ്ങൻ സർവ്വകലാശാലാ മലയാളം കൈയെഴുത്തു ഗ്രന്ഥപരമ്പര (TULMMS)യുടെ. മൂന്നാം വാല്യമായി തച്ചോളിപ്പാട്ടുകൾ പ്രസിദ്ധീകരിക്കയാണ്. ഇതിനുമുമ്പ് അച്ചടിയിലെത്തിയിട്ടില്ലാത്തവയാണ് ഗുണ്ടർട്ടിന്റെ ഗ്രന്ഥശേഖരത്തിലുള്ള പാട്ടുകൾ എന്നതു ഈ പ്രസിദ്ധീകരണത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

### ഗുണ്ടർട്ടും നാട്ടറിവും

കേരളത്തിലെ വിശേഷിച്ച്, ഉത്തരമലബാറിലെ നാട്ടറിവി(folk knowledge)ന്റെ വിജ്ഞാനകോശമാണ് ഗുണ്ടർട്ടു നിഘണ്ടു. ഇതിനുള്ള ഉപാദാനങ്ങളായി അദ്ദേഹം ശേഖരിച്ചവയിൽ നല്ലൊരു ഭാഗം ഇന്ന് ട്യൂബിങ്ങൻ സർവ്വകലാശാലാ ഗ്രന്ഥപ്പുരയിലുണ്ട്. അവയിൽ പ്രഥമപരാമർശം അർഹിക്കുന്നതു കേരളോൽപത്തികകളാണ്. പരശുരാമകഥയിൽ തുടങ്ങുന്ന കേരളോൽപത്തികൾ പ്രാദേശിക ചരിത്രമായും ആചാരാനുഷ്ഠാനങ്ങളുടെ വിശദീകരണങ്ങളായും പരിണമിക്കുന്നതു ശ്രദ്ധാപൂർവ്വം പഠിച്ചറിഞ്ഞ ഗുണ്ടർട്ട് അവ ചിട്ടപ്പെടുത്തി ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചതു വിശദമായ ഗവേഷണപഠനം അർഹിക്കുന്നു. ഉള്ളടക്കത്തിന്റെ സംവിധാനത്തിലും അച്ചടിയിലും നവീന പാഠനിരൂപണത്തിന്റെ ദർശനങ്ങളും സാധ്യതകളും അദ്ദേഹം പ്രയോജനപ്പെടുത്തിയിരിക്കുന്നു. ഗുണ്ടർട്ടു തന്നെ സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് കേരളോൽപത്തിയുടെ പ്രസാധനമാണ് കേരളീയ ഹൃദയങ്ങളി ലേക്ക് അദ്ദേഹത്തിനു പ്രവേശനം നൽകിയത്. മലയാളികളുടെ ആത്മദർശനത്തെ ആദരിച്ച

വിദേശിയെ നാട്ടുകാർ അംഗീകരിച്ചതിൽ വിസ്മയമില്ല. മിത്തുകൾ ഒരുതരം സത്യ ദർശന രീതിയാണെന്നു അദ്ദേഹം ഗ്രഹിച്ചിരിക്കണം.

സംസ്കൃതത്തിലും തമിഴിലും നല്ല അറിവുണ്ടായിരുന്നെങ്കിലും മലയാളി കളുടെ പൊരുൾ തേടി ഇതിഹാസങ്ങളിലേക്കു കടന്നുചെല്ലാൻ അദ്ദേഹം ഏറെ പരിശ്രമിച്ചില്ല. മലയാളഭാഷയ്ക്കു സേവനമർപ്പിച്ച അർണോസ്, പൗലിനോസ് തുടങ്ങിയവരിൽനിന്ന് വ്യത്യസ്തമായ നയമായിരുന്നു ഇത്. ഇക്കാര്യത്തിൽ ബഞ്ചമിൻ ബയിലിയും ക്ലാസിക്ക് പക്ഷപാതിയായിരുന്നു. നാട്ടുകാരായ പണ്ഡിത ന്മാരും വ്യത്യസ്തരായിരുന്നില്ല. ഗുണ്ടർട്ടാകട്ടെ, കൊച്ചുമലയാളത്തിലെ ക്ലാസിക്കുകൾ തേടിയാണ് പുറപ്പെട്ടത്. മഹാപാരമ്പര്യങ്ങൾ (Great traditions) പോലെ വിലപ്പെട്ടവയാണ് ലഘുപാരമ്പര്യങ്ങൾ (Little traditions)എന്ന ബോധം ഗുണ്ടർട്ടിനുണ്ടായിരുന്നു. പയ്യന്നൂർപാട്ടും തച്ചോളിപ്പാട്ടും, മാപ്പിളപ്പാട്ടും കേരള ത്തിൻെറ വീരഗാഥകളായി പരിഗണിച്ചു അവയിലൂടെ മലയാളത്തനിമ കണ്ടെത്താ നായിരുന്നു അദ്ദേഹത്തിൻെറ ശ്രമം. ഗുണ്ടർട്ടു രചിച്ച പാഠപുസ്തകങ്ങൾ നാട്ടറിവിനു അദ്ദേഹം നൽകിയിരിക്കുന്ന പ്രാധാന്യം വെളിപ്പെടുത്തുന്നു. പാഠമാലയിലെ ഉള്ളടക്കം കേരളീയജീവിതത്തിൻെറ തനിമയ്ക്കും വൈവിധ്യത്തിനും ഊന്നൽ നൽകുന്നതാണ്.പാഠാരംഭം വലിയപാഠാരംഭം എന്നിവയിലും പഴഞ്ചൊല്ലുകൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. ഭൂമിശാസ്ത്രം, ചരിത്രം എന്നിവയിലുമുണ്ട് നാട്ടുപൊരുളു കൾ. ലോകചരിത്രം കേരളചരിത്രത്തെക്കൂടി സ്പർശിക്കുന്ന രീതിയിലാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. മലബാറിലെ നാട്ടുപുരാണങ്ങളെയും ജനപരിണാമത്തെയും സ്പർശിക്കുന്നതാണ് ഭൂമിശാസ്ത്രം. ഉദാഹരണത്തിന്, വള്ളുവനാടിനെക്കുറിച്ച് എഴുതുമ്പോൾ എഴുത്തച്ഛനും അദ്ദേഹത്തിൻെറ ജന്മത്തെക്കുറിച്ചുള്ള ഐതിഹ്യ വും കടന്നു വരുന്നു.

ജനങ്ങളുടെ പാരസ്പര്യവും കൂട്ടായ്മയും ഉറപ്പാക്കുന്ന സാംസ്കാരിക ഘടകങ്ങളെല്ലാം ചേർന്ന ഫോക്‌ലോറിനെക്കുറിച്ച് ഗുണ്ടർട്ടിനു ധാരണയുണ്ടായി രുന്നു. ഇങ്ങനെ ദർശനവും ജീവിതവും തമ്മിലുള്ള ബന്ധം വിടാതെ നിത്യാനു ഭവങ്ങൾ മുൻനിറുത്തി ചിന്തിക്കുന്ന ശീലം പല പുതിയ ഉൾക്കാഴ്ചകളും അദ്ദേഹ ത്തിനു നൽകി. ഒരു ഉദാഹരണം അടുത്ത കാലത്ത് ഉപരാഷ്ട്രപതി കെ.ആർ. നാരായണൻ ചൂണ്ടിക്കാട്ടുകയുണ്ടായി:

'അത്ഭുതകരമാണ് ഡോ. ഗുണ്ടർട്ടിൻെറ ജീവിതം. ഗുണ്ടർട്ട് ഭാഷാപണ്ഡിതൻ മാത്രമായിരുന്നില്ല. ഇന്ത്യയിലെ സാമൂഹിക ജീവിതരീതികൾ ശാസ്ത്രീയമായി വീക്ഷിച്ചു അതിലെ താളക്കേടുകൾ കണ്ടെത്തിയ സൂക്ഷ്മദൃക്കായ പ്രവാചകൻ കൂടിയായിരുന്നു. ഫ്യൂഡലിസത്തിൽ നിന്ന് ഇന്ത്യ എന്തുകൊവണ്ട് വ്യവസായ യുഗത്തിലേക്കും ബൂർഷ്വാവ്യവസ്ഥിതിയിലേക്കും മാറുന്നില്ല എന്നതിനുള്ള വിശദീകരണം ഗുണ്ടർട്ടിൻെറ ഡയറിക്കുറിപ്പുകളിലുണ്ട്. പുരോഗതിയിൽ ഇന്ത്യ യൂറോപ്പിനെക്കാൾ നൂററാണ്ടുകൾ പിന്നിലായതിനു കാരണം മാററത്തോടുള്ള വിമുഖതയാണ്. ജാതിവ്യവസ്ഥ മൂലം ഓരോ ജനവിഭാഗവും പരമ്പരാഗത തൊഴി ലിൽ തന്നെ തുടരുകയുംപരമ്പരാഗത തൊഴിലുപകരണങ്ങൾ മാത്രം ഉപയോഗിച്ചു പോരികയും ചെയ്യതിനാലാണ് ഇന്ത്യൻ ജനത ശാസ്ത്രസാങ്കേതിക വിദ്യകളുടെ പുതിയ സാധ്യതകൾകണ്ടെത്താനോ പരിഷ്കൃത തൊഴിലുപകരണങ്ങൾ

ഉപയോഗിക്കാനോ കഴിയാതെ പിന്നോക്കം തള്ളപ്പെട്ടത്. കൈത്തൊഴിലുകൾ പാരമ്പര്യ കുലത്തൊഴിലുകളായി തുടരുന്ന ഇന്ത്യയിലെ ഗ്രാമീണമേഖലയിൽ ഈ നിരീക്ഷണത്തിനു ഏറെ പ്രസക്തിയുണ്ട്. ഇക്കാര്യം ആദ്യം കണ്ടറിഞ്ഞു ചൂണ്ടിക്കാട്ടിയതു ഗുണ്ടർട്ടാണ്. വീണ്ടും ഇക്കാര്യം ഓർമ്മിപ്പിച്ചതു ശ്രീനാരായണ ഗുരുവും.' (പ്രഭാഷണം, കോട്ടയം മാതൃഭൂമി 5.9.93)

നാട്ടുകാരുടെ അഭിപ്രായങ്ങളും രചനകളും ശ്രദ്ധാപൂർവം പരിശോധിക്കുന്നതിൽ ഏററവും കൂടുതൽ താൽപര്യമെടുത്ത വിദേശമിഷണറി ഗുണ്ടർട്ടായിരുന്നു. ചൊക്ലിയിലെ കുഞ്ഞിവൈദ്യനെ ' വൃദ്ധ ദാർശനികൻ ' എന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. പടപ്പാട്ടു പാടുന്ന നായർ പടയാളിയിൽ നിന്നും പഴങ്കഥകൾ പറയുന്ന യഹൂദകാരണവരിൽ നിന്നും പലതും പഠിക്കാനുണ്ട് എന്ന് ഗുണ്ടർട്ട് വിശ്വസിച്ചു. ജനങ്ങളുടെ വിവേകത്തിലുള്ള വിശ്വാസം, അതാണല്ലോ നാട്ടുപൊരുൾ തേടാൻ ഗവേഷകനെ പ്രേരിപ്പിക്കുന്നത്. നാട്ടുപൊരുൾ ഭൂതകാലത്തു നിലനിന്നിരുന്നവയുടെ പൊട്ടും പൊടിയും അല്ല. ഇത്, എന്താണ് നാട്ടുപൊരുൾ--ഫോക്‌ലോർ എന്ന ചോദ്യത്തിൽ നമ്മെ എത്തിക്കുന്നു.

## എന്താണ് ഫോക്‌ലോർ?

ഫോക്‌ലോറിനു നൽകപ്പെട്ടിരിക്കുന്ന നാനാവിധമായ നിർവചനങ്ങളിലൂടെകടന്നുപോകാൻ ഇവിടെ അവസരമില്ല. ചുരുക്കിപ്പറഞ്ഞാൽ folk, lore എന്നീ പദങ്ങളുടെ വ്യാപ്തിയെച്ചൊല്ലിയാണ് അഭിപ്രായഭേദങ്ങൾ നിലനിൽക്കുന്നത്. യൂറോപ്പിലും ഏഷ്യയിലുമുള്ള സാമ്പ്രദായിക സമൂഹങ്ങൾക്ക് 'പറുദീസ നഷ്ട'ത്തിൻെറ ഓർമകളുണർത്തുന്ന സങ്കല്പനമാണ് ഫോക്‌ലോർ. ഗ്രാമീണതയുടെ സാംസ്കാരികോൽപന്നമാണ് യൂറോപ്യൻ പണ്ഡിതന്മാർക്ക് ഫോക്‌ലോർ. നാടോടിപ്പുരാണങ്ങൾ, പരമ്പരാഗത കലകൾ, പ്രാചീന അനുഷ്ഠാനങ്ങൾ, വാമൊഴി സാഹിത്യം എന്നിവയ്ക്കാണ് ഇവിടെ ഫോക്‌ലോർ പഠനത്തിൽ മുൻതൂക്കം ലഭിക്കുക. മതപരിവേഷമോ ദേശീയവികാരമോകൂടി ഉണ്ടായാൽ നല്ല ഫോക്‌ലോറായി.

ഇപ്പറഞ്ഞതു മാത്രമാണ് ഫോക്‌ലോർ എന്ന് അംഗീകരിച്ചാൽ, വ്യവസായവത്കരണത്തിലും നഗരവത്കരണത്തിലും മുങ്ങിപ്പോയ അമേരിക്കപോലുള്ള രാഷ്ട്രങ്ങൾക്ക് ഫോക്‌ലോർ പാരമ്പര്യമേ ഇല്ലെന്നു വന്നുകൂടും. അമേരിക്കയലെ ആദിമ നിവാസികളുടെകാര്യം മറന്നുകൊണ്ട് കുടിയേററക്കാരിൽ നിന്ന് ആരംഭിക്കുന്ന ദേശീയ ബോധത്തിന് വിദൂരമായ യൂറോപ്യൻ വർഗ്ഗ സ്മൃതികളിൽ ഫോക്‌ലോർ പരിമിതപ്പെടുത്താൻ സമ്മതമായില്ല. ഇന്നലെയുടെ വൃത്തത്തിൽനിന്ന് ഇന്നിലേക്ക് അവർ ഫോക്‌ലോറിൻെറ പരിധി വർദ്ധിപ്പിച്ചു.വൻകിട ഫാക്ടറികളിലും ഓഫീസുകളിലും ഫോക്‌ലോറിൻെറ ആവിഷ്കാരങ്ങൾഅമേരിക്കൻ പണ്ഡിതന്മാർ കണ്ടെത്തി. നഗരവത്കരിക്കപ്പെട്ട എല്ലാ ഭൂപ്രദേശങ്ങൾക്കും ജനതകൾക്കും ബാധകമായ മിത്തുകളും ജ്ഞാനസംഘാതങ്ങളും നിലവിലുണ്ടെന്നും അവയെക്കുറിച്ചുള്ള പഠനവും ഫോക്‌ലോർതന്നെ എന്ന വാദം ഇന്ന് ആദരിക്കപ്പെടുന്നുണ്ട്. വടക്കൻ പാട്ടുകളും, തെയ്യവും കളമെഴുത്തും തീയാട്ടും മാർഗ്ഗംകളിയും ഒപ്പനയും മാത്രമല്ല പുതിയ കാഴ്ചപ്പാടിൽ ഫോക്‌ലോർ. നാട്ടറിവ് എന്ന വാക്ക് ഇവിടെ ബോധപൂർവ്വം ഉപയോഗിച്ചതാണ്. അറിവ് ബൗദ്ധികം മാത്രമല്ല, ഹൃദയപരവുമാകാം. അങ്ങനെയുള്ള അറിവ് ജനകീയകൂട്ടായ്മയുമായി ബന്ധപ്പെട്ടതാണെങ്കിൽഅതു

ഫോക്‌ലോറാകും. ഒരു സമൂഹത്തിൻെറ, കൃത്യമായിപ്പറഞ്ഞാൽ ഒന്നിലേറെ വ്യക്തികളടങ്ങുന്ന ഏതു കൂട്ടുകെട്ടിൻെറയും, ഒരുമയ്ക്കും സ്വരൂപത്തിനും നിദാനമായ അറിവ് ഫോക്‌ലോറിൻെറ മേഖലയാണ്. അങ്ങനെ വരുമ്പോൾ, ട്രേഡ് യൂണിയൻ വ്യവഹാരങ്ങളും മുദ്രാവാക്യങ്ങളും ചുവരെഴുത്തുകളും അണിഞ്ഞൊരുങ്ങുന്നതിൽ താൽപര്യമുള്ള പെൺകുട്ടികളുടെ വേഷവിപ്ലവവും ആഭരണഭ്രമവും സിനിമാജ്വരവും ഭക്ഷണശീലങ്ങളും രാഷ്ട്രീയ നേതാവിനെക്കുറിച്ചുള്ള സങ്കല്പങ്ങളും വീടിനെക്കുറിച്ചുള്ള ധാരണയുമെല്ലാം ഫോക്‌ലോറിൻെറ വിശാലമേഖലയിൽ ഇടം തേടിയെത്തുന്നു. സാംസ്കാരിക പ്രതിഭാസങ്ങൾഎന്ന നിലയിൽ ഇവ അപഗ്രഥിക്കാൻ ഫോക്‌ലോറിസ്ററിനു കഴിയണം. സമൂഹങ്ങൾക്കും ഉപസമൂഹങ്ങൾക്കും ഉണ്മനൽകുന്ന ശക്തികളെക്കുറിച്ചുപഠിക്കുന്ന മററു വിജ്ഞാനശാഖകളുമായി സഹകരിച്ചു മാത്രമേ ഇവിടെ നാട്ടറിവിനെക്കുറിച്ചുള്ള പഠനം പുരോഗമിക്കൂ. ഇത്രത്തോളമാകുമ്പോൾ ഫോക്‌ലോർ പഠനം വെറുമൊരു കൗതുകം എന്നതിനപ്പുറം വർത്തമാനകാലജീവിതത്തെ ബാധിക്കുന്ന ബഹുതല സ്പർശിയായ ജ്ഞാനമായി വളരുന്നു. ഇന്നത്തെ നിലയിൽ, പ്രചാരണപ്രവർത്തനങ്ങൾക്ക് മോടി കൂട്ടാനുള്ള പഴഞ്ചരക്കുകൾ മാത്രമാണ് ഫോക്‌ലോറായി വിവക്ഷിക്കപ്പെടുക. ചരിത്രത്തിലേക്കു കടന്നു നിൽക്കുന്ന നാട്ടറിവിൻെറ വൈകാരികശക്തി വിവേചിച്ചറിഞ്ഞ ചില രാഷ്ട്രീയ നേതാക്കൾ പ്രചാരണതന്ത്രങ്ങൾക്കുള്ള ഉപകരണങ്ങളായി ഫോക് കലാരൂപങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഫാസിസ്ററുകൾ, ഫോക്‌ലോറുപയോഗിച്ചു എന്നു പറയാം. ഇന്ന് ഉപഭോഗ സംസ്കാരം ആർത്തി വളർത്താൻ പരസ്യങ്ങളിൽ ഫോക്‌ലോർ ഉപയോഗിക്കുന്നു. ഇതെല്ലാം ഫോക്‌ലോർ ഇന്നും സജീവമായ വ്യവഹാരമാണെന്നു നമ്മെ ഓർമിപ്പിക്കുന്നു. ഫോക്‌ലോറിൻെറ വ്യാപ്തിയെക്കുറിച്ചുള്ള പുത്തൻ ധാരണകൾ, ആ മണ്ഡലത്തിനു സമകാലിക സമൂഹത്തിൽ പ്രസക്തിയും പ്രാധാന്യവും വർദ്ധിപ്പിക്കുന്നതാണ്.

നാട്ടുപൊരുൾ തേടി നടത്തിയ സാഹസിക തീർത്ഥാടനത്തിൻെറ ഭാഗമായിട്ടാവണം പഴഞ്ചൊല്ലുകളും വടക്കൻ പാട്ടുകളും മാപ്പിളപ്പാട്ടുകളും ഐതിഹ്യങ്ങളും ഗുണ്ടർട്ട് ശേഖരിച്ചത്. അവയിലൂടെ പ്രകാശിതമാകുന്ന അറിവ്, അതിലായിരുന്നു അദ്ദേഹത്തിൻെറ ശ്രദ്ധ. കാച്ചിക്കുറുക്കിയ ചൊല്ലുകൾ, പഴഞ്ചൊല്ലുകൾ, ശേഖരിച്ചവതരിപ്പിക്കുന്നതിൽഅദ്ദേഹം പ്രകടിപ്പിച്ച ശ്രദ്ധ ഇവിടെ അനുസ്മരിക്കുക. ഒരുപടി കൂടി കടന്ന്, പഴഞ്ചൊൽ മാലയിൽ, പഴഞ്ചൊല്ലുകൾ ക്രൈസ്തവമതപ്രചാരണത്തിന് ഉപയോഗിക്കാൻ കൂടി മിഷണറിയായ ഗുണ്ടർട്ട് ശ്രദ്ധിച്ചു. അപ്പോഴും പഴഞ്ചൊല്ലുകൾ വളച്ചൊടിച്ചില്ല എന്നതു അദ്ദേഹത്തിൻെറ അക്കാദമിക് മാന്യതയായി പരിഗണിക്കാം.

തച്ചോളിപ്പാട്ടുകൾ എന്ന ശീർഷകത്തിൽ ഇവിടെ പ്രസിദ്ധീകരിക്കുന്ന സമാഹാരത്തിലുള്ളതു കഥാഗാനങ്ങളാണ്. നാടോടിക്കഥകളുടെ അപഗ്രഥനത്തിന് വി.ജെ. പ്രോപ്പ് നിർദ്ദേശിച്ച മാതൃക ( Vladmir Propp, Morphology of the Folk tale, 1968) എങ്ങനെ വടക്കൻ പാട്ടുകളിലെ കഥാഘടന വിശദീകരിക്കാൻ ഉപകരിക്കും എന്നു ഡോ. എം ആർ രാഘവവാരിയർ (പാട്ടുകഥാപ്രരൂപങ്ങൾ, വടക്കൻ പാട്ടുകളിലെ കഥാഘടന, മലയാള വിമർശം, ലക്കം 11, ജൂലായ് 90-ജൂൺ 91) വിവരിച്ചുട്ടുണ്ട്. ഘടനാവാദത്തിൽ ഉറപ്പിച്ചിട്ടുള്ള ഈ സമീപനത്തിലൂടെ പാട്ടുകഥയുടെ ഘടനയിൽ നിന്നു സാംസ്കാരിക ഘടനയിലേക്കും പിന്നെ മൂല്യ

പദ്ധതിയിലേക്കും കടന്നുചെല്ലാൻ നാടോടി വിജ്ഞാനീയത്തിനു കഴിയും. ഇക്കാര്യങ്ങൾ താത്ത്വികമായി മനസ്സിലാക്കാൻ രാഘവൻ പയ്യനാടിന്റെ ഫോക്‌ലോർ (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1992) ഉപകരിക്കും. ഇവർ നിർദ്ദേശിച്ചിരിക്കുന്ന സിദ്ധാന്തങ്ങളുടെ വിശദമായ പഠനത്തിനു വേണ്ട വൈവിധ്യമാർന്ന പാട്ടുകഥാമാതൃകകൾ തച്ചോളിപ്പാട്ടുകളിലുണ്ട്. ഇതെക്കുറിച്ച് ഒരു ഏകദേശരൂപം ലഭിക്കാൻ ഉതകും എന്ന പ്രതീക്ഷയിൽ ഇവിടെ പ്രസിദ്ധീകരിക്കുന്ന പാട്ടുകളിലെ ഇതിവൃത്തം ചുരുക്കിപ്പറയാം. സാധാരണക്കാരായ വായനക്കാർക്കു പാട്ടുകൾ വായിക്കാൻ താൽപര്യമുണ്ടാകണം എന്ന ലക്ഷ്യം കൂടി ഈ പ്രയത്നത്തിനുണ്ട്.

## തച്ചോളി ഒതേനന്റെ പാട്ട്

ഓണത്തരയിനു പോകാൻ ഒതേനൻ ഏട്ടൻ കോമക്കുറുപ്പിന്റെ ഉറുമി ചോദിക്കുന്നു. തന്റെ ഉറുമിക്കും ഒതേനനും 'ചൊവ്വ്' ഉണ്ടെന്നു തടസ്സം പറഞ്ഞെങ്കിലും ഒടുവിൽ ഉറുമി കൊടുത്തു വിടുന്നു, കോമക്കുറുപ്പ്. അതിനു മുമ്പ്, തനിക്ക് എങ്ങനെ ഈ ഉറുമി കിട്ടിയെന്ന്, അയാൾ വിവരിക്കുന്നുണ്ട്.

കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരും ചങ്ങാതിയും കൂടി നിർമ്മിച്ച കപ്പലിനു പാമരം സംഘടിപ്പിച്ചുകൊടുത്തത് കോമക്കുറുപ്പാണ്. മരയ്ക്കാരും ചങ്ങാതിയും കൂടി കപ്പലിൽ നാലു വർഷം വ്യാപാരം നടത്തി. ഒടുവിൽ കപ്പലിലെ ചരക്കു പങ്കുവയ്ക്കാൻ തീരുമാനിച്ചു. ചരക്കു വീതിച്ചപ്പോൾ മരയ്ക്കാർക്ക് മീശം (വീതം) ബോധിച്ചില്ല. തുടർന്ന്, ചരക്കു ന്യായമായി ഭാഗിക്കാൻ കോമക്കുറുപ്പിനെ ക്ഷണിക്കുന്നു. കോമക്കുറുപ്പിന്റെ വിഭജനത്തിൽ സന്തുഷ്ടനായ മരയ്ക്കാർ സമ്മാനമായി നൽകിയതാണ് ഉറുമി.

ചീനംബീട്ടു കോവിലകത്ത് എത്തിയ ഒതേനനെ ബാളന്നോർ മാനിക്കുന്നില്ല. അവർ തമ്മിൽ ഒന്നും രണ്ടും പറഞ്ഞ് ഇടയുകയാണ്. ഒതേനന്റെ അമ്മയുടെ ആത്മാവു ശല്യം ചെയ്യുന്നതു നിമിത്തം ചീനം വീട്ടിൽ പൊറുതിമുട്ടി എന്ന് ബാളന്നോർ ആക്ഷേപിക്കുന്നു. ബാളന്നോരുടെ അനന്തരവൾ കുങ്കിബില്ലിയാരിക്ക് കുങ്കൻ മണവാളനുമായി അവിഹിതബന്ധമുണ്ടെന്ന് ഒതേനൻ തിരിച്ചടിച്ചു. അപമാനിതനായ ബാളന്നോർ തിളച്ച നെയ്യിൽ കൈമുക്കി നിരപരാധിത്വം തെളിയിക്കാൻ ബില്ലിയാരിയെ നിർബന്ധിക്കുകയായി. അവൾ സമ്മതിക്കുന്നു.

ബില്ലിയാരി, കുങ്കൻ മണവാളനെ വിവരം അറിയിച്ചു. ഒരു പച്ചമരുന്നു കൊടുത്തിട്ട്, അതു മുടിക്കെട്ടിൽ വെച്ച് തിളച്ച നെയ്യിൽ കൈമുക്കാൻ അയാൾ ഉപദേശിക്കുന്നു. ഉപദേശം അനുസരിച്ച ബില്ലിയാരി പരീക്ഷണത്തിൽ വിജയിക്കുന്നു. കുങ്കൻ മണവാളന്റെ പച്ചമരുന്നിന്റെ 'വീരിയ' മാണിതെന്നു പറഞ്ഞുകൊണ്ട്, ബില്ലിയാരി മഴു ചുട്ടെടുക്കണം എന്നായി ഒതേനൻ. അവിടെയും പച്ചമരുന്നിന്റെ 'വീരിയം' അവളെ രക്ഷിച്ചു. മുതലകളുള്ള പെരുങ്ങളോനാണ്ട പുഴ നീന്തണം എന്നതായിരുന്നു അവസാനത്തെ പരീക്ഷണം. മുടിക്കെട്ടിൽ പച്ചമരുന്നുമായി അപകടമില്ലാതെ പുഴനീന്തിക്കയറി, ബില്ലിയാരി. മുടിക്കെട്ടഴിച്ച് പുഴനീന്തണം എന്നായി ഒതേനനൻ. അങ്ങനെയെങ്കിൽ തനിക്കൊപ്പം ഒതേനന്റെ സഹോദരി ഉണ്ണിച്ചിരയും നീന്തണം എന്ന് ബില്ലിയാരി ആവശ്യപ്പെട്ടു. പച്ചമരുന്നില്ലാതെ പുഴ നീന്തിയ ബില്ലിയാരിയെ മുതല കൊണ്ടുപോകുന്നു. ഒപ്പം നീന്തിയ ഉണ്ണിച്ചിര അപകടം കൂടാതെ കരയ്ക്കെത്തുന്നു.

## തെക്ക് തിരുനുമ്പ കുഞ്ഞിക്കണ്ണൻെറ പാട്ട്

പതിററാണ്ടു മുമ്പ് അച്ചനും അമ്മയും തനിക്കു വക പറഞ്ഞു വച്ച പെണ്ണിനെതേടി തെക്ക് തിരുനുമ്പ കുഞ്ഞിക്കണ്ണൻ പുറപ്പെടുന്നു. ചങ്ങാതി കതിരൂക്കാടൻ കണ്ണനും കൂടെയുണ്ട്. കുന്നുമ്മലെ വീട്ടിലെത്തിയ കുഞ്ഞിക്കണ്ണന്, അവിടുത്തെ കുഞ്ഞിക്കുമ്പയിൽ 'നോക്കിയ നോക്കലിലീണം വീണു'. കുമ്പയ്ക്ക്പെരിമ്പടക്കേയിലിലെ തമ്പുരാൻ 'കൂമ്പാള വീത്തും പുടകൊടുത്തതാ' ണെന്ന് കുമ്പയുടെ അമ്മ ഓർമ്മിപ്പിക്കുന്നു. അമ്മയുടെ വിലക്കു വകവയ്ക്കാതെ കുഞ്ഞിക്കണ്ണൻ കുമ്പയ്ക്ക് 'ഉടുപ്പാനും തേപ്പാനും' കൊടുത്തു. വിവരം അറിഞ്ഞ തമ്പുരാൻ, കുഞ്ഞിക്കണ്ണനെ പിടിച്ചുകെട്ടി കൊണ്ടുവരാൻ നായന്മാരെ അയച്ചു. ഒന്നിനു പിന്നാലെ മററൊന്നായി തമ്പുരാനയച്ച നായർകൂട്ടങ്ങളെ തെക്കു തിരുനുമ്പ കുഞ്ഞിക്കണ്ണനും ചങ്ങാതിയും കൂടി വെട്ടി വീഴ്ത്തി. ആരും ചെറുപ്പേരില്ലാത്ത കുങ്കൻ പന്നിയെയും കുഞ്ഞിക്കണ്ണൻ കൊന്നു. ഒടുവിൽ തീയമ്പ് എയ്യുന്ന കാടറ്കുറിച്യപ്പണിക്കന്മാരുടെ പിന്തുണയോടെ എത്തിയ തമ്പുരാൻെറ നായർ പടയെയും കുഞ്ഞിക്കണ്ണനും ചങ്ങാതിയും പരാജയപ്പെടുത്തി. പോരാട്ടത്തിനിടയിൽ ആളറിയാതെ ചങ്ങാതിയെയും കുഞ്ഞിക്കണ്ണൻ വെട്ടി വീഴ്ത്തിയിരുന്നു. ഇക്കാര്യം തിരിച്ചറിഞ്ഞ അയാൾ പശ്ചാത്താപം സഹിക്കാനാവാതെ കഴുത്തിൽ ഉറുമി വച്ചു മരിക്കുന്നു.

ആലംബം നഷ്ടപ്പെട്ട കുഞ്ഞിക്കുമ്പ ചാലിയരുടെ സഹായത്തോടെ കുഞ്ഞിക്കണ്ണൻെറയും ചങ്ങാതിയുടെയും ശവമെടുപ്പിച്ച് അമ്മയോടൊപ്പം തെക്ക് തിരുനുമ്പിൽ എത്തുകയയാണ്. കുഞ്ഞിക്കണ്ണൻെറ അനുജൻ അവരുടെ സംരക്ഷണം ഏറെറടുക്കുന്നു.

## കരുവാഞ്ചേരി കുഞ്ഞിക്കേളു

തൻെറ പശുക്കളെ കൊന്നു തിന്ന പുലികളെ കെണിയിൽ പെടുത്താൻ കഴിയാത്തതിനാൽ ക്ഷുഭിതനായ പുറമലത്തമ്പുരാൻ കാരിയക്കാരൻ പയ്യംപള്ളി കുഞ്ഞിച്ചന്തുവിനെ ആക്ഷേപിച്ചു. ദുഃഖിതനായി വീട്ടിലെത്തിയ കുഞ്ഞിച്ചന്തു, അനുജൻ കുഞ്ഞിയമ്പറെ തമ്പുരാൻെറ നേമം കെട്ടാൻ പറഞ്ഞയയ്ക്കുന്നു. അയാളുടെ ശ്രമഫലമായി നരിയാല പണിത് പുലികളെകെണിയിൽ പെടുത്തി. നരിയങ്കം കാണണമെന്നായി തമ്പുരാൻ. നരിയങ്കത്തിന് ക്ഷണിച്ച് പല നാട്ടിലേക്കും ഓല അയച്ചെങ്കിലും ആരും ക്ഷണം സ്വീകരിച്ചില്ല. ഒടുവിൽ കരുവാഞ്ചേരിയിലെ നായന്മാർക്കും ഓല ലഭിക്കുന്നു. ഗർഭിണിയായ പെങ്ങൾ കുഞ്ഞിമാതുവിൻെറ വിലക്കു വകവയ്ക്കാതെ ഒമ്പതു ആങ്ങളമാരും നരിയങ്കം വെട്ടാൻ യാത്രയായി. ഏററവും ഇളയവനായ കുഞ്ഞിച്ചാത്തു ഒഴികെ മററുള്ളവരെല്ലാം നരിയങ്കത്തിൽ മരിച്ചു. കുഞ്ഞിച്ചാത്തു നരിയങ്കത്തിൽ ജയിച്ച് തമ്പുരാൻ വാഗ്ദാനം ചെയ്തിരുന്ന വമ്പിച്ച സ്വത്തിന് അവകാശിയായി. നാട്ടിൽ തിരിച്ചെത്തിയ കുഞ്ഞിച്ചാത്തു അധികം വൈകാതെ വയനാട്ടിലേക്ക് പോകുന്നു.

വർഷങ്ങൾ കഴിഞ്ഞു. കുഞ്ഞിമാതുവിൻെറ പുത്രൻ കുഞ്ഞിക്കേളു, അമ്മാവനെക്കുറിച്ച് കുത്തിച്ചോദിച്ച് കൂട്ടുകാർ വിഷമിപ്പിച്ചതിനെത്തുടർന്ന്, അയാളെത്തേടി യാത്രയായി. ഏറെ നടന്നു തളർന്ന കുഞ്ഞിക്കേളു വഴിയിൽകണ്ട പുത്തനെടത്തിലെ കുഞ്ഞിമാതുവിനോടു കുടിക്കാൻ പാല് ആവശ്യപ്പെടുന്നു.

അവൾ അച്ഛനു കുടിക്കാൻ പാലമൃത് കൊണ്ടുപോവുകയായിരുന്നു. അവൾ കേളുവിനെ അവഗണിച്ചു.കേളുവാകട്ടെ പാല് തട്ടിപ്പറിച്ച് കുടിക്കുന്നു. ക്ഷുഭിതയായ കുഞ്ഞിമാതു അവനെ ആക്ഷേപിച്ചു. അവർ തമ്മിൽ ഏററുമുട്ടലായി. പാമ്പുകളെ ധ്യാനിച്ചു വരുത്തി മാതുവിനെ വളഞ്ഞിട്ടു. മാതു ചെങ്കീരിക്കൂട്ടത്തെ വരുത്തി പാമ്പുകളെ കീറിമുറിപ്പിച്ചു. പക്കിപ്പടയെ വരുത്തി മാതുവിനെ കൊത്തിപ്പറിപ്പിക്കുന്നു, കേളു. മാതുവാകട്ടെ, മററൊരു തന്ത്രത്തിലൂടെ പക്കിപ്പടയെ കൊല്ലുന്നു. ഒടുവിൽ, കേളു പച്ചവളർ കൊത്തിയെടുത്ത് മാതുവിനെ 'ഞെരിപട്ടടിക്കുന്നു'. കരഞ്ഞുകൊണ്ട് ഓടിയ അവൾ അച്ഛൻെറ മുമ്പിൽ പോയി വിവരങ്ങൾ അറിയിച്ചു. ക്ഷുഭിതനായ പുത്തനെടത്തിലെ ചാത്തുനമ്പ്യാർ കേളുവിനെ കൊണ്ടുവരാൻ നായന്മാരെ അയയ്ക്കുന്നു. കേളുവിൻെറ നേരേ അടുത്ത നമ്പ്യാരോട്, കരുവാഞ്ചേരി വീടിനെ ചെല്ലി കേളു സത്യം ചെയ്യുന്നു. അതോടെ, തൻെറ അനന്തരവനാണ് കുഞ്ഞിക്കേളുവെന്ന് നമ്പ്യാർ തിരിച്ചറിയുന്നു. തുടർന്ന്, കുഞ്ഞിക്കേളുവിനെ സൽക്കരിച്ചു ബന്ധുവായി സ്വീകരിക്കാൻ മകളോട് അയാൾ ആവശ്യപ്പെട്ടു.

### തോട്ടത്തിൽ കേളപ്പൻെറ പാട്ട്

ഭാര്യാ സഹോദരനായ തോട്ടത്തിൽ കേളപ്പൻ തനിക്കെതിരെ ' ഒന്നല്ല ഒമ്പതും ചെയ്യു' എന്നു പറഞ്ഞുകൊണ്ട്. കേളപ്പൻെറ തറവാടായ എടച്ചേരിക്കെട്ടിൽ ആക്രമണം നടത്താനിരിക്കയായിരുന്നു, പാറക്കടവത്തെ ബാളു.കേളപ്പൻെറ അനുജൻ തയിരുവും ബാളുവിൻെറ അനന്തിരവൻ ബില്ലുവും എഴുത്തുപള്ളിയിൽ വച്ച് തമ്മിൽ പിണങ്ങി. തയിരു ബില്ലുവിൻെറ ചെവിക്കുററിക്ക് അടിച്ചു.വിവരം അറിഞ്ഞ ബാളു ഉത്തരം ചോദിക്കാൻ തയ്യാറായി.

അങ്ങനെയിരിക്കെ, നാറങ്ങച്ചെറ്ക്കലെ ഇളയച്ഛൻെറ രോഗവിവരം അന്വേഷിക്കാൻ പോയ കേളപ്പനും ചങ്ങാതിയും വഴിയിൽ ബാളുവിനെയും സംഘത്തെയും കണ്ടുമുട്ടുന്നു. ഇരുകൂട്ടരും അന്യോന്യംവഴിമാറിക്കൊടുക്കാൻ തയ്യാറായില്ല. കേളപ്പനും ചങ്ങാതിയും ബാളുവിൻെറ പല്ലക്കിനു നേരേ പാഞ്ഞു. ബാളു പല്ലക്കിൽ നിന്നു താഴെ വീണു. തുടർന്നുണ്ടായ വാക്കുതർക്കം വൈരം വളർത്തി.

ബാളു എടച്ചേരിയിലേക്ക് പടനടത്തുമെന്ന് തീർച്ചയായതോടെ, കേളപ്പനും പടയ്ക്ക് ഒരുക്കംകൂട്ടുന്നു. അമ്മാവൻ കണാരൻ നമ്പ്യാർ, പാറക്കടവത്തെ നഗരത്തിൽ വലിയ കച്ചവടം ചെയ്യുന്ന മൂർക്കോത്തെത്തൂപ്പി ചോനൊയനെ സമീപിച്ച് കുറേ അരി സംഘടിപ്പിക്കാൻ കേളപ്പനെ ഉപദേശിച്ചു. കണാരൻ നമ്പ്യാരാണ് ചെറുപ്പത്തിൽ ചോനൊയനെ വളർത്തിയത്. കേളപ്പൻെറ ആവശ്യം അയാൾ സന്തോഷത്തോടെ അംഗീകരിച്ചു. എടച്ചേരിയിലേക്ക് അരിയുമായിപ്പോയ മൂർക്കോത്തെത്തൂപ്പിയുടെ ആൾക്കാരെ പാറക്കടവത്തെ ബാളു തടഞ്ഞു വച്ച് അരി പിടിച്ചു വാങ്ങി. കാര്യം ചോദിക്കാൻ ചെന്ന മൂർക്കോത്തെത്തൂപ്പിയെ ബാളു വെട്ടിക്കൊന്നു.ഇതറിഞ്ഞു കുപിതനായ കേളപ്പൻ പാറക്കടവത്തെത്തി ഏറെ നാശങ്ങൾ വരുത്തുന്നു. ഒടുവിൽ സഹോദരി അക്കംചിരുതയിയുടെ അപേക്ഷ പ്രകാരം അയാൾ തിരിച്ചു പോരുന്നു.

നാടു മദിച്ചു പട വന്നിട്ടും കൊലയ്ക്കു കൊടുക്കാതെ താൻ വളർത്തിയ ചോനൊയൻ കൊല്ലപ്പെട്ടതറിഞ്ഞ് പൊട്ടിത്തെറിച്ച കണാരൻ നമ്പ്യാർ 'നീയെൻറിടച്ചേരീനിക്ക്വ വേണ്ട ' എന്നു കേളപ്പനോടു പറയുന്നു. നാട്ടിൽ നിലയില്ലാ

തായപ്പോൾ കേളപ്പൻ ചങ്ങാതിയോടൊപ്പം നാടുവിട്ടു. കുററ്യാടിയിൽ ചെന്ന് കേളപ്പൻ, അവിടുത്തെ തമ്പുരാനെ കണ്ട് കൈവണങ്ങുന്നു. കേളപ്പനിൽ താൽപര്യം തോന്നിയ തമ്പുരാൻ, 'പ്ക്കത്തിലിരുന്നു വെയിച്ചോ' എന്ന് അനുവദിച്ചെങ്കിലും അഭിമാനിയായ കേളപ്പൻ താൻ തമ്പുരാൻെറ നേമത്തിനു നിന്നു കൊള്ളാം എന്നു പറയുന്നു. പിന്നീട്, പിള്ളാടിച്ച്യോമന കുഞ്ഞ്യുങ്കിച്ചിയിൽ പ്രേമം തോന്നിയ കേളപ്പൻ അവളെ വിവാഹം ചെയ്യു.

ആറു മാസം കഴിഞ്ഞു. കേളപ്പൻ തോട്ടത്തിലില്ല എന്നറിഞ്ഞ ബാഉ എടച്ചേരി ആക്രമിക്കാൻ നീങ്ങുന്നു. എടച്ചേരിയിൽ വെടിപൊട്ടുന്ന ശബ്ദം കേട്ട് രാത്രിയിൽ കേളപ്പൻ ഞെട്ടിയുണർന്നു. ഗർഭിണിയായ ഭാര്യ തടഞ്ഞെങ്കിലും വകവയ്ക്കാതെ രാത്രിയിൽ തന്നെ അയാൾ എടച്ചേരിയിലേക്കു നീങ്ങി. വിവരമറിഞ്ഞ തമ്പുരാൻ, അഞ്ഞൂറകമ്പടിച്ചോററുകാരെ ആയുധത്തോടെ കേളപ്പനൊപ്പം പറഞ്ഞയയക്കുന്നു. എടച്ചേരിയിൽ ആക്രമണം നടത്തിയ ബാഉവിൻെറ പടയെ തുരത്തിയെങ്കിലും കേളപ്പൻെറ നെററിത്തടത്തിൽ വെടിയേററു. മരണാസന്നനായ കേളപ്പൻ തോട്ടത്തിലെത്തി അമ്മയെ കണ്ടു. അനുജൻ തയിരുവിനോട് സഹോദരി ചിരുതയിക്ക് ആളയയ്ക്കാൻ പറഞ്ഞു.പിന്നീട്, അനുജനോട് രാമായണം വായിക്കാൻ ആവശ്യപ്പെട്ടു. രാമായണ വായന കേട്ട് അയാൾ ജീവൻ വെടിഞ്ഞു.

## കപ്പള്ളിപ്പാലയാട്ടെ കോരൻ

കള്ളിപ്പാലയാട്ടെ കോരനോടു കൈതേരി തറവാട്ടുകാർക്കു കുടിപ്പക. കോരൻ കൈതേരി കണാരൻ നമ്പ്യാരെ കൊന്നതാണ് കാരണം. കൈതേരി കണ്ടപ്പൻ നമ്പ്യാർഇരുപത്തിരണ്ടു നായന്മാരോടൊപ്പം കോരനെ 'പെണയാൻ' നടക്കുന്നു. കുടിക്കുന്ന വെള്ളത്തിലും ഉറങ്ങുന്ന ഉറക്കത്തിലും ശത്രുവിനെ പേടിച്ചു കഴിയുകയാണ് കോരൻ. അങ്ങനെയിരിക്കെ, അമ്മയുടെ പ്രേരണയാൽ അയാൾ ലോമനാറ് കാവിനു പോകുന്നു. അവിടെ, ചിറയിൽ കുളിച്ചുകൊണ്ടുരുന്ന കൈതേരി കുങ്കിയേയും കുങ്കമ്മയേയും കോരൻ കണ്ടുമുട്ടി.അയാൾ അവരോട് വെററില ചോദിക്കുന്നു. 'അമ്മാമനെ കൊന്ന നിനക്ക് വെററില തരില്ല' എന്നു ശഠിച്ചെങ്കിലും കോരൻെറ വീണ്ടും വീണ്ടുമുള്ള അപേക്ഷയിൽ കുങ്കികുഞ്ഞൻെറ മനസ്സലിയുന്നു. അന്നത്തെ ഉറക്കത്തിന് കോരൻ കൈതേരിയിൽ എത്തിക്കൊള്ളാൻ അവൾ സമ്മതിക്കുന്നു.

രാത്രി കൈതേരിയിലെത്തിയ കോരനെ, അമ്മാവൻ കണ്ടപ്പൻ നമ്പ്യാരുടെ കണ്ണിൽ പെടുത്താതെ തന്ത്രപൂർവ്വം തൻെറ പടിഞ്ഞാററിയിൽ എത്തിക്കുന്നു, കുങ്കി. പിറേറന്ന് വെളുപ്പിന് തിരിച്ചു പോകുമ്പോൾ കോരൻ അവൾക്ക് പതിനായിരം പണത്തിൻെറ മാല സമ്മാനമായി നൽകുന്നു. കോരൻെറ രാത്രി സന്ദർശനം പലദിവസം ആവർത്തിച്ചു. നമ്പ്യാരും കൂട്ടരും കോരനെ പെണയാൻ ചുററിക്കറങ്ങുമ്പോൾ കോരൻ കൈതേരിത്തറവാട്ടിൽ തന്നെ സുഖമായി ഉറങ്ങി.

കുങ്കി ഗർഭിണിയായി. വിവരം അറിഞ്ഞ കണ്ടപ്പൻ നമ്പ്യാർ ചോദ്യം ചെയ്യെങ്കിലും ആരാണു ഗർഭത്തിനു കാരണക്കാരൻ എന്ന് അവൾ പറഞ്ഞില്ല. കുങ്കിയുടെ കിടക്കയുടെ അടിയിൽ നിന്നു കിട്ടിയ മാലയുടെ അടിസ്ഥാനത്തിൽ കുഞ്ഞാലിമരയ്ക്കാരുമായാണ് ബന്ധമെന്ന് കണ്ടപ്പൻ നമ്പ്യാർ ഊഹിച്ചു. കുലത്തിന് അപമാനം വരുത്തിയ മരുമകളെ ലോമനാർ കാവിലെ ആറാട്ടു കഴിഞ്ഞാലുടൻ

കൊല്ലണമെന്ന് അയാൾ തീരുമാനിക്കുന്നു.

വിവരം അറിഞ്ഞ തച്ചോളി ഒതേനൻ കോരനെ സമീപിച്ചു. കുങ്കിയുടെ ഗർഭത്തിന് ഉത്തരവാദി താനാണെന്നു കോരൻ സമ്മതിക്കുന്നു. തുടർന്ന് ഒതേനൻെറ ഉപദേശപ്രകാരം കപ്പളളിപ്പാലയാട്ടെ അമ്മയും മററു പെണ്ണുങ്ങളുംകൈതേരിയിൽ പോയി കുങ്കിയെ അണിയിച്ചൊരുക്കി ലോമനാറ് കാവിൽ എത്തിക്കുന്നു. കാവിലെത്തിയ കോരനെ കൊല്ലാൻ കണ്ടപ്പൻ നമ്പ്യാരും സംഘവും അടുത്തെങ്കിലും ഒതേനൻ അവരെ തടയുന്നു.കുങ്കിയുടെ ഗർഭത്തിനുത്തരവാദി കോരനാണെന്നും വ്യക്തമാക്കി. നമ്പ്യാർ കുടിപ്പക അവസാനിപ്പിച്ച് കോരനേയും കുങ്കിയേയും കൈതേരി തറവാട്ടിലേക്ക് ആനപ്പുറത്തു കയററി കൊണ്ടുപോകുന്നു.

## നാളോം പുതിയ വീട്ടിൽ കേളു

തറവാട്ടിലേക്കുളള വസ്തുവകകൾ പുതിയൊയിലോത്തെ തമ്പുരാൻ കൈയടക്കിയിരിക്കുകയാണെന്ന് നാളോം പുതിയ വീട്ടിൽ കേളു അമ്മയിൽ നിന്നറിഞ്ഞു. ഉത്തരം ചോദിക്കാൻ കേളു പുറപ്പെടുന്നു. തമ്പുരാനു വേണ്ടി പാടത്ത് പണിചെയ്തിരുന്ന കാലികളെയെല്ലാം കേളു കൊത്തിയറത്തു. കണ്ടത്തിൽ നുരിയും കുത്തി. കൃഷിക്കാരൻ ബയെരിതൈരമ്മൻ തീയൻ വിവരം തമ്പുരാനെ അറിയിക്കുന്നു. കേളുവിനെ കൂട്ടിക്കൊണ്ടുവരാൻ ഇരുപത്തിരണ്ടു നായന്മാരെ അയച്ചു, തമ്പുരാൻ. തന്നെ സമീപിച്ച നായന്മാരോട്, ' തമ്പുരാന് എന്നെ വിളിക്കാൻ കാര്യമില്ല; തമ്പുരാന് ഞാനൊന്നും കൊടുക്കാനില്ല, എനിക്ക് തമ്പുരാനിൽ നിന്ന് കിട്ടാനേ ഉളളൂ' എന്നു പറയുന്നു, കേളു. തന്നെ പിടിച്ചുകെട്ടാൻ ശ്രമിച്ച നായന്മാരെ മുഴുവൻ അയാൾ കൊന്നു വീഴ്ത്തി. പിന്നാലെ, അമ്പതു നായന്മാരെയും തുടർന്ന് മുന്നൂറു നായന്മാരെയും കേളുവിനെതിരെ നിയോഗിച്ചു, തമ്പുരാൻ. അവരെയെല്ലാം കേളുവിൻെറ വാളിനിരയാക്കി. പിന്നീട്, 'ഇങ്കിരിയസ്സോമനക്കൊമ്മിഞ്ഞി'യുടെ സഹായം തേടുന്നു. പടയിൽ മരിക്കുന്ന പട്ടാളക്കാരൻെറ തൂക്കത്തിനു പൊന്നു നൽകണം എന്ന വ്യവസ്ഥയിൽ ഒരു കമ്പനി പട്ടാളത്തെ ബ്രിട്ടീഷുകാർ വിട്ടു കൊടുക്കുന്നു.

ഇംഗ്ലീഷു പട്ടാളത്തിൻെറ തോക്കുകളൊന്നും കേളുവിനു പ്രശ്നമായില്ല. അയാൾ അവരെയും പരാജയപ്പെടുത്തി. പടയിൽ മരിച്ച അമ്പതു പട്ടാളക്കാരുടെ തൂക്കത്തിന് തമ്പുരാൻ ഇംഗ്ലീഷുകാർക്ക് സ്വർണ്ണം കൊടുക്കേണ്ടി വന്നു. ഒടുവിൽ കേളുവിനെ വധിക്കാൻ അയാൾ തച്ചോളി ഒതേനൻെറ സഹായം തേടുന്നു. ഒതേനൻ കേളുവിനെ കൊല്ലാൻ വിസമ്മതിച്ചു. വേണമെങ്കിൽ കുടിപ്പക പറഞ്ഞവസാനി പ്പിക്കാം എന്നായി, ഒതേനൻ. ഒതേനൻെറ മധ്യസ്ഥതയിൽ തമ്പുരാൻ കേളുവിന് അവകാശപ്പെട്ട വസ്തുവകകൾതിരികെക്കൊടുത്ത് കുടിപ്പക അവസാനിപ്പിച്ചു. ഒപ്പം തൻെറ മകളെയും കേളുവിനു കൊടുത്തു.

## ഓമനക്കടിഞ്ഞോത്തെ കുഞ്ഞിയൊതേനൻ

ഓമനക്കടിഞ്ഞോത്തെ കുഞ്ഞിയൊതേനൻെറ കടഞ്ഞെടുത്ത ഉറുമി കൊല്ലന്മാരിൽ നിന്ന് കായംകൊളത്തെ കണ്ണൻ നമ്പ്യാർ പിടിച്ചു വാങ്ങുന്നു. ആർത്തു കരഞ്ഞ് അടുത്തെത്തിയ കൊല്ലന്മാരെ ' ഉറുമി ഞാൻ നേരിട്ടു വാങ്ങിക്കൊളളാം' എന്നു പറഞ്ഞു സമാധാനിപ്പിച്ച് ഒതേനൻ അയയ്ക്കുന്നു. പിന്നീട്, ഭാര്യ ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പയെ വിളിച്ച്, താൻ തെണ്ടയ്ക്കു പോയി

തിരികെ എത്തുന്നതു വരെ പുറത്തെങ്ങും പോകേണ്ടെന്നും കുളിക്കാൻ കായംകൊളത്തെ കുളക്കടവിൽ പോകരുതെന്നും നിർദ്ദേശിച്ച് ഒതേനൻ യാത്രയായി.

അധികം താമസിയാതെ കുഞ്ഞിക്കുമ്പ കായംകൊളത്തെ കുളക്കടവിൽ തന്നെ കുളിക്കാൻ പോകുന്നു. കുഞ്ഞുക്കുമ്പയെ സമീപിച്ച കായംകൊളത്തെകണ്ണൻ നമ്പ്യാർ, ഒതേനൻ ഓമനക്കടിഞ്ഞോത്തില്ലെന്നറിഞ്ഞ് 'ഇന്നത്തെ അന്തിയുറക്കത്തിന് ഞാൻ വരട്ടെ' എന്നു കുഞ്ഞിക്കുമ്പയോടു ചോദിക്കുന്നു. അവൾ സമ്മതം മൂളി.

തെണ്ടയ്ക്കു പോകുന്നെന്നു പറഞ്ഞിറങ്ങിയ ഒതേനൻ ചെന്നത് കായംകൊളത്തെ നമ്പ്യാരുടെ വീട്ടിലാണ്. പടിഞ്ഞാററയിൽ കടന്ന്, നമ്പ്യാർ കൊല്ലന്മാരിൽ നിന്നു പിടിച്ചെടുത്ത തൻെറ ഉറുമി ഒതേനൻ കൈക്കലാക്കി. ആ ഉറുമികൊണ്ടു തന്നെ നമ്പ്യാരുടെ കുട്ടിയെ വെട്ടിക്കൊല്ലുന്നു.

ഓമനക്കടിഞ്ഞോത്തെത്തിയ ഒതേനൻ, കുഞ്ഞിക്കുമ്പ നമ്പ്യാരുടെ കുളക്കടവിൽ കുളിക്കാൻ പോയത് അറിഞ്ഞു. അതെക്കുറിച്ച് അവളോട് ചോദിച്ചെങ്കിലും മറുപടിയൊന്നും പറയാതെ അവൾ അഞ്ചാം പുരയ്ക്കൽ പോയി ഇരിപ്പുറപ്പിച്ചു. ഉച്ചയായി, സന്ധ്യയായി. അവൾ അനങ്ങിയില്ല. തങ്ങൾ പട്ടിണികിടന്നാലും വളർത്തുന്ന നായയെ പട്ടിണി കിടത്തരുതെന്ന ഒതേനൻെറ അഭ്യർത്ഥനയും അവൾ ചെവിക്കൊണ്ടില്ല. ഒതേനനാകട്ടെ, വീട്ടിലുണ്ടായിരുന്ന നാലുകോഴികളെ കൊന്ന് ഇറച്ചിയും നായന്മാരെ അയച്ചു വാങ്ങിയ റാക്കും നായക്ക് കൊടുക്കുന്നു. നായയെ തുടലിട്ടു പൂട്ടി, ഒതേനൻ ഉറങ്ങാൻ പോയി.

രാത്രിയിൽ കണ്ണൻ നമ്പ്യാരും സംഘവും ഓമനക്കടിഞ്ഞോത്ത് എത്തുന്നു. മുരണ്ട് എഴുന്നേററ നായുടെ നേരേ കൈയിൽ കരുതിയ തേങ്ങ എറിഞ്ഞു. നായ തേങ്ങ തിന്നുന്ന സമയം നമ്പ്യാർ തറവാട്ടിൽ കടന്നു കൂടി, കുഞ്ഞിക്കുമ്പയെ കാണുന്നു. അവൾക്ക് സമ്മാനമായി പട്ടും വളയും നൽകുന്നു. പിടഞ്ഞെഴുന്നേററ നായ തുടലുപൊട്ടിച്ചു വന്ന്, കണ്ണൻ നമ്പ്യാരെയും കൂടെ വന്ന നായന്മാരെയും കടിച്ചു കീറി കൊല്ലുന്നു. ഒതേനൻെറ വാതിൽക്കൽ മുട്ടി, വാതിലു തുറപ്പിച്ചു. ഒതേനൻ ഉടുത്ത പട്ടിൻെറ കോന്തലയിൽ കടിച്ചുവലിച്ച് അയാളെ കുഞ്ഞുക്കുമ്പയുടെ മുറിയിലെത്തിക്കുന്നു, നായ. കാര്യങ്ങൾ അറിഞ്ഞ ഒതേനൻ കുഞ്ഞിക്കുമ്പയെ ചിത്രത്തൂണിൽ ബന്ധിച്ചു. വിവരങ്ങളെല്ലാം കാണിച്ച് കുഞ്ഞിക്കുമ്പയുടെ ആങ്ങളയ്ക്ക് ഓലയും എഴുതി. തുടർന്ന്, തൻെറ നായയെ വെട്ടിക്കൊന്നിട്ട്, ഒതേനൻ കഴുത്തിന് ഉറുമി വച്ചു മരിക്കുന്നു.

വിവരങ്ങൾ അറിഞ്ഞ കുഞ്ഞിക്കുമ്പയുടെ ആങ്ങള അവളെ പെട്ടിയിലടച്ച് നദിയിൽ താഴ്ത്തന്നു. ഒതേനൻെറ ആഗ്രഹപ്രകാരം, സ്വന്തം നായോടൊപ്പം അയാളെ ദഹിപ്പിക്കുന്നു.

## തച്ചോളി കേളു

അനന്തിരവൻ തച്ചോളിക്കേളുവിനെ ശ്രദ്ധിക്കണമെന്നും അവനെ പുറത്തെങ്ങും ഇറക്കരുതെന്നും ഏട്ടൻ കോമക്കുറുപ്പിനോട് പറഞ്ഞേല്പിച്ചിട്ടാണ് ഒതേനൻ തെണ്ടയ്ക്കു പോയത്. ഏറെ വൈകിയില്ല, കോമക്കുറുപ്പിൻെറ വിലക്കു ലംഘിച്ചു കേളു പുറപ്പെട്ടു ആദിക്കുറിച്ചിയിലെ തമ്പുരാൻെറ കോവിലകത്തെത്തി, അവിടെ നേമത്തിനു നിൽക്കുന്നു. കേളുവിൻെറ ജോലിയിൽ സംതൃപ്തനായ

തമ്പുരാൻ, പുന്നൊല വീട്ടിലെ കുങ്കിയെ കേളുവിന് സംബന്ധം ചെയ്തു നൽകുന്നു. ആറുമാസം കഴിഞ്ഞു. ഒരു രാത്രിയിൽ ഭാര്യാ ഗൃഹത്തിലെത്തിയ കേളു, ഭാര്യയുടെ അവിഹിത ബന്ധം കണ്ടുപിടിക്കുന്നു. ക്ഷുഭിതനായ കേളു ഗർഭിണിയായ ഭാര്യയെ വെട്ടിക്കൊല്ലുന്നു. അവിടെനിന്നു പുറപ്പെട്ട് തച്ചോളിയിലെത്തി, അമ്മാവൻ കോമക്കുറുപ്പിനെ അയാൾ കാര്യങ്ങൾ അറിയിച്ചു. തന്നെ കല്ലറയിൽ അടയ്ക്കണമെന്നും ആരാവശ്യപ്പെട്ടാലും കല്ലറ തുറക്കരുതെന്നും കേളു അമ്മാവനോടു പറയുന്നു.

പിന്നാലെ എത്തിയ ആദിക്കുറിച്ചിയിലെ നായന്മാർ, കേളുവിനെ വിട്ടുകൊടുത്തില്ലെങ്കിൽ തറവാടു തകർക്കുമെന്ന് ഭീഷണിപ്പെടുത്തി. ഭയപ്പെട്ട കോമക്കുറുപ്പ് കേളുവിനെ നായന്മാരെ ഏല്പിക്കുന്നു. ആദിക്കുറിച്ചിയിലെ തമ്പുരാൻ കേളുവിനെ കഴുവിലേററാൻ ആജ്ഞാപിച്ചു. കേളുവിനെ കഴുവിലേററാൻ കൊണ്ടുപോകുന്നത് കാവിലെ ചാത്തോത്തെ കുഞ്ഞിച്ചീരു കാണുന്നു. മകൻ അമ്പാടിയെ പണയമായി സ്വീകരിച്ച്, കേളുവിനെ കഞ്ഞികുടിപ്പിച്ചു കൊണ്ടുവരാൻ അനുവദിക്കണമെന്ന് ചീരു നായന്മാരോടപേക്ഷിച്ചു. കേളുവിനെ എണ്ണതേച്ചു കുളിപ്പിക്കാൻ കൊണ്ടുപോകുന്നു, ചീരു. പിന്നീട് ചോറും നൽകി. കഴിയുന്നത്ര നേരം വൈകിക്കുകയായിരുന്നു ലക്ഷ്യം. തച്ചോളി ഒതേനൻ വേഗത്തിൽ വന്നുചേരാൻ ദൈവങ്ങൾക്ക് ചീരു നേർച്ചകൾ നേർന്നു.

ഈ സമയം കൊടുമലയിലായിരുന്ന ഒതേനൻ അപകട നിമിത്തങ്ങൾകണ്ട്, ഉടനേ നാട്ടിലേക്കു തിരിക്കുന്നു. നാട്ടിലെത്തുമ്പോൾ, കേളുവിനെ കൊല്ലാനുളള കഴുവിൻെറ പണി നടക്കുകയാണ്. ആശാരിയെ കഴുവിനോടുചേർത്ത് വെട്ടിക്കൊല്ലുന്നു, ഒതേനൻ. പിന്നീട്, തമ്പുരാനെ വകവയ്ക്കാതെ കേളുവിനെയും കൂട്ടിക്കൊണ്ടു പോരുന്നു.

## പറമ്പിക്കുറുക്കാട്ടെ കുഞ്ഞ്യാമർ

ഓമനപ്പൂക്കോട്ടെ കുഞ്ഞിക്കണ്ണൻ നെല്ലോളിയിടത്തിലെ കുഞ്ഞിമ്മാക്കത്തെ കണ്ടു മോഹിക്കുന്നു. വീട്ടിലെത്തി അസ്വസ്ഥനായി കിടക്കുന്ന കുഞ്ഞിക്കണ്ണനെ കണ്ട് അമ്മ കാര്യം അന്വേഷിച്ചു. 'താൻ കുളിച്ച് കഞ്ഞി കുടിക്കണമെങ്കിൽ നെല്ലോളിയെടത്തിലെ കുഞ്ഞിമാക്കത്തെ ഊവം വഴങ്ങണം' എന്നു അറിയിക്കുന്നു. അമ്മ നാഴിപ്പണവും എടുത്ത് നെല്ലോളിയെടത്തിലേക്ക് യാത്രയായി.

മാക്കത്തിന് പറമ്പിൽകുറുക്കാട്ടെ കുഞ്ഞ്യാമർ കുഞ്ഞുന്നാളിൽതന്നെ കൂമ്പാള വീത്തി പുടവ കൊടുത്തിരിക്കയാണെന്ന് നെല്ലോളിയെടത്തിലെ അമ്മ പറഞ്ഞപ്പോൾ, 'ഒരു നാളിലേക്കെങ്കിലും ഊവം വഴങ്ങിയാൽ മതി' എന്നായി കുഞ്ഞിക്കണ്ണൻെറ അമ്മ. നെല്ലോളിയിടത്തിലെ അമ്മ അവരിൽ നിന്നു പണം വാങ്ങി, അതിനു സമ്മതിക്കുന്നു. മാക്കം ഇക്കാര്യം അറിയുന്നില്ല. രാത്രിയിൽ തന്നെ സമീപിച്ച കുഞ്ഞിക്കണ്ണനെ കബളിപ്പിച്ച്, ഉടൻ തന്നെ പറമ്പിൽ കുറുക്കാട്ടേക്ക് കുഞ്ഞിമാക്കം യാത്രയായി. കൊടുങ്കാട്ടിലൂടെ നടന്ന്, നേരം വെളുത്തപ്പോൾ അവൾ പറമ്പിൽ കുറുക്കാട്ടെത്തി. കുഞ്ഞ്യാമനെ അവൾ വിവരങ്ങൾ അറിയിച്ചു. അയാൾ അന്നുതന്നെ അവൾക്കു പുടവ കൊടുത്തു.

ഇക്കാര്യം അറിഞ്ഞ ഓമനപ്പൂക്കോട്ടെ കുഞ്ഞിക്കണ്ണൻ മൂയ്യൊട്ടെ ചങ്കരനു പണം കൊടുത്ത് കുഞ്ഞ്യാമർക്കെതിരെ ആഭിചാരം ചെയ്യിക്കുന്നു. ചങ്കരനെക്കൊണ്ടു തന്നെ കുഞ്ഞിമാക്കം പ്രതിക്രിയ ചെയ്യിച്ചെങ്കിലും ഫലിച്ചില്ല. കുഞ്ഞ്യാമർ മരിച്ചു.

കുഞ്ഞിമാക്കം കുഞ്ഞ്യാമറുടെ വയർ കീറിപ്പിച്ച്, കസ്തൂരിയും കർപ്പൂരവും നിറച്ച് പെട്ടിയിലടച്ച് സൂക്ഷിക്കുന്നു.

പുലകഴിഞ്ഞ് തറവാട്ടിലേക്കു പോകുന്നതിനു മുമ്പ് കുഞ്ഞിമാക്കം കട്ടത്താന (കട്ടിൽ സ്ഥാനം- ഭർത്താവിൻെറ മരണശേഷം നായർ സ്ത്രീക്ക് അവകാശമായി ലഭിക്കുന്ന ഭർത്താവിൻെറ സ്വത്ത്) മായി കുഞ്ഞ്യാമറുടെ കഠാരയാണ് ആവശ്യപ്പെടുന്നത്.

കുഞ്ഞ്യാമറുടെ മരണത്തോടെ തൻെറ ആഗ്രഹപൂർത്തി വരുത്താമെന്നു കരുതി മാക്കത്തെ സമീപിച്ച കുഞ്ഞിക്കണ്ണനെ അവൾ പറഞ്ഞു മയക്കി തന്ത്രപൂർവം കുഞ്ഞ്യാമറുടെകഠാരകൊണ്ട് കുത്തിക്കൊല്ലുന്നു. കുഞ്ഞിക്കണ്ണൻെറ ശവദാഹത്തിൻെറ അന്നുതന്നെ താൻ സൂക്ഷിച്ചിരുന്ന കുഞ്ഞ്യാമറുടെ ജഡവും മാക്കം ദഹിപ്പിച്ചു.

## എടൊട്ടും പൂങ്കാവിൽ കുഞ്ഞിക്കണ്ണൻ

പാമ്പൂരിക്കുന്നിലെ കാണാവകാശം കേളൻ തീയനിൽ നിന്നു വീണ്ടെടുക്കാൻ എടോട്ടും പൂങ്കാവിൽ കുഞ്ഞിക്കണ്ണൻ ചങ്ങാതികളോടൊത്തു യാത്രയാകുന്നു. കണ്ടലും കരിക്കും പറിച്ചും കിണററിൽ പച്ച കലക്കിയും കിളിയോല വരാത്ത വിധം തെങ്ങിൻ തൈകൾ വെട്ടിയൊരുക്കിയും പാമ്പൂരിക്കുന്നിൽ അവർ ഏറെ നാശം വരുത്തി. ഒടുവിൽ കേളൻ തീയനെക്കൊണ്ട് തൻെറ കാണാവകാശം കുഞ്ഞിക്കണ്ണൻ അംഗീകരിപ്പിച്ചു. തിരികെ വീട്ടിലെത്തിയ അയാൾ കുടമലയിൽ തെണ്ടയ്ക്കു പോകുന്നു.

അങ്ങനെയിരിക്കെ, പാമ്പൂരിക്കുന്നിൽ ഇളനീർകുടിക്കാനെത്തിയ തമ്മടോഞ്ചാലിലെ ചാത്തുവും തയിരപ്പനും കുഞ്ഞിക്കണ്ണൻ വരുത്തിയ നാശങ്ങൾ കണ്ട് അതിനു പ്രതികാരം ചെയ്യാൻ നീങ്ങുന്നു. വലിയ സന്നാഹത്തോടെ എടോട്ടും പൂങ്കാവിൽ ചെന്ന് പതിനെട്ടു കണ്ടിപറമ്പിലെയും തെങ്ങുകൾ അവർ വെട്ടി വീഴ്ത്തി. കുഞ്ഞിക്കണ്ണൻ നാട്ടിലെത്തിയാൽ അപകടമാണെന്നു മനസ്സിലാക്കിയ തമ്മടോഞ്ചാലിലെ കുഞ്ഞുങ്ങളും കേളൻ തീയനും ഇരുപത്തിരണ്ടു നായന്മാരും കൂടി അയാളെ ചതിച്ചു കൊല്ലാൻ യാത്രയാകുന്നു. പതിയിരുന്നാക്രമിച്ച എതിരാളികളെ കുഞ്ഞിക്കണ്ണൻ വെട്ടിവീഴ്ത്തി. തമ്മടോഞ്ചാലിലെ കുഞ്ഞുങ്ങൾക്കൊപ്പം ഓടി രക്ഷപെട്ട കേളൻ തീയൻ തോക്കുമായി തിരിച്ചെത്തുന്നു. കുഞ്ഞിക്കണ്ണൻ വെടിയേററു വീണു.

വിവരമറിഞ്ഞ കുഞ്ഞിക്കണ്ണൻെറ പെങ്ങൾ ചിരുതയി സമചിത്തതയോട കാര്യങ്ങളെ നേരിട്ടു. കുഞ്ഞിക്കണ്ണൻെറ ചങ്ങാതിമാരെ വിളിച്ചു വരുത്തി, ആങ്ങളയുടെ ശരീരം തറവാട്ടിലെത്തിക്കാൻ പറഞ്ഞു വിട്ടു. തന്നെപ്പോലെ നാല് എതിരാളികളെയെങ്കിലും ആങ്ങള വീഴ്ത്തിയിട്ടുണ്ടെങ്കിൽ പട്ടിട്ടു മൂടിയും അല്ലാത്ത പക്ഷം, പച്ചോലയിൽ കെട്ടിവലിച്ചും ശരീരം കൊണ്ടുവരണമെന്നു പറയാൻ അവൾ മറന്നില്ല. പട്ടിട്ടു മൂടി കൊണ്ടുവന്ന കുഞ്ഞിക്കണ്ണൻെറ ശരീരം പടിഞ്ഞാററിയിൽ വച്ചിട്ട്, ഊരാളി രാമൻ വൈദ്യനെ ഓലയെഴുതി വരുത്തുന്നു, ആങ്ങളയെ കൊല്ലാതെ കൊണ്ടാൽ എന്തുതന്നെയും തരാം എന്നവൾ വൈദ്യരോടു പറഞ്ഞു. 'ആവുന്നതു പോലെയൊക്കെ നോക്കാം, നിശ്ചയം പറഞ്ഞു കൂടാ' എന്നറിയിച്ച വൈദ്യർ കുഞ്ഞിക്കണ്ണനെ തൻെറ വീട്ടിലേക്കെടുപ്പിക്കുന്നു.

കാഞ്ഞിരപ്പാത്തിയിൽ കിടത്തി ധാരകോരിയും മററും ചികിൽസ പുരോഗമിച്ചു. അങ്ങനെയിരിക്കെ, കടത്തനാട്ടെ തമ്പുരാൻ രാമൻവൈദ്യർ കോയിലോത്ത് എത്താൻ ആവശ്യപ്പെട്ട് ഓല അയച്ചു. കുഞ്ഞിക്കണ്ണനെ വേണ്ട വിധം ശുശ്രൂഷിക്കാൻ മകൾ കുഞ്ഞ്യുങ്കമ്മയെ ഏർപ്പെടുത്തിയിട്ട് വൈദ്യർ യാത്രയായി. അന്നു രാത്രിയിൽ കുഞ്ഞ്യുങ്കമ്മ അറിയാതെ വൈദ്യരുടെ ഉറുമിയുമായി കുഞ്ഞിക്കണ്ണൻ പുറത്തു കടന്നു. രാത്രിയിൽ തന്നെ കേളൻ തീയനെയും തമ്മടോഞ്ചാലിലെ കുഞ്ഞുങ്ങളെയും അയാൾ വധിച്ചു. ഇതിനിടയിൽ അയാളുടെ പഴയ മുറിവുപൊട്ടി ചോര വാർന്നു തുടങ്ങി. മരണാസന്നനായി തറവാട്ടിലെത്തിയ കുഞ്ഞിക്കണ്ണനെ കണ്ട് ചിരുതയി നിലവിളി കൂട്ടി. 'ശത്രുക്കളെ കൊന്നെന്നും ഇനി മരിക്കുന്നതിൽ തനിക്കു സങ്കടമില്ലെന്നും' പറഞ്ഞ് കുഞ്ഞിക്കണ്ണൻ സഹോദരിയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. ചിരുതയി, ഉടൻ തന്നെ സമീപവാസികളായ നായന്മാരെ കൂട്ടിക്കൊണ്ട് കുഞ്ഞിക്കണ്ണനെ ഊരാളി രാമൻവൈദ്യരുടെ വീട്ടിലെത്തിക്കുന്നു. കടത്തനാട്ടു നിന്ന് വൈദ്യരെ ഓല അയച്ചു വരുത്തുന്നു; വൈദ്യരുടെ സാമർത്ഥ്യം നിമിത്തം കുഞ്ഞിക്കണ്ണൻ ക്രമേണ സുഖം പ്രാപിച്ചു.

## കൈയെഴുത്തു ഗ്രന്ഥം

ട്യൂബിങ്ങൻ സർവ്വകലാശാലയിൽ ഹെർമൻ ഗുണ്ടർട്ടു ഗ്രന്ഥശേഖരം കണ്ടെത്തി കാററ്ലോഗു ചെയ്തതിനു (1986) ശേഷം അവിടെയെത്തിച്ചേർന്ന കൈയെഴുത്തു ഗ്രന്ഥമാണ് തച്ചോളിപ്പാട്ടുകൾ. കേരളത്തിലെ ഒരു സർവ്വകലാശാലാ ചരിത്രാധ്യാപകനിൽനിന്നു മററു ചില കടലാസു പകർപ്പുകളോടൊപ്പം ഇതും ലൈബ്രറിക്കു ലഭിച്ചു. ഹെർമൻ ഗുണ്ടർട്ട് ഉപയോഗിച്ചിരുന്നവയാണ് ഇവയെല്ലാം എന്നതിനു അങ്ങിങ്ങുകാണുന്ന കുറിപ്പുകൾ മതിയായ തെളിവുകളാണ്. ഇതേ യൂണിവേഴ്സിററി അദ്ധ്യാപകൻ പിന്നീടൊരിക്കൽ വട്ടെഴുത്തിലുള്ള വലിയൊരു ഓലക്കെട്ട് ട്യൂബിങ്ങൻ സർവ്വകലാശാലാ ലൈബ്രറിക്കു വിൽക്കാൻ ശ്രമിച്ചെങ്കിലും, വിലയുടെ കാര്യത്തിൽ ചേർച്ചയില്ലാത്തതു കൊണ്ടാവണം ഇടപാടു നടന്നില്ല. അതും ഗുണ്ടർട്ടു ഗ്രന്ഥശേഖരത്തിൻെറ ഭാഗമായിരുന്നോ എന്നു സംശയിക്കണം. ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥം (226 പുറം) ഗുണ്ടർട്ട് ഉപയോഗിച്ചിരുന്നതാണ് എന്നു ഉറപ്പിക്കാമെങ്കിലും ഇതുമാത്രമാണ് അദ്ദേഹത്തിനു ലഭിച്ച വടക്കൻ പാട്ടുകൾ എന്നു ധരിക്കേണ്ടതില്ല. കാരണം, ജർമ്മൻ ഭാഷയിൽ അദ്ദേഹം പ്രസിദ്ധീകരിച്ച നായർ കഥകൾ (Hermann Gundert- Quellen zu seinem Leben und Werk, Hermann Gundert Series Vol III. 1, Ulm 1991, PP 466-487ൽ ഇവ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.), നിഘണ്ടുവിലെ ഉദ്ധരണികൾ എന്നിവയുടെ അവലംബം ഈ പാട്ടുകൾ മാത്രമല്ല.

## പ്രസാധന ചരിത്രം

ജർമ്മനിയിലേക്കു മടങ്ങിപ്പോയ ഗുണ്ടർട്ട് 1862 ൽ ലൈപ്സിഗിലെ Deutsche Morgenlaendische Gesellschaft (Bd 2 : 505-524 ) എന്ന ഗവേഷണ പ്രസിദ്ധീകരണത്തിൽ വടക്കൻ പാട്ടുകളെക്കുറിച്ചുള്ള ഒരു കുറിപ്പും ഈ സമാഹാരത്തിൽ ഉൾപ്പെട്ട തോട്ടത്തിൽ കേളപ്പൻെറ കഥയും പ്രസിദ്ധീകരിച്ചു. പ്രസ്തുത ആമുഖക്കുറിപ്പിൽ ഗുണ്ടർട്ടു പറയുന്ന കാര്യങ്ങൾ ചുരുക്കമായി ഇവിടെ രേഖപ്പെടുത്താം : 'നാടൻ പാട്ടുകൾക്കു ഭാരതീയ ഭാഷകളിൽ, വിശിഷ്യ ദ്രാവിഡ

ഭാഷകളിൽ സാരമായ പ്രാധാന്യം കല്പിച്ചു കാണാറില്ല. പൊതുവെ മററു കവിതകളുടെ കാര്യത്തിലും അവർ ഏറെ തല്പരരല്ല. പഴയകാലത്താണ് കവിതകളുള്ളത്, ഇപ്പോഴുള്ളത് അനുകർത്താക്കളും അനുകരണങ്ങളുമാണ്, എന്നത്രെ അവരുടെ ഭാവം. ഇതെങ്ങനെയായാലും നാടൻ പാട്ടുകൾ മികവുററവയാണെന്ന കാര്യം ഇവർ ഗൗനിക്കുന്നില്ല. വഞ്ചിതുഴയുന്നവർ, മീൻപിടുത്തക്കാർ, പല്ലക്കു ചുമക്കുന്നവർ, സാധാരണ തൊഴിലാളികൾ, പാടത്തു പണിയെടുക്കുന്ന സ്ത്രീകൾ—ഇവരെല്ലാം ജാതിമത പ്രായഭേദമെന്യേ മതിമറന്നു ആലപിക്കുന്നവയാണ് നാടൻ പാട്ടുകൾ. പല പാട്ടുകളും വിസ്മൃതങ്ങളായി. തലമുറതലമുറയായി വാമൊഴിയിലൂടെ പകർന്നു വരുന്നതല്ലാതെ ആരും ഇവ എഴുതി സൂക്ഷിക്കാറില്ല. ചരിത്ര പ്രാധാന്യമുള്ള പല പാട്ടുകളും പ്രചാരത്തിലുണ്ട്. ഉദാഹരണത്തിന് 1571 ൽ കോഴിക്കോടു സാമൂതിരി പോർത്തുഗീസുകാരെ തുരത്തി ചാലിയം കോട്ട പിടിച്ച വീരകഥ ; പോർത്തുഗീസുകാരുമായുള്ള ഏററുമുട്ടലിൻെറ (1599) പശ്ചാത്തലത്തിൽ കുഞ്ഞാലിമരയ്ക്കാരുടെ ജീവിതകഥ. ഉൾനാട്ടിലെ വഞ്ചിക്കാർ ഇപ്പോഴും കുഞ്ഞാലിമരയ്ക്കാരുടെ പാട്ട് ഭാഗികമായെങ്കിലും ആലപിക്കാറുണ്ട്. ഇതു ശക്തമായ പാരമ്പര്യപ്രവാഹത്തിൻെറ ഭാഗമാണ്. ഇത്തരം പാട്ടുകൾ കേട്ടു പരിഷ്കാരികൾ സഹതാപപൂർവ്വം ചിരിക്കുമെങ്കിലും അക്ഷരകല വശമില്ലാത്ത സാധാരണക്കാർ അവയിൽ നിർവൃതി കൊള്ളുന്നു. നായന്മാർക്ക് അവരുടെ പ്രത്യേക രീതിയിലുള്ള പാട്ടുകളുണ്ട്. തച്ചോളിക്കുറുപ്പിനെക്കുറിച്ചുള്ള പാട്ടുകളാണ് മുഖ്യമായും അവരുടെ നാവിൻ തുമ്പിലുള്ളത്. കടത്തനാട്ടിൽ ഇന്നേക്ക് (1862) അറുപതു വർഷം മുമ്പായിരിക്കണം അദ്ദേഹം ജീവിച്ചിരുന്നത്. കാരണം, ഒരു പാട്ടിൽ ഇംഗ്ലീഷുകാരുടെ ഭരണത്തെക്കുറിച്ച് (1792) പരാമർശമുണ്ട്.

നാടൻ പാട്ടുകളിൽ കൃത്രിമക്കലർപ്പില്ല. ഭാഷ തികച്ചും ലളിതമാണ്. ചെത്തിമിനുക്കിയ ഭാഷാപ്രയോഗങ്ങളില്ല. ആചാരബദ്ധമായ സമൂഹത്തിൻെറ സ്വഭാവം അമ്മട്ടിൽ തന്നെ പാട്ടുകളിലുണ്ട്. സംസ്കൃതവാക്കുകൾ നിരക്ഷരരുടെ ഉച്ചാരണഭേദങ്ങളായിട്ടാണ് പാട്ടിൽ കാണുന്നത്. ഉദാഹരണത്തിനു ഗ്രന്ഥം, പാട്ടിൽ കെരന്തമാകും; വർത്തമാനം വറത്തമാനം എന്നും ഇന്ദ്രിയം ഈണം എന്നുമാകും.

വൃത്തം സ്വതന്ത്രമായി പാടി നീട്ടുകയോ കുറുക്കുകയോ ചെയ്യാം. കഥാഗതിയിൽ കുതിച്ചുചാട്ടങ്ങളില്ല. കേഴ്വിക്കാരൻെറ ശ്രദ്ധവിട്ടുപോകാതിരിക്കാൻ പതുക്കെപ്പതുക്കെയാണ് കഥ പറഞ്ഞു പോകുന്നത്. ഇതെല്ലാമാണെങ്കിലും ജന്മംകൊണ്ടുതന്നെ കവി (geborner Dichter)കളായവരുടെ പ്രതിഭ വിഷയസ്വീകരണത്തിലും ആവിഷ്കരണത്തിലും പ്രകടതരമായിട്ടുണ്ട്.'

ഫോക്‌ലോറിനെക്കുറിച്ചു ഡോ ഗുണ്ടർട്ടിനുണ്ടായിരുന്ന അഭിപ്രായങ്ങൾ വിശദമായി പ്രതിപാദിക്കുന്നതാണ് ഈ സമാഹാരത്തിൻെറ പ്രാരംഭ ഭാഗത്തു ചേർത്തിരിക്കുന്ന ഡോ ആൽബ്രഷ്ട് ഫ്രൻസിൻെറ വിജ്ഞേയമായ ലേഖനം. അതിനാൽ ഗുണ്ടർട്ടിനെ വിട്ട് വടക്കൻ പാട്ടുകളുടെ പ്രസാധനത്തിൽ പങ്കെടുത്ത മററൊരു ജർമ്മൻ മിഷണറിയെക്കുറിച്ചു എഴുതാം. റവ ഡീററ്സി (Diez)നെ ഗുണ്ടർട്ടിൻെറ ഭാഷാസാഹിത്യ പരിശ്രമങ്ങളിലെ ഉററതോഴനായി മലയാളികൾക്കു പരിചയമുണ്ടായിരിക്കും. അദ്ദേഹം Das Gottesurtheil, Eine Malayala Romanze എന്ന ശീർഷകത്തിൽ ഈ സമാഹാരത്തിലെ ആദ്യത്തെ പാട്ട് ജർമ്മനിൽ

തർജമചെയ്തു അടിക്കുറിപ്പുകളും പഠനവും ചേർത്തു പ്രസിദ്ധീകരിക്കയുണ്ടായി. മംഗലാപുരത്താണ് 34 പുറമുള്ള ഈ ലഘുകൃതി അച്ചടിച്ചിരിക്കുന്നത്.[1]

പഴയ സത്യപരീക്ഷകൾ വിവരിക്കുന്ന പാട്ട് എന്ന നിലയിലാവണം കുങ്കി ബില്ല്യാരിയുടെ കഥ ഡീററ്സിനെ ആകർഷിച്ചത്. അതിൽ വിവരിക്കുന്ന സത്യപരീക്ഷകളെക്കുറിച്ചു വിശദമായ കുറിപ്പുകളുണ്ട്. അവയെല്ലാം അപ്രത്യക്ഷമായിരിക്കുന്നു എന്നും ടിപ്പുവിന്റെ വരവിനുമുമ്പുള്ള സമാധാന കാലത്തുമാത്രമേ അത്തരമൊരു സംഭവം അരങ്ങേറാൻ നിവൃത്തിയുള്ളൂ എന്നും സമ്പാദകൻ കരുതുന്നു. അതിനാൽ ഗുണ്ടർട്ടു കരുതുന്നതിനെക്കാൾ പഴക്കമേറിയതാണ് ഈ പാട്ട്. തച്ചോളി ഒതേനൻ പതിനാറാം നൂററാണ്ടിലായിരിക്കാം ജീവിച്ചിരുന്നത്. പാട്ടിൽ പരാമർശിക്കപ്പെടുന്ന പ്രതാപമേറിയ തറവാടുകളിൽ പലതും നശിച്ചിട്ടു നൂററാണ്ടുകൾതന്നെ കഴിഞ്ഞു. ചീനംവീടും തച്ചോളിവീടും അടുത്തകാലത്താണ് വീണ്ടും പ്രാബല്യം നേടിയത്. മൈസൂർ ആക്രമണത്തി ലായിരിക്കണം തറവാടുകൾ തകർന്നത്. പാട്ടിൽ സൂചിപ്പിക്കുന്ന 'ഓണത്തരയിന' എന്ന ചടങ്ങ് ഇന്നു പ്രചാരത്തിലില്ല. മററു പല ഓണാഘോഷങ്ങളും അനുസ്യൂതം നിലനിൽക്കുന്നു. ജനങ്ങളുടെ ഓർമ്മയിൽ നിന്നു തന്നെ ഒരു ചടങ്ങ്, അതും ഓണത്തോടനുബന്ധിച്ചുള്ളത്, മാഞ്ഞു പോകണമെങ്കിൽ ഏറെക്കാലം വേണ്ടിവരും. കടത്തനാട്ടിൽ നിലനിന്നിരുന്നതായി പാട്ടിൽകാണുന്ന അധികാര സംവിധാനങ്ങൾ അസ്തമിച്ചിട്ടും കാലം ഏറെയായി. അകമ്പടിക്കാരെ 'ചോററുകാർ' എന്നു വിളിക്കുന്ന ഏർപ്പാടും വളരെ പ്രാചീനമായിരിക്കണം. തുടർന്ന്, പള്ളിയറ എന്ന സങ്കല്പത്തിന്റെ വികാസവും വീരാരാധന തെയ്യങ്ങളോളം വികസിക്കുന്നതിന്റെ മാതൃകകളും സാമാന്യം വിശദമായി ഡീററ്സ് ചർച്ച ചെയ്യുന്നുണ്ട്. തലശ്ശേരിയിലും മാഹിയിലുമുള്ള ചില തീയരും മാപ്പിളമാരും നായന്മാരുടെ തച്ചോളിപ്പാട്ടുകൾ പാടുന്നതിൽ കാണിക്കുന്ന താല്പര്യം വിചിത്രമായി ഡീററ്സിനു തോന്നി. മൈസൂർ ആക്രമണകാലത്തു ക്ഷേത്രങ്ങൾ മാത്രമല്ല വീരാരാധനയ്ക്കുള്ള കേന്ദ്ര ങ്ങളുംതകർക്കപ്പെട്ടിരുന്നു. ചിലരെല്ലാം മതംമാറിപ്പോകുകയും ചെയ്തു. ടിപ്പുവിനു കീഴടക്കാൻ കഴിയാതെ പോയ തലശ്ശേരിയിലും മാഹിയിലുമുള്ളവർ ജാതിമത ഭേദമില്ലാതെ തച്ചോളിപ്പാട്ടുകളുടെ സംരക്ഷകരായി തുടർന്നതാവാം. ഇങ്ങനെയെല്ലാ മുള്ള ചിന്തകൾ ഡീററ്സ് അവതരിപ്പിക്കുന്നുണ്ട്.

താൻ പ്രസിദ്ധീകരിക്കുന്ന പാട്ട് ഉൾപ്പെടുന്ന സമാഹാരം 1858-1860 ഘട്ടത്തിൽ തയ്യാറാക്കിയതാണെന്നും പാട്ടുകാർ പാടിക്കേട്ട് ഒരു ഭാഷാധ്യാപകൻ പകർത്തിയെടുത്തതാണെന്നും ഡീററ്സ് രേഖപ്പെടുത്തുന്നു. ഈ സമാഹാരത്തിൽ നിന്നാണ് തോട്ടത്തിൽ കേളപ്പന്റെ കഥ ഗുണ്ടർട്ട് സ്വീകരിച്ചതെന്നും അദ്ദേഹം പറയുന്നു.

1. വിജ്ഞേയമായ ഈ ലേഖനവും മുമ്പു സൂചിപ്പിച്ച ഗുണ്ടർട്ടിന്റെ ലേഖനവും സുഗമമായി മനസ്സി ലാക്കാൻ കഴിഞ്ഞതു ഹൈഡൽബർഗ് സർവകലാശാലയിലെ ചരിത്രവിദ്യാർത്ഥിനിയും അവധിക്കാലത്തു കേരളത്തിൽ മലയാളം വിദ്യാർത്ഥിനിയുമായ മാർഗരററ് ഫ്രൻസിന്റെ സഹായംകൊണ്ടാണ്. ഗുണ്ടർട്ടു കുടുംബത്തിലെ പിൻമുറക്കാരിയായ മാർഗരററിന്റെ സഹായം പഴയ ജർമ്മൻ വാക്യങ്ങളുടെ കുരുക്കുകളിൽ നിന്നു പ്രസക്തമായ ആശയങ്ങൾ വേർതിരിച്ചെടുക്കാൻ ഏറെ സഹായകമായി.

കടത്തനാടൻ ശൈലിയിലുള്ള ഈ പാട്ട് വാചികരൂപം കൃത്യമായി സംരക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ടെന്ന് ഡീററ്സ് എടുത്തു പറയുന്നുണ്ട്. ഇപ്പോൾ ഇവിടെ പ്രസിദ്ധീകരിക്കുന്ന സമാഹാരവും ഡീററ്സ് സൂചിപ്പിക്കുന്ന സമാഹാരവും തമ്മിലുള്ള ബന്ധം കൂടുതൽ തെളിവുകൾ ലഭിക്കാതെ വ്യക്തമാകുന്നതല്ല. ഇവിടെ പ്രത്യേകം ഓർമ്മിക്കേണ്ടകാര്യം, പാട്ടുകൾ പകർത്തുമ്പോൾ വർണ്ണ സ്വരൂപം കൃത്യമായി നിലനിറുത്തണം എന്ന ആഗ്രഹം ജർമ്മൻ പണ്ഡിതന്മാരായ ഗുണ്ടർട്ടിനും ഡീററ്സിനും ഉണ്ടായിരുന്നു എന്നതാണ്. നാടൻപാട്ടിൻെറ ഭാഷാസ്വരൂപം കൃതിയുടെ പഴക്കം നിർണ്ണയിക്കാൻ ഉതകുമെന്ന തെററുദ്ധാരണ ഇവർക്കുണ്ടായിരുന്നു എന്നു തോന്നുന്നില്ല. ജനകീയ ഭാഷാപ്രവാഹത്തിൽ ലിഖിതഭാഷയിലില്ലാത്ത ചില പ്രാചീനമുദ്രകൾ ഉണ്ടാകാം. എന്നാൽ അതിനെക്കാൾ, ഭാഷയുടെ സജീവ വ്യവഹാരരൂപം, ആഖ്യാനപരമായ ശൈലീചിഹ്നങ്ങൾ, ഭാഷയുടെ ദേശ്യഭേദങ്ങൾ, പ്രസ്ഥാനസൂചകങ്ങൾ എന്നീ നിലകളിൽ പാട്ടിൻെറ വാചിക സ്വരൂപം സവിശേഷപഠനം അർഹിക്കുന്നു. Ballads of North Malabarൻെറ ഒന്നാം വാല്യത്തിൽ ചേലനാട്ടു അച്യുതമേനോൻ പ്രകടിപ്പിക്കുന്ന കാഴ്ചപ്പാട് ഇവിടെ വിചിത്രമായി അനുഭവപ്പെടും:

'These songs are generally sung by illiterate people with no sense of textual accuracy. They care only for their emotional appeal. Very often they substitute their words when the original expression is beyond their comprehension. To these are some times added some local peculiarities of expression.' നിലവാരപ്പെട്ട ഭാഷയിൽ വാർന്നുവീഴുന്ന സ്ഥിരപാഠത്തോടുള്ള ആദരം ചേലനാട്ട് അച്യുതമേനോൻെറ സമാഹാരത്തിലെ വടക്കൻ പാട്ടുകളെ അലങ്കോലപ്പെടുത്തിയിട്ടില്ല എന്നു വിശ്വസിക്കാമോ? അച്യുതമേനോൻെറ പ്രസിദ്ധീകരണത്തിനു മുഖ്യാവലംബം പേഴ്സി മക്വീൻെറ ശേഖരമാണല്ലോ. 1913-1919 ഘട്ടത്തിൽ തലശ്ശേരിക്കാരൻ അടിയേരി കുഞ്ഞിരാമൻെറ സഹായത്തോടെ താൻ നടത്തിയ പാട്ടുശേഖരണത്തെ ഒരു 'അമച്വർ യത്നം' എന്നാണ് പേഴ്സി മക്വീൻ വിശേഷിപ്പിക്കുന്നത്! ഇവിടെയാണ്, ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന സമാഹാരത്തിൻെറ ശ്രേഷ്ഠത. ഗുണ്ടർട്ടിൻെറ കൈയെഴുത്തുഗ്രന്ഥം ഉച്ചാരണഭേദങ്ങൾ പ്രകടമാക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. ഗുണ്ടർട്ടു തന്നെ അങ്ങിങ്ങു ചില പരിശോധനകൾ നടത്തിയതായും തോന്നുന്നു. അമൂല്യമായ ആ പാഠം തികച്ചും സത്യസന്ധമായി അവതരിപ്പിക്കാനാണ് ഞങ്ങൾ ശ്രമിച്ചിരിക്കുന്നത്.

പാട്ടുകൾ പകർത്തിയെടുത്തതു യുവഗവേഷകനായ പി. ആൻറണിയാണ്. തച്ചോളിപ്പാട്ടുകളിലെ കഥനാംശത്തെക്കുറിച്ചു നവീന ആഖ്യാന കലാസിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ ഗവേഷണപഠനം നടത്തുന്ന സുഹൃത്തിനു ഈ വിഷയത്തിലുള്ള അവഗാഹം വെളിപ്പെടുത്തുന്നതാണ് ഇവിടെ തൊട്ടുപിന്നാലെ വരുന്ന പഠനം-*തച്ചോളിപ്പാട്ടുകൾക്ക് ഒരു മുഖവുര.*

# DR HERMANN GUNDERT AND FOLK LITERATURE

by

**Albrecht Frenz**

For a long time Hermann Gundert, the first Basel Missionary in Malabar, was only known as a linguist, and as a great Malayalam lexicographer and grammarian. Most of Gundert's Malayalam works were unknown. But today we are glad that, through the publication of Gundert's diary, the transliteration and computerizing of his letters and the publication of the Malayalam manuscripts of the Tuebingen University Library we have got a deeper insight into his work and a better understanding of his personality. A great step forward was the publication of the Hermann Gundert Series in 1991-92. In the volumes 4-6 Gundert's Malayalam works are presented. Each book of the series is provided with an academic introduction by Professor Dr Scaria Zacharia. The Malayalam Series which are now under print will bring out many new insights and create new impulses for the language.

The more we study Gundert's ballads, songs, poems and folk songs the more we recognize the comprehensiveness of his thinking. From his very youth until his time in Malabar and finally at Calw, Gundert was a genius creating literature and transforming works from one language into another—all his thoughts and nerves became language. Luckily he could combine this with a scholarly education. The most fascinating kind of literature produced by Gundert is his folk literature. This fact was already expressed by Professor Dr K K N Kurup and recently by Professor Dr Scaria Zacharia.[1] There is no doubt that the folk songs and ballads of North Malabar were one of the most thrilling works of Malayalam literature for Gundert, and they sank deep into his heart and mind.

Some years ago we got a certain hint from a note in the introduction of L. Johannes Frohnmeyer's "A Progressive Grammar of the Malayalam Language", first published at Mangalore in 1889, that Gundert had very probably published Malayalam folk songs

of Malabar translated into German, especially those of Malabar-Nayers. More insight into Gundert's way of handling folk literature was attained through his diary and letters. In his diary Gundert noted down in 1861: "Kelappen versprochen" ([I] promised [to translate] Kelappen).[2] Ten years later Gundert wrote to his son Samuel who was then a missionary at Palakkad: "Eine Uebersetzung von Kelappas Lied sandte ich an Stolz" (a [German] translation of Kelappa's song I sent to [Missionary] Stolz [at Mangalore]).[3] Samuel Gundert also suggested to translate the song into English, but Gundert advised him to leave this to someone else. Because of this letter and Frohnmeyer's remark mentioned above, it is almost sure that the German version of "Kelappen vom Garten" was also printed in Mangalore.

Within a series of four narrations, of which "Kelappan vom Garten" is the third one, Gundert himself published the ballads in the Jugendblaetter (Youth Magazine) 1868 (2.half-vol.):

*Der junge Chandu von Njalikara* (Young Chandu of Njalikara), col. 225-236,
*Kannen von Kaideri* (Kannen of Kaideri), col. 297-312,
*Kelappen vom Garten* (Kelappen of the garden), col. 369-384,
and 1869 (1. half-vol.):
*Dairu von Ebereck* (Dairu of Boar-quoin), col. 61-66.[4]

From the very beginning of his stay in Malabar Gundert had in mind the idea to translate Malayalam songs, ballads and epics into German. Yet, as we know, Gundert was almost completely occupied with composing Malayalam works, with looking after school and carrying out missionary undertakings. So he could hardly spare the time for the translation of Malayalam works into German. When he was back in Germany and had become the head of a publishing house at Calw he was involved in many activities. Nevertheless he translated some wonderful examples of Malayalam folk literature into German. This category contains not only the four narrations of the *Life of Nayers* mentioned above, but also the German translation of *Nala Charitha saram*, first published in Missions-Magazin, Basel, 1853, p. 49-65, and 1854, p. 66-93.[5]

Gundert's folk literature carries a lot of epic, puranic, historical and biblical material as well as native Malayalam literature and history. This not only demonstrates that Gundert was familiar

with various traditions of different cultures but also shows his good approach to the people surrounding him. Throughout his life his observations were highly detailed. One small and simple incident of 1883 may be cited. Once, Gundert visited a Reverend who was also a painter and bee-keeper in the countryside about a hundred kilometres northeast of Stuttgart. There he observed: "I saw a queen-bee, too, with honey and some subjects [drones] feeding her, preserved in a glass."[6] It is, however, also true that the more complicated the circumstances became, the more Gundert came back to his inmost talent by confronting it with the holy Scripture and transforming it into deep-rooted verses of a high ethical standard, poems and tracts. The category in which he could express himself best was the folk literature.

Folk literature is the melting-pot of the highest philosophical thinking and simplest natural behaviour, the expression of creativity and formality, the hinge holding together chaos and order, the melting-pot of all old and young, of the experienced and the naive, of the educated and the illiterate, the place where all ways of life meet. Gundert was endowed with the talent of absorbing folk literature of many cultures as well as of different theological and philosophical concepts. At the same time he was able to create his own style of literature, fascinating old and young for decades and even centuries. It is overwhelming to see what Gundert learned, worked and created when he was only thirteen, fourteen or fifteen years old. This inner creativeness never vanished. Even in his old age he was able to formulate sentences and letters with the wit and freshness of a youth.

This explains why he, a theologian and missionary, was able to combine his first Bible tract of Genesis 1—11 with Indian myths of creation as well as with biblical apocryphal material which is related closely to many other traditions seeking an answer concerning the beginning of the world. It is not surprising that he puts together dogmatical views of the medieval church with modern theological opinions destined by Martin Luther's "Freiheit eines Christenmenschen" (a Christian's Freedom) in his tract.

In the introduction and commentary to the Song of Songs, Gundert expresses his understanding of this book which belongs to the Holy Scriptures and at the same time is a folk song. By the way,

it is worthwile noticing that this song is the first book of the Bible which Gundert translated into Malayalam. In the beginning of 1843 he noted down in his diary: "Uebersetzung vom Hohenlied" (translation of the Song of Songs).[7] The following event at Thalassery at that time is not without importance: a complicated love story among young missionaries which became very burdensome for Gundert was going on after the first Basel missionary lady-teacher, Miss Catherina Mook, had arrived on 30, November 1842 and was finally married to the missionary Christian Mueller by Gundert on 4, April 1844. Most probably due to these circumstances the Song of Songs became the first biblical book in Malayalam of the Protestant Basel Church. No other Church started translating the Bible with the Song of Songs in her native tongue!

The comment on the Song of Songs which Gundert wrote as late as in 1878 was already valid when he had translated the poem into Malayalam in 1843. With his Malayalam translation he not only met an actual situation at Thalassery but he also created a poem following the line of Malabar folksongs as well as the biblical texts. In contradiction to the different comments on the Song of Songs, Gundert self-confidently expresses his own opinion which gives us a deep insight into his understanding. He demythologizes various traditional commentaries while leading the reader into a fascinating text.

Before starting on the translation of the Song of Songs, Gundert explains: "His songs numbered a thousand and five' is said of Solomon in I King 4, 32. The poem 'The Song of Songs', being handed down to us in the holy scripture, ranks first, being the most beautiful pearl among the richness of songs which has almost been lost except a few examples..... There is, however, great difficulty in explaining this song. According to the most plausible result of the wording we can hardly find anything other than the poetic description of a real event and the experience of Solomon: within a typical human sphere the king received Sulamith's love—the highest available on earth, the bliss of inmost and most devoted love. The question arises: what are the common characteristics of a minne-song and the canon? And certainly the inclusion of this book in the holy scriptures can be explained only, it seems, by understanding the song *allegorically*, as a clothing of higher spiritual conditions and

processes in relation with God and His people Israel. Yet, it has to be allowed that the allegorical interpretation which was highly esteemed in its various forms by the Jewish, as well as the Christian antiquity, cannot go into any single detail without unfavourable playing. First of all, the song has to be understood as a poetic and magnificent description of a true event; due to this the involved persons, especially the main person besides Solomon, the friend, bride and wife, along with relatives have to be seen as historical persons. Sulamith is 'the Sunemite', of Sunem, a small town of Issachar also called Sulem. Therefore it resembles the name of Solomon: 'she who is devoted to Solomon'. Even with this actual explanation the Song of Songs with all its ardour of sensation, in all its frank, picturesque and lively illustrated statements keeps a thoroughly dignified and decent character seen especially in the purity and the delicacy, in the faithfulness of the praised beloved one as well as in tracing back the union of love to the highest divine source and the holy order of God's creation (8, 6f.)".[8]

This comment not only describes Gundert's theological and literary opinion but also shows his ability of creating pure language, language satisfying a high standard and pleasing the aesthetics. In old age Gundert expressed himself in a similar way as being a youth, yet he accomplished his skill in growing older.

Some months after the Dr Hermann Gundert Conference in Stuttgart in May 1993, I came across Gundert's letters written during the time of his stay at Maulbronn and Tuebingen. Among the letters some ballads were found. They clearly show Gundert's natural talent for folklore as well as for religious and epical matters.

Gundert was only fourteen years old when he presented a ballad for his father's birthday. This became a custom with Gundert; every year he presented some literary piece. In the accompanying letter Hermann Gundert wrote: "Now you will get many testimonies of your children's love, beautiful flowers will exhale fragrance towards you, and mother's love will supply you anew with cinnamon-stars bakery; and for this occasion I also want to give a small present to you. But such things we scholars(this expression is somewhat conceited, but I cannot express myself differently, even though I want to become one in due time) do not have. I wished to present something more pleasant to you and I also hope you will

accept the small gift with pleasure. The touching relation of a father towards his children may never be shown more elevated than when he, already being partially transfigured, gives his fatherly blessing to them; therefore I thought I might give this to you; it is little, of course, but coming from a son's most cordial love nd accompanied by his true endeavour to see tears already flowed — flowed over his soul once to be changed into tears of joy. Then this may get a fatherly reception."[9] Even in this letter young Gundert is full of the epic language and expresses himself in the poetic art of folk literature.

The poem deals with narrations taken from chapter 49 of Genesis, the first book of the Bible. The book of Genesis is also called the first book of Moses, because in olden days Moses was thought to be the author of the first five books of the Bible. Gundert's poem runs thus:

**Jacob bidding farewell to his sons**

Bright in the sky the sun's warming disc emerged
From the clouds and irradiated the earth's turmoil.
Bright also it became in the heart of the old man sturdily
Rising from bed, and speaking in highly prophetic spirit:
"Oh flesh of my flesh, oh bone of my bones !

All those begot by Jacob surrounding me, listen to that
What Israel, Your father, speaks; I know the deeds of the past.
What the veil of future covers, Israel's heart knows.
Clear are the old man's eyes and God Jehova's intimate looks up
Brightly, you hear him speak in Israel who is blessing,

Fathom him, who omnisciently understands the hidden thoughts of the dumb
And the dark in the heart of him who does not speak!
*Reuben*! My eldest son, vigor lot those born to Jacob,
Priestly king! what is it that tempted your swerving heart?
Alas, your heart revolted, the firstlings of the field became

Chaff, for the father's bed you polluted with offence
And his bed your rising foot ravished.
*Simeon, Levi* ! you, too? The cry of revenge of the murdered pushes
Its way to the father's ears and swords clanking is rumbling !

Woe, the slayed stand, they stand before Jehova's throne.

And towards Israel the hospitable inhabitants of Schechem do point.
God, thou who judges impartially, I clean my hands from misdeed:
Jacob's name shall not stand along with the names of Levi and Simeon !
Rumbling, their hands slayed the innocent, and he who loved them
Was murdered by their rage, therfore the curse of damnation shall fall upon them !

Cursed shall be their inheritor, the abode of the arrogant shall
be destroyed !

*O Judah !* You are the chosen one, the shining praised of your people.
You will put your foot on the necks of hostile peoples
And Jacob's descent will, O son, bow the knee before you !
Young lion, how did the lion's enemies fall?

Great is your triumph, you are lurking for them in ambush.
None is here to resist your sway.
Never the sceptre shall turn from Judah, the crown
Shall always adorn his head, he may rule for ever
Till the hero come "whom crowds of peoples follow !

To the tendril's winding he binds the donkey's foal
And the jenny-ass's son to the creeping shoots of the vine.
His sparkling gift shall soak Judah's upper garment
And the grape's juice the fabric of home-bred wool.
Abundance of must shall inflame the red of his beaming eyes,
Whiter than milk the teeth of my begotten are blinking ! -
At the shore of the sea be *Zebulon's* dwelling, his wide
House shall adjoin Sidon where in the loud roaring surf
On the white undulation of waves the ships come near
As a fleet, and the keels of Tyre cut the sea.
*Issachar* shall resemble the strong donkey, the useful pack ass,
Quietly he rests in the midst of the boarders of the land,
But there he enjoys the quietness, he clings to the fertile soil,.
Lovingly, and bowed his neck having become a tributary servant.
To his people *Dan* will set right, for the maiden's son shall be equal to the sons
Of Israel's legal wives, cunning like the serpent by the way side
And like the adder hiding lurkingly on the slippery footpath !
The enemy's horse shall prance being bitten in the heel,

Backwards shall the rider fall." - Suddenly a Seraph shines
Sent from the heavenly heights by the father of man,

Making a sign to the sufferer. He yearningly spreads his arms.
"I long, O Lord, for your salvation." But the Seraph
Ascended. Brightness beamed from Israel's eyes,
And in a praising voice he continued blessing *Gad:*
"Being a vigorous warrior, Gad will lead the armed hordes
To the battle and make them return with booty to the domestic herds.
Fat shall be
*Asher*'s corn, and fertile his fields.
Lovely meals he gives, worth to be taken by kings.
*Naphtali,* slim like the body of the hind vehemently flying away,
Beautiful and agile, I see, are the sons of my son.

Grow, my *Joseph*, you are shooting up like the green branch near the spring.
Across the towering wall the foliage of the sprouts is growing,
Though marksmen provoked him, aimed hostile arrows at him
And pursued him, firm his missile remained, and the power
Of his arms becomes strong through the hands of Jehova the hero in Jacob,

True guardian of the holy stone of Israel's weakness.
Comfort you got from your father's God and help from the Highest,
Advice from the almighty, blessing from the heaven above, and blessing
From the depth and blessing from mothers' breasts and bodies.
The blessings of the father embracing you are ascending higher
Than the blessings of the eternal heights your heart is striving
Towards the eternal hills, this they may be on the head of my son,
Dripping from the crown of the head of the greater king of
the other brothers.

Like a wolf *Benjamin* will rob, eating the robbed pieces in the morning,
In the evening, however, he will share the prey with his brothers."

Thus Israel, the grey and venerable, spoke. At him the Seraph smiles, And
Jacob felt the proximity of the mower of lives:
"My people are waiting for me, with them I shall be assembled
Where the fathers took land, in a field bought from Ephron,

In the twofold cave my corpse shall decay, but not my spirit.
There Abraham was buried by the hands of the mourning,

Also Sarah his wife; also Isaac, and near him Rebecca,
His faithful wife; there also rests Lea in peace.
Children, your father's prayer shall lead you to the eternal abode."
Fainting, Jehova's hero sank on his bed,

His breath came to a stillstand, his blessing hands slackened,His eye became glassy, his blood thickened in the veins.
Now the weird darkness of death veils the sufferer.
Weeping the sons of hope surrounded the stiff skeleton.
Yet the purified spirit rose to the eternal heights,

Shining, even more shining in transfigurating brightness
Till at the throne of eternal love which he had loved here
And had yearned to see, he sees with speechless delight,
Where the soul's feeling joins in a single hallelujah."[10]

The poem meets Gundert's situation, for he had had to leave his home ten months earlier and was striving for settling within himself. An essay, written most probably at the end of 1827 — perhaps it was his first one written at Maulbronn, since it is given in the beginning of his copy-book— shows the heading: "Aus den Lebenserinnerungen eines Schwaben" (Pictures from the Memoirs of a Suebian) and contains Gundert's description of his farewell from the family in Stuttgart. In the essay Gundert writes: "A more serious career should begin now; playing (also in learning) should come to an end, studying should begin; he should come into new conditions in which he can no longer take refuge to the parents' advice. "In this context he was reminded of his taking leave from home: "It was the last day at home. Would he ever come again, he would come as a guest. These thoughts were haunting him through the last day and in the last morning (18th of October) which was settled for the farewell. He, however, did not want to soften mother any further who anyhow was sensitive and sick; therefore he remained calm and steady at the sick-bed for the last motherly admonition—calm but touched at the last farewell with only a few words the mother dismised her son. "[11]

One year later, in August 1829, Gundert presented another, even longer poem to his father, named "Der Krieg von Inisthona. Ein Gedicht Ossians" (The War of Inisthona. A poem by Ossian). Ossian was a Celtic poet of the third century A.D. His poems were collected

in Scotland and reshaped through centuries till Macphearson wrote his Ossian epics from 1760 onwards. Gundert's translation of the ballad "Der Krieg von Inisthona" runs up to 170 lines and is commented on instructively. Going through the poem one is reminded of the ballads of Malabar and of Keralolpathi, especially of Gundert's comment with partial translation of it.[12]

It is interesting to see what Gundert writes about the poem in the accompanying letter to his father: "You should not think Hermann has forgotten the 13th of August, so I shall send these pages. You will open them and read the heading: A Poem of Ossian. Hm ! you will think, this young man is aiming high, has the courage to work at Ossian ! Well , I thought , one year ago I was able to read Moses' poetry, so I will, if need be, be able to understand Ossian who is almost just as simple, and for what is more, I did not have to find my way through the labyrinths of commentaries. I only hexametrized a prosaic translation of Ossian and provided it with footnotes for which I had to make myself familiar with all of Ossian's poems. I think I may praise myself for having fully conceived his spirit, so that I can read and understand his writings. You will, I think, have read it already, therefore you may rather judge the prosaic translation used; I consider it natural and simple qualities which, of course, were sometimes lost in the metre, but nevertheless I hope you will gladly accept it as a proof that I did not spare any sacrifice of time in order to give you a little pleasure.

The reason for chosing this poem will convince you only when you have read it. Well, when you read the heading "Krieg" (War), do not think, that I am enjoying war and therefore I have been mislead to commit an error by sending you, who is an enemy of war, such a war poem; no, it is 'the loving father's joy as to his successful son' which made me choose this poem. Throughout the poem, and especially in verses 158 and following, the joy is shining brilliantly. In these days virtue and strength were man's distinction. Times have changed. Well, it may have been wonderful when the old father went to meet his son returning home after a victorious battle, and when the father received him with all honours, and the young hero showed the captured helmets and shields, his trophies, to the father, who enjoyed himself together with his son and reminded him of the exploits of his youth. But it might be the more exciting, if the

son, for a long time separated from his home, finally comes back to his father bringing him a heart full of tenderness, love and religion, a spirit well versed with all wisdoms and sciences and being able to look freely into the worried father's eyes: I have overcome the youth's lusts, my most stubborn enemies; pure is now my behaviour, when the father harvests the fruits of many years' sweating and seed which was begun by mourning, and when the father sees his son giving the first examples of his concentrated knowledge and of his improved heart, when the mother weeps tears of joy instead of the many tears of sorrow, and both are praising God with a delighted mouth for His true guidance, and giving Him the due thanks. - Look, father! such a day I would like to give you once in your grey years, I should like to requite the heavy grief I caused to you, so you could say, this is entirely my son. God, who has done great things to us, may complete it, may guide *everything* towards the good." [13]

It is overwhelming to see what style this young boy Hermann Gundert wrote. In his youth he must have known and spoken Greek, Latin, Hebrew and other languages like his mother tongue. Like a sponge he absorbed all the literature he could get hold of, brought it together with to his core and new shoots sprouted, becoming a new, indigenous, powerful and convincing language. Gundert's inmost was creating language. The most lively material Gundert worked on were his ballads, his poems and his folk songs. When I read Gundert's poems I am reminded of Latin, Greek, Hebrew and especially Vedic, Upanishadic and Classical Sanskrit epics and poems. It is said that Sanskrit is the holy and perfect language—this you can experience by reading and translating texts in this language.

Let this short insight into Gundert's literary workshop inspire many scholars and others to read Taccoli Pattukal and make their love grow for ballads which are so manifold and rich in Malabar. Let this volume convince people to collect folk literature, work on it and make it available to the public.

I appreciate the courage and endeavour of Professor Dr Scaria Zacharia who has twice taken the pains of prolonged separation from his family to make available the old Malayalam manuscripts of which many were collected by Gundert himself and preserved by the Tuebingen University Library. Now, in writing this

introduction, my thoughts are often with Scaria Zacharia and his publishing of the new series which contains a lot of material. We also think of those who are involved in the printing, publishing and selling process. In Germany we were very pleased that so many Keralites attended the conference and the Dravidian Seminar in May 1993. A lot of new impulses arose through this conference and within the people involved in it. We are also lucky that the Gundert family has preserved many old books, pictures and especially the letters of Gundert which are now kept in the German Literary Archives/Schiller National Museum Marbach/Neckar. Only through these letters it was possible to verify most of Gundert's books, booklets, articles and hints. Without them it would have been impossible to get the striking insight into Gundert's work and thought concerning, eg. ballads and folk literature. We are aware of one fact: the more you work on Gundert, the more thirsty you feel for getting new information.

1. Cf K K N Kurup, *Das Erbe von Hermann Gundert* (The Heritage of Hermann Gundert), in: Bote zwischen Ost und West (Messenger between East and West), Ulm 1987, p. 35, and *Hermann Gundert - ein Volkskundler (Folklorist)*, in: Bruecke zwischen Indien und Europa (Bridge between India and Europe), Ulm 1993, p. 323 f.; Scaria Zacharia, *Hermann Gundert und die Malayalam-Folklore*, in: Dialog der Kulturen (Dialogue of Cultures), Ulm 1993, p. 29, also in: Tribal Folklore, Thiruvananthapuram, April 1993, p. 1 f.
2. Diary 4.11.1861; Hermann Gundert, Calwer Tagebuch 1859-1893 (Calw Diary), Stuttgart 1986, p. 199.
3. Hermann Gundert, letter, 10.10.1871; Deutsches Literaturarchiv/ Schiller-Nationalmuseum Marbach am Neckar [Further on "GM"].
4. These four ballads were re-published in Hermann Gundert, *Quellen zu seinem Leben und Werk* (Sources of His Life and Work), Ulm 1991, p. 466-486 = HGS 3.1 [further on "Sources"].
5. Re-published in: Sources, p. 446-465.
6. GM 24.9.1883.
7. Diary 25.1.1843; Hermann Gundert, Tagebuch aus Malabar 1836-1859 (Diary of Malabar), Ulm 1983, p. 95.
8. Handbuch der Bibelerklaerung (Handbook of Bible Explanation, ed. by Calwer Verlagsverein, Vol. 1, 5th ed., Calw and Stuttgart 1878, p. 665). A short introduction concerning the origin and the authors of the *fifth edition* of the "Calw Bible Explanation" may be given:

   At the end of 1877 Gundert began to revise the Calw Bibelwerk,

and asked other scholars to write comments on the various books of the Bible. Gundert himself not only edited the work but also wrote many comments, eg. the comments on the whole New Testament except Revelation which was commented on by Johannes Hesse. Gundert gave the four gospels as a synopsis; he had done the same in Malayalam about thirty years earlier. During the year 1878 many of his letters show the progress of the Biblework eg: "I have now finished the gospel history and I am now deep in the acts" (GM 11.3.1878) or: "Concerning the New Testament, the Letter of James and the First and Second Letter of Paul to the Thessalonians are completed, and I am now revising the Letter of Paul to the Galatians with pleasure" (GM 11.3.1878) or: "Concerning the New Testament, only the Second Letter of Peter, the Letter of Jude, and the First, Second and Third letters of John are left to be done" (GM 23.6.1878).

The Old Testament was commented on mainly by others, yet in editing Gundert put in his thoughts, and some of the comments he wrote himself. He states: "I succeeded in completing the Old Testament [of the Biblework]. This happened on October 21st, 1878, and the appendices are almost ready - one year after beginning it." (GM 24.10.1878). In a letter to Herrmann Moegling Gundert listed the names of the various commentators on the Old Testament. According to this list the following books of the Old Testament were commented on by Gundert: The Song of Songs, Lamentations, and the Book of Daniel. He also wrote the introduction and the appendix (the latter in cooperation with Rev. Huzel). It may be of interest that Hermann Moegling commented on the Book of the Prophet Jeremiah.

9. GM 10.8.1828.

10. GM 10.8.1828. Since it is difficult and not always satisfying to translate Gundert's German style into English we also give the German original:

## Jakobs Abschied von seinen Soehnen

Hell trat am Firmamente der Sonne erwaermende Scheibe
Aus den Wolken hervor und bestrahlte der Erde Getuemmel
Hell ward's auch in der Seele des Greisen, er raffte vom Lager
Stark sich auf und sprach mit hohem prophetischem Geiste:
"O Fleisch meines Fleisches, o Bein von meinem Gebeine!
Um mich zuhauf, die Jakob gezeugt; was Israel redet,
Euer Vater, das hoert; ich weiss der Vergangenheit Taten,
Was der Zukunft Schleier verhuellt, kennt Israels Seele.

Klar sind die Augen des Greisen, und helle blickt auf der Vertraute
Gottes Jehovahs, ihn hoert ihr im segnenden Israel*sprechen,
Ihn, der allwissend vernimmt des Stummen verborgne Gedanken
Und das Dunkel des Herzens des, der nicht redet, erforschet!
*Ruben!* mein erster Sohn, du Kraft der Geborenen Jakobs,
Priesterkoenig! was ist's , das das wankende Herz dir verfuehrte?
Ach, es erhob sich dein Herz, des Ackers Erstlinge wurden
Spreu, denn des Vaters Lager hast du mit Frevel entweihet,
Und sein Bette hat dein aufsteigender Fuss geschaendet.
*Simeon, Levi!* auch ihr? Gemordeter Racheruf dringet
Zu des Vaters Gehoer, und Schwertergeklirre erdroehnet!
Weh, die Erschlagenen stehn, sie stehn vorm Throne Jehovahs,
Und auf Israel weist des gastlichen Sichems Bewohner.
Gott, der gerecht du richtest, ich wasche die Haende vom Frevel.
Nicht steh Jakobs Namen bei Levis und Simeons Namen!
Grollend erschlug ihr Arm den Unschuldigen, und der sie liebte,
Mordet ihr Grimm, drum falle auf sie der Fluch der Verdammnis!
Und verflucht sei ihr Erbe, zerstreut die Wohnung der Stolzen!
*Juda!* Du bist der Erwaehlte, der strahlende Ruhm der Deinen,
Deinen Fuss wirst du auf den Nacken der feindlichen Voelker
Setzen, und Jakobs Geschlecht wird die Knie vor dir, Sohn, beugen!
Junger Loewe, wie sind gefallen die Feinde des Loewen!
Herrlich ist dein Triumph, im Hinterhalt lauerst du ihnen.
Keiner ist hier, der deiner Gewalt entgegen sich stellte.
Nimmer soll das Scepter von Juda sich wenden, die Krone
Ziere ihm immer das Haupt, er herrsche unendliche Zeiten,
Bis dass komme der Held, "dem der Voelker Scharen anhangen!
An der Rebe Gewind bind er das Fuellen des Esels,
Und der Eselin Sohn an des Weinstocks kriechende Zweige.
Seine funkelnde Gabe wird Judas Oberkleid traenken
Und der Weinbeere Saft das Gewebe inlaendischer Wolle.
Fuelle des Mosts entzuend' ihm das Rot der strahlenden Augen,
Weisser auch blinken denn Milch die Zaehne von meinem Erzeugten! -
An dem Gestade des Meers sei *Sebulons* Wohnung, an Sidon
Reiche sein weites Haus, wo an laut aufbrausender Brandung
Bei dem weissen Gekraeusel der Wellen der Schiffe gewoelbte
Flotte anfaehrt und die Kiele von Tyrus den Ozean schneiden.
*Isaschar* gleiche dem ruestigen Esel, dem nuetzlichen Lasttier.
Ruhig lagert er sich in der Mitte der Grenzen des Landes,
Doch da behagt ihm die Ruhe, er hing an dem fruchtbaren Boden,
Liebend, und neigte den Nacken, zum zinsbaren Diener geworden.
Richten wird *Dan* sein Volk, denn der Magd Sohn gleiche den Soehnen

Israels rechtlicher Frauen, der listigen Schlange am Wege
Gleich und der Otter, die lauernd sich birgt am schluepfrigen Fusssteig!
Baeumen wird sich das feindliche Ross, in die Ferse gebissen,
Ruecklings falle sein Reiter." - Da strahlet ploetzlich ein Seraph.
Ihn entsandte den himmlischen Hoehen der Vater der Menschen,
Und er winket dem Dulder. Da breitet er sehnend die Arme:
"Ja, ich warte, o Herr, auf dein Heil." Aber der Seraph
Schwang sich hinauf. Da leuchtete Glanz von Israels Augen,
Und mit preisender Stimm fuhr er fort, *Gad* segnend zu reden:
"Ruestiger Krieger wird Gad die bewaffneten Schare zum Kampfe
Fuehren, mit Beute hinwieder zum heimischen Herde sie lenken.
Fett sei *Assers* Getreide und fruchtbar seine Gefilde.
Liebliche Speisen gibt er, von Koenigen wert zu geniessen.
*Naphtali*, schlank wie der Wuchs der Hindin, die strebend hinanfliegt;
Schoen und behende seh ich von meinem Sohne die Soehne.
Wachse, mein *Joseph*, du sprosst wie der gruenende Zweig an der Quelle.
Ueber die ragende Mauer erstreckt sich der Sprossen Belaubung.
Zwar ihn reizten die Schuetzen und richteten feindliche Pfeile
Und verfolgten mir ihn, fest blieb sein Geschoss, und der Arme
Kraft waechst stark durch die Haende Jehovahs, des Helden in Jakob,
Treuer Hueter des heiligen Steins von Israels Schwachheit.
Trost kam dir von dem Gott deines Vaters und Huelfe vom Hoechsten,
Rat vom Allmaechtigen, Segen von oben vom Himmel und Segen
Von der Tiefe und Segen von Bruesten und Leibern der Muetter.
Hoeher steigen die Segen des dich umarmenden Vaters
Als die Segen der ewigen Hoehen, nach ewigen Huegeln
Brennet dein Herz, so moegen sie sein auf dem Haupt meines Sohnes,
Triefen vom Scheitel des herrlichen Fuersten der anderen Brueder—
Wie ein Wolf wird *Benjamin* rauben, Geraubtes am Morgen
Fressen, des Abends jedoch wird die Beute den Bruedern er teilen."
So sprach Israel - grau, ehrwuerdig. Ihm laechelt der Seraph,
Und es fuehlte die Naehe des Lebenabmaehenden Jakob:
"Meiner wartet mein Volk, ich werde zu ihnen versammelt
An der Vaeter Raub, ein Acker, von Ephron erkaufet,
In der zwiefachen Hoehle, da modre mein Koerper, der Geist nicht.
Abraham haben daselbst der Traurenden Haende beerdigt,
Sarah daselbst, seine Gattin; dort Isaak, zur Seite Rebekka,
Seine getreue Gemahlin; dort ruht auch Lea im Frieden.
Kinder, des Vaters Gebet fuehr euch zur ewigen Wohnung."
Matt sank auf sein Lager zurueck der Held in Jehovah,
Kuerzer auch schwand der Atem, die segnenden Haende erschlafften,
Eisern brach das Aug', es stockt das Blut in der Ader.

Jetzt umhuellt den Dulder das schaurige Dunkel des Todes.
Weinend umstanden das starre Gerippe die Soehne der Hoffnung.
Doch der gelaeuterte Geist schwang sich zu den ewigen Hoehen
Strahlend, strahlender stets in hohem verklaerendem Glanze,
Bis an dem Throne der ewigen Liebe, die hier er geliebet
Und zu erblicken gesehnt, er schaut sprachlosen Entzueckens,
Wo sich der Seele Empfindung in ein Halleluja aufloeset.

11 GM 1827 end.
12 Cf. Sources, p. 387-413, reprint of Gundert's original.
13 GM 9.8.1829.

# തച്ചോളിപ്പാട്ടുകൾക്ക് ഒരു മുഖവുര

പി. ആൻറണി

ഇന്നു ലഭ്യമായ വടക്കൻ പാട്ടുകളിൽ ആദ്യം ശേഖരിക്കപ്പെട്ടത് ഗുണ്ടർട്ടിൻെറ ശേഖരത്തിലുള്ള പാട്ടുകളാവണം. ഇതിനു മുമ്പൊരിക്കലും അച്ചടിയിലെത്തിയിട്ടില്ലാത്ത ഈ സമാഹാരത്തിൽ പതിനൊന്നു പാട്ടുകളാണുള്ളത്. നിഘണ്ടുവിൽ, തച്ചോളിപ്പാട്ട് എന്നു ഗുണ്ടർട്ടു പരാമർശിക്കുന്ന ഈ സമാഹാരം എവിടെയാണെന്നതിനെക്കുറിച്ച് അടുത്തകാലംവരെ മലയാളികൾക്ക് അറിവുണ്ടായിരുന്നില്ല. ഈ സാമാഹാരത്തെ ശ്രദ്ധേയമാക്കുന്ന പല ഘടകങ്ങളുണ്ട്. ഒന്ന്, ഇതിൻെറ കാലപ്പഴക്കം തന്നെ. ഏററവും വലിയ വടക്കൻപാട്ടു ശേഖരത്തിൻെറ ഉടമയായ പേഴ്സി മക്വീൻ 1913നും 1919 നുമിടയ്ക്കാണ് പാട്ടുകൾ ശേഖരിച്ചത്. 1859-ൽ ജർമ്മനിയിലേക്കു തിരിച്ചുപോയ ഡോ. ഗുണ്ടർട്ട്, പേഴ്സി മക്വീന് അര നൂററാണ്ടെങ്കിലും മുമ്പ് പാട്ടുകൾ ശേഖരിച്ചിരുന്നു. ഇങ്ങനെ, വാമൊഴി വഴക്കപ്പാട്ടുകൾക്ക് കാലത്തിലൂടെ സംഭവിക്കുന്ന ഭാഷാപരവും ഉള്ളടക്കപരവുമായ വ്യതിയാനങ്ങൾ പഠിക്കുവാൻ ഈ പാട്ടുകൾ ഉപകരിക്കുന്നു. പാട്ടുകൾ വാചികസ്വരൂപത്തിനു കോട്ടം വരാതെ പകർത്തുന്നതിൽ ഗുണ്ടർട്ട് ചെലുത്തിയ സൂക്ഷ്മമായ ശ്രദ്ധ, പഠിതാവിനെ ഇക്കാര്യത്തിൽ ഏറെ സഹായിക്കും.

മാപ്പിളപ്പാട്ടുകൾ, പഴഞ്ചൊല്ലുകൾ, തച്ചോളിപ്പാട്ടുകൾ എന്നിങ്ങനെയുള്ള നാടൻ വാങ്മയങ്ങളുടെ മൂല്യത്തെക്കുറിച്ച് ഉയർന്ന ബോധമുണ്ടായിരുന്ന പണ്ഡിതനാണ് ഡോ. ഹെർമ്മൻ ഗുണ്ടർട്ട്. നാടൻവാങ്മയങ്ങൾ വാമൊഴിവഴക്കത്തിന് കോട്ടം തട്ടാതെ പകർത്തുക ശ്രമകരമാണ്. സവിശേഷമായ ഭാഷായുക്തിയും പ്രകരണയുക്തിയുമാണ് അവയ്ക്കുള്ളത്. ഈ യുക്തിയുടെ ഘടനയോ പൊരുളോ പ്രസ്തുത വാങ്മയങ്ങൾ പ്രസാരണം ചെയ്യുന്നവർക്കുപോലും പൂർണ്ണമായി ബോധ്യമാവണം എന്നില്ല. അനേകം പേരുടെയും പല കാലഘട്ടങ്ങളുടെയും സൗന്ദര്യബോധവും ജീവിതബോധവും ഭാഷാബോധവും ഓരോ പാട്ടിലും കെട്ടുപിണഞ്ഞു കിടപ്പുണ്ടാകും. അന്യമായ ഒരു യുക്തിമേഖലയിൽനിന്ന് അവയെ സംസ്കരിക്കാൻ ശ്രമിക്കുമ്പോൾ നമുക്കു ലഭിക്കുന്നത് കുറെ ജഡരൂപങ്ങളാവും. ഇന്നോളം പ്രകാശിതമായിട്ടുള്ള നമ്മുടെ നാടൻകഥാഗാന സമ്പത്തിൽ ഇത്തരം ജഡരൂപങ്ങൾ ഏറെയുണ്ട്. ഇങ്ങനെയൊരു അപകട സാധ്യതയെക്കുറിച്ചുള്ള ബോധമാകാം, പാട്ടുകളിലെ 'ശരിതെററുകൾ' 'പണ്ഡിതോചിതമായ വിവേചനാധികാരം' ഉപയോഗിക്കാതെ പകർന്നുവെക്കാൻ ഗുണ്ടർട്ടിനെ പ്രേരിപ്പിച്ചത്.

**വ്യഞ്ജനങ്ങളെ പുറന്തള്ളുന്ന ഉക്തിവേഗം.**

പദാദിയിലും പദമധ്യത്തിലും വ്യഞ്ജനങ്ങളെ സ്ഥാനഭ്രഷ്ട മാക്കുന്ന പ്രവണത വടക്കൻപാട്ടുകളുടെ ഭാഷയിൽ പ്രചുരമായുണ്ട്. ഉദാ: ഇരുത്ത്യൾ (ഇരുത്തികൾ), വടക്കാറേറാ (വടക്കോ മറേറാ). ഈ സവിശേഷതയിലേക്ക് കൂടുതൽ വെളിച്ചം വീശുന്ന മാതൃകകൾ ഗുണ്ടർട്ടു ശേഖരത്തിലെ പാട്ടുകളിലുണ്ട്. ചൊഅ്അ (ചൊവ്വ), ബാളന്നൊറ് (വാഴുന്നോർ), എഅത്ആനെ ഉത്ത് അള്ളിച്ചെന്നൊണ്ടാല് (എഴുതാനെഴുത്തുപള്ളിയിൽ ചെന്നു കൊണ്ടാല്), മൌ (മഴു), പൂആമ്മള് (പോക നമ്മൾ), ഉണ്ടോളപ്പാ (ഉണ്ടോ കേളപ്പ), തൊഅ്ത് (തൊഴുത്), പഅ്ക്കെണ്ടന (പകുക്കേണ്ടതിന്, ഭാഗിക്കേണ്ടതിന്) തുടങ്ങിയ ഉദാഹരണങ്ങൾ ശ്രദ്ധിക്കുക വ, ഴ, ക, ന എന്നീ വ്യഞ്ജനങ്ങളാണ് പൊതുവേ പുറന്തള്ളപ്പെടുന്നത്. അസാധാരണമായ ഉക്തിവേഗത്തിൽ നിന്നുളവാകുന്ന അക്ഷരലോപമാണിതെന്ന ഒരു നിരീക്ഷണം ഉണ്ട് (വി. ടി. കുമാരൻ, അവതാരിക, മതിലേരിക്കന്നി, 1979 കേരള സാഹിത്യ അക്കാദമി). ഉക്തിവേഗവുമായി പൊരുത്തപ്പെടാത്തതിനാലാവാം 'ഴ' മിക്കപ്പോഴും ഉപേക്ഷിക്കപ്പെടുകയോ അതിന് 'യ' ആദേശം വരുകയോ ചെയ്യുന്നത്.

വരുഎൻറമ്മെ, വലത്തുഉആയി, കാണാഉമ്മം, പോആൻ തുടങ്ങിയ മാതൃകകളിൽ ഉച്ചാരണക്ലേശനിവാരണവുമായി ബന്ധപ്പെട്ട് ആഗമിക്കാറുള്ള വ കാര ക കാരങ്ങൾ കാണുന്നില്ല. സ്വരസംയോഗം ഇവിടെ ഉച്ചാരണക്ലേശം സൃഷ്ടിക്കുന്നില്ല. എന്നല്ല, ഉക്തിവേഗവുമായി അതു പൊരുത്തപ്പെടുന്നു. 'പൂർവ്വമോഷ്ഠ്യസ്വരം വന്നാൽ വകാരം ചേർത്തുകൊള്ളുക' എന്നും മററുമുള്ള കേരളപാണിനീയ വിധി ഇവിടെ ലംഘിക്കപ്പെടുന്നു. സ്വരസംയോഗം ഒഴിവാക്കാൻ ആഗമി ക്കുന്ന വ്യഞ്ജനങ്ങൾ മാത്രമല്ല, പദങ്ങളുടെ അവിഭാജ്യ ഘടകങ്ങളായ സ്വനിമങ്ങൾ പോലും പാട്ടു ഭാഷയിൽ ത്യജിക്കപ്പെടുന്നു: ഉദാ:- അപ്പൽ (കപ്പൽ), ഉണ്ടോളപ്പാ (ഉണ്ടോ കേളപ്പാ), ചുട്ടുഎമളെ (ചുടു+എ+മകളേ), വെയിക്കമ്മള് (വെയിക്ക നമ്മൾ), പൂ ആമ്മള് (പോക നമ്മൾ). വടക്കൻപാട്ടു ഭാഷയിലെ ഇത്തരം സവിശേഷതകളെക്കുറിച്ചു പഠിക്കാൻ ഏററവും ഉതകുന്നത് ഗുണ്ടർട്ടിൻെറ ശേഖരത്തിലെ പാട്ടുകളാവണം.

**വ→പ വിനിമയം**

ഈ പാട്ടുശേഖരത്തെ ശ്രദ്ധേയമാക്കുന്ന മറെറാരു വസ്തുത. വ →ബ →പ →പ്പ എന്ന രീതിയിലുള്ള ഒരു വർണ്ണവിനിമയമാണ്. വടക്കൻ പാട്ടിൻെറ മറെറാരു സമാഹാരത്തിലും ഇത്തരമൊരു സവിശേഷത കണ്ടിട്ടില്ല. പയനാട്, ബയനാട്, വയനാട് എന്നീ രൂപങ്ങൾ പാട്ടുകളിൽ കാണാം. സന്ധിചെയ്യപ്പെടുന്നിടങ്ങളിൽ പ്പയനാട് (കണ്ടിക്കും മീത്തെപ്പയനാടാന്) എന്ന രൂപവും പ്രത്യക്ഷപ്പെടുന്നു. ഇതുപോലെ, വാളന്നൊർ, ബാളന്നൊർ, പാളന്നൊർ പ്പാളന്നൊർ (ഞാക്കൊട്ടിപ്പാളൗൻെറ) എന്നീ നാലുരൂപങ്ങളും പാട്ടുകളിലുണ്ട്. ഇത് ലിപിപരമായ അവ്യവസ്ഥയോ അശ്രദ്ധയോ ആകാമെന്ന നിഗമനം അപ്രസക്തമാണ്. ആനെനക്കെട്ടിപ്പലിപ്പിക്കണം, മുണ്ടാട പ്പിരിച്ചി, കുഞ്ഞനപ്പള ഞ്ഞാടയിട്ട്, പറഞ്ഞാടപ്പായത് എന്നീ രൂപങ്ങൾ ശ്രദ്ധിക്കുക. പെലക്കിയത് (വിലക്കിയത്) പലിയോക്ക് (വലിയ തോക്ക്) മീമ്പെടി (മീൻവെടി), പഅ്തിപ്പൊയി (വഴുതിപ്പോയി), പെററില (വെററില)

പറത്താനം (വർത്തമാനം) വെകം പൊയിപ്പെകയിങ്ങ് (വേഗം പോയി വേഗമിങ്ങ്), ഇരിങ്ങണ്ണൂപ്പെള്ളാന (ഇരിങ്ങണ്ണൂർ വെള്ളാന), അപ്പത്തിയ (ആ വിദ്യ), പരത്തം (വരത്തം) എന്നിങ്ങനെയുള്ള രൂപങ്ങൾ ഒട്ടേറെയുണ്ട് ഈ സമാഹാരത്തിലെ പാട്ടുകളിൽ.

വ→ബ വിനിമയം വടക്കൻ മലയാളത്തിൽ പ്രചുരമായ ഒന്നാണല്ലോ. അതിനാൽ, വന്നില്ല →ബന്നില്ല, വടക്ക്→ബടക്ക്, വഴിയെ →ബഴിയെ, വയനാട് →ബയനാട് എന്നീ രൂപങ്ങൾ അസ്വാഭാവികമായി നമുക്ക് അനുഭവപ്പെടാറില്ല. ഇതോടൊപ്പം ബ→പ വിനിമയം നാടൻ വ്യവഹാരത്തിൽ സാധാരണമാണ്. ബന്ധു →പെന്ധു, ബുദ്ധി →പുത്തി, ബോധം → പോതം, ബുദ്ധൻ → പുത്തൻ. ഭ→പ വിനിമയവും സാധാരണം തന്നെ. ഭാഗ്യം →പാക്കിയം, ഭേദം →പേതം, ഭഗവതി → പോതി. വാഉന്നോർ, വ→ബ വിനിമയ രീതിയനുസരിച്ച് ബാഉന്നൊർ എന്നും പിന്നീട്, രണ്ടാമതു ചൂണ്ടിക്കാണിച്ച വിനിമയ രീതിയിൽ പാഉന്നോർ എന്നും ആയിത്തീരു കയാവും. ഇത് സ്വാഭാവികമായ ഒരു സാമ്യാനുമാന പ്രക്രിയ (analogical creation) ആണെന്നു തോന്നുന്നു. ഇരട്ടിപ്പ് ആവശ്യപ്പെടുന്ന സന്ധാന സ്ഥാനങ്ങളിൽ വർണ്ണം ഇരട്ടിക്കുന്നു (ഞാക്കൊട്ടിപ്പാഊൻറരിയും, ആനെനക്കൂട്ടിപ്പലിക്കുന്നൊറ്).

വടക്കൻ പാട്ടുകളുടെ ഗണത്തിൽ സാധാരണയായി ഉൾപ്പെടു ത്തിക്കണ്ടിട്ടില്ലാത്ത വയനാട്ടിലെ ആദിവാസികളുടെ പാട്ടുകളിൽ അങ്ങിങ്ങ് വ → പ വിനിമയം കാണുന്നുണ്ട്. എം. ആർ. പങ്കജാക്ഷൻെറ 'വയനാട്ടിലെ ആദിവാസികളുടെ പാട്ടുകൾ' (കേരള സാഹിത്യ അക്കാദമി, 1989) എന്ന ഗ്രന്ഥത്തിൽനിന്ന് ഏതാനും ഉദാഹരണങ്ങൾ കൊടുക്കുന്നു. അമ്പാക്ക് (ആ + വാക്ക്), പെരുന്ന് (വരുന്ന്), പെരുന്നോ (വരുന്നോ), പെരും (വരും), ഇമ്പിത്യ (ഈ + വിദ്യ).

ഈ വ→പ വിനിമയം ആരെങ്കിലും ചൂണ്ടിക്കാണിച്ചിട്ടുള്ളതായി അറിവില്ല. ഗുണ്ടർട്ടു തന്നെയും ഇതിനെക്കുറിച്ചു മൗനം ദീക്ഷിക്കുന്നു. ഇത്തരം രൂപങ്ങളുടെ ശുദ്ധീകൃത മാതൃകകളാണ് നിഘണ്ടുവിൽ പ്രത്യക്ഷ പ്പെടുന്നത്. പയ്യാട്, പെന്ധു എന്നിവ വഴിപാട് (1982:926) , ബന്ധു (1982:747) എന്നിങ്ങനെ രൂപം മാറിയാണ് നിഘണ്ടുവിലെത്തുക. ആനെനക്കൂട്ടി പ്പലിക്കുന്നൊർ എന്ന പ്രയോഗം നിഘണ്ടുവിൽ ആനയെക്കൂട്ടി വലിപ്പിച്ചു (പു - 918) എന്നാണ് ഉദ്ധരിച്ചിരിക്കുന്നത്. ഈ സമാഹാരത്തിൽ നിന്ന് നിഘണ്ടുവിൽ ഉദ്ധരിച്ചിട്ടുള്ള സംസ്കരണത്തിനു വിധേയമായ ചില പ്രയോഗങ്ങൾ താഴെ കൊടുക്കുന്നു: (ബ്രായ്ക്കററിലുള്ളത് പാട്ടിൽ കാണുന്ന രൂപങ്ങളാണ്) ചെറുവാട വഴിപാടും ( പു - 926) (ചെറുആട പയ്യാടും), നമ്മളിൽ ഏതൊരു ഭേദം ഇല്ലെ (പു-766) (നമ്മളിലെതു ഒരു പെതയില്ലെ), അവിടെ ജയിപ്പെനക്ക് ( പു - 404) (ആടച്ചെയിപ്പെനക്ക്), നീ എന്നു ചെല്ലും ഗതി അമ്മെക്ക് (പു - 329) (നീയെന്നു ചെല്ലും കെതിയമ്മക്ക്), നാലാം മതിലിന്മേൽ തിണ്ടിന്മേലേ (പു -781) (നാലമ്മതുമ്മലെ തിണ്ടുമ്മലെ). എന്നാൽ, ചാത്തിര (യാത്ര), ഇതം (ഹിതം) ഒരുത്തയിൽ (ഒരു സ്ഥലത്ത്) മീശം, വീശം (വീതം), കലകം (കലഹം), ചോകം (യോഗം), കടുപ്പ (കുടിപ്പക), നായ്യട്ട (നാഴിക വട്ട), തീക്ക (ദീക്ഷ) എന്നിങ്ങനെ പാട്ടിൽ കാണുന്ന ഒട്ടേറെ നാടൻ രൂപങ്ങൾ അതേപടി നിഘണ്ടുവിൽ ഉദ്ധരിച്ചിട്ടുമുണ്ട്.

**ഈരണ്ടു പകർപ്പുകളുള്ള രണ്ടു പാട്ടുകൾ**

പതിനൊന്നു പാട്ടുകളാണ് ഗുണ്ടർട്ടിൻെറ ശേഖരത്തിൽ ഉള്ളതെന്നു സൂചിപ്പിച്ചു (പതിനൊന്നാമത്തെ പാട്ടിൻെറ നാലു പേജുകളേ കിട്ടിയിട്ടുള്ളു). രണ്ടു പാട്ടുകൾക്ക് - ഓമനക്കടിഞ്ഞൊാത്തെ കുഞ്ഞൊാതെനൻെറ പാട്ട്, നാളൊം പുതിയ വീട്ടിൽ കെളുവിൻ പാട്ട് - ഈരണ്ടു പകർപ്പുകൾ ഉണ്ട്. പാട്ടുകളുടെ ശേഖരണവിഷയത്തിൽ ഗുണ്ടർട്ടു ചെലുത്തിയ സൂക്ഷ്മമായ ശ്രദ്ധയ്ക്ക് ഉദാഹരണമാണ് ഇവ.

നാടൻപാട്ടുകളെ സംബന്ധിച്ച് അപപാഠമെന്ന സങ്കല്പത്തിനു പ്രസക്തിയില്ല. ഓരോ പാട്ടും കാലത്തിലൂടെ പരിണാമവിധേയമായിക്കൊണ്ടിരിക്കുന്നു. ഒരേ കാലത്തു തന്നെ വിവിധ പാട്ടുകാർ, തങ്ങളുടെ മനോ ധർമ്മം അനുസരിച്ച് പാട്ടുകളുടെ ശീലുകളിൽ മാററം വരുത്താറുണ്ട്. വിവിധ കൂട്ടായ്മകളിൽ ഒരേ പാട്ട് ഭാഷാപരമായ സൂക്ഷ്മ വ്യത്യസ്തതകളോടെ പുലരുന്നു എന്നും വരാം. ഗുണ്ടർട്ടിൻെറ ശേഖരത്തിലെ രണ്ടു പാട്ടുകളുടെയും കാര്യത്തിൽ, പത്തോ ഇരുപതോ ശീലുകളിൽ മാത്രമാണ് ഒന്നാമത്തെ പകർപ്പിൽനിന്ന് രണ്ടാമത്തേത് വ്യത്യസ്തമാകുന്നത്. ശ്രദ്ധേയമായ വസ്തുത, രണ്ടാമത്തെ പകർപ്പിൻെറ വാമൊഴിയിലുള്ള ഉച്ചാരണപരമായ ദൃഢീകരണമാണ്. രണ്ടു പകർപ്പുകളിലും (യഥാക്രമം 'എ' എന്നും 'ബി' എന്നും പേരു നൽകുന്നു) ഉച്ചാരണ വ്യത്യാസത്തോടെ സമാനസന്ദർഭങ്ങളിൽ പ്രത്യക്ഷ പ്പെടുന്ന ഒരേ പദങ്ങൾ താഴെ ഉദ്ധരിക്കുന്നു:

| എ | ബി |
|---|---|
| പറയിന്നിണ്ട് | പറയുന്നുണ്ട് |
| മൊന്തിയാൎന്നെരം | മൊന്തിയാളന്നെരം |
| വന്നൊണ്ടാല് | ബന്നൊണ്ടാല് |
| പൊരക്കലെല്ലെ | പുരക്കലെല്ലെ |
| ചെതത്ത് | ചിതത്ത് |
| പൊയിററ് | പൊയിട്ട് |
| ബാതിലൊരക്കുററി | ബാതിലുരക്കുററി |
| ബയ്യെ | പയ്യെ |

വടക്കെ മലബാർ ഭാഷയിലെ 'ഇണ്ട്' എന്ന രൂപം അല്ല 'ബി'യിൽ കാണുന്നത്. എന്നാൽ വടക്കെ മലബാർ ഭാഷയുടെ മറെറാരു മുദ്രയായ 'ബ' കാരവത്കരണം 'ബി'യിൽ കാണുന്നുമുണ്ട്. 'എ'യിലെ 'ബയ്യെ' എന്ന രൂപത്തിൻെറ സ്ഥാനത്ത് 'ബി'യിൽ പയ്യെ എന്ന രൂപം പ്രത്യക്ഷപ്പെടുന്നു. പാട്ടുകൾ കൈകാര്യം ചെയ്ത വ്യത്യസ്ത കൂട്ടായ്മകളുടെ ഉച്ചരണപരമായ വ്യത്യസ്തതകളാവാം രണ്ടു പകർപ്പുകളിലും ദൃശ്യമാകുന്നത്. ഇത്തരം സൂക്ഷ്മവ്യതിയാനങ്ങളിലേക്ക് പഠിതാവിൻെറ ശ്രദ്ധ ആകർഷിക്കാൻ കഴിയുന്നു എന്നതാണ് ഗുണ്ടർട്ടു ശേഖരത്തിലെ പാട്ടുകളുടെ പ്രാധാന്യം.

**നാടൻ കഥാഗാനങ്ങൾ - സവിശേഷ മേഖല**

ശില്പഭദ്രത, വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ, ധ്വന്യാത്മകത, അചുംബിത കല്പനകൾ തുടങ്ങിയുള്ള ലിഖിത സാഹിത്യത്തിൻെറ സങ്കല്പനങ്ങൾ ഉപയോഗിച്ച് നാടൻ കഥാഗാനങ്ങളെ വിശകലനം ചെയ്യുന്നത് അശാസ്ത്രീയമാണ്. കല്പനകളുടെ കാര്യം എടുക്കുക; പ്രയോഗിക്കപ്പെടുന്ന ഏതു കല്പനയും പാട്ടുകൂട്ടായ്മയുടെ പൊതുസ്വത്താണ്. ആ നിലയ്ക്ക്

വിവിധപാട്ടുകളിലെ സമാനസന്ദർഭങ്ങളിൽ അതു പ്രയോജനപ്പെടുത്തുകയും ചെയ്യും. അനുരാഗാങ്കുരത്തെ സൂചിപ്പിക്കുന്ന 'നോക്കിയ നോക്കലിലീണം ബീണ്' എന്ന കല്പന വിവിധപാട്ടുകളിൽ കാണാവുന്നതാണ് (അനുരാഗം, കാമുകീകാമുകന്മാർ തുടങ്ങിയ പദപ്രയോഗങ്ങൾക്ക് വടക്കൻ പാട്ടുകളുടെ സാംസ്കാരികാന്തരീക്ഷത്തിൽ എത്രമാത്രം പ്രസക്തിയുണ്ടെന്ന് നിശ്ചയമില്ല). അതുപോലെതന്നെ ശാരീരികമായ അവശതയെക്കുറിച്ച് വിവരിക്കാൻ

'അടക്കിലെലാറ് കാതം തൂരമായി
കെരട്ട്ങ്കെരെക്കെട്ട് കാത ആയി'

എന്നീ ശീലുകൾ പല പാട്ടുകളിലും കാണാം. ഒരേ സന്ദർഭത്തെ വിവരിക്കാൻ പൊതുശേവധിയിൽ നിന്ന് അനേകം കല്പനകൾ എടുത്തു പ്രയോഗിക്കാറുണ്ട്. ഇതിനിടയിൽ ചില കല്പനകളെങ്കിലും സന്ദർഭത്തിൽനിന്ന് തെന്നി നില്ക്കുന്നുവെന്നും വരാം. അതൊന്നും പ്രശ്നമല്ല.

നാടൻ കഥാഗാനങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്നത് വൈയക്തിക ബോധമല്ല, സമൂഹബോധമാകുന്നു. സമൂഹബോധ ത്തിന് അനുഭവങ്ങളുടെ സ്ഥൂലതലങ്ങളോടായിരിക്കുമല്ലോ ആഭിമുഖ്യം. ഇതിനാലാണ് നാടൻകഥാഗാനങ്ങൾ അനുഭവത്തിൻെറ സൂക്ഷ്മതലങ്ങളിലേക്ക് തീർത്ഥയാത്ര ചെയ്യാത്തത്. ചുരുക്കത്തിൽ, തനതായ സങ്കല്പനങ്ങളും ആദർശങ്ങളുമാണ് നാടൻകഥാഗാനങ്ങൾക്കു പിന്നിലുള്ളത്. അവയെ മനസ്സിലാക്കി വിശകലനം ചെയ്യുന്നതിൽ നിന്നേ വിജ്ഞേയമായ എന്തെങ്കിലും പ്രതീക്ഷിക്കേണ്ടൂ.

## ബാഹ്യവും ആന്തരികവുമായ ലക്ഷ്യങ്ങൾ

വടക്കൻ പാട്ടുകൾക്ക് ബാഹ്യവും ആന്തരികവുമായ ലക്ഷ്യങ്ങ ളുണ്ട്. അവ തമ്മിൽ കെട്ടുപിണഞ്ഞു കിടക്കുന്നു. വേലയെ ലീല യാക്കാനുതകുന്ന സാമൂഹിക പ്രയോജനമാണ് ബാഹ്യലക്ഷ്യം. പാട്ടിൻെറ ആഖ്യാനധാരയും ഈണവും താളവും വൈയക്തികമായ ഇച്ഛകളെയും ആലസ്യത്തെയും വിസ്മരിപ്പിക്കുന്നു. ഈണത്തിൻെറയും താളത്തിൻെറയും ഓളക്കുത്ത് പണിയാളക്കൂട്ടായ്മയെ ഏകമുഖമായ പ്രവർത്തനത്തിൽ ഒരുപോലെ പങ്കാളികളാക്കുന്നു. വീരാരാധനയുടെ ദ്രുതതാളമാണ് പാട്ടുകളിൽ സ്പന്ദിക്കുന്നതെന്നുള്ളതും ശ്രദ്ധേയമാണ്.

പാട്ടുകളിലെ ആശയലോകം സമൂഹത്തിലെ വ്യവസ്ഥാപിത കീഴ്വഴക്കങ്ങളുടെ ആവശ്യകതയിലേക്ക് ഒളിഞ്ഞും തെളിഞ്ഞും വിരൽ ചൂണ്ടുന്നു. Ballads of North Malabar ഒന്നാം വാല്യത്തിലെ, 'ചിറക്കൽ മാപ്പിളമാരുമായുള്ള ഒതേനൻെറ പോരാട്ടം' എന്ന പാട്ടു നോക്കുക. 'ചിറക്കൽ കോലോം വാണ തമ്പുരാൻെറ' എഴുന്നള്ളത്ത്. തമ്പുരാനെ കണ്ടിട്ടും വഴിയരികിൽ ചീട്ടു കളിച്ചുകൊണ്ടിരുന്ന ജോനകർ എഴുന്നേററ് ആചാരം ചെയ്യുന്നില്ല. കുപിതനായ തമ്പുരാൻ, അവരെ കോലോത്തെ പടിക്കു താഴെ കെട്ടി വലിക്കണം എന്ന് കാര്യക്കാരനോട് ആജ്ഞാപിക്കുന്നു. പണ്ടത്തെ ആചാരം ഒന്നും ഇപ്പോഴുള്ള ആളുകൾ ചെയ്യാറില്ല. അവരോടു ചോദിച്ചാലും നമ്മെ വകവെയ്ക്കില്ല. അവരുടെ മറുപടി കേട്ടാലോ ഉത്തരം മുട്ടുകയും ചെയ്യും." എന്നു ബോധിപ്പിക്കുന്ന കാര്യക്കാരൻ ജോനകരുടെ മറുപടിയുടെ ഗതിയും വിവരിക്കുന്നു:

എല്ലാറെയും പടച്ചത് തമ്പുരാനൊ
ഓറക്ക് വിത്യാസം ഇല്ലാലൊളി
ചാളക്കലും വെയിലറിക്കുന്നല്ലൊ
കൊലൊത്തും വെയിലറിക്കുന്നല്ലൊ
രണ്ടുമൊരു പോലറിക്കുന്നല്ലൊ
പടച്ചോനെ വ്യത്യാസമൊന്നുമില്ല
കൊലൊത്തും ചാളയും ഒരുപോലെയാന്
മഴയുമെ തന്നെയതു പെയ്യുന്നില്ലെ
അങ്ങിനെയുള്ള നിലക്കങ്ങാന്
എന്തിന് തമ്പുരാൻ പൊകുന്നേരം
ഞങ്ങള് തെററീട്ട് നില്ക്കുന്നതും.

എന്നാൽ, ഇങ്ങനെ യുക്തിവാദം ചെയ്യുന്ന ജോനകരെ അമർച്ച ചെയ്യാൻ ഒതേനൻ തന്നെ എത്തുകയാണ്. ഒതേനൻെറ കൈക്കരുത്തിനു മുന്നിൽ പരാജിതരായ ജോനകർ കീഴ്വഴക്കം പുനഃസ്ഥാപിക്കാൻ നിർബന്ധിതരാകുന്നു. (ഈ പാട്ടിൻെറ അന്തസ്തലത്തിൽ, ആശയപരമായി പ്രതിരോധിക്കാനാവാത്ത പുതിയ യുക്തിബോധത്തോടുള്ള വേഷപ്രച്ഛന്നമായ ആദരവ് അല്ലേ എന്നു സംശയിക്കണം).

കീഴ്ജാതിക്കാരുമായി ബന്ധപ്പെട്ടുവെന്നു സംശയിക്കപ്പെടുന്ന സ്ത്രീകൾക്കു വിധിക്കുന്ന കഠിനശിക്ഷയും ഇതേ ഉദ്ദേശ്യത്തോടെയാണു നിബന്ധിക്കുന്നത്. പാട്ടിൻെറ ബാഹ്യലക്ഷ്യത്തിലെ സൂക്ഷ്മ ഘടകമായി ഇതിനെ പരിഗണിക്കണം.

ആഭ്യന്തരലക്ഷ്യത്തിൽ മുൻനില്ക്കുന്നത് കേവലമായ കഥനകൗതുകമാണെന്നു തോന്നുന്നു. കഥനം ചെയ്യപ്പെടുന്ന പ്രവർത്തക ധർമ്മങ്ങ (functions) ളിലെല്ലാം സ്വാധീനം ചെലുത്തുന്നു, വീരാരാധനയുടെ സാംസ്ക്കാരികാന്തരീക്ഷം. കഥാകഥനത്തെ ആകർഷകമാക്കാനുള്ള ആഖ്യാനതന്ത്രങ്ങളെ പാട്ടുകൂട്ടായ്മയുടെ പൊതുവായ സൗന്ദര്യബോധം നിയന്ത്രിക്കുന്നു. ആദിമധ്യാന്തങ്ങളുടെ ഋജുരേഖയിലാണ് പൊതുവേ ആഖ്യാനധാരയുടെ പുരോഗമനം. മധ്യഘട്ടത്തിൽ ആരംഭിക്കുകയും ആദ്യന്തങ്ങൾ വിവരിച്ച് നിർവഹണം പൂർത്തിയാക്കുകയും ചെയ്യുന്ന പാട്ടുകളുമുണ്ട്. അതുപോലെതന്നെ വർത്തമാനകാലബിന്ദുവിൽ നിന്നുകൊണ്ടു ഭൂതകാല ചരിതം ആഖ്യാനം ചെയ്യുന്ന രീതിയിലുള്ള പാട്ടുകളും കാണാം.

ഈ സമാഹാരത്തിലെ 'തച്ചോളി ഒതേനൻെറ പാട്ട്' നോക്കുക: തച്ചോളി കോമക്കുറുപ്പ്, ഓണത്തരയിന് പോകാൻ അനുജനോട് പറയുന്നതായാണു തുടക്കം. ഓണത്തരയിനു പോകാൻ ഏട്ടൻെറ ഉറുമ്മി ആവശ്യപ്പെടുന്നു, ഒതേനൻ. തൻെറ ഉറുമ്മിക്കും ഒതേനനും ചൊവ്വ ഉള്ളതിനാൽ ഉറുമ്മി തരില്ലെന്ന് കോമക്കുറുപ്പു പറയുന്നു. പിന്നീട്, തനിക്ക് ഉറുമ്മി കിട്ടാനിടയായ സംഭവവും മററും വിവരിക്കുകയായി. ഇങ്ങനെ വർത്തമാനകാലബിന്ദുവിൽനിന്നും ഭൂതകാലത്തേക്കും പിന്നീട് മുന്നോട്ടും - കുങ്കി ബില്യാരിയുടെ കുററപരീക്ഷയും മററും - കഥ നീളുന്നു. ഈ പാട്ടിൻെറ പൊതു അന്തരീക്ഷത്തിൽ ഉറുമ്മിയുടെ ചരിതത്തിന് എന്താണു പ്രസക്തി എന്നു സംശയം തോന്നാം. ലിഖിത സാഹിത്യത്തിൻെറ ശില്പബോധമാണ് ഇങ്ങനെ ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുക. എന്നാൽ, ഒരു സല്ലാപത്തിൻെറ അയഞ്ഞ

ഘടനയാണ് ഇത്തരം പാട്ടുകൾക്കുള്ളതെന്ന് വിസ്മരിച്ചു കൂടാ.

Ballads of North Malabar ഒന്നാം വാല്യത്തിലെ 'ഒതേനനും ഓണപ്പുടവ'യും എന്ന പാട്ടിനും ഈ പാട്ടിൻെറ കഥാസന്ദർഭമാണ് ഏതാണ്ടുള്ളത്. ഒതേനൻെറ അമ്മയായ ഉപ്പാട്ടിയുടെ മരണം ആ പാട്ടിൽ വിവരിക്കുന്നുണ്ട് (ഒതേനൻെറ അച്ഛനാണ് ചീനം വീട്ടിൽ തങ്ങൾ വാഴുന്നോർ എന്ന പരാമർശവും പ്രസ്തുത പാട്ടിലുണ്ട്). ഉറുമ്മിക്കഥയും കുങ്കി ബില്യാരിയുടെ കുററപരീക്ഷയും അവിടെ ഒഴിവാക്കിയിരിക്കുന്നു. ഏത് അംശത്തെയും കൂട്ടിച്ചേർക്കാനും തട്ടിക്കിഴിക്കാനും പാട്ടിൻെറ അയഞ്ഞ ഘടന അനുവാദം നൽകുന്നു എന്നുള്ളത് ഇവിടെ ശ്രദ്ധിക്കണം.

**ആഖ്യാന തന്ത്രങ്ങൾ**

ആഖ്യാനത്തെ ആകർഷകമാക്കാനുള്ള പല ഭാഷണ തന്ത്രങ്ങളും വടക്കൻപാട്ടുകളിൽ കാണാം. തൊട്ടുമുമ്പിലത്തെ ശീലിലെ ക്രിയാപദത്തിൽ ചെറിയ മാററം വരുത്തിക്കൊണ്ട് ആവർത്തിച്ചു മുന്നേറുന്ന സവിശേഷമായ ഒരു രീതിയുണ്ട്. 'ഒതേനനും ഓണപ്പുടവ'യും എന്ന പാട്ടിലെ ഈ ഭാഗം ശ്രദ്ധിക്കുക:

ഉപ്പാട്ടീനെ മുമ്പിൽ കാണുന്നേരം
ഭഗവതി നല്ലോണം നോക്കുന്നല്ലോ
ഭഗവതി ഓളയങ്ങു നോക്കിയൊണ്ടാരെ
ഭഗവതിക്കാശയങ്ങു വന്നുപോയി
ഭഗവതിക്കാശയങ്ങു വന്നോണ്ടിററ്
ഉപ്പാട്ടീൻെറ മേലങ്ങ് കൂടുന്നല്ലൊ
..............................................................
ഭഗവതി തന്നെയങ്ങു കൂടിയൊണ്ടാരെ
തച്ചോളി മേപ്പേലെ ഉപ്പാട്ടിയോ
ചോര ചർത്തിച്ചിട്ടും വീഴുന്നല്ലൊ
ചോര ചർത്തിച്ചിററ് വീണൊണ്ടാരെ
ഉപ്പാട്ടി വേഗം മരിച്ചുപോയി.

തടഞ്ഞു ഭേദിച്ചും ഒഴുക്കിനൊത്തു നീങ്ങുന്ന ചെറിയ തടിക്കഷണത്തിൻെറയോ മറേറാ ചിത്രമാണ് ഈ ആഖ്യാനരീതി ഓർമ്മിപ്പിക്കുന്നത്. ചിലയിടങ്ങളിൽ ആഖ്യാനരീതി ചടുലമാകുന്നു.

അത്തുരം കേട്ടുള്ള കാരിയക്കാരൻ
കല്ലറ പോയിത്തൊറക്ക്ന്നെല്ലെ
വേണ്ട്ന്നൊരുണ്ട മരുന്നെടുത്ത്
അഞ്ഞൂറകമ്പടിച്ചൊററ്കാറും
പിള്ളാടിക്കുങ്കനടിയോടിയും
തൊട്ടത്തിലോമനക്കേളപ്പനും
മടക്കം തൊഴുതോറ് പോര്ന്നെല്ലെ
അന്നടത്താലെ നടക്ക്ന്നെല്ലെ
അന്നടത്താലെ നടന്നൂട്ടിററ്
ആദിപുറമേരിത്തായെ കൂടി
കൊമ്മിളി നല്ലെ പറമ്പെ കൂടി

കടുമ്മയിപ്പൊരുന്ന് നായിമ്മാറ്
(തൊട്ടത്തിൽ കേളപ്പൻെറ പാട്ട് - ഗുണ്ടർട്ടിൻെറ ശേഖരം)

ആഖ്യാനത്തെ ചലനാത്മകവും നാടകീയവുമാക്കാൻ പാട്ടുകാർ പ്രയോജനപ്പെടുത്തുന്ന ചില രചനാ സങ്കേതങ്ങളുണ്ട്. കഥാഗതിയിൽ പ്രതിസന്ധികളുടെ പരമ്പര തന്നെ വിന്യസിച്ചു ചേർക്കുന്നു. അവയെ അതിജീവിച്ചു വേണം കഥാനിർവഹണം. തച്ചോളിപ്പാട്ടുകളിൽ പലപ്പോഴും തച്ചോളി കോമക്കുറുപ്പ്, പ്രതിസന്ധി പരമ്പരയെക്കുറിച്ചു വിവരണം നൽകാൻ വിധിക്കപ്പെട്ടിരിക്കുന്ന കഥാപാത്രമാണ്. കഥാഘടനയിൽ ആ കഥാപാത്രത്തിൻെറ പ്രസക്തിയും അതു തന്നെ. അയാൾ നൽകുന്ന മുന്നറിയിപ്പുകൾ യാഥാർത്ഥ്യങ്ങളാണ്. ഈ യാഥാർത്ഥ്യങ്ങളുടെ മുൾപ്പടർപ്പുകൾ തകർത്തുകൊണ്ട് സാഹസികമായി മുന്നേറുന്ന നായകൻെറ വീരപരിവേഷത്തിനു മാററു വർദ്ധിക്കും എന്നതു വ്യക്തം.

നേരിടുന്ന പ്രതിസന്ധിയുടെ രൂക്ഷതയാണ് കഥാനായകനെ ആരാധ്യനാക്കുന്നത്. ഈ സമാഹാരത്തിലെ 'തെക്ക് തിരുനുമ്പ കുഞ്ഞിക്കണ്ണൻ' എന്ന പാട്ടിൽ, നായകനെതിരെ പെരിമ്പടക്കൊയിലു വാണ തമ്പുരാൻ നാലുതവണ പട നയിക്കുന്നു. ഇരുപത്തിരണ്ടും മുന്നൂറും അഞ്ഞൂറും ഒക്കെ അംഗസംഖ്യയുള്ള തമ്പുരാൻെറ പട്ടാളത്തെ കുഞ്ഞിക്കണ്ണനും ചങ്ങാതിയും വെട്ടിവീഴ്ത്തുകയാണ്. 'ആരും ചെറുപ്പോരില്ലാത്ത' കുങ്കമ്പന്നിയേയും അയാൾ ജയിച്ചു. ഒടുവിലത്തെ പോരാട്ടത്തിനിടയിൽ അബദ്ധത്തിൽ തൻെറ ചങ്ങാതിയെ കൊന്നു പോയതറിഞ്ഞ് കുഞ്ഞിക്കണ്ണൻ ഉറുമ്മി കഴുത്തിനു വെച്ചു മരിക്കുന്നു. ശത്രുവിൻെറ ആക്രമണങ്ങളെയൊക്കെ അതിജീവിച്ചു നില്ക്കുന്ന മഹാവീരത്വത്തിലേക്ക് കഥാനായകൻ ഉയരുന്നു. ആത്മാഹുതി അയാളുടെ മഹത്വപരിവേഷത്തിനു തിളക്കമേററുന്നു. പാട്ടു നായകന്മാർ ആരും നേരിട്ടുള്ള പോരാട്ടത്തിൽ വീണു മരിക്കാറില്ല. ശത്രുവിൻെറ ചതിയിലോ ആത്മാഹുതിയിലോ അവരുടെ ജീവിതം ഒടുങ്ങുന്നു. ശത്രുവിൻെറ ചതി നായകൻെറ മഹത്വീകരണത്തിനുള്ള ഒരുപാധിയാണ്.

നാളൊം പുതിയ വീട്ടിൽ കേളുവിൻ പാട്ടിൽ പുതിയൊയിലൊത്ത തമ്പുരാൻ നായകനെതിരെ നാലു തവണ പട നയിക്കുന്നുണ്ട്. നാലും പരാജയപ്പെടുന്നു. അവസാനത്തെ അങ്കത്തിന് തമ്പുരാൻ കൊടുക്കേണ്ടി വന്ന വിലയാണു കടുപ്പം. നായന്മാരെക്കൊണ്ട് കേളുവിനെ അമർച്ച ചെയ്യാൻ ആവില്ലെന്നു വന്നപ്പോൾ 'ഇങ്കിരിയ സ്സൊമനക്കൊമ്മീഞ്ഞീൻെറ' സഹായം ആവശ്യപ്പെടുന്നു. പടയിൽ മരിക്കുന്ന ശിപ്പായിയുടെ തൂക്കത്തിനു പൊന്നു കൊടുക്കണം എന്നായിരുന്നു വ്യവസ്ഥ. ശിപ്പായികളുടെ തോക്കും വെടിയുമൊന്നും കേളുവിനു പ്രശ്നമേ ആയില്ല. കേളു വെട്ടിക്കൊന്ന അമ്പതു ശിപ്പായികളുടെ തൂക്കത്തിന് 'ഇങ്കിരയസ്സു കൊമ്മിഞ്ഞിക്ക്' പൊന്നു കൊടുക്കേണ്ടി വന്നു, തമ്പുരാന്. ആളൊന്നിന് അമ്പതു കിലോ ഭാരം എന്നു കരുതിയാൽ രണ്ടര ടൺ സ്വർണ്ണം! അതിശയോക്തിയിലും ഒരു ഫലിതം കുടുങ്ങിക്കിടക്കുന്നു.

ഇംഗ്ലീഷ് പട്ടാളത്തെക്കുറിച്ചുള്ള പരാമർശം പല പാട്ടുകളിലുമുണ്ട്. അവിടെയൊക്കെ അപ്രതിരോധ്യമായ ഒരു ശക്തിയെക്കുറിച്ചുള്ള ഭീതി പടർന്നു കിടക്കുന്നു. ഒതേനനും കേളുവും മററും അവരെ തോല്പിക്കുന്നതായി വിവരിക്കുന്ന പാട്ടുകളുണ്ട്. നേരിട്ടു ജയിക്കാനാവാത്ത ശക്തിയെ

തങ്ങളുടെ സങ്കല്പനായകന്മാരെക്കൊണ്ടു പരാജയപ്പെടുത്തി സംതൃപ്തി കൈവരിക്കാനുള്ള ശ്രമമാണിത്. Ballads of North Malabar രണ്ടാം വാല്യത്തിലെ ഒരു പാട്ടിൽ ഒതേനനെ വെള്ളക്കാർ മർദ്ദിച്ച് അവശനാക്കുന്നതും, അതിൻെറ പേരിൽ തന്നെ പരിഹസിച്ചവരെ ഒതേനൻ തന്ത്രപൂർവം വെള്ളക്കാരെക്കൊണ്ടു തന്നെ കൈകാര്യം ചെയ്യിപ്പിച്ച് പ്രതികാരം നടത്തുന്നതും വിവരിക്കുന്നു.

'വെള്ളക്കാറൊടു കളിച്ചോണ്ടാല
പിന്നയിതിങ്ങനെ വന്നു കൂടും'

എന്നാണ് ഒതേനൻെറ വിശദീകരണം.

വെള്ളക്കാറൊടങ്ങെത്തുന്നാള
ഞമ്മളെ നാട്ടലങ്ങാരും ഇല്ല

എന്ന യാഥാർത്ഥ്യത്തെ ദയനീയമായി അംഗീകരിക്കുകയാണിവിടെ.

വൈകാരിക മുഹൂർത്തങ്ങളെ ധ്വന്യാത്മകമായി അവതരിപ്പിക്കുക എന്ന സാഹിത്യത്തിലെ മഹാപാരമ്പര്യത്തിൻെറ(Great tradition) ആദർശം നാടൻ കഥാഗാനങ്ങൾക്കില്ല. കാര്യങ്ങൾ വിരുത്തിപ്പറയുന്ന രീതിയാണ് അവയുടേത്. വായനയുടെയും കേഴ്‌വിയുടെയും വ്യത്യസ്ത തലങ്ങളിലാണ് ലിഖിത സാഹിത്യവും നാടൻ പാട്ടുകളും വ്യാപരിക്കുന്നത് എന്നതാണ് ഈ വ്യത്യാസത്തിനു കാരണം. ലിഖിത സാഹിത്യത്തിൻെറ ആസ്വാദനപാരമ്പര്യമുള്ള ഒരാൾ മേലോഡ്രാമ എന്നു വിശേഷിപ്പിക്കുന്ന രംഗം, വൈകാരിക നിറവിൻെറ മുഹൂർത്തം എന്ന നിലയിൽ നാടൻപാട്ടിൻെറ ആസ്വാദകൻ സ്വീകരിച്ചേക്കും. ഈ സമാഹാരത്തിലെ' തോട്ടത്തിൽ കേളപ്പൻെറ പാട്ട് ശ്രദ്ധിക്കുക. വെടിയേററു മരിച്ചു കിടക്കുന്ന കേളപ്പൻ ഉറങ്ങുകയാണെന്നു കരുതി നേർപെങ്ങൾ ചിരുതേയി ചെന്നുവിളിച്ചുണർത്താൻ ശ്രമിക്കുന്നു. ആങ്ങള മറുപടി പറയുന്നില്ല.

പിന്നെയും പറഞ്ഞി ചിരുതയി കുഞ്ഞൻ
എന്തിറെറൻറാങ്ങളയുരിയാടാത്തു
മെയ്യാരപ്പൊന്ന് ചമയാഞ്ഞിറെറാ
ഉടുത്ത ഉടുപുടയീങ്ങീററാറെറാ
കുഞ്ഞി കുടിക്കാതൊരാലസ്സിയോ

അവൾ വേഗം ചെന്ന് കഞ്ഞി ഉണ്ടാക്കുകയാണ്.

കഞ്ഞി കടുമ്മയിപ്പെച്ച്ണ്ടാക്കി
ആററിത്തണിച്ചൊള് കൊണ്ടുംബന്ന്
തൊട്ടത്ത്ക്കെളപ്പ നെരാങ്ങളെ
കഞ്ഞി കുടിച്ചൊളെ നെരാങ്ങളെ
കുഞ്ഞനയുരുട്ടിയൊണത്ത്ന്നൊള്
കെളപ്പനാട മരിച്ചിക്കിന്
അയ്യംബിളി കൂട്ടിക്കുഞ്ഞന്താനൊ
അയ്യംബിളി കൊണ്ടൊരിണ്ടതിരി.

അനേകം പേരിൽ പടർന്നു കിടക്കുന്ന ക്രിയാഘടകങ്ങളോടുകൂടിയ നാടൻ കുട്ടിക്കഥകളുടെ രൂപഘടന വടക്കൻപാട്ടുകളിൽ പലയിടങ്ങളിലും കടന്നു വരുന്നു. പലരിലൂടെ സംക്രമിക്കപ്പെട്ടാണ് ഒരു ക്രിയാനിർദേശം നിർവഹണഘട്ടത്തിലെത്തുന്നത്. 'കരുവാഞ്ചേരി കുഞ്ഞിക്കേളു' എന്ന പാട്ടു നോക്കുക.

തൻെറ പശുക്കളെ 'പററിത്തിന്ന നരിയെയും പുലിയെയും അകപ്പെടുത്തു ന്നതിന് നരിയാല പണിയാൻ പുറമല തമ്പുരാൻ ആജ്ഞാപിക്കുന്നു. ആജ്ഞ ലഭിക്കുന്നത് കാരിയക്കാരൻ കുഞ്ഞിയമ്പർക്ക്. നരിയാല പണിയാൻ ആളെ ക്കൂട്ടി വരാൻ കുഞ്ഞിയമ്പർ ചന്തറൊത്തെ നമ്പിയാരോടു നിർദ്ദേശിക്കുന്നു. നമ്പിയാർ ആളെക്കൂട്ടി വരുന്നു. അടുത്തത് കാര്യനിർവഹണത്തിൻെറ ഘട്ട മാണ്. ആശാരി സ്ഥാനം നോക്കുന്നു; മഴുക്കാർ മരംകൊത്തുന്നു; കൈക്കാർ തടി തടത്തിൽ വെയ്ക്കുന്നു; വാളക്കാർ അറുക്കുന്നു; ഓടായികൾ നരിക്കൂടു പണിയുന്നു. ആഖ്യാനത്തെ വൈവിധ്യ പൂർണ്ണമാക്കാനുള്ള ശ്രമമാകാം ഇത്.

ക്രിയകളുടെയും മററു കഥനാംശങ്ങളുടെയും ആവർത്തന പ്രവണത വടക്കൻപാട്ടുകളിലെങ്ങും കാണാം. തെക്ക് തിരുനുമ്പ കുഞ്ഞിക്കണ്ണനെതിരെ 'പെരിമ്പട കോയിലുവാണ' തമ്പുരാനും, നാളോം പുതിയ വീട്ടിൽ കേളുവിനെതിരെ പുതിയൊയിലൊത്തെ (പുതിയ കോവിലകത്തെ) തമ്പുരാനും ആവർത്തിച്ചു നടത്തുന്ന പടനീക്കത്തെക്കുറിച്ചു വിവരിച്ചു കഴിഞ്ഞു. ക്രിയകളുടെ ഗുരുത്വം ആവർത്തനങ്ങളിലൂടെ ഉറപ്പിക്കാനുള്ള ശ്രമമാകണം പ്രധാനമായും ഇത്. കരുവാഞ്ചേരി കുഞ്ഞിക്കേളുവിൻെറ പാട്ടിൽ 'കെക്ക് പെരുമാളു തമ്പുരാൻെറ 'മുട്ട്' മാറിക്കിട്ടുവാൻ കുഞ്ഞിയമ്പർ നടത്തുന്ന ആവർത്തിച്ചുള്ള നേർച്ചകൾ ശ്രദ്ധിക്കുക.

തമ്പുരാൻറുത്സവം നാളുആയിററ്
ഇരിപത്തൊന്ന് കാവ് വെള്ളിക്കാവ്
അടിയാറെ കൂട്ടി ഞാങ്കെട്ടിക്കുവെൻ
എന്നു നിനച്ചൊന്നു വാരിവെക്കിൻ

എന്ന അർത്ഥന മൂന്നു തവണ ആവർത്തിക്കുന്നുണ്ട്. ഓരോ ആവർത്ത നത്തിലും രണ്ടാമത്തെ ശീലിൻെറ ഉത്തരാർദ്ധത്തിൽ മാത്രമേ മാററമുള്ളു. വെള്ളിക്കാവിൻെറ സ്ഥാനത്ത് പൊങ്കാവന്, ഇളനീക്കാവ് എന്നീ പദങ്ങൾ മാറിവരുന്നു.

തച്ചോളി ഒതേനൻെറ പാട്ടിൽ, അപരാധാരോപണത്തിനു വിധേയ യായ കുങ്കി ബില്യാരിയെ നാലു തവണ കുററപരീക്ഷയ്ക്ക് വിധേയയാക്കു ന്നു. തിളച്ച നെയ്യിൽ കൈമുക്കുക എന്നതാണ് ആദ്യപരീക്ഷണം.

ഉടനെ പറഞ്ഞല്ലോ കുഞ്ഞ്യുതെനൻ
മെലില് വരും നുമ്പും ഞാറായിച്ച
ഞാറായിച്ച നല്ല ദിവസത്തിന
നെയിക്കയിട്ടു മുക്കി തെളിഞ്ഞും കോട്ടെ
ഞാറായിച്ച നല്ല ദിവസത്തിന്
നാലനാട്ടിലോലയെഉതി ഉതെനൻ

(ഓരോ പരീക്ഷണത്തിനും മുമ്പ് ഈ ശീലുകൾ ആവർത്തിക്കപ്പെടുന്നു, നാലാമത്തെ ശീലിൽ മാത്രം മാററത്തോടെ.)

കുങ്കി ബില്യാരിയാവട്ടെ കുങ്കൻ മണവാളൻെറ അടുത്തെത്തി സഹാ യം ആവശ്യപ്പെടുന്നു. അയാൾ ഒരു പച്ച മരുന്നു കൊടുക്കുന്നു. അതു മുടി ക്കെട്ടിൽ വെച്ച് കൈമുക്കിയാൽ അപകടം ഉണ്ടാവില്ലത്രെ. അങ്ങനെ തന്നെ, തിളച്ച നെയ്യിൽ മുക്കിയിട്ടും ബില്യാരിയുടെ കൈപൊള്ളുന്നില്ല. കുങ്കൻ മണവാളൻെറ പച്ചമരുന്നിൻെറ 'വീരിയം' ആണിതെന്നു പറഞ്ഞ് മഴു ചുട്ടെടുക്കാൻ ആവശ്യപ്പെടുന്നു ഒതേനൻ. മഴു ചുട്ടെടുക്കുമ്പോൾ,

മുതലകളുള്ള പുഴ നീന്തി മറിയണം എന്നായി ആവശ്യം. പച്ചമരുന്നിൻെറ പിൻബലത്തിൽ അതും അനുഷ്ഠിക്കുന്നു, 'ബില്യാരി'. ഒടുവിൽ, മുടിക്കെട്ട ഴിച്ചു നീന്തണം എന്നായി, ഒതേനൻ. അങ്ങനെ, അതീതശക്തിയുടെ പിൻബലം നശിച്ച 'അപരാധിനി'യായ ബില്യാരിയെ മുതല കൊണ്ടു പോകുന്നു - പാട്ടുകളിൽ ചികിത്സയും മരുന്നുമൊക്കെ ഭൗതികതര വ്യാപാര മണ്ഡലത്തിൻെറ ഭാഗമാണ്. ഒന്നിനു പുറകെ ഒന്നായി എത്തുന്ന ഓളങ്ങൾ പോലെയാണ് ഇത്തരം ആവർത്തനങ്ങളുടെ ഗതി.

വീരാരാധന

വീരാരാധന പാട്ടിലെ എല്ലാ പ്രവർത്തക ധർമ്മങ്ങളെയും സ്വാധീനിച്ചു നില്ക്കുന്നു എന്നു സൂചിപ്പിച്ചു. നേരും നെറികേടും വീരാരാധനയുടെ കണ്ണു കളിലൂടെയാണു വായിച്ചെടുക്കുന്നത്. നായകന്മാർ നടത്തുന്ന ജാര സംസർഗ്ഗങ്ങൾ അവരുടെ വീരത്വത്തിൻെറ ഭാഗമായാണു വിവരിക്കപ്പെടു ന്നത്. ഒതേനനും മാടായിക്കോലോത്ത് കുഞ്ഞിപ്പാറുവും (Ballads of North Malabar Vol - I) എന്ന പാട്ടിൽ, ഒതേനൻ കുഞ്ഞിപ്പാറുവിനെ ചതിയിലക പ്പെടുത്തിയാണ് ഊവ്വം വഴങ്ങുന്നത്. ചതി മനസ്സിലാവുന്ന കുഞ്ഞിപ്പാറു, '

അരിശി പിടിച്ചി പറയുന്നല്ലൊ
എന്നെ ചതിച്ച ചതിയാണിത്
ഓനെ ചതിക്ക്വാനും ആളുണ്ടാകും

എന്നു പറഞ്ഞ് ആശ്വസിക്കാൻ ശ്രമിക്കുന്നു.

നായകന്മാർക്കെതിരെ നടക്കുന്ന ജാരവൃത്തികൾ ഭീകര ദുരന്ത ത്തിലേക്ക് വഴിതെളിക്കുന്നു. ഓമനക്കടിഞ്ഞൊത്തെ കുഞ്ഞിയൊ തെനൻെറ പാട്ടു നോക്കുക. കായംകൊളത്ത് കണ്ണൻ നമ്പിയാര്, കുഞ്ഞിയൊതെനൻെറ ഭാര്യയായ കുഞ്ഞിക്കുമ്പയുമായി നടത്തുന്ന ജാരസംസർഗ്ഗം കൂട്ടക്കൊല യ്ക്ക് ഇടയാക്കുന്നു. അപമാനഭാരം സഹിയാതെ, കുഞ്ഞിയൊതെനൻ തനിക്കു പ്രിയപ്പെട്ട ചൊക്കനെയും കൊന്ന് സ്വയംവെട്ടി മരിക്കുന്നു. അതിനു മുമ്പ് ചൊക്കൻ കായംകൊള ത്ത് നമ്പ്യാരെയും അയാളുടെ ഇരുപത്തിരണ്ട് നായന്മാരെയും കടിച്ചു കീറിക്കൊല്ലുന്നുണ്ട്. വിവരങ്ങൾ അറിയുന്ന കുഞ്ഞിക്കുമ്പയുടെ സഹോദരൻ അവളെ ജീവനോടെ പെട്ടിയിലടച്ച് പുഴയിൽ താഴ്ത്തുകയാണ്.

തച്ചോളി കേളുവിൻെറ പാട്ടിൽ, ജാരസംസർഗ്ഗം നടത്തിയ ഗർഭിണി യായ ഭാര്യയെ കേളു വധിക്കുന്നത് ഭീകരമായ രംഗമാണ്.

അത്തുരം കണ്ടുള്ള കേളു ആന്
പുന്നൊല വീട്ടിലെ കുങ്കിഉഞ്ഞനെ
ഉറുമ്മി തിരിച്ചൊന്നടിച്ചി കെളു
കുങ്കമ്മ വേറെ കഴുത്ത് വേറെ
പള്ളെലക്കുഞ്ഞൻെറ കഴുത്ത വേറെ.

ഇത്തരം രംഗങ്ങൾ വളരെ ലാഘവത്തോടെയാണു പാട്ടുകളിൽ വിവരിച്ചു പോകുന്നത്. 'വീരാരാധനായുഗ'ത്തിൻെറ സ്വാധീനമാകാം ഇത്.

പ്രതികാരം - ഉത്തരം ചോദിക്കൽ - പാട്ടുകളിലെ വലിയ ആദർശങ്ങ ളിലൊന്നാണ്. അത് അഭിമാനത്തിൻെറ പ്രശ്നവുമാണ്. മാററാൻെറ വെടി യേററുവീണ എടൊട്ടും പൂങ്കാവിൽ കുഞ്ഞിക്കണ്ണൻ 'ഊരാളി രാമൻ

വയിത്തിയരുടെ' ചികിത്സകൊണ്ട് സുഖപ്പെട്ടു വരുന്നതേയുള്ളു. എങ്കിലും വൈദ്യർ അടുത്തുനിന്നു മാറിയ അവസരം നോക്കി, പ്രതികാരം ചെയ്യാൻ ഒളിച്ചോടുന്നു. പക വീട്ടുന്നതിനിടയിൽ പഴയ മുറിവുപൊട്ടി ചോര വാർന്ന് മരണമുഖത്തേക്ക് അടുക്കുമ്പോഴും പ്രതികാരം ചെയ്തതിൻെറ സംതൃപ്തിയാണ് അയാൾക്ക്.

ഇന്ന് തന്നെ ഞാനോ മരിച്ചെങ്കിലും
സങ്കട ഇല്ല എനക്ക് പെങ്ങളെ
ഊയി അറവൂല നേര് പെങ്ങളെ

എന്ന് അയാൾ സഹോദരിയെ സമാധാനിപ്പിക്കുന്നു.

പറമ്പിക്കുറുക്കാട്ടെ കുഞ്ഞ്യാമറെ പാട്ടിൽ, ഭർത്താവിനെ ചതിച്ചു കൊന്ന ഓമനപ്പൂക്കൊട്ടെ കുഞ്ഞിക്കണ്ണനെ ചതിയിൽത്തന്നെ കൊന്നതിനു ശേഷമേ നെല്ലോളിയെടത്തിലെ കുഞ്ഞിമ്മാക്കം ഭർത്താവിൻെറ ജഡം ദഹിപ്പിക്കുന്നുള്ളു. അതുവരെ,

നാമറെ വയരത് കീറിപ്പിച്ചു
കസ്തൂരിയും കർപ്പൂരം നറപ്പിക്ക്ന്ന്
പെട്ടിയിലിട്ടാട വെപ്പിച്ചോള്.

**വീരവനിതകൾ**

വടക്കൻ പാട്ടിൽ പൊതുവെ പുരുഷകഥാപാത്രങ്ങളേക്കാൾ സ്ത്രീകൾക്കാണു തിളക്കം. പൂമാതൈ പൊന്നമ്മ, ഉണ്ണിയാർച്ച, കരുംപറമ്പിൽ കണ്ണൻെറ പെണ്ണായ ആർച്ച, നെല്ലോളിയെടത്തിലെ കുഞ്ഞിമ്മാക്കം, കുങ്കി ബില്ലിയാരി, തോട്ടത്തിലക്കം ചിരുതയി, എടൊട്ടും പൂങ്കാവിൽ ചിരുതയി, മണലൂർ കുഞ്ഞിക്കുമ്പ എന്നിങ്ങനെ ആ പട്ടിക നീളുന്നു. ആത്മധൈര്യവും തന്ത്രജ്ഞതയുമാണ് ഈ കഥാപത്രങ്ങളുടെ കരുത്ത്. ഉണ്ണിയാർച്ചയെപ്പോലെ പ്രത്യക്ഷമായ വീര്യപ്രകടനത്തിലല്ല, പ്രതികൂല സാഹചര്യങ്ങളിൽ ധൈര്യവും ബുദ്ധിയുമുപയോഗിച്ച് വിജയം നേടുന്നതിലാണ് ഇവരുടെ വൈഭവം. പുരുഷന്മാർ പലപ്പോഴും ഇവരുടെ ബുദ്ധിപൂർവകമായ തന്ത്രങ്ങളിലെ കരുക്കളായിത്തീരുന്നതു കാണാം. തിരിച്ചും സംഭവിക്കുന്നതിന് ഉദാഹരണങ്ങളുണ്ടെന്നു മറക്കുന്നില്ല.

Ballads of North Malabar രണ്ടാം വാല്യത്തിലെ മണലൂർ കുഞ്ഞിക്കുമ്പയുടെ പാട്ട് ശ്രദ്ധേയമാണ്. ജാത്യധിഷ്ഠിതമായ ഉച്ചനീചത്വബോധത്തിന് ശക്തമായ പ്രഹരമാണത്. പാട്ടിൻെറ ഉപരിഘടനയിൽ ഇത്തരമൊരു ലക്ഷ്യബോധം കണ്ടെന്നു വരില്ല. കഥ ഇങ്ങനെ സംഗ്രഹിക്കാം. മണലൂർ കോമന് വക പറഞ്ഞുവെച്ചിരുന്ന മണലൂർ കുഞ്ഞിക്കുമ്പയെ കണ്ട് കക്കാട്ടു കൂററെരി നമ്പ്യാർ മോഹിക്കുന്നു. അയാൾ അവളെ ഊവ്വം വഴങ്ങാൻ തീരുമാനിക്കുകയാണ്. (ഊവ്വം - താല്ക്കാലികമായ ലൈംഗികബന്ധം). വിവരം അറിഞ്ഞ തച്ചോളി ഒതേനൻ, നമ്പ്യാർ ഊവ്വം വഴങ്ങാൻ എത്തുന്നതിനു മുമ്പേ കുമ്പയുടെ പടിഞ്ഞാററിയിൽ കടന്നുകൂടി. രണ്ടു ദിവസം ഇത് ആവർത്തിച്ചപ്പോൾ നമ്പ്യാർ കോപിച്ചു. പ്രതികാരമായി കുമ്പയെ പുലയനെക്കൊണ്ടു തീണ്ടിക്കുന്നു. കുഞ്ഞിക്കുമ്പയാകട്ടെ ഭാവഭേദമൊന്നും കൂടാതെ പുലയൻ ചോയിയുടെ ഒപ്പം യാത്രയാകുകയാണ്. അവൾ അയാളോടുകൂടി സന്തോഷത്തോടെ ജീവിച്ചു. രണ്ടുമൂന്നു കുട്ടികൾക്ക് അമ്മയുമായി. തൻെറ

വിധിയിൽ സഹതപിക്കുന്ന ചോയിയോടു കുഞ്ഞിക്കുമ്പ പറയുന്നു:

ചാളെല നല്ലെ എൻെറ ബന്ധു
പൊലെൻെറ കെറുപ്പം ആയെനക്ക
പൊലെൻെറ കുഞ്ഞനെയും പെററു ഞാനെ
എനിയെന്താ എനിക്കിപ്പം വെണ്ടുന്നത.

സമൂഹം ശാപമായി കരുതുന്ന ഒരവസ്ഥയെ അനുഗ്രഹമായി സ്വീകരിച്ചു കൊണ്ട്, സമൂഹത്തിൻെറ പൊതുബോധത്തിനെതിരെ നിശ്ശബ്ദകലാപം നടത്തുന്ന നാടൻമനസ്സാണ് കുഞ്ഞിക്കുമ്പയിൽ പ്രവർത്തിക്കുന്നത്. വിപ്ലവ കരമായ ഒരാശയം അവതരിപ്പിക്കുന്നുവെന്ന ഭാവം പാട്ടിൻെറ ഉപരിഘടന യിൽ കാണുന്നില്ല. കുഞ്ഞിക്കുമ്പയുടെ ഗാർഹികജീവിതം പാട്ടിൽ വിവരിക്കുന്നതു നോക്കുക.

ചൊയിൻെറ അമ്മയാം ചൊയിച്ചിയൊ
കുട്ട്യോള നല്ലോണം നൊക്കുന്നല്ലെ
ചൊയി ഓക്ക വെണ്ടുന്ന നെല്ലും അരിയും
മുത്താറിയും തൊവരയും ഒക്കയാന
വെണ്ടുവോളം കൊണ്ടക്കൊടുക്കുന്നല്ലെ
എല്ലാറും സുഖമായി കഴിയുന്നല്ലെ

കരുംപറമ്പിൽ കണ്ണൻെറ പാട്ട് (ഇരുപത്തിനാലു വടക്കൻ പാട്ടുകൾ, പരി: കെ. വി. അച്ചുതനാനന്ദൻ) വിചിത്രമായ പ്രതികാരത്തിൻെറ കഥ യാണ്. അടിയാള സമൂഹത്തിൻെറമേൽ ധാർഷ്ട്യം ചെലുത്തുന്ന അധി കാരി വർഗ്ഗം മറെറാരുതരം നീചമായ അധീശത്വത്തിനു വിധേയമാണെന്ന ഫലിതാത്മക സത്യമാണ് പ്രതികാര നിർവ്വഹണത്തിൽ വെളിപ്പെടുന്നത്. ഈ പാട്ടിലെ കണ്ണൻ ഭാര്യയുടെ ബുദ്ധിപൂർവ്വകവും ധീരവുമായ നീക്കങ്ങൾക്കുള്ള കരു മാത്രം. കരുംപറമ്പിൽ കണ്ണൻെറ തീയത്തിയിൽ മോഹിച്ച പുതുകോലോം തമ്പുരാൻ, ഒരു ദിവസം കണ്ണനെ തന്ത്രപൂർവം വീട്ടിൽ നിന്നകററുന്നു. കണ്ണൻെറ തല വെട്ടി കാറകൊട്ടും എന്ന ഭീഷണിക്കു മുന്നിൽ തമ്പുരാൻെറ ആഗ്രഹത്തിനു വഴങ്ങുന്നു, ആർച്ച. തമ്പുരാൻ സമ്മാനമായി കൊടുത്തത് നാലുകുത്തു പട്ടും കൈവിരലിലുണ്ടായിരുന്ന മോതിരവും. പിറേറന്ന്, നാഗപുരത്തങ്ങാടിയിൽ നിന്ന് ഒരു തുട്ടു നൂലു വാങ്ങിവരണമെന്ന് കണ്ണനോട് ആർച്ച ആവശ്യപ്പെടുന്നു. അയാൾ വാങ്ങിയ നൂല് പിരിച്ച് അവൾ പൂണൂലു ണ്ടാക്കി. കണ്ണനെ ചമയിപ്പിച്ച്, തമ്പുരാൻ കൊടുത്ത സമ്മാനങ്ങളുമായി അയാൾ കോലോത്തില്ലാത്ത ദിവസം തമ്പുരാട്ടിയുടെ അടുത്തേയ്ക്ക് പറഞ്ഞയയ്ക്കുകയാണ്. ആരെന്നു ചോദിച്ചാൽ തൃപ്രയാററൂരുനിന്നുള്ള ബ്രാഹ്മണൻ എന്നു പറയാനും നിർദേശിക്കുന്നു. 'തൃപ്രയാററൂരു നിന്നുള്ള ബ്രാഹ്മണനെ' വേണ്ട വിധത്തിൽ സ്വീകരിച്ചു, തമ്പുരാട്ടി. കൊടുത്ത സമ്മാനങ്ങളും വാങ്ങി. കോലോത്തു തിരിച്ചെത്തിയ തമ്പുരാൻ, താൻ ആർച്ചയ്ക്കു കൊടുത്ത സമ്മാനങ്ങൾ തമ്പുരാട്ടിയുടെ പക്കൽ കണ്ട് അമ്പര ക്കുന്നു. ചതിവു പററിയതറിഞ്ഞ് കലിതുള്ളിയ തമ്പുരാൻ നായന്മാരെ അയച്ച് കണ്ണനെ വരുത്തി. അയാളെ കഴുവിലേററാൻ ഒരുങ്ങുമ്പോൾ ആർച്ചയെത്തി,

ആദ്യം കയറണം തമ്പുരാനും
പിന്നെയുമാണല്ലൊ കണ്ണൻതാനും
ആദ്യം പിഴയങ്ങു തീർത്തു തന്നാൽ
പിന്നെപ്പിഴ ഞാൻ തീർത്തു തരാം.'

എന്നു പറഞ്ഞ് കണ്ണനെയും കൊണ്ടു തിരിച്ചു പോകുന്നു.

ഈ പാട്ടിൽ സവിശേഷം ശ്രദ്ധേയമായ ചില ഘടകങ്ങളുണ്ട്. തമ്പുരാട്ടിയെ സമീപിക്കാൻ യോഗ്യതയുള്ള ബ്രാഹ്മണനാക്കി കണ്ണനെ മാററാൻ ആർച്ച ഉപയോഗിക്കുന്നത് ഒരു തുട്ടുനൂലാണ്! പാട്ടിൽ ഈ നൂലിൻെറ കാര്യം എടുത്തു പറയുന്നു. കണ്ണനെ കൊല്ലുമെന്ന ഭീഷണിയുടെ മുന്നിലാണ് ആർച്ച തമ്പുരാനു വഴങ്ങുന്നത്. തമ്പുരാട്ടിയുടെ കാര്യത്തിൽ ഇങ്ങനെയൊരു ഭീഷണിയുടെ പശ്ചാത്തലമില്ല. തൃപ്രയാററൂരു നിന്നു വരുന്നു എന്നു കേട്ടതോടെ അവർ വാതിൽ തുറന്നു കൊടുക്കുന്നു. കണ്ണൻ നല്കുന്ന സമ്മാനങ്ങൾ 'മോദമുയർന്നങ്ങു' വാങ്ങുകയാണ്. കീഴാളവർഗ്ഗത്തിൻെറമേൽ അതിക്രമം നടത്തുന്ന ഉപരിവർഗ്ഗത്തിൻെറ ദയനീയാവസ്ഥയുടെ ഫലിതാത്മകതയാണ് ഇവിടെ തെളിയുന്നത്.

ഗുണ്ടർട്ടിൻെറ ശേഖരത്തിലുള്ള തച്ചോളി ഒതേനൻെറ പാട്ടിലെ കുങ്കി ബില്ലിയാരി, പറമ്പിൽക്കുറുക്കാട്ടെ കുഞ്ഞ്യാമറെ പാട്ടിലെ നെല്ലൊളിയെടത്തിലെ കുഞ്ഞിമ്മാക്കം, എടൊട്ടുംപൂങ്കാവിൽ കുഞ്ഞിക്കണ്ണൻെറ പാട്ടിലെ ചിരുതയി കുഞ്ഞൻ എന്നിവരും പ്രകടിപ്പിക്കുന്ന ആത്മധൈര്യവും തന്ത്രജ്ഞതയും കൗതുകകരമാണ്. അപരാധാരോപണത്തിനു വിധേയയായി, തിളച്ച നെയ്യിൽ കൈ മുക്കാൻ ആവശ്യപ്പെടുമ്പോൾ കൂസലില്ലാതെ കുങ്കി ബില്ലിയാരി അതിനു തയ്യാറാകുന്നു. അപകടം ഉണ്ടാകാതിരിക്കാൻ കാമുകൻെറ സഹായം തേടാൻ അവൾ മറക്കുന്നുമില്ല. ഒടുവിൽ ദുരന്തത്തിനു കീഴടങ്ങിയെങ്കിലും പ്രതികൂലസാഹചര്യങ്ങളെ ധീരമായാണ് അവൾ നേരിട്ടത്. എടൊട്ടും പൂങ്കാവിൽ ചിരുതയികുഞ്ഞൻെറ കാര്യശേഷിയും സമചിത്തതയുമാണ്, ആങ്ങള കുഞ്ഞിക്കണ്ണൻെറ ജീവൻ രക്ഷിച്ചത്. തമ്മടൊഞ്ചാലിലെ കുഞ്ഞുങ്ങൾ കുഞ്ഞിക്കണ്ണനെ കൊന്നുവെന്നു കേട്ടിട്ടും ചിരുതയി 'കരയുന്നും വിളിക്കുന്നില്ല.' അയലത്തുള്ള കണ്ണൻെറ ചങ്ങാതികളുടെ സഹായത്തോടെ അവൾ കണ്ണനെ തറവാട്ടിലെത്തിക്കുന്നു. ഉടൻ തന്നെ, മൃതപ്രായനായ ആങ്ങളയെ രക്ഷിക്കാൻ ഊരാളി രാമൻ വയിത്ത്യർക്ക് ഓലയെഴുതി നായന്മാരെ ഏല്പിക്കുന്നു. നായന്മാർ ഓലയുമായി യാത്രയായതിനുശേഷമാണ്, ആങ്ങളയുടെ തലയെടുത്തു മടിയിൽവച്ച് അവൾ ഒന്നു പൊട്ടിക്കരയുന്നത്. മാതൃദായക്രമത്തിൻെറ സവിശേഷ സാംസ്കാരിക പശ്ചാത്തലമാകണം ഇത്തരം ശക്തരായ സ്ത്രീ കഥാപാത്രങ്ങളെ രൂപപ്പെടുത്താൻ പാട്ടുകൂട്ടായ്മയ്ക്ക് പ്രേരണയായത്.

**പാട്ടുകളുടെ പരിണാമം**

വാമൊഴി വഴക്കപ്പാട്ടുകൾക്ക് കാലത്തിലൂടെ സംഭവിക്കുന്ന രൂപപരിണാമങ്ങളെ ദൃഷ്ടാന്തീകരിക്കുന്ന ഒരു മാതൃക ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ പഠനം ഉപസംഹരിക്കാം. 1983-ൽ എൻ. ബി. എസ് പ്രസിദ്ധീകരിച്ച, എം. സി. അപ്പുണ്ണിനമ്പ്യാരുടെ വടക്കൻപാട്ടു സമാഹാരത്തിലെ 'എടച്ചേരി തോട്ടത്തിൽ കുഞ്ഞിക്കേളപ്പൻ' എന്ന പാട്ടും ഗുണ്ടർട്ടിൻെറ ശേഖരത്തിലെ

തോട്ടത്തിൽ കേളപ്പൻെറ പാട്ടും ചേർത്തുവച്ചു നോക്കുകയാണ് ഇവിടെ. ഗുണ്ടർട്ടിൻെറ ശേഖരത്തിലെ പാട്ട് ഒന്നരനൂററാണ്ടെങ്കിലും മുമ്പ് ശേഖരിച്ച താവണം. രണ്ടു പാട്ടു കൾക്കും ആധാരമായ കഥ ഒന്നുതന്നെ. തോട്ടത്തിൽ കേളപ്പനും പാറക്കടവത്തെ വാഴുന്നോരും തമ്മിലുള്ള ഏററുമുട്ടലും അതിൻെറ പരിണാമവുമാണ് കഥ. പാട്ടിൻെറ ഗാത്രത്തിൽ കാലം വരുത്തുന്ന മാററങ്ങളാണ് ഇവിടെ ശ്രദ്ധേയം.

ഗുണ്ടർട്ടു സമാഹാരത്തിലെ പാട്ടിൽ പാറക്കടവത്തെ വില്ലുവിൻെറ അമ്മാവനാണ് വാഴുന്നോർ. അപ്പുണ്ണി നമ്പ്യാരുടെ സമാഹാരത്തിലെ പാട്ടിൽ, അവർ അച്ഛനും, മകനുമാണ്. (ഒന്നാമത്തെ, രണ്ടാമത്തെ എന്ന് യഥാക്രമം ഈ പാട്ടുകളെ താഴെ പരാമർശിക്കുന്നു.) ഒന്നാമത്തെ പാട്ടിൽ, വില്ലുവും തോട്ടൊം തയിരുവും 'ഇരിക്കും നെലം ചൊല്ലി'യാണ് ഇടയുന്നത്. രണ്ടാമത്തേ തിലാകട്ടെ, ദയിരുവിനോട് താമരമുല്ല കൊത്തിയ പൊന്നെഴുത്താണി ചോദിച്ചതിനെത്തുടർന്നാണു വഴക്ക്.

ഒന്നാമത്തെ പാട്ടിൽ, 'നാരങ്ങച്ചെറക്കലെളയച്ചന് പാരം ബരത്തം തൊയിരക്കേട്' എന്നറിഞ്ഞ് അന്വേഷിക്കാൻ പോകുന്നതിനിടയിലാണ് കേളപ്പൻ, പെരുവഴിതെററുന്നതു ചൊല്ലി വാഴുന്നോരോടു നേരിട്ട് കലഹി ക്കുന്നത്. രണ്ടാമത്തേതിൽ, 'കൊളവായി അമ്മ' മരിച്ചുവെന്നറിഞ്ഞ് 'കണ്ണൂക്കി'ന് പോകുന്നതിനിടയിലാണ് കലഹം.

'നാട്മതിച്ചി പടവന്നിററും' കൊലയ്ക്കു കൊടുക്കാതെ കേളപ്പൻെറ അമ്മാവൻ സംരക്ഷിച്ച 'മൂറ്ക്കൊത്തത്തൂപ്പി ചൊനൊയ നെ' വാഴുന്നോർ വധിക്കുന്നതും പ്രതികാരമായി കേളപ്പൻ പാറക്കടവത്ത് ഏറെ നാശം വരുത്തു ന്നതും, ഒന്നാമത്തെ പാട്ടിലേ വിവരിക്കുന്നുള്ളു. ഇതേ സ്ഥാനത്ത് മറെറാരു സംഭവമാണ് രണ്ടാമത്തെ പാട്ടിൽ കടന്നുവരുന്നത്. തുവ്വാടൻ കുങ്കനുവേണ്ടി കേളപ്പൻ രണ്ടായിരം പണത്തിൻെറ 'ജാമിയകച്ചീട്ട്' എഴുതി വാഴുന്നേർക്കു കൊടുക്കുന്നു. ഇതേത്തുടർന്നാണ് എടച്ചേരി തോട്ടത്തിലേക്ക് വാഴുന്നോരു ടെ പടനയിക്കൽ.

ഒന്നാമത്തെ പാട്ടിൽ, ചോനോൻ മരിച്ചതിറിഞ്ഞ് സങ്കടംപൂണ്ട എടച്ചേരിപ്പൂക്കോട്ടെ കണാരൻ നമ്പിയാർ, 'നീയെൻറിടച്ചേരീ നിക്ക്വ വേണ്ട' എന്നു പറയുന്നു. നാട്ടിൽ നിലയില്ലാതെ നാടുവിട്ട കേളപ്പൻ 'കുററ്യാടി ക്കൊയിലോത്ത് എത്തി അവിടത്തെ തമ്പുരാൻെറ നേമത്തിനു നില്ക്കുന്നു.

കേളപ്പൻ കുററ്യാടിയിൽ പാർത്ത്, പിള്ള്യാടിച്ച്യോമന കുഞ്ഞൂങ്കിച്ചി യെ സംബന്ധവും ചെയ്ത് ആറുമാസം ചെല്ലുമ്പോഴാണ്, പാറക്കടവത്തെ വാഴുന്നോർ എടച്ചേരി തോട്ടത്തിൽ ആക്രമണം നടത്തുന്നത്. രണ്ടാമത്തെ പാട്ടിൽ ഈ സംഭവങ്ങളൊന്നും ഇല്ല. എന്നല്ല, കേളപ്പൻ ഭാര്യാഗൃഹമായ പയ്യറങ്ങോട്ട് പോയതിൻെറ മൂന്നാം നാളിലാണ് വാഴുന്നോർ പടനയിക്കു ന്നതും.

കേളപ്പൻ കുററ്യാടിക്കൊയിലൊത്തെ അഞ്ഞൂറകമ്പടി ചോററു കാരോടും വേണ്ടുന്ന പടക്കോപ്പോടുംകൂടി വാഴുന്നോരെ എതിർക്കാൻ എത്തുന്നതായാണ് ഒന്നാമത്തെ പാട്ടിലെ വിവരണം. രണ്ടാമത്തെ പാട്ടി ലാകട്ടെ, കേളപ്പൻ ഏകനായി നിന്നാണ് വാഴുന്നോരുടെ പടയെ നേരിടുന്നത്.

വാഴുന്നോരുടെ കാര്യക്കാരൻ എമ്മിഞ്ഞിക്കുങ്കനടിയോടിയുടെ വെടിയേററ് കേളപ്പൻ വീഴുന്നുവെന്നാണ് ഒന്നാമത്തെ പാട്ടിൽ; രണ്ടാമ

ത്തേതിലാകട്ടെ, കേളപ്പനെ വെടിവെച്ചു വീഴ്ത്തുന്നത് അനന്തരവൻ പാറക്കടവത്തെ വില്ലുവും.

കേളപ്പൻെറ മരണത്തോടെ ഒന്നാമത്തെ പാട്ട് അവസാനിക്കുകയാണ്. രണ്ടാമത്തേതിൽ കഥ കുറെക്കൂടി നീളുന്നു. കേളപ്പൻെറ മരണത്തിനുശേഷം പാറക്കടവത്തെ വാഴുന്നോർ ചിരുതേയിയെ വിളിച്ചു കൊണ്ടുപോകാൻ എത്തുന്നു. പക്ഷേ, ചിരുതേയി അയാൾക്കെതിരെ വാതിലടയ്ക്കുന്നു. വാതില്ക്കൽനിന്ന് ചിരുതേയിയെ വിളിക്കുന്ന വാഴുന്നോർക്ക് അവൾ നൽകുന്ന മറുപടി ഇതാണ്.

ഞാനെൻെറ വാതില് തുറക്കണ്ടെങ്കി
തോട്ടത്തിൽ കേളപ്പൻ നേരാങ്ങള
ഓനെൻെറ വാതില് വിളിച്ചോണ്ടാല്
ഞാനെൻെറ വാതില് തുറക്കു അല്ലോ
ബന്ധൂനെനിക്കിപ്പോളെന്നും കിട്ടും
ആങ്ങളെനിക്കിനി കിട്ടൂല്ലലൊ.

പാറക്കടവത്തെ പൊന്നൊക്കെയും ചാക്കിലാക്കി എത്തിച്ചിട്ടും ചിരുതേയിയുടെ തീരുമാനം മാറുന്നില്ല. നിരാശനായ വാഴുന്നോർ വൈരം വിഴുങ്ങി മരിക്കുന്നു—കാവ്യനീതിയുടെ നിർവഹണം. കേളപ്പൻെറ ഭാര്യ പ്രസവിച്ച കുഞ്ഞിൻെറ സംരക്ഷണം ചിരുതേയി ഏറെറടുക്കുന്നതുംകൂടി വിവരിച്ചിട്ടേ രണ്ടാമത്തെ പാട്ട് അവസാനി ക്കുന്നുള്ളു.

രണ്ടുപാട്ടിലും സമാനമായി ആവർത്തിക്കുന്ന ഒരു സംഭാഷണ ഭാഗമുണ്ട്. പെരുവഴി തെററുന്നതു പറഞ്ഞ് വാഴുന്നോരും കേളപ്പനും അന്യോന്യം ഇടയുന്ന രംഗമാണത്. ഒന്നാമത്തെ പാട്ടിൽ നിന്ന്:

ഉടനെ പറയിന്ന് ബാഴ്ന്നൊറ്
തൊട്ടത്തിലൊമനക്കുഞ്ഞ്യേളപ്പ
നമ്മളിലെതു ഒരി പെതയില്ലെ
ഉടനെ പറയിന്ന് കുഞ്ഞ്യേളപ്പൻ
പാറക്കടവത്തെ ബാഉന്നൊറെ
നമ്മളിലെന്തൊരി പെതം ബാഉ
നിങ്ങളെൻെറ മൂത്തെയളിയനെല്ലെ
ബില്ലിയാരി പെററ മൊഞ്ഞാനെ ബാഉ
ആളെറും പാറക്കടവത്തെങ്കിൽ
പൊന്നെറും പൂക്കൊാട്ടെൻെറമ്മൊമ്മന്
പൊന്ന് കൊടുത്താളെക്കൊള്ളും ഞാനൊ

രണ്ടാമത്തെ പാട്ടിൽ നിന്ന്:

അന്നേരം ചോദിച്ച് വാഴുന്നോറ്
നമ്മളിലേത്യൊരു ഭേദമില്ലെ
അന്നേരം ചോദിച്ച് കുഞ്ഞ്യേളപ്പൻ
നമ്മളിലെന്തൊരു ഭേദമാണ്
പിള്ള്യാരി പെററ മോൻ വാഴുന്നോറ്
അക്കമ്മ പെററ മോൻ ഞാനാനല്ലോ
മറേറതും ഭേദേല്ല്യേ കുഞ്ഞ്യേളപ്പാ
മററിപ്പളെന്തൊർ ഭേദമാന്

മലവരായ് വാഴുന്നോർക്കേറേ്യങ്കില്
കടല്വരായ് തോട്ടത്തിലമ്മാമന്
മറേറതും ഭേദേല്ല്യെ കുഞ്ഞ്യേളപ്പാ
മററിപ്പളെന്തൊരു ഭേദമാന്
പൊന്നേറും പാറക്കടവത്തെങ്കി
പണമേറും തോട്ടത്തിലമ്മാമന്ന്

വാഴുന്നോരെന്ന നിലയിലുള്ള ഒരാളുടെ അധികാരബോധവും അതംഗീകരിക്കാൻ തയ്യാറില്ലാത്ത അപരൻെറ ആഭിജാത്യബോധ പ്രേരിതമായ നിലപാടും ഈ പാട്ടുകളിൽ മൂലകഥാവസ്തുവായി വർത്തിക്കുന്നുവെന്നാണ് ഈ ഭാഗത്തുനിന്നു മനസ്സിലാകുന്നത്. ഒന്നാമത്തേതിൽനിന്ന് കുറെക്കൂടി വിരുത്തി പറഞ്ഞിട്ടുണ്ട് രണ്ടാമത്തെ പാട്ടിൽ.

ഈ വിവരണത്തിൽ നിന്ന് ചില കാര്യങ്ങൾ വ്യക്തമാകുന്നു. രണ്ടു പാട്ടിലെയും കഥാഗതിയിലൊ കഥാവസ്തുവിലോ അടിസ്ഥാനപരമായ മാററം ഇല്ല. എന്നാൽ കഥാഗതിക്ക് ആധാരമായ സംഭവങ്ങളിലും കഥാപാത്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും മാററം വരുന്നു. ഓരോ കാലഘട്ടത്തിൻെറയും സവിശേഷ അന്തരീക്ഷം സംഭവങ്ങളെ മാററിവെക്കുന്നതിൽ പ്രേരണയാവുന്നുണ്ടാവണം.

○○

---

കുറിപ്പ്:

ഗുണ്ടർട്ടു തന്നെയാണു പാട്ടുകൾക്ക് പേരു നൽകിയിരിക്കുന്നത്. കൈയെഴുത്തു പ്രതിയിലെ ഭാഷാപരവും ലിപിപരവുമായ പ്രത്യേകതകൾ അതേപടി നിലനിർത്തിയിരിക്കുന്നു. എകാരത്തിനും ഒകാരത്തിനുമുള്ള ഹ്രസ്വദീർഘഭേദം ലിപിയിലില്ല.

# തച്ചോളി ഒതേനൻെറ പാട്ട്

തച്ചോളി കൊമക്കുറുപ്പെന്നൊറ്
തച്ചോളി നല്ലോമന കുഞ്ഞിയൊതെന
തിരുവൊണം നാൾ വന്നടുത്ത മുക്ക
ഓണത്തരയിന പൊടുതെന
ഓണത്തരയിന ഞാമ്പൊകണ്ടീക്കിൽ
ഏട്ടൻെറുറുമ്മി തരെണ്ണെനക്ക
ഉടനെ പറഞ്ഞു കുറുപ്പെന്നൊറ
തച്ചോളി ഒതെയന പൊന്നനിയ
എൻെറ ഒറുമ്മിഞ്ഞാന്തരിക ഇല്ല
ഉറുമിക്ക ചൊവ്വയുണ്ട കുഞ്ഞിയൊതെന
നിനിക്കും ചൊവ്വയുണ്ട 'കുഞ്ഞിയൊതെന
നമ്മളെ പടിഞ്ഞാറെറലാനുതെന
ഇരിപത്തരണ്ടുണ്ടുറുമ്മി വാള്
നിനിക്കൊത്തുറുമ്മി എടുത്തൊതെന
അത്തുരം വാക്കെട്ടെ കുഞ്ഞിയുതെനൻ
പടിഞ്ഞാറെലങ്ങ കടന്നുതെനൻ
ഉറുമ്മി എടുത്തിട്ടിതം നൊക്ക്ന്ന്
ഇതൊത്തുറുമ്മിയൊന്നും കണ്ടില്ലെല്ലൊ
ഉറുമ്മി തരത്തിന്നിളക്കി വെച്ച്
പറയുന്നുണ്ടൊമന കുഞ്ഞിയുതെനൻ
തച്ചോളിക്കൊമക്കുറുപ്പെൻെറട്ട
ഉറുമ്മി തരത്തിന്നെള്ളന്നെട്ട
എതൊത്തുറുമ്മിയൊന്നും കാണുന്നില്ല
ഉടനെ പറഞ്ഞി കുറുപ്പെന്നൊറ്
തച്ചോളി നല്ലോമന കുഞ്ഞിയൊതെന
എങ്ങിനെ കിട്ട്യോരുറുമ്മിയെന്നും
എവണ്ണം കിട്ട്യോരുറുമ്മിയെന്നും
നിനിക്കാറററിവുണ്ടൊ കുഞ്ഞ്യൊതെന
നിനിക്ക കനക്കച്ചെറുപ്പം നാളിൽ
കൊട്ടക്കക്കുഞ്ഞാലി മരക്കയാറും

വടെരപ്പൊക്കപ്പഞ്ചൊനൊയനും
കളിച്ചൊണ്ടൊരു കപ്പല വെപ്പിച്ചീനും
കപ്പല്പണിയൊക്കത്തീറ്ന്നാറെ
കപ്പലിന്ന പാമരം കിട്ടിയില്ല
എന്നെയും തെടിവിളിപ്പിച്ചൊറ്
എന്നൊടവറ് പറഞ്ഞൊണ്ടി(ന്)? [2]
കപ്പലിന്ന പാമരം കിട്ടാഞ്ഞിററ്
ഏറിയ നാട്ടിലൊക്കെപ്പൊയവറ്
എന്നൊടവറ് പറഞ്ഞൊതെന
ഞാളെളൊരി കെളിതം കെട്ടിററുണ്ടു
നിങ്ങളെ പററിലതുണ്ടു പോലും
അപ്പളെ ഞാനെൻെറ കുഞ്ഞ്യൊതെന
നമ്മളെ മാണിക്കൊത്തന്നാനൊതെന
തെക്ക് തിരുവാതക്കന്നീമന്ന
ആയിനിയെന്നുമ്പുളിന്തെക്കെന്നും
ജാതിയെന്നും ജാതിചന്ദണമെന്നും
നാല് കുററി നല്ല മരളം കൊത്തി
ആനെനക്കൂട്ടിപ്പലിപ്പിച്ചൊറ് [3]
കപ്പലിന പാമരം ബെച്ചബറ്
കപ്പലിച്ചരക്ക കയററബറ്.
പായും ബലിച്ചിററണ്ടൊടിയബറ്
മൂനായങ്കൊല്ലളം ഓടിയ കപ്പല്
മൂനും പൊറുത്തിററ് നാലാങ്കൊല്ലം
കൊട്ടക്കക്കുഞ്ഞാലി മരക്കയാറും
വടെരപ്പൊക്കപ്പഞ്ചൊനൊയനും
മരക്കയൊറെ കൊട്ടപ്പൊറ്ത്ത്ന്നാണ്
ചീനക്കൊയല വെച്ചി നൊക്കിയൊറ്
ചീനക്കൊയല വെച്ച നൊക്കുന്നെരം
വെള്ളിയങ്കല്ലും പൊറത്തണ്ടെ
കൊയ്യ്യുട്ടപ്പരിചിലും കണ്ട് അപ്പല് [4]
കൊട്ടക്കക്കുഞ്ഞാലി മരക്കയാറും
വടെരപ്പൊക്കപ്പഞ്ചൊനൊയനും
തമ്മലിപ്പറഞ്ഞൊണ്ടിറ്ന്നബറ്
ഉടനെ പറഞ്ഞ് മരക്കയാറ്
കപ്പലിന്നൊടിയിങ്ങ ബന്നൊണ്ടാല്
കൊട്ടമുകത്തൊട് കൊള്ളണമെന്നും [5]
വടരപ്പൊക്കപ്പഞ്ചൊനൊയനൊ
ഉടനെ പറഞ്ഞൂട്ടച്ചൊനൊയനൊ
കപ്പലിന്നൊടിയിങ്ങ വന്നൊണ്ടാല്
പടെരപ്പന്തലിത്താഅണമെന്നും [6]
അങ്ങനെ പറഞ്ഞൊണ്ടിരിക്കുന്നെരം

കപ്പലിന്നൊടിററിന്നെത്തിയത്തീരെ
കൊട്ടമുകത്തൊടും കൊണ്ടിില്ലെലൊ
വടെരപ്പന്തലിത്താണിില്ലെലൊ
പൊത്തനെയൊരുത്തയിത്താണ് അപ്പല്
കപ്പലിച്ചരക്കൊക്കക്കീച്ചബറ്
നൂററൊന്നബെള്ള കുതിര കീച്ചി.
നൂററൊന്നൊളം നല്ലുറുമ്മിയും കീച്ചി
കപ്പലി ചരക്ക പഅ്ക്കെണ്ടന[7]
ചീനം ബീട്ടത്തങ്ങള് ബാഊനെയും
പനങ്ങാടഞ്ചന്തുക്കുറുപ്പിനെയും
കൊയിലൊത്ത തൊട്ടൊളി നമ്പിയാറെയും
മൂനാളെയും തെടി വരുത്തിയൊറ്
കപ്പലിച്ചരക്ക പഅ്ത്തബറ്
കപ്പലിച്ചരക്ക പഅ്ത്തനെരം
കൊട്ടക്ക കുഞ്ഞലി മരക്കയാറ്ക്ക്
മരക്കയാർക്ക മീശം തെളിഞ്ഞില്ലാലൊ
എന്നെയും തെടി ബിളിപ്പിച്ചൊറ്
എന്നൊടബറ് പറഞ്ഞൊണ്ടില്ലെ
കപ്പലിച്ചരക്ക പഅ്ത്ത് ഞാള്
എനിക്കിന്ന മീചം തെളിഞ്ഞിററില്ല
ഞാനൊ പഅ്ത്തെൻെറ കുഞ്ഞ്യ്യാതെന
മരക്കയാർക്ക് മീശം തെളിഞ്ഞുതെന
ഒന്നെയൊരി പെള്ളക്കുതിരയുവെ[8]
ഒന്നെയൊരുറുമ്മി അലഉമാനെ
രണ്ടു അവിടെയങ്ങിനെ ചെയിപ്പായി[9]
എന്നൊടബറ് പറഞ്ഞുതെന
എന്താന നിങ്ങക്കവെണ്ടുന്നത്
ബെള്ളക്കുതിരയൊ ബെണ്ടൂങ്ങക്ക
ഉറുമ്മിയൊ നിങ്ങക്ക ബെണ്ടുന്നത്
ഞാനൊ ഉറുമ്മിയെടുത്തുതെന
മുട്ടുമ്മബെച്ചി കുലച്ച നീരത്ത
മുട്ടുമ്മലൊമ്പത മുറിമുറിഞ്ഞി
ഉടനെ പറഞ്ഞി മരക്കയാറ്
നൂററൊന്നുറുമ്മി അല ഉള്ളത്
നല്ലെ ഉറുമ്മിയക്കുറുപ്പിന കിട്ടി
ഉറുമ്മിയും കൊണ്ട ഞാമ്പൊരുന്നെരം
പാലക്കാട്ടെരിയുള്ള പട്ടമാറ്
ഉറുമ്മിയും കണ്ട കൊതിച്ചബറ്
എന്നൊടബറ് പറഞ്ഞൊണ്ടില്ലെ
കെട്ടതരിക്കെണം നായരെയെന്നും
നിങ്ങളുറുമ്മി ബിക്കുന്നെങ്കിൽ

ഞങ്ങക്ക തന്നെ തരെണ്ട ഇപ്പം
ഞാനൊ ഉടനെ പറഞ്ഞുതെന
ഉറുമ്മിയൊ നിങ്ങക്ക ബെണ്ടിങ്കില്
അകളും പുറളും പണം നിരത്തണം
അകളും പുറളുമ്പണന്നെരത്തി
പണ്ണൊക്കപ്പാരി [10]ഞാങ്കെട്ടി ഉതെന
ഉറുമ്മി തിരുമ്പിപ്പിടിച്ചി ഞാനെ
കരിങ്കണ്ണുരുട്ടി മറിച്ചി ഞാനെ
ഉടനെ പറഞ്ഞൊണ്ടപ്പട്ടമ്മാറ്
തച്ചൊളി കൊമക്കുറുപ്പെന്നൊറെ
നിങ്ങളെന്നും ഞാളതറിഞ്ഞിട്ടില്ല
ഞാക്കൊട്ടു ഞാളെ പണളും ബെണ്ടാ
ഞാക്കൊട്ടു നിങ്ങളെ ഉറ്മ്യുബെണ്ടാ
ഞാളെയൊട്ടെതുഞ്ചെയ്യരുതെ
തച്ചൊളി നല്ലൊമനക്കുഞ്ഞി ഒതെന
അങ്ങനെ കിട്ട്യോരുറുമ്മിയാന്
ഉറുമ്മിക്കും നല്ലെ ചൊൽഅ ഉണ്ടു [11]
നിനിക്കും ചൊൽഅ ഉണ്ട കുഞ്ഞ്യൊതെന
നിനിക്കൊത്താണായിക്കൊ കുഞ്ഞിയൊതെന
ഉറുമ്മിയൊ ചെന്നിറെറടുത്തുതെനൻ
കുളിച്ചിററ് കഞ്ഞികുടിച്ചുതെനൻ
പറയുന്നുണ്ടന്നെരം കുഞ്ഞിയൊതെനൻ
തച്ചൊളികൊമക്കുറുപ്പെൻററ്റാ
ഓണത്തരയിനഞ്ഞാമ്പൊയാണ്ടാല്
തൊലിയത്തരം തൊപ്പെങ്കെക്കുഅ ഇല്ലെ
ഉടനെ പറഞ്ഞി കുറുപ്പെന്നൊറ്
എന്തൊരി തൊലിയത്തര ഉതെന
ഇങ്ങൊട്ടൊരിതൊലിയമ്പറഞ്ഞെങ്കില്
അങ്ങൊട്ടൊരി തൊലിയമ്പറയരുതൊ
തച്ചൊളിക്കുഞ്ഞനുതയനന്നും
കണ്ടാച്ചെരി കുഞ്ഞിച്ചാപ്പനു ആന
അന്നടത്താലെ നടന്നവറ്
ചീനംബീട്ടകൊയിലൊത്ത ചെല്ലുന്നല്ലെ
ചീനംബീട്ട കൊയിലൊത്ത ചെല്ലുന്നെരം
ചീനംബീട്ട തങ്ങളബാഉന്നൊറും
അഞ്ചുറകംപടി ചൊററുകാരും
അരിയളയിനങ്ങിര്ന്നിക്കിത
അന്നെരഞ്ചെന്നല്ലെ കുഞ്ഞ്യുതെനൻ
കണ്ണാലെ കണ്ടിത ബാഉന്നൊറ്
എവിടെന്ന ബന്നെന്നും ചൊതിച്ചില്ല
എന്തിനബന്നെന്നും ചൊതിച്ചില്ല

പൊത്തനെയാടെ ഇരുന്നൊാതെനൻ
അരിയളവൊക്കെയും തീറ്ന്നാരെ
പറയുന്നുണ്ടന്നെരം ബാളന്നൊറ്
തച്ചൊളിനല്ലൊമന കുഞ്ഞുതെന
ബന്നു എൻെറാമന കുഞ്ഞുതെന
ഉടനെ പറഞ്ഞല്ലൊ കുഞ്ഞി ഒതെനൻ
ചീനം ബീട്ടത്തങ്ങള ബാളന്നൊറെ
വന്നെടം പണ്ടെ ബയിക്കയിഞ്ഞു
ഉടനെ പറഞ്ഞല്ലൊ പാളന്നൊറ്
വാളും വെച്ചാട ഇരിക്കുന്നതെന
ചന്തിമുറിയയില്ലെ ബാളന്നൊറെ
വാളാട മൂലക്കച്ചാരുതെന
ചൂലല്ലാലൊ മൂലക്കച്ചാരുആനൊ
ആചാരം ചെയിതാടനിക്കുതെന
അതിനെട്ടങ്കൊമക്കുറുപ്പുണ്ടെല്ലൊ
ചിത്തിരത്തൂണചാരി നിക്കുതെന
കൊതിക്കെൻെറ മെപ്പയിലുണ്ടല്ലത
ബളയുമ്പിടിച്ചാട നിക്കുതെന
കൊതിക്കെൻെറ മെപ്പയിത്തട്ടീററുണ്ട്
ഉടനെ പറഞ്ഞല്ലൊ ബാളന്നൊറ്
ഇത്തിരകിറ്ത്തുള്ള കുഞ്ഞ്യൊതെന
നിൻെറമ്മ തന്നെ മരിച്ചൊണ്ടിറെ
പെനയായിററൂടയങ്ങനെ കൂടീനല്ലെ
ചീനം ബീട്ടിലുള്ളൊരു പെണ്ണുങ്ങക്ക്
ചൌനെ കറികൂട്ടീററുണ്ടും കൂടാ
കാടിയും പീരയും കുടിച്ചും കൂടാ
ഉടനെ പറഞ്ഞല്ലൊ കുഞ്ഞിയുതെനൻ
ചീനം ബീട്ടത്തങ്ങള് ബാളന്നൊറെ
എനക്കൊരു തൊലിയത്തരം കണ്ടിന
നിങ്ങെക്കെതും തൊലിയ ഇല്ലെ പാളന്നൊറെ
ഉടനെ പറഞ്ഞല്ലൊ പാളന്നൊറ്
എനക്കെന്ത തൊലിയത്തര ഉതെന
ഒന്നെന്നാലെണ്ണിപ്പറയരുതൊ
ഉടനെ പറഞ്ഞല്ലൊ കുഞ്ഞി ഒതെനൻ
മീത്തലെടത്ത കുങ്കി ബില്യാരിക്ക്
ബില്ലിക്കക്കുങ്കമ്മണവാളൻെറ
ഓൻെറ അമരാതം ബില്യാരിക്ക
അത്തുരം കെട്ടുള്ള നായിമ്മാറ്
അരിയും പണഉകക്ക ചാടിയൂടുന്ന്
ഞമ്മക്കിപ്പാളൗൻെറരിയും [12] വെണ്ട
ഞാക്കൊട്ടിപ്പാളൗൻെറ പണളം വെണ്ട

ഉടനെ പറഞ്ഞല്ലൊ വാഉണ്ണൊറ്
മീത്തലെടത്ത കുങ്കി ബില്ലിയാരി
ഒതെനമ്പറഞ്ഞത കൊട്ടൊ നീയെ
എന്താനെൻെറാമന കുഞ്ഞിയമ്മൊമ്മ
ബില്ലിക്ക കുങ്കമ്മണവാളൻെറ
ഓൻെറ അമരാത ഇണ്ടപോലും
ഓൻെറ അമരാത ഇണ്ടൊ ഇനിക്ക
കെട്ട തരിക്കണം കുഞ്ഞിയമ്മൊമ്മ
ബില്ലിക്കക്കുങ്കമ്മണവാളനും
ഞാനും കൂടിയാനെൻെറ കുഞ്ഞ്യമ്മൊമ്മ
മതിലൂക്കുരിക്കളെഉത്ത്അള്ളീല്
എഅത്ആനൊപ്പരം പൊഉം ഞാള്
എഅത്ആനെഉത്ത്അള്ളിച്ചെന്നൊണ്ടാല് [13]
തൊടമ്മ തൊടവെച്ചെഉതും ഞാള്
എന്നൊരമരാത ഉണ്ടെനക്ക
എഅ്തിക്കയരിഞ്ഞാള പൊരുന്നെരം
തെങ്ങിട്ടെ പാലം കടക്കുന്നെരം
പാലം മുറിഞ്ഞ് ഞാളെടെയിപ്പീണ്
ചൊടെയും മെലെയും ബീണമ്മൊമ്മ
എന്നൊരമരാതം ഉണ്ടെനക്ക
ഉടനെപ്പറഞ്ഞൊണ്ടപ്പാഉണ്ണൊറ്
നെയിക്കയിമുക്കണം ബില്ലിയാരി
കുഞ്ഞിക്കയി പൊള്ളൂല്ലെ കുഞ്ഞിയമ്മൊമ്മ
ഓൻെറ അമരാതം ഇല്ലെങ്കില്
നിൻെറ കയിയൊട്ടും പൊള്ളപ ഇല്ല
നെയിക്കയിമുക്കാം ഞാങ്കുഞ്ഞ്യമ്മൊമ്മ
ഉടനെ പറഞ്ഞല്ലൊ പാഉണ്ണൊറ്
തച്ചൊളി നല്ലൊമന കുഞ്ഞിയുതെന
നെയികയിട്ടു മുക്കാലൊ കുഞ്ഞിയൊതെന
ഉടനെ പറഞ്ഞല്ലെ കുഞ്ഞ്യുതെനൻ
മെലില് വരും നുമ്പും ഞാറായിച്ച
ഞാറായിച്ച നല്ല ദിവസത്തിന
നെയിക്കയിട്ടു മുക്കി തെളിഞ്ഞും കൊട്ടെ
തമ്മലിപ്പറഞ്ഞിപിരിഞ്ഞുംപൊയി
ഞാറായിച്ച നല്ല ദിവസത്തിന
നാലനാട്ടിലൊലയെഉതി ഒതെനൻ
നാല് നാട്ടിലുള്ളൊരു നായിമ്മാറും
ചീനം ബിട്ടിക്കൊയിലൊത്തങ്ങെത്തിയെക്കണം
ഞാറായ്ചബന്നും പുലന്നെയന്ന്
നാലനാട്ടിലുള്ളൊരു നായിമ്മാറും
ചീനം ബീട്ടക്കൊായിലൊത്തങ്ങെത്തിയൊറ്

മീത്തെലെടത്തക്കുങ്കി ബില്ലിയാരി
കടുമ്മയിപ്പൊരുന്ന ബില്ലിയാരി
ബില്ലിക്കക്കുങ്കമണവാളൻെറ
അവൻറുടെ വീട്ടി ചെല്ലുന്നല്ലെ
ചൊദിക്കുന്നന്നെരം കുഞ്ഞി കുങ്കൻ
മീത്തലെടത്തക്കുങ്കി ബില്ലിയാരി
എന്ത മുതലായി പൊന്നുഞ്ഞനെ
ഉടനെ പറയുന്നു ബില്ലിയാരി
കെട്ട തരിക്കണം കുഞ്ഞികുങ്ക
തച്ചൊളി ഒതെനമ്പറഞ്ഞതകെട്ടൊ
നിൻെറ അമരാതെ ഉണ്ടെനക്ക
എന്ന പറയുന്ന കുഞ്ഞുതെനൻ
നെയിക്കയി മുക്കി തെളിയുവാനും
കുഞ്ഞിക്കയി പൊള്ളൂല്ലെ കുഞ്ഞിക്കുങ്ക
അതിന വെതമ്പണ്ട നീ കുഞ്ഞനെ
പച്ചമരന്ന് കൊടുക്കുന്നൊനൊ
മുടിക്കെട്ടിൽവെച്ചും കയിമുക്കിക്കൊ
മരന്നും കൊണ്ടൊളിങ്ങ് പൊരുന്നല്ലെ
ചീനം ബീട്ടക്കൊയിലൊത്ത ചെല്ലുന്നല്ലെ
പറയുന്നുണ്ടന്നെരം ബില്ലിയാരി
കെട്ട് തരിക്കണം കുഞ്ഞിയമ്മൊമ്മ
നെയിക്കയി മുക്കട്ടെ ഞാനമ്മൊമ്മ
എണ്ണയുരുളിയും അടുപ്പത്താക്കി
എണ്ണക്ക തീയല്ലെ കത്തിക്കന്ന്
എണ്ണ പതച്ച മറിയുന്നെരം
പറയുന്നുണ്ടന്നെരം ബില്ലിയാരി
തച്ചൊളി നല്ലൊമനക്കുഞ്ഞ്യുതെന
നെയിക്കയി മുക്കട്ടെ ഞാനുതെന
അത്തിരെവെണ്ടു എൻെറ ബില്ലിയാരി
നെയിക്കയിമുക്കുന്ന ബില്ലിയാരി
നെയിക്കയ്മുക്കിത്തെളിഞ്ഞ് കുഞ്ഞൻ
ഉടനെ പറയുന്നു കുഞ്ഞിഒതെനൻ
ബില്ലിക്കക്കുങ്കമ്മണവാളൻെറ
പച്ചമരന്നിൻെറ വീരിയം ഇത്
മൌ [14] ചുട്ടെടുക്കണം ബില്ലിയാരി
മൌ ചുട്ടെടുക്കും ഞാങ്കുഞ്ഞി ഒതെന
മെലിൽ വരുന്നുമ്പും ഞാറായിച്ച
ഞാറായിച്ച നല്ല ദിവസത്തിന
മൌ ചുട്ടെടുക്കണം ബില്ലിയാരി
പിന്നെയും പറയുന്ന കുഞ്ഞ്യൊതെനൻ
കെട്ട തരിക്കണന്നായിമ്മാറെ

മെലിൽ വരുന്നുമ്പും ഞാറായിച്ച
ഞാറായിച്ച നല്ല ദിവസത്തിന്ന്
ചീനം ബിട്ട കൊയിലൊത്ത വന്ന്യെക്കണം
തമ്മലിപ്പറഞ്ഞ പിരിഞ്ഞും പൊയി
മെലിൽ വരുന്നുമ്പും ഞാറായിച്ച
ഞാറായ്ച നല്ല ദിവസത്തിന്ന്
ചീനം ബിട്ട കൊയിലൊത്ത പൊരുന്നല്ലെ
ചീനംബിട്ട കൊയിലൊത്ത ബന്നത്തിരെ
കണ്ണാലെ കണ്ടിന ബില്ലിയാരി
കടുമ്മയിപ്പൊരുന്ന ബില്ലിയാരി
ബില്ലിക്കക്കുങ്കമ്മണവാളൻെറ
അവൻറൂടെ ബീട്ടിന് ചെല്ലുന്നല്ലെ
വർത്താനം ചെന്ന പറയുന്നൊള്
ബില്ലിക്കക്കുങ്കമ്മണവാളൻെറ
പച്ചമരന്ന കൊടുക്കുന്നല്ലെ
മുടിക്കെട്ടിൽ വെച്ചിങ്ങെടുത്തൊ കുഞ്ഞനെ
മരന്നും കൊണ്ടൊളിങ്ങപൊരുന്നല്ലെ
ചീനം ബീട്ടി കൊയിലൊത്ത ചെല്ലുന്നല്ലെ
ചൊദിക്കുന്നന്നെരം ബില്ലിയാരി
തച്ചൊളി നല്ലൊമനക്കുഞ്ഞ്യുതെന
മെയ് ചുട്ടെടുക്കട്ടെ ഞാനൊതെന
അത്തിരെ ബെണ്ടു എൻെറ ബില്ലിയാരി
മെയ് ചുട്ടെടുക്കുന്ന ബില്ലിയാരി
എനിയെന്ത വെണ്ടെ്വൻെറ കുഞ്ഞിങ്ങതെന
ഉടനെ പറയുന്നു കുഞ്ഞുതെനൻ
ബില്ലിക്കക്കുങ്കമ്മണവാളൻെറ
പച്ചമരന്നിൻെറ വീരിയം ഇത
പെരിങ്ങളൊനാണ്ടപൊയ നീന്തണം
അതിന്നും മയക്കില്ല കുഞ്ഞ്യൊതെന
മെലില് വരുന്നുമ്പും ഞാറായിച്ച
ഞാറായിച്ച നല്ല ദിവസത്തിന്
പെരിങ്ങള്ളൊനാണ്ട പൊയ നീന്തണം
തമ്മലിപ്പറഞ്ഞ പിരിഞ്ഞും പൊന്ന്
ഞാറായിച്ച വന്നും പൊലരുന്നെരം
തച്ചൊളി ഒതെനനും നായിമ്മാറും
പൊയക്കലിന്നങ്ങനെ പൊരുന്നൊല്
തച്ചൊളിച്ച്യുപ്പാട്ട്യെളം പൈതലും [15]
എഴുപതിരുത്ത്യെളും കുഞ്ഞനുമാനെ
ഓളും പൊയക്കലെല്ലെ പൊരുന്നത്
മീത്തലെടത്ത കുങ്കി ബില്ലിയാരി
കടുമ്മയിപ്പൊരുന്ന് ബില്ലിയാരി

ബില്ലിക്കക്കുങ്കമ്മണവാളൻെറ
അവൻറുടെ ബീട്ടിന ചെല്ലുന്നല്ലെ
അവൻറുട ബീട്ടിന ചെല്ലൂഞ്ചീത
വറത്താനം ചെന്ന പറയുന്നല്ലെ
ബില്ലിക്കക്കുങ്കമ്മണവാളനൊ
പച്ചമരന്ന് കൊടുക്കുന്നല്ലെ
മുടിക്കെട്ടിൽ വെച്ചി നീ നീന്തൂഞ്ഞനെ [16]
മയ്യയിക്കുങ്കമ്പിടി മുതല
നിന്നെ മൊതലയൊട്ട കാണുകയില്ല
മരുന്നും മാങ്ങിപ്പെകം [17] പൊരുന്നൊള്
പൊരിങ്ങളെല്ലാനാണ്ട പൊയക്ക ചെന്ന്
പറയുന്നുണ്ടെന്നെരം ബില്ലിയാരി
തച്ചൊളി നല്ലൊമന കുഞ്ഞിയുതെന
പൊയ നീന്തി മൂന്നമറിവെക്കട്ടെ
അത്തിരെ വെണ്ടെ്വൻെറ ബില്ലിയാരി
പൊയ നീന്തി മൂന്നമറിവെച്ചോള്
എനി എന്ത വെണ്ടെ്വൻെറ കുഞ്ഞ്യുതെന
പറയുന്നുണ്ടന്നെരം കുഞ്ഞ്യുതെനൻ
ഒന്നും പറയെണ്ട ബില്ലിയാരി
ബില്ലിക്കക്കുങ്കമ്മണവാളൻെറ
പച്ചമരന്നിൻെറ വീരിയം ഇത്
മുടിക്കെട്ട കയിച്ചിററ്[18] നീന്ത്വ വെണം
കെട്ട തരിക്കെണം കുഞ്ഞ്യുതെന
മുടിക്കെട്ട കയച്ചി ഞാന്നീന്തണ്ടീക്കിൽ
തച്ചൊളിച്ച്യുണിച്ചിര നങ്ങിയാറ്
കുഞ്ഞനൂടി എൻെറാടി നീന്ത്വവെണം
ഉടനെ പറയുന്ന നങ്ങിയാറ്
തച്ചൊളി ഒതെയന നെരാങ്ങളെ
ഞാങ്കൂടി നീന്തട്ടെ നെരാങ്ങളെ
ഞാനൊരികുററം ചെയിതിനെങ്കിൽ
എന്നെയും മൊതല കൊണ്ടത്തിന്നും കൊട്ടെ
അത്തിരെ വെണ്ടെ്വൻെറ നെര് പെങ്ങളെ
കുഞ്ഞനും തററിങ്ങുടുക്കുന്നല്ലെ
മുടിക്കെട്ട കയിച്ചിററും നീന്തുന്നൊല്
പൊയ നീന്തി മൂന്നു മറിവെക്കുമ്മം
മീത്തലെടത്ത കുങ്കി ബില്ലിയാരി
കുങ്കിനയും കൊണ്ട മൊതല പൊയി
ഉരുളിയും കൊണ്ട ചൂയിപ്പും പൊയി
തച്ചൊളിച്ച്യൂണിച്ചിര നങ്ങിയാറ്
പൊയ നീന്തി മൂന്നു മറിയും വെച്ച്
തച്ചൊളി ഒതെനനുന്നായിമ്മാറും

ആർത്തു വിളിച്ചിററബരും പൊയി.
ചീനം ബീട്ടത്തങ്ങള് പാളന്നൊറ്
തലയിത്തുണിയിട്ടബറും പൊയി.

---

1. ചൊവ്വാദോഷം
2. ഈ വരി 'പറത്തൊണ്ടി' എന്നു വരെയെ ഉള്ളു ഫോട്ടോ പകർപ്പിൽ. അടുത്ത പേജ് ആരംഭിക്കുന്നത് 'ക്കത്തീറ്ന്നാരെ' എന്ന് ഒരു ശീലിൻെറ അവസാനഭാഗത്തോടെയും. ഇതിനിടയിൽ രണ്ടുമൂന്നു ശീലുകൾ ഉണ്ടാകാം.
3. കൂട്ടി + വലിപ്പിച്ചു അവർ
4. കപ്പൽ
5. ചേരണമെന്നും
6. താഴണമെന്നും
7. പകുക്കേണ്ടതിന്, ഭാഗിക്കേണ്ടതിന്
8. വെള്ളക്കുതിര
9. ശേഷിപ്പായി = ബാക്കിയായി
10. വാരി
11. ചൊവ്വ ഉണ്ട്
12. വാളവിൻെറ = വാഴുന്നോരുടെ
13. എഴുതാൻ എഴുത്തുപള്ളിയിൽ ചെന്നു കൊണ്ടാൽ
14. മഴു
15. ഉപ്പാട്ടി അല്ല, ഉണിച്ചിരയും ഇരുത്തികളുമാണ് പോരുന്നത് എന്ന് പിന്നീടുള്ള ഭാഗത്തുനിന്നു വ്യക്തമാകും.
16. നീന്തു + കുഞ്ഞനെ
17. വാങ്ങി + വേഗം
18. അഴിച്ചിട്ട്

# തെക്കതിരുനുമ്പ കുഞ്ഞിക്കണ്ണൻെറ പാട്ട്

തെക്കതിരുനുമ്പ (തിരുമുമ്പ) കുഞ്ഞിക്കണ്ണൻ
കക്കാടമ്മാറെ കളരിക്കന്ന്
കച്ചിലചിററിപ്പൊയിയുഞ്ചീത
പൊയിത്തും മടക്കിയൊറ ബന്നത്തിരെ
പറയുന്നുണ്ടൊമന കുഞ്ഞിക്കണ്ണൻ
തെക്കതിരുമുമ്പിപ്പെററൊരമ്മെ
കഞ്ഞ്യൂട വെച്ചെടുത്തുണ്ടൊ അമ്മെ
കഞ്ഞ്യൂടവെച്ചെടുത്തില്ല കണ്ണ
തെച്ച് കുളിച്ചിട്ടും ബാഎ കണ്ണ
കഞ്ഞി കടുമ്മയിലാളം കണ്ണ
തെക്കതിരുമുമ്പ കുഞ്ഞിക്കണ്ണൻ
എണ്ണവരണിപൊയി കെട്ടയിച്ച്
പിഞ്ഞാണക്കിണ്ണത്തിലെണ്ണയെടത്ത്
എണ്ണ നറച്ചങ്ങനെ തെച്ചി കണ്ണൻ
താളിത്തരിത്തട്ടിത്താളിയുമായി
പാക[1]മണിക്കമ്പിപ്പാകയും ആയി
തെച്ചികുളിക്ക്വാനും പൊരുന്നല്ലെ
ഞെറക്കുളങ്ങരപ്പൊരുന്നല്ലെ
താളിയുന്തെച്ചി തലയൊലുമ്പി
പാകയുന്തെച്ചി മെയി ഒതുക്കി
കടുമ്മയിത്തെച്ചി കുളിച്ചികണ്ണൻ
തെച്ചികുളിച്ചിററും പൊരുന്നല്ലെ
തെക്കെതിരുനുമ്പ(മുമ്പ്) പ്പന്ന [2] കണ്ണൻ
പറയുന്നുണ്ടന്നെരം പെററൊരമ്മ
കഞ്ഞികുടിച്ചൊളെ കുഞ്ഞിക്കണ്ണ
കഞ്ഞി തലത്ത്വൊണ്ടെലയുമിട്ട
കഞ്ഞിയും കൊണ്ട വിളമ്പന്നമ്മ
പൊമ്പൊലെ നല്തരം പച്ചക്കറി
നാല് തരം പച്ചക്കറി വിളമ്പി
മയവെള്ളം പൊലത്തുരുക്കു നെയ്യും

കണ്ണനുകൊണ്ടു വിളമ്പുന്നല്ലൊ
കൂടി കുയച്ച വാരിട്ടുണ്ണുന്നേരം
കല്ല കടിക്കുന്ന കുഞ്ഞിക്കണ്ണൻ
അച്ചോറു ആട ഉയിഞ്ഞി കണ്ണൻ
പിന്നെയും ഒരു പിടിച്ചോറു ബാരി
നെല്ല കടിക്കുന്ന് കുഞ്ഞിക്കണ്ണൻ
അച്ചോറു ആട ഉയിഞ്ഞി കണ്ണൻ
ചൊതിക്കുന്നന്നേരം കുഞ്ഞിക്കണ്ണൻ
തെക്കതിരുനുമ്പപ്പെറെറാരമ്മെ
എന്തൊരികഞ്ഞിയാന വെച്ചെതമ്മെ
കയിയും കുടഞ്ഞിങ്ങെയിയാക്കന്ന്
പറയുന്നുണ്ടന്നേരം പെറെറാരമ്മ
കെട്ടതരിക്കെണം കുഞ്ഞിക്കണ്ണ
എനിക്കിപ്പം നല്ലെ വയസ്സ്കാലം
അടിക്കലെലാറ് കാതം തൂരമായി
കൊരട്ട്ങ്കെരെക്കെട്ട് കാത ആയി
അരിയരിച്ചാക്കല്ല കയ്യ ഇല്ല
ഒരുത്തിക്കട്ത്തതകൊട്ക്കറൊ കണ്ണ
ഉടനെ പറയന്ന് കുഞ്ഞിക്കണ്ണൻ
ഞാനെന്ത വെണ്ടെ്വൻെറ പെറെറാരമ്മെ
ആള് പൊനെ നാട്ടിലെല്ലാളുംപോയി
ഓല പൊനെനാട്ടിലെല്ലൊലപൊയി
പെണ്ണശരിപുതം പൊന്നെടത്തിൽ
വീട ശരിപുതം പൊരാ അമ്മെ
വീടശരിപുതം പൊന്നെടുത്ത
പെണ്ണശരിപൊതം പൊരെൻറമ്മെ
ഉടനെപറയുന്ന് പെറെറാരമ്മ
തെക്ക തിരുനുമ്പ കുഞ്ഞികണ്ണ
നിൻെറ തൻെറയച്ചനും ഞാനും കൂടി
പയ്യഊര് മാമാതം കാമാമ്പൊയി [3]
മാമാതം കണ്ട മടക്കത്തിന്
തണ്ണിക്ക താകം പെരുതായിററ്
കുന്നമ്മലെ വീട്ടിക്കയിരിഞ്ഞാള്
തായിച്ചൊരു ബെള്ളമെരന്ന ഞാള്
കാച്ചിത്തണിഞ്ഞൊരു പാല് തന്ന്
ആടെയൊരിക്കുഞ്ഞനെ കണ്ടഞാള്
ഇനിക്കചരിപുതം പൊരും കണ്ണ
വീടും ചരിപൊതം പൊരും കണ്ണ
കാലം പതിററാണ്ടല്ലെറയായി
ഇനിക്കും വക പറഞ്ഞവെച്ചിന കണ്ണ
ഇനിക്കെന്ത പൊഅറൊ കുഞ്ഞിക്കണ്ണ

ഉടനെ പറഞ്ഞല്ലൊ കുഞ്ഞിക്കണ്ണൻ
പെണ്ണ്വാക്കി [5] പ്പൊകുന്ന് (പൊഅ്ന്ന) ഞാനെൻറമ്മെ
പിന്നെയും പറയുന്ന് കുഞ്ഞിക്കണ്ണൻ
തെക്കതിരുനുമ്പ് കുഞ്ഞിക്കേളു
ഞാമ്പൊയിററീട ബരുമ്പളെക്ക
അമ്മ ഇവിടെ മരിച്ചെങ്കിലും
തീക്ക [6] തിരുനെല്ലീ കൂട്ടിയെക്കണെ
തിരുനെല്ലീപ്പിണ്ണം മറിച്ച്യെക്കണെ
ഉടനെ പറയുന്നു പെറെറാരമ്മ
തെക്കതിരുനുമ്പിക്കുഞ്ഞിക്കണ്ണ
എന്തൊരനന്തറപ്പാട കണ്ണ
പെണ്ണ്വാക്കിപ്പൊയൊരിനായൊരൊന്നും
ഇല്ലം കണ്ടാരും മരിച്ചിററില്ല
ഉടനെ പറയുന്ന് കുഞ്ഞിക്കണ്ണൻ
വെഗം പൊയിവെകം വരുംഎൻറമ്മെ
തെക്കതിരുനുമ്പ കണ്ണനും ആന
കതിരൂക്കാടങ്കണ്ണഞ്ചങ്ങാതിയും
തൻെറ ഇടത്തും വലത്തുഉ ആയി
ചാത്തിര[7] പറഞ്ഞൊണ്ടും പൊരുന്നൊറ്
അന്നടത്താലെ നടക്കുന്നൊറ്
പകല നടന്ന പെയിലും കൊണ്ടു
രാവ് നടന്നവർ മഞ്ഞും കൊണ്ട്
തണ്ണിക്ക താകം പെരുതായിട്ട
പറയുന്നുണ്ടന്നെരം കുഞ്ഞിക്കണ്ണൻ
കതിരൂക്കാടങ്കണ്ണ പൊന്നചങ്ങാതി
തണ്ണിക്കതാഹം പെരുതെനക്ക്
ഉടനെ പറയിന്ന് പൊന്ന ചങ്ങാതി
കുന്നമ്മലെ ബീടീടയടുത്ത കണ്ണ
വെഗം കടുമ്മയിപ്പൂആമ്മള് [8]
അന്നടത്താലെ നടക്കുന്നൊറ്
കുന്നുമ്മലെ ബീട്ടിന്ന ചെല്ലുന്നല്ലെ
പടി കയറിപ്പടി തീരുന്നെരം
കുന്നുമ്മലൊമന കുഞ്ഞിക്കുമ്പ
പൂമന്തിരിയയും കൊണ്ടയിട്ട
കെരന്തക്കെട്ടൊല എടുത്തവെച്ചി
രാമായണം കത പാടുന്നൊള്
കണ്ണന കണ്ടിററ കാണാഉമ്മം
കെരന്തക്കെട്ടൊലയും പാരിക്കെട്ടി
കയിച്ചിട്ടെ ചൊലത്തലമുടിയൊട
കുഞ്ഞമ്പടിഞ്ഞാററയിപ്പൊരുന്നല്ലെ
നൊക്കിയൊരിനൊക്കലിലീണം ബീണ്

പറയുന്നുണ്ടന്നെരം  കുഞ്ഞിക്കണ്ണൻ
കുന്നമ്മലെ വീട്ടിലെ പെറെറാരമ്മെ
തായിച്ച വെള്ളം തരുഒ അമ്മെ
അത്തുരം കെട്ടുള്ള പെറെറാരമ്മ
വെള്ളൊടകിണ്ടി എടുക്കുന്നമ്മ
വെള്ളൊട്ട കിണ്ടീല് വെള്ളഉആയി
കണ്ണന്ന കൊണ്ട കൊടുക്കുന്നെരം
കുന്നുമ്മലൊമന കുഞ്ഞിക്കുമ്പ
കണ്ണാലെ കണ്ടിന കുഞ്ഞിക്കുമ്പ
കിണ്ടി പിടിച്ചങ്ങപററ്ന്നൊള്
പാലൂരികിണ്ടി പൊടിതൊടച്ചി
പാലൂരിക്കീണ്ടീലപ്പാലും പൊർന്ന്
ചവിട്ടീററൊരെയ മുടി പറിച്ചി
കിണ്ടീൻെറ വാലുമ്മച്ചൊറച്ചവള്
വെള്ളിത്തളിഅ പൊടിതൊടച്ച്
പൂവമ്പഴവുമ്മലര് പൊടിയും
വെള്ളത്തളിഅ നിറച്ച്വള്
അമ്മെൻെറലെല്ലെ കൊടുത്തുടന്ന്
കണ്ണനകൊണ്ടകൊടുക്കുന്നമ്മ
കിണ്ടീലെ വെള്ള എടുത്ത കണ്ണൻ
പായും കയ്യും സുകം വരുത്തി
പാലു എടുത്ത കുടിച്ചികണ്ണൻ
പാലു എടുത്ത കുടിക്കുന്നെരം
തൊണ്ടയിത്തലനാറ് ചൊറഞ്ഞകിട്ടി
തലന്നാറ് വലിച്ചിങ്ങെടുക്കുന്നല്ലെ
ചങ്ങാതീൻെറലെല്ലെ കൊടുക്കുന്നത്
തലന്നാറ തന്നെയളക്കെൻെറടൊ
മാറ് വെച്ചിട്ടങ്ങനെയളന്ന കണ്ണൻ
മാറിനു മുന്തും തലന്നാക്കൊടി
മുളം വെച്ചിററങ്ങനെയളക്കുന്നെരം
മൊളത്തിലും മുന്തും തലന്നാക്കൊടി
പറയുന്നുണ്ടന്നെരം കുഞ്ഞിക്കണ്ണൻ
തെക്കതിരുനുമ്പ കുഞ്ഞിക്കണ്ണ
നിനക്കചരിപുതം പൊരും കണ്ണ
ഉടനെ പറയുന്നു കുഞ്ഞിക്കണ്ണൻ
കുന്നുമ്മലൊമനപ്പെറെറാരമ്മെ
അരിവാങ്ങീററത്തായം വെച്ചിതരെണം
ഉടനെ പറയുന്ന പെറെറാരമ്മ
കീഅയിന്ന വന്നുള്ള നായിമ്മാറെ
ഞാനിന്നൊട്ടത്തായം വെക്കയില്ല
കുന്നുമ്മലൊമനക്കുമ്പ ഉഞ്ഞന്

കുഞ്ഞന കനകച്ചെറുപ്പം നാള്
പെരിമ്പടക്കൊയില വാണെ തമ്പുരാനൊ
കുന്നുമ്മലൊമന കുമ്പക്കുഞ്ഞന
കൂമ്പാള വീത്തും [9] പുടകൊടുത്ത്
തമ്പുരാനവസ്തയറിഞ്ഞെങ്കില്
പൊരയിലിട്ടെന്നച്ചുടു അവറ്
ഉടനെ പറയുന്ന കുഞ്ഞിക്കുമ്പ
കെട്ട തരിക്കെൻെറ പെറെറാരമ്മെ
അരിയിന്ന ബാങ്ങിയന പെറെറാരമ്മെ
ഉടനെ പറയുന്ന പെറെറാരമ്മ
ഊയി അറവൂല കുഞ്ഞികുമ്പെ
അറവൂലവാക്കെ പറയുന്നത്
നായരക്കത്തായം വെച്ചൊണ്ടാല്
പെരിമ്പടക്കൊയില വാണതമ്പുരാനൊ
പൊരയിലിട്ടിന്നച്ചുമടുഎമളെ
ഉടനെ പറയുന്ന കുഞ്ഞിക്കണ്ണൻ
കുന്നമ്മലൊമന പെറെറാരമ്മെ
ഇച്ചീമനി കൂട്ടിലുള്ള നാളിൽ
പൊരയിലിട്ടിങ്ങളച്ചുടുഅ ഇല്ല
ഉടനെ പറയുന്ന പെറെറാരമ്മ
കുന്നമ്മലൊമന കുഞ്ഞിക്കുമ്പെ
നിനിക്ക തെളിയട്ടെ പൊന്നമളെ
പാലുകൊടുത്തതും നാശമായി
ഉടനെ പറയുന്ന് കുഞ്ഞികുമ്പ
അതിന മയക്കില്ല പെറെറാരമ്മെ
കുന്നമ്മലൊമന കുഞ്ഞികുമ്പ
അത്തായം ചൊററിനരിയും ബാങ്ങി
ഏയായിനുറുങ്ങിയ പയയരികൊണ്ട്
തുമ്പപ്പൂപ്പൊലത്തെ ചൊറും വെച്ചി
നാലതരം പച്ചക്കറിയും വെച്ച്
പറയുന്നുണ്ടൊമന കുഞ്ഞികുമ്പ
കീഅയിന്ന ബന്നുള്ള നായിമ്മാറെ
അത്തായം ചൊറും ബെയിച്ചൊളിനെ
ഉടനെ പറയുന്ന കുഞ്ഞിക്കണ്ണൻ
കുന്നമ്മലൊമന കുഞ്ഞികുമ്പെ
ഉടുപ്പാൻ തരട്ടെ നിനക്ക ഞായൻ
ഉടനെ പറയുന്ന കുഞ്ഞിക്കുമ്പ
പെരിമ്പടക്കൊയില് വാണെ തമ്പുരാനൊ
പറത്താനം തമ്പുരാനറിയുന്നെരം
ഞാനൊ മുതലായിററാഉന്നത്
നിന്നെയത്തമ്പരാങ്കൊല്ലുംഉള്ളു

പൊരയിലെട്ടെന്നയുഞ്ചുടു അവറ്
അതിനമയക്കില്ല കുഞ്ഞിക്കുമ്പെ
ഇച്ചീമിന കൂട്ടിലുള്ള നാളിൽ
പൊരയിലിട്ടിന്നച്ചുടുഅയില്ല
ഉടുപ്പാന്തരെട്ടെടൊ ഞാൻ നിനക്ക
കീഅയിന്ന ബന്നുള്ളനായരെ കെക്ക
എനക്ക കനക്കത്തെളഞ്ഞിക്കിന
തമ്പുരാനറിഞ്ഞാലും കുററഉണ്ട്
കുന്നമ്മലൊമന കുഞ്ഞിക്കുമ്പ
ഉടുപ്പാനും തെപ്പാനും ബാങ്ങിയൊള്
കെട്ട തരിക്കണം എൻെറ പെന്തു
അത്തായം ചൊററ് പെയിച്ചൊളിനെ
തെക്കതിരുനുമ്പ കുഞ്ഞിക്കണ്ണൻ
കിണ്ടീല് വെള്ളം എടുത്ത കണ്ണൻ
ബായുകയിയും സൊകം വരുത്തി
പറയുന്നുണ്ടന്നെരം കുഞ്ഞിക്കണ്ണൻ
കതിരൂക്കാടങ്കണ്ണ പൊന്ന ചങ്ങാതി
അത്തായം ചൊററ പെയിക്ക്വമ്മള്
കണ്ണനും ബെള്ള എടുത്തത്തിരെ
അത്തായം ചെററിനിരുന്നബറ്
കുന്നമ്മലൊമന കുഞ്ഞിക്കുമ്പ •
അത്തായം ചൊററിനിലയുമിട്ട
അത്തായം കൊണ്ട വിളമ്പുന്നൊള്
നാല്തരം പച്ചക്കറി വെളമ്പി
മയവെള്ളംപൊലെത്തുരുക്ക നെയ്യും
രണ്ടാക്കും കൊണ്ട വിളമ്പിയൊള്
അത്തായം ചൊററ് ബെയിക്കുന്നല്ലെ
വെണ്ടുന്ന ചൊറും ബെയിച്ചവറ്
വെണ്ടാത ചൊററിന കയ്യും താത്തി
കയ്യും കുടഞ്ഞിങ്ങെയിയിറെററ്
കിണ്ടിയിലെ വെള്ളം എടുത്തവറ്
വായും കയ്യും സുഖം വരുത്തി
കുന്നമ്മലൊമനക്കുഞ്ഞിക്കുമ്പ
പടിഞ്ഞാററടിച്ചി പിരിക്കുന്നൊള്
നാനായികൊള്ളും നിലവിളക്ക
നാനായിയായക്കനെയ്യും പൊർന്ന്
പട്ടുകൊണ്ടെട്ട തിരിയുമിട്ട
പടിഞ്ഞാററയികൊണ്ടയാടക്കത്തിക്ക്ന്ന്
പറയുന്നുണ്ടൊമന കുഞ്ഞിക്കുമ്പ
തെക്കതിരുനുമ്പിലെൻെറ പെന്തു
കെടക്കയിപ്പൊയിക്കിടന്നൊളിനെ

കെടക്കിയിപ്പൊയികിടന്ന കണ്ണൻ
കുന്നമ്മലൊമന കുഞ്ഞികുമ്പ
പെത്തില[10] ചിരിട്ടി കൊടുത്തു കുഞ്ഞൻ
കുഞ്ഞനും ചൊറ് പെയിച്ചത്തിരെ
കെടക്കയിപ്പൊയി കെടന്ന് കുഞ്ഞൻ
അന്ന കുളിച്ചും ബെയിച്ചും കൂടി
അങ്ങനെ ആട ഇരിക്കുന്നെരം
പെരിമ്പടകൊയില് വാണെ തമ്പുരാനൊ
വറത്താനം[11] കെട്ടിനത്തമ്പുരാനൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
തട്ടാരങ്കാണാര കാരിയക്കാര
വറത്താനം കെട്ടെ നീ കാരിയക്കാര
കീഅയിന്നൊരി നായര പന്നൊണ്ടിററ് [12]
കുന്നമ്മലൊമനക്കുമ്പ ഉഞ്ഞന
ഉടുപ്പാനും തെപ്പാനും കൊടുത്തുപൊലും
കടുമ്മയിപ്പൊകണം കാരിയക്കാര
വർത്താനം ചെന്നിട്ടറിയവെണം
കീഅയിന്ന വന്നുള്ള നായരയാന
ചട്ടം മറിച്ചെട്ടിക്കെണ്ടെ്വാരണം
ഇരിപത്ത് രണ്ടെട്ടണ്ണം നായിമ്മാറിൽ
ഇനിക്കൊത്ത നായരകൂട്ടിക്കൊളെ
ആയിതക്കൊപ്പൊടെ പൊയിക്കൊളിൻ
അത്തുരം വാക്ക് കെട്ടെ കാരിക്കാരൻ
ഇരിപത്ത്രണ്ടെട്ടണ്ണം നായരെയാന
തനക്കൊത്തെ നായരെ കൂട്ടുന്നെല്ലെ
ആയിതകൊപ്പൊടെ പൊരുന്നൊറ്
അന്നടത്താലെ നടക്കുന്നൊറ്
വെഗം കടുമ്മയിപൊരുന്നല്ലെ
കുന്നമ്മെലെ വീട്ടിന്ന ചെല്ലുന്നൊറ്
കുന്നമ്മലൊമനക്കുമ്പ ഉഞ്ഞനും
തെക്കതിരുനുമ്പ കണ്ണനു ആന
ഒപ്പരം ചൂതകളിക്കുന്നൊറ്
കണ്ണാലെ കണ്ടിന കുഞ്ഞിക്കുമ്പ
നായിമാറ് വരുന്ന വരവും കണ്ട
പറയുന്നുണ്ടന്നെരം കുഞ്ഞിക്കുമ്പ
കണ്ടിനൊ കണ്ടിന നിങ്ങൾ ബന്തു
പെരിമ്പടകൊയിലവാണെ തമ്പുരാൻെറ
നായരവരുന്ന വരവ കണ്ടൊ
അനങ്ങല്ലനങ്ങല്ല കുഞ്ഞി കുമ്പെ
ചൂതിൻെറ മൂന്ന്ന്നെയിയിറെറങ്കിൽ [13]
എൻെറ ഉറുമ്മിക്കെരയാക്കും ഞാൻ

പറയുന്നുണ്ടൊമന കുഞ്ഞിക്കണ്ണൻ
കതിരൂക്കാടങ്കണ്ണ പൊന്നചങ്ങതി
പടിക്കലും ചെന്നാട നിക്ക് കണ്ണ
പെരിമ്പടകൊയില വാണെ തമ്പുരാൻെറ
മൂന്നായിക്കാറ നല്ലെ നായിമ്മാറ്
പടിക്കൊണിയിങ്ങ് കയററിയെക്കല്ല
അത്തുരം കെട്ടുള്ള കുഞ്ഞികണ്ണൻ
പാഞ്ഞി പടിക്കലും പൊരുന്നെല്ലെ
പടിക്കലും വന്നാട നിന്ന കണ്ണൻ
നായിമ്മാറ് വന്നിററ്ങ്ങീടടുത്ത്
ചൊതിക്ക്ന്നന്നെരം കുഞ്ഞിക്കണ്ണൻ
നിങ്ങളെവിട്ന്ന് നായിമ്മാറെ
എന്തിന്നവന്നിങ്ങള് നായിമ്മാറെ
കെട്ട തരിക്കെണന്നായരെയെന്നും
പെരിമ്പട കൊയിലവാണ തമ്പുരായൻ
ഞാളൊട്രുളി ചെയ്തൂട്ടിന്ന
കടമ്മയി കൂട്ടി നിന്നെ കൊണ്ട ചെല്വാനും
ബിളിച്ചിററ് ഞാളൊടി പൊന്നില്ലെങ്കിൽ
ചട്ട്വം മറിച്ചകെട്ടികൊണ്ട ചെല്വാനും
ഞാളൊടരുളിചെയ്തൂട്ടിന്ന
ഉടനെ പറഞ്ഞല്ലോ കുഞ്ഞികണ്ണൻ
കെട്ട തരിക്കെണം നായിമ്മാറെ
ചട്ട്വം മറിച്ചെന്ന കെട്ടെണ്ടല്ലൊ
ഞാനെപയിവരുന്നുണ്ടല്ലോ
നിങ്ങള് നടക്കിനെ നായിമ്മാറെ
പറഞ്ഞത കെട്ടില്ല നായിമ്മാറ്
കണ്ണനെച്ചെന്നു വളഞ്ഞവറ്
അത്തുരം കണ്ടുള്ള കുഞ്ഞികണ്ണൻ
തൻെറ ഇടത്തുഉ വലത്തുഉ ആയി
നെലയിന്നൊരന്തമറിഞ്ഞ കണ്ണൻ
ഇരിപത്ത് രണ്ടണ്ണം നായിമ്മാറ്
നയപ്പത്തനാലകണ്ടം പൊക്കി കണ്ണൻ
തട്ടാരങ്കാണാരൻ കാരിയക്കാരൻ
കാരിയക്കാരനെത്തന്നെല്ലാഅ്ന്നത്
ചട്ട്വം മറിച്ചി പിടിച്ചി കെട്ടി
പടിക്കൊണിയൊടും കൂട്ടികെട്ടി കണ്ണൻ
അങ്ങനെ ആട ഇരിക്കുന്നെരം
പെരിമ്പടകൊയില ബണെതമ്പുരാനൊ
വറത്താനം കെട്ടിന്ന തമ്പുരായൻ
അരുളിചെയ്തന്നെരം തമ്പുരാനൊ
മടപ്പെള്ളിത്തങ്ങള് കാരിയക്കാര

വറത്താനം കെട്ടൊ നീ കാരിയക്കാര
കീഅയിന്നൊരിനായര വന്നൊണ്ടിററ്
കുന്നമ്മലൊമന കുമ്പ ഉഞ്ഞന
ഉടുപ്പാനും തെപ്പാനും കൊടുത്തുപൊലും
തട്ടാരങ്കാണാരക്കാരിയക്കാരൻ
ഇരിപത്തിരണ്ടെണ്ണം നായിമാരെയും
വറത്താന അറിയാനയച്ചിന ഞാനെ
കീഅയിന്ന വന്നൊരി നായരാന്ന
ഇരിപത്ത് രണ്ടിനെയും കൊന്നുപൊലും
തട്ടാരങ്കാണാരങ്കാരിയക്കാരൻ
ചട്ട്വമറിച്ച ഓനെ കെട്ടിനപൊലും
പടികൊണിയൊടും കൂട്ടി കെട്ടിപ്പൊലും
കുന്നമ്മലൊമന കുഞ്ഞികുമ്പ
അത്തായം ബാരികൊടുത്തിന പൊലും
പെരിമ്പടകൊയില് വാണെ തമ്പുരാനോ
തിരുമുഖം വടിന തമ്പുരാന
തിരുകണ്ണും ചൊര കലങ്ങീക്കിന
നീരാട്ടപള്ളി കയിയ്ന്നില്ല
അമരെത്ത പക്കം കയിയ്ന്നില്ല
അരുളിചെയ്തന്നെരം തമ്പുരാനൊ
മടപ്പള്ളിത്തങ്ങള് കാരിയക്കാര
അഞ്ഞൂറകമ്പടിച്ചൊററുകാറെ
നമ്മളെ കല്ലറിയിന്നാഅ്ന്നത്
ആയിതകൊപ്പൊക്കെടുത്തൊളീനെ
വെഗങ്കടുമ്മയിക്കാരിയക്കാര
കുന്നമ്മലെ വീട്ടിന പൊകവെണം
നായരെ കൂട്ടി ഈട[14]കൊണ്ടെവ്വാരണം
കെട്ടുആന്നായരക്കിട്ടില്ലെങ്കിൽ
നായര പെടിവെച്ചകൊന്നൂടിനെ
കടുമ്മയിപ്പൊഅണം കാരിയക്കാര
അത്തുരം കെട്ടുള്ള കാരിയക്കാരൻ
ആയിതകൊപ്പൊടെ പൊരുന്നൊറ്
അന്നടത്താലെ നടന്നൂട്ടിററ
കുന്നമ്മലെ വീട്ടിന പൊരുന്നൊറ്
കുന്നുമ്മലെ വീട്ടിന ചെല്ലുന്നെരം
തെക്കതിരുനുമ്പ കണ്ണനു ആനെ
കുന്നമ്മലൊമന കുമ്പ ഉഞ്ഞനും
ഒപ്പരം കുഞ്ഞികുടിക്കുന്നൊറ്
കണ്ണാലെ കണ്ടിന കുഞ്ഞികുമ്പ
കണ്ടിനൊ കണ്ടിനൊ നിങ്ങള് ബന്തു
പെരിമ്പടകൊയിലുവാണ തമ്പുരാൻെറ

പട്ടാള ഉണ്ട വരുന്നങ്ങന്ന്
പണ്ടു പറഞ്ഞില്ലെ ഞാനൊ ബന്തു
ഞാനൊ മുതലായിററാഉന്നത്
നിങ്ങളയത്തമ്പുരാങ്കൊല്ലുമെന്ന്
നിങ്ങളെയത്തമ്പുരാങ്കൊല്ലുന്നത്
ഞാനെൻറ കണ്ണകൊണ്ട കാണുഅ പെണ്ട
പെലക്കിയ നിങ്ങള് കെട്ടീല്ലലൊ
ഉടനെ പറയുന്നു കുഞ്ഞിക്കണ്ണൻ
കുന്നുമ്മലൊമന കുഞ്ഞികുമ്പെ
കഞ്ഞിൻെറ മുമ്പ്ന്നെയിയീറെറങ്കിൽ
എൻെറ ഉറുമ്മിക്കെരയാക്കുവൻ
വിളിച്ചപറയുന്ന കുഞ്ഞികണ്ണൻ
കതിരൂക്കാടെങ്കണ്ണ പൊന്നചങ്ങാതി
പാഞ്ഞിപടിക്കലും ചെല്ലകണ്ണ
പെരിമ്പടകൊയില് വാണതമ്പുരാൻെറ
അഞ്ഞൂറകമ്പടി ചൊററുകാറ്
പടിക്കൊണിയിങ്ങ് കയററിയക്കല്ല
കഞ്ഞികുടിച്ചിട്ടു ഞാബെരട്ടെ
അത്തുരം ബാക്കെട്ട കുഞ്ഞിക്കണ്ണൻ
തൻെറ ഉറുമ്മിയും പരിശയുമായി
പടിക്കലുവന്നാട നിന്ന് കണ്ണൻ
തെക്കതിരുനുമ്പ കുഞ്ഞിക്കണ്ണൻ
കടുമ്മയികഞ്ഞികയിഞ്ഞി കണ്ണൻ
പായും കയ്യും സുഗം വരുത്തി[15]
ഒരി തീനൻ വെററില തീനും തിന്ന്
തൻെറ ഇടത്തുഉ വലത്തുഉആയി
പാഞ്ഞിപടിക്കലും പൊരുന്നല്ലെ
പടിക്കലും വന്നാട നിന്ന് കണ്ണൻ
പറയിന്നണ്ടന്നെരം കുഞ്ഞിക്കണ്ണൻ
കതിരൂക്കാടങ്കണ്ണപ്പൊന്ന ചങ്ങാതി
പെരിമ്പടകൊയില് വാണെ തമ്പുരാൻെറ
പട്ടാളമുണ്ടങ്ങന്ന് വരുന്ന
പടിക്കൊണിയിങ്ങ കയററിയെക്കറ്
നമ്മളപ്പാളയത്തിൽ കിഴിഞ്ഞൊണ്ടാല്
താന്താന താന്താറ്[16] ചരയിക്കെണ
എന്നെ വിട്ടെങ്ങും നീ പൊയ്യെക്കല്ലെ
പറഞ്ഞാട വായിലായി ചെരുമുന്നെ
പെരിമ്പടക്കൊയില് വാണെ തമ്പുരാൻെറ
പട്ടാളം വന്നിററ്ങ്ങീടടുത്ത്
ചൊദിക്കുന്നന്നെര കുഞ്ഞികണ്ണൻ
എന്തിന വന്നിങ്ങള് നായിമ്മാറെ

എവിടെന്ന വന്നിങ്ങള് നായിമ്മാറെ
മടപ്പള്ളിത്തങ്ങള് കാരിയക്കാരൻ
പറയുന്ന്ണ്ടന്നെരം കാരിയക്കാരൻ
കെട്ട തരിക്കെണം നായരെ എന്നും
പെരിമ്പടക്കൊയില വാണ തമ്പുരാനൊ
ഞാളൊടരുളി ചെയ്തുട്ടിന്ന
കടമ്മയികൂട്ടി നിന്നെക്കൊണ്ട ചെല്ല്വാനും
ഉടനെ പറയുന്ന കുഞ്ഞിക്കണ്ണൻ
നിങ്ങള് നടക്കീനെ നായിമ്മാറെ
ഞാനൊ വയിയെ വരുന്നുണ്ടല്ലെ
പറഞ്ഞത കെട്ടില്ല നായിമ്മാറ്
പറയുന്നുണ്ട്ന്നെരം കാരിയക്കാരൻ
കീഅയിന്നവന്നുള്ള നായരെ കെക്ക്
വിളിച്ചിററ ഞാളൊടിപ്പൊന്നില്ലെങ്കിൽ
ചട്ട്യം മറിച്ചിന്നകെട്ടും ഞാള്
ഉടനെ പറയുന്ന കുഞ്ഞിക്കണ്ണൻ
കെട്ട തരിക്കെണം കാരിയക്കാര
ചട്ടുഅം മറിച്ചെന്നക്കെട്ടണ്ടാലൊ
നിങ്ങള് നടക്കീനെ നായിമ്മാറെ
ഞാനോ പയിയെ[17] വരുന്നുണ്ടല്ലൊ
പറഞ്ഞത് കെട്ടില്ല നായിമ്മാറ്
കണ്ണന്ന്ച്ചെന്നു വളഞ്ഞവറ്
കണ്ണാലെ കണ്ടിന കുഞ്ഞിക്കണ്ണൻ
തെക്കതിരുനുമ്പ കണ്ണനുമാനെ
കതിരൂക്കാടങ്കണ്ണഞ്ചങ്ങാതിയും
തൻെറ എടത്തുഌം വലത്തുഌ ആയി
പാളിയത്തീത്തുള്ളിപ്പീണവറ്[18]
ആഉന്ന പൊര് ചെയിതവറ്
മരിക്കുന്ന നായരു മരിച്ചും പൊയി
പായുന്നെ നായരൊക്കപ്പാഞ്ഞും പൊയി
പെരിമ്പടക്കൊയില് വാണെ തമ്പുരാനൊ
തമ്പുരാനൊടും തന്നെല്ലാഉന്നത്
മടപ്പള്ളിത്തങ്ങള് കാരിയക്കാരൻ
വറത്താനം ചെന്ന പറയുന്നല്ലെ
അത്തുരം വാക്ക്കെട്ട തമ്പുരാനൊ
തിരുമുകം പ്പാടിയല്ലൊ തമ്പുരാന്
തിരുക്കണ്ണും ചൊരകലങ്ങീക്കിന
നീരാട്ടു പള്ളി കയിയിന്നില്ല
അമരെത്ത പക്കം കയിയിന്നില്ല
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
മടപ്പള്ളിത്തങ്ങള് കാരിയക്കാര

എന്താന വെണ്ടെന്വൻെറ കാരിയക്കാര
കീഅയിന്നവന്നുള്ള നായരക്ക്
തിരുവെഅ്ത്തൊല കൊടുത്തൂടണം
നാളെത്തയിപ്പുല്ല പുലരുന്നെരം
പത്തായക്കുന്നിന നായിടെണം
നായാട്ടിനായിട്ടൊം വന്നൊണ്ടാല്
പത്തായക്കുന്നമ്മക്കുങ്കമ്പന്നി
കുന്നുള്ളന്നുള്ളൊരു കുങ്കമ്പന്നി
പന്നിയൊടാരും ചെരുപ്പൊരില്ല
പണ്ടും പലരെ ചതിച്ച പന്നി
തിരുവെഅ്ത്തൊല കൊടുത്തൂടിനെ
പിന്നെയും കെക്കണം കാരിയക്കാര
നാളെത്തെ പുല്ല പുലരുന്നെരം
പത്തായക്കുന്നിന നായിടെണം
പടക്കൊപ്പ നല്ലൊണം കൂട്ടിക്കൊളെ
തിരുവെഅ്ത്തൊല (എഴുത്തോല) എളതുന്നല്ലെ
നായിമ്മാറെലൊ കൊടുത്തയച്ചി
തിരുവെഅ്ത്തും കൊണ്ട പൊരുന്നൊല്
കുന്നമ്മലെ വീട്ടിന്ന ചൊല്ലുന്നൊറ്
തെക്ക തിരുനുമ്പ കണ്ണൻെറല്
തിരുവെഅ്ത്തൊല കൊടുത്തവറ്
തൊഅ്ത് (തൊഴുത) തിരുവെഴുത്ത് ബാങ്ങി ക്കണ്ണൻ
ഓല തിരുച്ചും മറിച്ചും നൊക്കി
ഓലയിലെ വായകം (വാചകം) കണ്ട കണ്ണൻ
പറയ്ന്ന്ണ്ടൊമന കുഞ്ഞിക്കണ്ണൻ
നിങ്ങള് പൊയിനെ നായിമ്മാറെ
നാളെത്തയിപ്പുല്ല പുലരുന്നെരം
പത്തായക്കുന്നിനങ്ങെത്തും ഞാനെ
കടുമ്മയിപ്പൊരുന്ന്നായിമ്മാറ്
പറയുന്നുണ്ടൊമനക്കുഞ്ഞിക്കണ്ണൻ
കുന്നമ്മലൊമനക്കുഞ്ഞികുമ്പെ
പെരിമ്പടക്കൊയില് വാണെ തമ്പുരാനൊ
എനക്ക് തിരുവെഅ്ത്തെഅ്തീക്കിന്
നാളെത്തയിപ്പുല്ല പുലരുന്നെരം
പത്തായക്കുന്നിന നായിട്ന്ന്
നായാട്ടിനായിററ് ചെല്ലുആനും
നാളെത്തയിപ്പുല്ല പുലരുന്നെരം
കഞ്ഞി കടുമ്മയിൽ വെപ്പച്ചൊളണം
നായാട്ടിനായിട്ട പൊകവെണം
പറയുന്നുണ്ടന്നെരം കുഞ്ഞിക്കുമ്പ
തെക്ക് തിരുനുമ്പിലെൻെറ ബന്തു

പണ്ടും പറഞ്ഞല്ലെ ഞാനൊ ബന്തു
ഞാനൊ മുതലായിററാൻ്റന്നത്
നിങ്ങളെ തമ്പുരാങ്കെല്ല്വ ഉള്ളു
വറത്താനം കെക്കണൊ നിങ്ങക്കാന്
പത്തായകുന്നുമ്മ കുങ്കമ്പന്നി
കുന്നുള്ളന്നുള്ളൊരു കുങ്കൻപന്നി
പണ്ടും പലറച്ചതിച്ച പന്നി
പന്നിയൊടാരുഞ്ചെറുപ്പൊറില്ല
ഇങ്ങള് പൊഅണ്ട എൻെറ ബന്തു
ഉടനെ പറയുന്ന കുഞ്ഞിക്കണ്ണൻ
കുന്നമ്മലൊമന കുഞ്ഞികുമ്പെ
രാജാവകലിപ്പന വന്നൊണ്ടാല്
കെട്ടൊരി കെളിക്ക പൊകവെണ്ടെ
കെട്ടൊരികെളിക്ക പൊയില്ലെങ്കിൽ
കെട്ടാക്കിരിച്ചി കെടില്ലെ കുമ്പെ
നാളെത്തയിപ്പുല്ല പുലരുന്നെരം
നായാട്ടിനായിട്ടും പൊന്ന് ഞാനെ
കഞ്ഞി കടുമ്മയിപ്പെച്ചൊളണെ
അന്നു കുളിച്ചും ബെയിച്ചും കൂടി
പിറെറന്നാപ്പുല്ല പുലരുന്നെരം
കഞ്ഞികടുമ്മയിപ്പെച്ചവള്
കടുമ്മയി കഞ്ഞികയിഞ്ഞവറ്
പറയുന്നുണ്ടൊമന കുഞ്ഞിക്കണ്ണൻ
കുന്നുമ്മലൊമന കുഞ്ഞിക്കുമ്പെ
നായാട്ടിനാന് കുഞ്ഞ ഞാമ്പൊഅ്ന്ന്
പാക്കിയം ബിതിയെനക്ക് കൂടിയെങ്കില്
എറച്ചി ഇതത്തിപ്പരട്ടാമ്മക്ക്
ഞാനൊ ബരുമ്പളെക്കാനക്കുഞ്ഞ
രണ്ടൊളം തെങ്ങയരച്ചിവെക്ക്
രണ്ടൊളം തെങ്ങയിന്ന പീഞ്ഞിവെക്ക്
അത്തുരം വാക്ക് പറഞ്ഞ കണ്ണൻ
ഒരു തീനൽ വെത്തില തീനും തിന്ന്
ചാത്തിര പറഞ്ഞൊണ്ടും പൊരുന്നെറ്
അന്നടത്താലെ നടന്നവറ്
അത്തറയക്കുന്നിന ചെന്നവറ്
കണ്ണാലെ കണ്ടിന തമ്പുരാനൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
മടപ്പള്ളിത്തങ്ങള് കാരിയക്കാര
കീഅയിന്ന ബന്നുള്ള നായരെയാന്
ചന്നണമരകൂട്ടപ്പൊയ്യയില്
പൊയ്യയിക്കൊണ്ട് പൊയി നിപ്പീക്കെണം

പത്തായ കുന്നിന നായിട്ടാല്
കുങ്കന്തടത്ത്ന്നിള[19] കിയാല്
പണ്ണത്താകുണ്ട്ന്ന നീര ഏററ്
പണ്ണത്താങ്കല്ലാടും തെററ ഉന്തി
ചന്നണമരകൂട്ടപ്പൊയ്യയില്
നായരെപ്പന്നിയങ്ങനെ കാണുന്നെരം
നായരപ്പന്നി വെട്ടിക്കൊല്ലു ആയിക്കും
അത്തുരം വാക്ക്കെട്ട കാരിയക്കാരൻ
നായര കൂടിയല്ലെ കൊണ്ട്പൊര്ന്ന്
പൊയ്യയിക്കൊണ്ട് പൊയി നിപ്പിക്കുന്ന്
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
അഞ്ഞൂറകമ്പടിച്ചൊററ്കാറെ
കുന്നിനുനായി കയിച്ചൂടിനെ
നായാട്ടകൂക്കി കൊടുത്തൂടിനെ
നറച്ചെവെടി എല്ലം വെച്ചൂടിനെ
കുന്നിന നായികയിക്ക്ന്നൊറ്
നറച്ച വെടിം എല്ലം വെക്കുന്നൊറ്
നായാട്ടകൂക്കികൊടുക്കുന്നൊറ്
കുങ്കന്തടത്ത്ന്നെളഅ്ന്നല്ലെ
തെക്ക തിരുനുമ്പ കുഞ്ഞിക്കണ്ണൻ
വിളിച്ചി പറയുന്ന് കുഞ്ഞിക്കണ്ണൻ
കതിരൂക്കാടങ്കണ്ണ പൊന്നചങ്ങാതി
കുങ്കന്തടത്ത്ന്നെളയി കണ്ണ
ഏർന്നെ മരങ്കയരികൂടിക്കൊളെ
എന്നെയപ്പന്നി വെട്ടിക്കൊന്നെങ്കിലും
പന്നീന ഞാം ബെട്ടിക്കൊന്നെങ്കിലും
മരത്തമ്മന്നും തായക്കീഞ്ഞൊക്കല്ല
അങ്ങനെ പറഞ്ഞാട നിക്കുന്നെരം
കുങ്കന്തടത്ത്ന്നെളഉന്നല്ലെ
പണ്ണത്താങ്കുണ്ടന്ന് നീരും ഏററ്
പണ്ണാത്താങ്കല്ലൊടും തെററ ഉന്തി
ചന്നണമരക്കൂട്ട പൊയ്യയിന്ന്
പൊയ്യയിലങ്ങനെ ചാടുന്നെരം
കണ്ണനക്കണ്ണാലെ കണ്ടപന്നി
കണ്ണന്നക്കൊള്ളയട്ത്തപന്നി
പന്നിയൊട കൊണ്ടപ്പൊയിത കണ്ണൻ
വിളിച്ചിപറയുന്ന് കുഞ്ഞിക്കണ്ണൻ
കതിരൂക്കാടങ്കണ്ണപൊന്നചങ്ങാതി
കെട്ടതരിക്കെണം പൊന്നചങ്ങാതി
മെയിയും കയിയും തളർന്നെനക്ക്
പന്നിയൊടൊട്ടും കുത ഇല്ലലൊ

കുഞ്ഞിക്കയിതാളം മറിഞ്ഞെനക്ക്
എന്തെല്ലാം വെണ്ടുവൻെറ കുഞ്ഞിക്കണ്ണ
ഉടനെ വിളിച്ചിപറഞ്ഞി കണ്ണൻ
എന്തെല്ലം വിത്തിയയെടുത്ത് കണ്ണ
ഉടനെ വിളിച്ചി പറഞ്ഞി കണ്ണൻ
ഞാനൊ പഠിച്ചുള്ള വിത്ത്യൊക്കയും
പന്നിയൊട കൊണ്ടപ്പൊയിത ഞാനെ
പന്നിയൊടൊട്ടും കുത ഇല്ലെലൊ
ഉടനെ വിളിച്ചി പറഞ്ഞികണ്ണൻ
പൂയിക്കടക മറിഞ്ഞൊ കണ്ണ
ഉടനെ വിളിച്ചി പറഞ്ഞി കണ്ണൻ
എന്നാണെ നിന്നാണെ പൊന്നചങ്ങാതി
*അപ്പത്തിയ എന്നൊട മറന്നീക്കിന്
പൂയിക്കടക മറിഞ്ഞി കണ്ണൻ
പന്നിനെയും വെട്ടിക്കൊന്ന കണ്ണൻ
ചൊതിക്കുന്ന്നെരം കുഞ്ഞിക്കണ്ണൻ
മടപ്പള്ളിത്തങ്ങള് കാരിയക്കാര
നിങ്ങളെ ഉറുപ്പള്ളിപ്പന്നിവീണാല്
പന്നീനക്കൊന്നുള്ള നായറക്ക്
മരിയാതി എന്താന കാരിയക്കാര
ഉടനെ പറയുന്നക്കാര്യക്കാരൻ
ഞാളെ ഉറുപ്പള്ളിപ്പന്നി വീണാല്
പന്നീനക്കൊന്നുള്ള നായരക്ക്
കയ്യും തലയും കൊടുക്കും ഞാള്
ഉടനെ പറയുന്ന കുഞ്ഞിക്കണ്ണൻ
മരിയാതി ഞാനൊ കൊടുത്തുടാലൊ
പന്നീനെടുപ്പിച്ച കൊണ്ടെവാരുന്ന്
കുന്നമ്മലെ വീട്ടിന്നും കൊണ്ടുപൊയി
പടിക്കന്നും പന്നീന വെട്ടിയൊറ്
കുണ്ടിയും കുടലും എടുത്ത് കണ്ണൻ
കുന്നിയാലെപ്പട്ടിപ്പൊതിഞ്ഞ കണ്ണൻ
നാലൊളം നല്ലൊരിനായിമ്മാറ്
നായിമ്മറ ഇങ്ങ് വിളിച്ചി കണ്ണൻ
നായിമ്മാറെലങ്ങ് കൊടുത്ത കണ്ണൻ
കെട്ട തരിക്കെണം നായിമ്മാറെ
പെരിമ്പടക്കൊയിലൊത്ത് കൊണ്ട പൊകെണം
പെരിമ്പടകൊയില് വാണെ തമ്പുരാന്
തിരുവുക്കായിച്ച കൊണ്ട വെച്ച്യെക്കെണം
കടുമ്മയിപ്പൊരുന്ന നായിമ്മാറ്

* ആ + വിദ്യ

എഅ്ന്നള്ളിയ മുമ്പാക ചെല്ലുന്നൊറ്
തിരുവുക്കായിച്ച കൊണ്ട വെച്ചവറ്
കണ്ണാലെ കണ്ടിന തമ്പുരാനൊ
തിരുമുകം വാടുന്ന തമ്പുരാനൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
കെട്ട തരിക്കെണം കാരിയക്കാര
കീഅയിന്നവന്നുള്ള നായരാണ്
മരിയാതിക്കെട ചെയ്തത്കണ്ടൊ
പാലയിലരചിയും ഞാനും കൂടി
പന്തരണ്ട കൊല്ലം പടവെട്ടീററ്
ചരം കുത്തുവാന്നെലം കിട്ടീററില്ല
ഇങ്ങനെ ഓറും ചെയ്തീട്ടില്ല
എന്തെല്ലാം വെണ്ട്വാൻെറ കാരിയക്കാര
കുന്നമ്മലൊമനക്കുമ്പ ഉഞ്ഞന
തിരുഎഉത്തൊലയൊന്നെഉതഅവെണം
നീയൊ മുതലായിററാന കുമ്പെ
നീരാട്ടപള്ളി കയിയാറില്ല
അമരത്ത് പക്കം കയിയാറില്ല
എന്ന തിരുവെഅ്ത്തെഉത്ന്നല്ലെ
നായിമ്മാറെലൊല കൊടുക്കുന്നല്ലെ
അരുളിച്ചെയ്തന്നെരം തമ്പുരായൻ
കെട്ട തരിക്കെണം നായിമ്മാറെ
കുന്നമ്മലെ വീട്ടിന്നകൊണ്ട പൊകണം
കുന്നമ്മലെ വീട്ടിന് കൊണ്ട്വായിററ്
കുന്നമ്മലൊമന കുഞ്ഞികുമ്പ
കുഞ്ഞൻെറക്കൊണ്ട കൊടുത്ത്യെക്കണം
തൊഅ്ത് തിരുവെഴുത്ത് വാങ്ങിയൊറ്
അന്നടത്താലെ നടക്കുന്നൊറ്
കുന്നമ്മലെ വീട്ടിന്ന ചെല്ലുന്നൊറ്
കുന്നമ്മലൊമനക്കുമ്പക്കുഞ്ഞൻ
കുഞ്ഞൻെറയിക്കൊണ്ടക്കൊടുക്കുന്നൊല്
തൊഅ്ത തിരുവെഅ്ത്ത് വാങ്ങിയൊള്
ഓലയിലെ വായന കാണുന്നെരം
പൊട്ടിക്കരയുന്ന് കുഞ്ഞന്താനൊ
ചൊതിക്കുന്നന്നെരം കുഞ്ഞിക്കണ്ണൻ
എന്തിന കരയുന്ന് നീ കുഞ്ഞനെ
പറയുന്നുണ്ടന്നെരം കുഞ്ഞിക്കുമ്പ
കെട്ട തരിക്കെണ നിങ്ങൾ ബന്തു
നിങ്ങൾ മുതലായിററാനെ ബന്തു
ആപത്തതാളം മറിഞ്ഞെനക്ക്
ഉടനെ പറയുന്ന കുഞ്ഞിക്കണ്ണൻ

അതിനെന്ത് വെണ്ടെ്വാൻെറ കുഞ്ഞിക്കുമ്പെ
പെരിമ്പടക്കൊയിലവാണ തമ്പുരാനൊ
നീരാട്ടപള്ളി കയിഞ്ഞില്ലെങ്കിൽ
അമരെത്തപക്കം കയിഞ്ഞില്ലെങ്കും[20]
മീമ്പെടിവെക്കുവാൻ പൊള ഞാനെ
മീം ബെടി വെച്ചി കൊടുത്തൂട്ടാല്
അമരത്തപക്കം കയിക്കു ഓറ്
എന്നല്ലെ ഓല എഴുതുന്നത
നായിമ്മാറെലൊല കൊടുക്കുന്നല്ലെ
കടുമ്മയി പൊയല്ലൊ നായിമ്മാറ്
പെരിമ്പട കൊയിലുവാണ തമ്പുരാന്
ഓലയും കൊണ്ടകൊടുക്കുന്നല്ലെ
കൈമുറിഓല വാങ്ങിനൊക്കുന്നെരം
അരുളിച്ചെതൊമനത്തമ്പുരാനൊ
മടപ്പള്ളിത്തങ്ങള് കാരിയക്കാര
കീഅയിന്ന വന്നുള്ള നായരാന്
മരിയാതിക്കെട ചെയ്ത കണ്ടൊ
തിരുവൊഴുത്തൊല എഴുതുഞ്ചീത
നായിമ്മാലെല്ലെ കൊടുത്തുടന്ന്
തിരുവെഅ്ത്തും കൊണ്ട പൊരുന്നൊല്
കുന്നമ്മലെ വീട്ടിന്ന ചെല്ലുന്നൊല്
കണ്ണൻെറക്കൊണ്ടക്കൊടുക്കുന്നൊല്
തൊഅ്ത് (തൊഴുത്) തിരുവെഅ്ത്ത് വാങ്ങി കണ്ണൻ
ഓലമറിച്ചും തിരിച്ചും നൊക്കി
ഓലയിലെ വായകം കണ്ടൊറച്ചി
പറയുണ്ടൊമനക്കുഞ്ഞിക്കണ്ണൻ
കുന്നമ്മലൊമന കുഞ്ഞികുമ്പെ
പെരിമ്പടക്കൊയിലുവാണ തമ്പുരായൻ
തിരുവെഅ്ത്തൊല കൊടുത്തൂട്ടിന്
ചന്നണമരകൂട്ടപ്പൊയ്യയില്
പടക്കായിട്ട ഞായഞ്ചെല്ലു ആനും
അത്തുരം വാക്കകെട്ട കുഞ്ഞികുമ്പ
പൊട്ടിക്കരയുന്നക്കുഞ്ഞന്താനൊ
പറയുന്നുണ്ടന്നെരം കുഞ്ഞിക്കണ്ണൻ
കരെല്ല കരയല്ല കുഞ്ഞികുമ്പെ
ഒന്നിക്കിലാട മരിപ്പെനക്ക
എല്ലെങ്കിലാടച്ചെയിപ്പെനക്ക്[21]
കെട്ടതരിക്കെണം കുഞ്ഞിക്കുമ്പെ
നാളെത്തെപ്പുല്ല പുലരുന്നെരം
കഞ്ഞികടുമ്മയിപ്പെച്ചൊളണം[22]
പിന്നെയും പറയുന്ന് കുഞ്ഞിക്കണ്ണൻ

തിരുവെഅ്ത്ത് കൊണ്ടവന്ന നായിമ്മാറെ
നിങ്ങള് പൊയിനെ നായിമ്മാറെ
നാളത്തെപ്പുല്ല പുലരുന്നെരം
പടെക്കായിട്ട ഞാനങ്ങത്തിക്കൊളാം
പറത്താനം ചെന്ന പറഞ്ഞെക്കീനെ
കടുമ്മയിപ്പൊരുന്ന നായിമ്മാറ്
പെരിമ്പടക്കൊയിലൊത്ത ചെല്ലുന്നൊറ്
പറത്താനം ചെന്നപറയുന്നൊറ്
അരുളിച്ചെയ്തന്നെരം തമ്പുരായൻ
മടപ്പള്ളിത്തങ്ങള് കാരിയക്കാര
അഞ്ഞൂറകമ്പടി ചൊററക്കാറെ
നാളെത്തെപ്പുല്ലപുലരുന്നെരം
ചന്നണമരകൂട്ടപ്പൊയ്യയില
പടക്കായിററങ്ങത് പൊകവെണം
അഞ്ഞൂറകമ്പടിച്ചൊററ്കാറെ
നെരത്തിനത്തായം ചൊറുണ്ട
എല്ലറും കൊയിലൊത്തു കൂടിയെക്കണം
മടപ്പള്ളിത്തങ്ങള് കാരിയക്കാര
അരിയും ചെലവും കൊടുത്ത്യെക്കണം
നാളെത്തെപ്പുല്ല പുലരുന്നെരം
ആയിത (ആയുധ) കൊപ്പൊടെ പൊകവെണം
പടക്കൊപ്പനല്ലൊണൊരുക്കിക്കൊളീൻ
അരിയും ചെലവും ഒക്കെ ബാങ്ങിയൊറ്
കടുമ്മയിപ്പൊരുന്ന നായിമ്മാറ്
നെരത്തെ അത്തായം ചൊറു ഉണ്ടു
എല്ലാറും കൊയിലൊത്ത കൂടിയല്ലൊ
അന്ന കുളിച്ചും ബെയിച്ചു കൂടി
പിറെറന്നാപ്പുല്ല പുലരുന്നെരം
ആയിതക്കൊപ്പൊടെ ചൊകത്തൊടെ[23]
അഞ്ഞൂറകമ്പടിച്ചൊററകാരും
മടപ്പള്ളിത്തങ്ങള് കാരിയക്കാരൻ
കടുമ്മയിപ്പൊരുന്ന നായിമ്മാറ്
അന്നടത്താലെ നടക്കുന്നൊറ്
ചന്നണമരകൂട്ടപ്പൊയ്യയില്
പൊയ്യയിലങ്ങിനെ ചെല്ലുന്നൊറ്
തെക്ക തിരുനുമ്പ കുഞ്ഞിക്കണ്ണൻ
പറയുന്നുണ്ടൊമനക്കുഞ്ഞിക്കണ്ണൻ
കുന്നമ്മലൊമന കുഞ്ഞിക്കുമ്പെ
കുഞ്ഞി കടുമ്മയിത്തായെ ഞാക്ക്
കടുമ്മയിക്കഞ്ഞി കൊടുത്തബള്
കടുമ്മയിക്കഞ്ഞി കയിഞ്ഞബറ്

പറയുന്നുണ്ടൊമന കുഞ്ഞിക്കുമ്പ
കെട്ടതരിക്കെണന്നിങ്ങള് ബന്തു
ചന്നണമരക്കൂട്ടപൊയ്യയില
നിങ്ങളിവിടെ മരിച്ചെങ്കിലും
ഞാനിപ്പളെങ്ങനെയറിഞ്ഞൊളണ്ടും
ചന്നണമരകൂട്ടപ്പൊയ്യയെന്ന്
പൊയ്യ എന്നും ഞാനൊ കെട്ടിററുണ്ടു
ഞാനപ്പൊയ്യിയ പൊയി കണ്ടിററില്ല
നിങ്ങളവിടെ മരിച്ചൊണ്ടാല്
എങ്ങനെ കണ്ടതിരിക്കും ഞാനൊ
അത്തുരം കെട്ടുള്ള കുഞ്ഞിക്കണ്ണൻ
ഓൻെറ ചെറുവെരക്കപ്പൊമ്മൊതിരം
ഓളെ ചെറുവെരക്കൂരിയിട്ട
ഓളെ ചെറുവെരക്കപ്പൊമ്മൊതിരം
ഓൻെറ ചെറുവെരക്കൂരിയിട്ട
പറയുന്നുണ്ടൊമന കുഞ്ഞിക്കണ്ണൻ
കെട്ട തരിക്കെണം കുഞ്ഞിക്കുമ്പെ
ഞാനൊ അവിടെ മരിച്ചെങ്കില്
എൻെറ ചവ ആനക്കുഞ്ഞിക്കുമ്പെ
തെക്ക തിരുനുമ്പിലെത്തിക്കെണം
നീ ഇന്നത്തന്നെയെല്ലാനൂഞ്ഞനെ
കുന്നുമ്മലെ വീട്ടിലും പാറ്ക്കണ്ട
തെക്കെതിരുനുമ്പപ്പെററമ്മയും
നീയും കൂടിയാനെൻെറക്കുഞ്ഞിക്കുമ്പെ
തെക്കതിരുനുമ്പ്പാറത്തൊളെ
നിങ്ങക്കൊടയതക്കുഞ്ഞിക്കുമ്പെ
എൻെറ അനിയെനെൻെറ കുഞ്ഞിക്കെളു
നിങ്ങക്കൊടയത കുഞ്ഞിക്കെളു
തെക്കതിരുനുമ്പ കണ്ണനു ആന്
ചാത്തിര പറഞ്ഞൊണ്ടും പൊരുന്നൊറ്
അന്നടത്താലെ നടന്നവറ്
ചന്നണമരകൂട്ടപ്പൊയ്യയില്
പൊയ്യയിലങ്ങനെ ചെല്ലുന്നല്ലെ
പെരിമ്പടക്കൊയിലവാണ തമ്പുരാനൊ
വെള്ളാനക്കഴുത്തെറിപ്പന്നിനൊറ്[24]
കണ്ണനക്കണ്ടിററ കാണാഉമ്മം
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
മടപ്പള്ളിത്തങ്ങള് കാരിയക്കാര
അഞ്ഞൂറകമ്പടിച്ചൊററകാറെ
നറച്ചവെടി എല്ലാം ബെച്ചൂടിനെ
നറച്ചവെടി എല്ലം വെക്കുന്നൊറ്

കീഅയിന്ന വന്നുള്ള നായരക്ക്
വെച്ചവെടിയൊന്നും കൊണ്ടില്ലല്ലൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
മടപ്പള്ളിത്തങ്ങള് ക്കാരിയക്കാര
അഞ്ഞൂറകമ്പടിച്ചൊററകാറെ
കീഅയിന്ന വന്നുള്ള നായരൊട്
നായരൊടകൊണ്ടപ്പൊയിതൊളീനെ
നായരൊടകൊണ്ടപ്പൊയിതവറ്
നെരം ബെളുക്കുമ്മം പൊയിതൊണ്ടിററ്
നെരമൊട്ടന്തിമൊന്തിയാവൊളവും
നായരൊട് കൊണ്ടപ്പൊയിതൊണ്ടിററ്
അഞ്ഞൂറകമ്പടിച്ചൊററകാറ
ഒക്കയും കൊത്തിയൊടുക്കി കണ്ണൻ
പെരിമ്പടകൊയിലവാണ തമ്പുരാനൊ
കണ്ണാലെ കണ്ടിനത്തമ്പുരാനൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
മടപ്പള്ളിത്തങ്ങള് കാരിയക്കാരാ
കീ അയിന്ന വന്നുള്ള നായരാന്
എന്തകളിയാന് കളിക്കുന്നത്
മായക്കളിയൊ കളിക്കുന്നത്
കീഅയിന്ന വന്നുള്ള നായരൊട
എണക്കം പറയണം കാരിയക്കാര
ഉടനെ പറഞ്ഞല്ലൊ കാരിയക്കാരൻ
കീഅയിന്നവന്നുള്ള നായരെകെക്ക്
തമ്പുരാനരുളിച്ചെയിതൂട്ടിന്ന
നിന്നൊടിണക്കം പറവാനും
ഉടനെ പറഞ്ഞൂട്ട കുഞ്ഞിക്കണ്ണൻ
മടപ്പള്ളിത്തങ്ങള് കാരിയക്കാര
ഞാനൊ ഇവിടെ മരിച്ചെങ്കിലും
എണക്ക പറയുങ്ങൊങ്കാരിയക്കാര
മെയിയും കയ്യിയും തളന്നെനക്ക്
പെരിമ്പടക്കൊയില് വാണ തമ്പുരാൻെറ
ആനനടനാലും കൊത്തണ്ടീനും
കൂടിയെങ്കിലാഅട്ടെ കാരിയക്കാര
കടുമ്മയിപ്പൊരുന്ന കാരിയക്കാരൻ
തിരൂള്ളത്തികൊണ്ടെ്വായികെപ്പിക്ക്ന്ന
അത്തുരം വാക്കകെട്ട തമ്പുരാനൊ
വെള്ളാനക്കഴുത്ത മടക്കപ്പൊന്ന്
അന്ന കുളിച്ചും പെയിച്ചും കൂട്ടി
തെക്ക തിരുനുമ്പ കുഞ്ഞിക്കണ്ണൻ
കതിരൂക്കാടങ്കണ്ണഞ്ചങ്ങാതിയും

കടുമ്മയിപ്പൊരുന്നു കുഞ്ഞങ്ങള്
കുന്നമ്മലെ വീട്ടിന്ന ചെല്ലുന്നെരം
ചൊതിക്കുന്നന്നെരം കുഞ്ഞികുമ്പ
തെക്ക തിരുനുമ്പിലെൻെറ ബന്തു
നിങ്ങളുഞ്ചൊരയിക്കുളിച്ചീക്കിന
ഉറുമ്മിയും ചൊരയിക്കുളിച്ചീക്കിന്
ഉടനെ പറയുന്ന് കുഞ്ഞിക്കണ്ണൻ
വെള്ള ഈട കാച്ചിയെടത്തില്ലെ കുഞ്ഞ
വെള്ള ഈടക്കാച്ചിയെടത്തുണ്ടബന്തു
തെക്ക തിരുനുമ്പ കണ്ണനു ആന്
കതിരൂക്കാടങ്കണ്ണഞ്ചങ്ങാതിയും
വെകം കടുമ്മയിക്കുളിക്കുന്നൊറ്
അത്തായം ചൊറ കയിച്ചവറ്
അന്ന കുളിച്ചും ബെയിച്ചും കൂടി
അങ്ങിനെ ആട ഇരിക്കുന്നെരം
പെരിമ്പടക്കൊയില് വാണ തമ്പുരാനൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
മടപ്പള്ളിത്തങ്ങള് കാരിയക്കാര
കീഅയിന്നവന്നുള്ള നായരാന്
എന്ത കളിയാന് കളിക്കുന്നത്
മായക്കളിയൊ കളിക്കുന്നത്
നായരൊടൊട്ടും കൊത ഇല്ലല്ലൊ
വെഗം കടുമ്മയിക്കാരിയക്കാര
തിരുവെഅത്തൊല എയുതുക വെണം
കീഅയിന്ന വന്നുള്ളനായരക്ക്
തിരുവെഴുത്തൊല കൊടുത്തൂടണം
നാളെത്തെപ്പുല്ല പുലരുന്നെരം
ചന്നണമരക്കൂട്ടപ്പൊയ്യയില്
പടക്കായിട്ടങ്ങ് വെരഅ[25]വെണം
തിരുവെഅത്തൊല എഅ്ത്ന്നല്ലെ
നായിമ്മാറെലൊല കൊടുക്കുന്നല്ലെ
പറയുന്നുണ്ടന്നെരം കാരിയക്കാരൻ
കടുമ്മയിപ്പൊകണന്നായിമ്മാറെ
കുന്നുമ്മലെ വീട്ടിന്ന പൊകവെണം
കീഅയിന്ന വന്നുള്ള നായരക്ക്
നായർക്കും കൊണ്ടക്കൊടത്ത്യെക്കിനെ
പിന്നെയും അരുളിച്ചെയ്തൂടന്ന്
മടപ്പള്ളിത്തങ്ങള് കാരിയക്കാര
എന്തെല്ലാം വെണ്ടെബ്വൻെറ കാരിയക്കാര
നാളെത്തയിപ്പുല്ല പുലരുന്നെരം
അഞ്ഞൂറകമ്പടിച്ചൊററുകാറും

നീയും കൂടിയാനെൻെറ കാരിയക്കാര
ചന്നണമരക്കൂട്ടപ്പൊയ്യയില്
നമ്മക്ക് കടുമ്മയിപ്പൊകവെണം
പടക്കൊപ്പ നല്ലൊണം കൂട്ടിക്കൊളെ
കാടററ് കുറച്ച്യപ്പണിക്കമ്മാറ
കടുമ്മയിത്തെടി വരുത്തിക്കെണം
ചന്നണമരക്കൂട്ടപ്പൊയ്യയില്
തീയമ്പും കൊണ്ടൊറ നിത്തിക്കെണം
അന്ന കുളിച്ചും ബെയിച്ചും കൂടി
പിറെറന്നാപ്പുല്ല പുലരുന്നെരം
തെക്കതിരുനുമ്പ കുഞ്ഞിക്കണ്ണൻ
പറയുന്നുണ്ടൊമന കുഞ്ഞിക്കണ്ണൻ
കുന്നമ്മലൊമന കുഞ്ഞിക്കുമ്പെ
കുഞ്ഞി കടുമ്മയിത്താ എനക്ക്
പറയുന്നുണ്ടന്നെരം കുഞ്ഞിക്കുമ്പ
ഊയിഅറവൂല എൻെറ ബന്തു
ചന്നണമരക്കൂട്ടപ്പൊയ്യയില
പടക്കായിറെറല്ലെ നിങ്ങൾ പൊളന്നത്
ഞാനിപ്പളെന്തെല്ലാം വെണ്ടും ബന്തു
പറയുന്നുണ്ടന്നെരം കുഞ്ഞിക്കണ്ണൻ
കുന്നമ്മലൊമന കുഞ്ഞിക്കുമ്പ
ചന്നണമരക്കൂട്ടപ്പൊയ്യയില്
ഞാനൊ പടക്കായി പൊയൊണ്ടാല്
ഞാനൊ അവിട മരിച്ചെങ്കിലും
എൻെറ ചവ ആനെ കുഞ്ഞിക്കുമ്പെ
തെക്കതിരുനുമ്പിലെത്തിക്കെണെ
പറഞ്ഞിററനിക്കുആനെടഉളല്ല
ഞാനൊ കടുമ്മയിപ്പൊട്ടെക്കുഞ്ഞനെ
തെക്ക തിരുനുമ്പ കണ്ണനു ആന്
കതിരൂക്കാടങ്കണ്ണഞ്ചങ്ങാതിയും
ചാത്തിര പറഞ്ഞൊണ്ടും പൊരുന്നൊറ്
അന്നടത്താലെ നടന്നവറ്
പൊയ്യയിലങ്ങനെ ചെല്ലുന്നെരം
അഞ്ഞൂറകമ്പടിച്ചൊററുകാറും
പെരിമ്പടക്കൊയിലവാണ തമ്പുരാനും
പൊയ്യയിലങ്ങനെ കൂടീക്കിന്
പെരിമ്പടക്കൊയില വാണ തമ്പുരാനൊ
വെള്ളാനക്കഴുത്തെരി കൂടിക്കിന്
അന്നെരം ചെന്നുഅല്ലൊ കുഞ്ഞങ്ങള്
കണ്ണാലെ കണ്ടീന തമ്പുരാനൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ

മടപ്പള്ളിത്തങ്ങള് കാരിയക്കാര
നിറച്ചവെടി എല്ലം വെച്ചൂടിനെ
നറച്ചവെടി എല്ലം വെക്കുന്നൊറ്
വെച്ചവെടിയൊന്നും കൊണ്ടിില്ലല്ലൊ
പറയുന്നുണ്ടന്നെരം കുഞ്ഞിക്കണ്ണൻ
കതിരൂക്കാടങ്കണ്ണ പൊന്ന ചങ്ങാതി
നമ്മളെ നല്ലതും ബന്നിവിട
താന്താനത്താന്താറ് ചരയിക്കെണ്ണെ
ഞാനൊ ഇവിട മരിച്ചെങ്കിലും
സങ്കട ഇല്ല എനക്ക് കണ്ണ
നീയൊ മരിക്കല്ല കുഞ്ഞിക്കണ്ണ
ഞാനൊ ഇവിട മരിച്ചെങ്കിലും
തെക്കതിരുനുമ്പപ്പെററമ്മൊട്
വറത്താനം ചെന്നപറഞ്ഞ്യെക്കണെ
അഞ്ഞൂറകമ്പടിച്ചൊററുകാറും
കീ അയിന്നവന്നുള്ള കുഞ്ഞങ്ങളും
എല്ലാറും കൂടിപ്പൊയിതങ്ങനെ
നെരംവെളുക്കുമ്മം പൊയിതൊണ്ടിററ്
നെരമൊട്ടന്തിമൊന്തിയാവൊള്ളം
തമ്മലിക്കൊണ്ടപ്പൊയിതബറ്
പെരിമ്പടക്കൊയിലബാണെ തമ്പുരാൻെറ
അഞ്ഞൂറകമ്പടിനായരെയും
ഒക്കെയും കൊത്തിയൊടുക്കി[26] കണ്ണൻ
കാടറ് കറിച്ച്യപ്പണിക്കമ്മാറ്
ഒക്കെയും കൊത്തിയൊരുക്കി കണ്ണൻ
തെക്ക തിരുനുമ്പ് കണ്ണനാന്
കരിങ്കണ്ണും ചൊരമറിഞ്ഞിക്കിന
കരിന്തൊട രണ്ടും ബെറച്ചിക്കിന്
പെരിമ്പടകൊയില വാണെ തമ്പുരാൻെറ
ആന നടനാലും കൊത്തി കണ്ണൻ
നടനാലും കൊത്തിയൊന്തൂണുമിട്ട
തുമ്പിക്കയിക്കൊത്തിപ്പളയും തട്ടി
കതിരൂക്കാടങ്കണ്ണമ്പൊന്നചങ്ങാതി
പാഞ്ഞിവീണ ചെല്ലുന്ന പൊന്നചങ്ങാതി
തെക്ക തിരുനുമ്പ് കണ്ണനാന്
കലകം മുഴുത്തൊൻെറ കണ്ണും ചൊന്ന
കതിരൂക്കാടങ്കണ്ണഞ്ചങ്ങാതിന്
ചങ്ങാതിനെയും കൊത്തിക്കൊന്ന കണ്ണൻ
നെരമൊട്ടന്തിമൊന്തിയായത്തിരെ
പെരിമ്പടകൊയിലവാണ തമ്പുരാനൊ
തമ്പുരാൻറാളൊക്കൊയിഞ്ഞും പൊയി

തിരുമുകം പാടിന[27] തമ്പുരാന്
തിരുക്കണ്ണും ചൊര കലങ്ങീക്കിന
കാലനടമ്മലെഴുന്നുള്ളത്തം
നെരമൊട്ടന്തി മൊന്തിയായനെരം
തെക്ക തിരുനുമ്പ കുഞ്ഞിക്കണ്ണൻ
വിളിച്ചിപറയിന്ന കുഞ്ഞിക്കണ്ണൻ
കതിരൂക്കാടങ്കണ്ണപൊന്ന ചങ്ങാതി
നെരമൊട്ടന്തിമൊന്തിയായി കണ്ണ
നമ്മള് കടുമ്മയി പൊഅ കണ്ണ
കണ്ണനെ ഒരുത്തെലും കാണിന്ന്ല്ല
ചങ്ങാതിനെ നൊക്കി നടന്ന കണ്ണൻ
ചങ്ങാതിനെ കണ്ണാലെ കണ്ട കണ്ണൻ
ചങ്ങാതിനെ കണ്ണാലെ കാണുന്നെരം
നിന്ന നീനിലം കൊളള വീണൂട്ന്ന്
ഊ അറവൂല പൊന്ന ചങ്ങാതി
അറവൂല കൊത്തിയല്ലൊ പൊന്നചങ്ങാതി
ഞാനിപ്പളെന്തെല്ലം ബെണ്ടും കുഞ്ഞ
ഞാനെനി എന്തിന പൊളന്നത്
തെക്ക തിരുനുമ്പ പെറ്റമ്മക്ക്
ഞാനെന്നങ്ങള്ളൊരികെളിയെ ഉള്ളു
നീയെന്നു ചെല്ലും കെതിയമ്മക്ക
എനക്കമ്മ കഞ്ഞി ബെളമ്പും മുന്നെ
നിനക്കമ്മ കഞ്ഞി ബെളമ്പ്യേക്കണ്ടെ
എന്നെല്ലെനക്ക തരുയെൻറമ്മ
തെക്ക തിരുനുമ്പ പെററമ്മ്യൊട്
എന്തൊരിമാന പറഞ്ഞൊളണ്ടും
കതിരൂക്കാടങ്കണ്ണഞ്ചങ്ങാതീൻെറ
തലയും എടുത്ത മടിയിൽ വെച്ചി
കുഞ്ഞങ്കരഞ്ഞും പറകയും
തൻെറ ഉറുമ്മി എടുത്ത കണ്ണൻ
കുഞ്ഞിക്കഴുത്തിനുറുമ്മിവെച്ചി
കണ്ണനും ആട മരിച്ചീത്തിരെ
നെരമൊട്ടന്തിമൊന്തിയായത്തിരെ
കുന്നമ്മലൊമനകുഞ്ഞികുമ്പ
നെരത്തെ നല്ലത്തായം ചൊറും വെച്ചി
ബന്തുവരുന്ന വരവും നൊക്കി
നാലാമതുമ്മലെ തിണ്ടുമ്മലെ
ബന്തുവിന നൊക്കി ഇരിക്കുന്നൊള്
അങ്ങനെ അവിടെ ഇരിക്കുന്നെരം
അന്തിവിളക്കിന നെരമായി
അന്തിവിളക്കാട വെച്ചിക്കുഞ്ഞൻ

അങ്ങനെ ആട ഇരിക്കുന്നെരം
ബന്തു അതങ്ങിനെ വന്നതു ഇല്ല
നാനായികൊള്ളുനെലവെളക്ക്
വെളുക്കുന്നെറത്തിയങ്ങനെ കത്തിച്ചോള്
പടിഞ്ഞാറെറക്കൊണ്ടയാടത്തൂക്കുന്നെല്ലെ
അത്തായം ചൊറു ബെളമ്പന്നൊള്
അമ്മക്ക ചൊറു കൊടുക്കുന്നല്ലെ
അത്തായം ചൊറും ബെയിച്ചൊണ്ടമ്മ
അമ്മെനത്തെക്കിനെ കൂട്ടുന്നൊള്
അമ്മയവിട ഒറങ്ങുന്നെരം
പാതിലടച്ചൊക്കപ്പൂട്ടുന്നൊള് [28]
ചങ്ങല വട്ടയും കത്തിച്ചിററ്
പടിക്കലും വന്നാട നിന്ന കുഞ്ഞൻ
പാതിലരകൊണ്ടും ചാരിയൊള്
തൻെറ മനത്തുക്കുടി കൂടുന്ന
അയ്യൊ പടച്ചൊനെ തമ്പുരാനെ
ചന്നണമരക്കൂട്ടപൊയ്യയെന്നും
പൊയ്യ എന്നും ഞാനൊ കെട്ടിററുണ്ടു
എനക്കപ്പൊയിയയറിഞ്ഞും കൂട
നിങ്ങളുടെയത തമ്പുരാനെ
എന്ന് നിനച്ചി നടന്നവള്
ചന്നണമരകൂട്ടപ്പൊയ്യയില്
പൊയ്യയിച്ചെന്നൊള് നൊക്കുന്നെരം
ഇത്തിരനല്ല വിശയമില്ല
ബന്തുവിനെ നൊക്കി നടക്കുന്നൊള്
കുഞ്ഞങ്ങളെ കണ്ണാലെ കണ്ടവള്
പൊട്ടിക്കരയിന്നക്കുഞ്ഞിക്കുമ്പ
പറയാന്തുടങ്ങ്ന്ന് കുഞ്ഞന്താനൊ
ഊയി അറവൂല എൻെറ ബന്തു
പറണ്ടും[29] പറഞ്ഞില്ല ഞാനൊ ബന്തു
ഞാനൊ മുതലായിററാഉന്നത്
നിങ്ങളെയത്തമ്പുരാങ്കൊല്ലുമെന്നും
വെലക്കിയ നിങ്ങള് കെട്ടില്ലല്ലൊ
ഞാനിപ്പളെന്തെല്ലം പെണ്ടും[30] ബന്തു
നിങ്ങളിപ്പെണ്ണൊട് പറഞ്ഞൊണ്ടിന്
നിങ്ങളിവിട മരിച്ചൊണ്ടാല്
നിങ്ങളെ ചവ ഇന്നല്ലെ ആഉന്നത്
തെക്ക തിരുനുമ്പിലെത്തിക്ക്വാനും
ഞാനിപ്പളെന്തെല്ലം ബെണ്ടും ബന്തു
നട്ട് നട്ടുള്ളൊരി പാതിരാക്ക്
എത് പുറം കൊള്ളച്ചെല്ലെണ്ടത്

തൻെറ മനസ്സില് നിനക്കുന്നൊള്
നിങ്ങളുടെയ തമ്പുരാനെ
അന്നടത്താലെ നടക്കുന്നൊളും
തായെത്തെരുവിന ചെല്ലുന്നെരം
പാതിലടെച്ചൊക്കപ്പൂട്ടിക്കിന്
വാത്ക്ക് ചെന്നും ബിളിച്ചി കുഞ്ഞൻ
മറുബിളികെട്ടൊണ്ടച്ചാലിയാറ്
നട്ട് നട്ടുള്ളൊരി പാതിരാക്ക്
ചാമണ്ടി കെട്ട്ന്ന പാതിരാക്ക്
ആരാന് പാത്ക്ക വിളിക്കുന്നത്
ഉടനെ പറയുന്നക്കുഞ്ഞിക്കുമ്പ
ഞാനല്ലെ ഞാനല്ലെ ചാലിയറെ
കുന്നമ്മലെ വീട്ടിലെക്കുമ്പ ഞാനൊ
അത്തുരം കെട്ടുള്ള ചാലിയറ്
വാതില് തട്ടിത്തുറന്നവറ്
ചൊതിക്കുന്നന്നെരം ചാലിയറ്
കുന്നമ്മലൊമനക്കുമ്പക്കുഞ്ഞ
നട്ടനട്ടുള്ളൊരി പാതിരാക്ക്
എന്ത് മുതലായിപ്പൊന്നത് കുഞ്ഞ
പറയാന്തുടങ്ങന്ന് കുഞ്ഞിക്കുമ്പ
തായെ തെരുഅത്തെ ചാലിയറെ
തെക്ക് തിരുനുമ്പിലെൻെറ ബന്തു
ചന്നണമരക്കൂട്ടപ്പൊയ്യയില്
ബന്തുപടെക്കായിപ്പന്നൊണ്ടിററ്
ബന്തു അവിടെ മരിച്ചും പൊയി
നിങ്ങളെ മനസ്സൊന്നൊടുണ്ടെങ്കില്
എൻെറാടി ഒപ്പരം പൊര്അവെണം
ചന്നണമരകൂട്ടപ്പൊയ്യയിന്ന്
ബന്തുന എടുത്തിററും കൊണ്ടു പൊഅ്ണം
കതിരൂക്കാടങ്കണ്ണഞ്ചങ്ങാതിയും
കുഞ്ഞനുആട മരിച്ചീക്കിന്
കുഞ്ഞനെയും നിങ്ങളെടുക്കവെണം
എൻെറാടി ഒപ്പരം പൊരഅ്വെണം
ഉടനെ പറയുന്നച്ചാലിയറ്
കുന്നമ്മലൊമനകുഞ്ഞിക്കുമ്പെ
നട്ടനട്ടുള്ളൊരി പാതിരാക്ക്
ചന്നണമരക്കൂട്ടപ്പൊയ്യയില്
ചവം തിന്നിക്കണ്ടൊം ബെരുന്നെടല്
ഞാളൊട്ടും ചെമ്മത്ത് പൊര്അ് ഇല്ല
അത്തുരം ബാക്കൊള് കെക്കുന്നെരം
പൊട്ടിക്കരയിന്നക്കുഞ്ഞന്താനൊ

കെട്ട തരിക്കെണഞ്ചാലിയറെ
നിങ്ങക്കൂല്ലെയമ്മെയും പെങ്ങമാറും
എൻെറാടി ഒപ്പരം പൊരഅവെണം
എൻെറാടി ഒപ്പരം പൊന്നൊണ്ടാല്
എൻെറ കഴുത്തിലെപ്പുല്ലൂരിയൊ
പുല്ലൂരിക്കൊയ തരുവഞ്ഞാനൊ
പിന്നെയും കെക്കണം ചാലിയറെ
ബന്തുൻെറ അരയിലെ പൊന്തുടരു
അതുള കയച്ചി തരുഅനെല്ലൊ
ബന്തുൻെറ വലംകയ്യിക്കിട്ടെ വള
രാമായണം ഭാരതം കൊത്തിയവള
അതുളം കയിച്ചി തരുവഞാനൊ
കൊത്തിച്ച കത്തിയും പൊഞ്ചങ്ങല
അതുള എടുത്ത തരിയഞ്ഞാനൊ
ഇരിപത്തരണ്ടെണ്ണം ചാലിയറെ
എൻെറാടിഒപ്പരം പൊര്അ്വെണം
അത്തുരം കെട്ടുള്ള ചാലിയറ്
ഇരിപത്തരണ്ടെണ്ണം ചാലിയറും
കടുമ്മയിക്കീഞ്ഞി പൊറപ്പാടായി
കുന്നമ്മലൊമനകുമ്പക്കുഞ്ഞൻ
ചാലിയറെയും കൂട്ടിപ്പൊരുന്നൊള്
ചന്നണമരക്കൂട്ടപ്പൊയ്യയില്
പൊയ്യയിലങ്ങനെ വന്നബെറ്
തെക്കതിരുനുമ്പ കണ്ണനെയും
കതിരൂക്കാടങ്കുഞ്ഞികണ്ണനെയും
പറം കെട്ടീററല്ലെ എടുപ്പിക്കുന്ന
വെകം കടുമ്മയി കൊണ്ടു പൊരുന്ന
കുന്നുമ്മലെ വീട്ടിന്ന വന്നവള്
പറയുന്നുണ്ടൊമനക്കുഞ്ഞികുമ്പ
കുന്നുമ്മലൊമനപ്പെററൊരമ്മെ
വെകം കടുമ്മയിപ്പൊരൻെറമ്മെ
എന്താനൻെറാമന കുഞ്ഞികുമ്പെ
വറത്താനം പൊലെ പറഞ്ഞി കുഞ്ഞൻ
ഉടനെ പറഞ്ഞല്ലൊപ്പെററൊരമ്മ
നിനക്കതെളിയട്ടെ പൊന്നമളെ
ആളുന്നതഞ്ചും ബെലക്കി ഞാനൊ
ബെലക്കിയതും നീയൊ കെട്ടില്ലല്ലൊ
ഒന്നും പറയെണ്ട പെററൊരമ്മെ
പറഞ്ഞിററ നിപ്പാനെടള ഇല്ല
വെഗം കടുമ്മയിപ്പൊരൻെറമ്മെ
കടുമ്മയി കീഞ്ഞി പുറപ്പാടായി

പാതിലടച്ചൊക്കപ്പൂട്ടിയൊല്
അന്നടത്താലെ നടക്കുന്നൊറ്
തെക്ക തിരുനുമ്പ ചെല്ലുന്നെരം
പൂഅനെളം കൊയി കൂയിക്കിന
വാത്ക്കചെന്ന് വിളിക്കുന്നൊള്
തെക്ക് തിരുനുമ്പിപ്പെററൊരമ്മെ
വാതില് തുറക്കെൻെറ പ്പെററൊരമ്മെ
വാതില തട്ടി തുറന്നൊണ്ടമ്മ
ഇപ്പൊറം പൊറംപാകം കീഞ്ഞി വന്ന്[31]
ഇപ്പൊറം പൊറംപാകം കീയുന്നരം
ഇത്തിര നല്ല വിഷയ ഇല്ല
അയ്യം ബിളി കെട്ടിറെറത്തി കുഞ്ഞൻ
കുന്നമ്മലൊമനക്കുഞ്ഞികുമ്പ
വറത്താനം പൊലെ പറഞ്ഞികുമ്പ
തെക്ക് തിരുനുമ്പ കുഞ്ഞിക്കെളൂ
എടളും വലഉള്ള നായിമ്മാറെ
കടുമ്മയിലിങ്ങ് വിളിച്ചിത്തിരെ
തെക്ക തിരുനുമ്പക്കണ്ണനെയും
കതിരൂക്കാടങ്കുഞ്ഞിക്കണ്ണനെയും
ഈന്തും മുരിക്കുന്തടിയും കൂട്ടി
രണ്ടു ഉടന്തടി വെപ്പിക്കുന്ന
ചന്നണകൊണ്ട ചുടയിക്കുന്ന
രണ്ടിനെയും ചുട്ട ദയിപ്പിക്ക്ന്ന്
കുന്നമ്മലൊമനക്കുഞ്ഞികുമ്പ
കുഞ്ഞങ്കരകയും പറകയും
തെക്ക് തിരുനുമ്പിക്കുഞ്ഞിക്കെളു
തെക്ക് തിരുനുമ്പിലെട്ടനൊട്
ആഉന്നതഞ്ചും വെലക്കീഞ്ഞാനൊ
വെലക്കിയതിൻെറട്ടങ്കെട്ടതുമില്ല[32]
കുന്നമ്മലൊമനപ്പെററമ്മെക്കും
എനക്കു ഒടയത നീയെകെളു
അതിന്ന മയക്കില്ലെൻെറട്ടത്ത്യമ്മെ
ഇച്ചിമനികൂട്ടിലുള്ള നാളിൽ
തെക്കെ തിരുനുമ്പിപ്പെററമ്മക്കും
നിങ്ങക്കുടയതും ഞാനൊ തന്നെ
അങ്ങനെയവിടെയാടപ്പാറ്ത്തൊറ്

1. വാക
2. വന്ന
3. കാണാൻ പോയി

4. പോകരുതോ
5. പെണ്ണുനോക്കി - പെണ്ണുതേടി.
6. ദീക്ഷ
7. യാത്ര
8. പോകുമ്പോൾ
9. കൈയുഴുത്തുപ്രതിയിൽ 'വീത്തും' എന്നതിനു മുകളിൽ വീത്തി എന്നെഴുതിയിരിക്കുന്നു.
10. വെററില
11. വർത്താനം എന്ന് രണ്ടിടത്തു കാണുന്നുണ്ട്. പകർത്തിയതിലുള്ള നോട്ടപ്പിശകാവണം.
12. വന്നൊണ്ടിട്ട്
13. ചൂതിൻെറ മുന്നിൽ നിന്ന് എഴുന്നേറെറങ്കിൽ
14. ഈട - ഇവിടെ 'ഈ' എന്നേ എഴുതിയിട്ടുള്ളൂ. നോട്ടപ്പിശകാവണം
15. വായും കയ്യും സുഖം വരുത്തി
16. 'താന്താനതഞാറ്' എന്നു കൈയുഴുത്തുപ്രതിയിൽ കാണുന്നത് പകർത്തിയപ്പോഴുണ്ടായ തെററാവണം.
17. വഴിയെ - പിന്നാലെ
18. ചാടിവീണു + അവർ
19. കൈയെഴുത്തു പ്രതിയിൽ 'പ'യ്ക്കു മുകളിലായി 'വ' എന്ന് എഴുതിയിട്ടുണ്ട്.
20. കഴിഞ്ഞില്ലെങ്കിൽ
21. അല്ലെങ്കിൽ + അവിടെ + ജയിപ്പ് + എനിക്ക്
22. വെച്ചുകൊള്ളണം
23. യോഗത്തോടെ
24. വന്നിന് + ഓറ് = അവർവന്നു
25. വരിക
26. കൈയെഴുത്തു പ്രതിയിൽ 'രു' തിരുത്തി 'ടു' ആക്കിയിരിക്കുന്നു.
27. വാടിന് = വാടുന്നു
28. വാതിൽ
29. പണ്ടും
30. വെണ്ടും
31. ഇപ്പുറം പുറം ഭാഗം ഇറങ്ങിവന്ന്
32. വിലക്കിയത് + ഇൻെറ (നിൻെറ) ഏട്ടൻ + കേട്ടതും ഇല്ല.

# കരുവാഞ്ചെരി കുഞ്ഞിക്കെളു

പുറമല വാഉന്ന (വാഴുന്ന) തമ്പുരാന്
എയാലക്കന്നും കറവുള്ളത്
കാട്ടിലെ മലമ്പുലിപററിത്തിന്ന്
ഒന്നെ ഒരു പയി ചെയിച്ചത്
നാനായികറക്കുന്ന കുമ്പച്ചിയൊ
പുറമാല വാഉന്ന തമ്പുരാനൊ
നിച്ചയിലും പാല് കുടിക്കുന്നത്
നിച്ചക്കണികാണും കുമ്പച്ചിയൊ
കുമ്പച്ചിനത്തന്നെയാകുന്നത്
മണ്ണ് വെച്ചിമണ്ണകത്താക്കിയൊറ്
കാട്ടില് മലംപുലി വന്നിററാന്
അതിനെയും വന്നിട്ട് തിന്നപുലി
കണ്ണാലെ കണ്ടിന തമ്പുരാനൊ
തിരുമുകം(മുഖം) വാടിയല്ലൊ തമ്പുരാന്
തൃക്കണ്ണും ചൊരകലങ്ങിപൊയി
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
പയ്യും പെള്ളെ്യാമനക്കുഞ്ഞിച്ചന്തു
കെട്ട തരിക്കെൻെറക്കാരിയക്കാര
പതിനായിരം നായരുണ്ടെനിക്ക്
പതിനെട്ടകാരിയക്കാറ ഉണ്ടെനക്ക്
എയാലക്കന്നും കറഉള്ളതു
കാട്ടില് മലംപുലി പററിത്തിന്ന
ഒന്നെയൊരിപയി (പശു) ചെയിച്ചത
നാനായി കറക്കുന്ന കുമ്പച്ചിയൊ
നിച്ചയിലും പാല കുടിക്കുന്നത്
നിച്ചക്കണികാണും കുമ്പച്ചിയൊ
എച്ചിലത്തളിക്കുന്ന കുമ്പച്ചിയൊ
മണ്ണവെച്ച മണ്ണകത്താക്കി ഞാനൊ
കാട്ടിലെ മലപുലി പററിത്തിന്ന
പതിനെട്ട കാരിയക്കാരെ കെക്കിൻ

അരികൊണ്ടത്തിമ്മാനെ ചെയി ഉള്ളു[1]
ഉയിത (ഉചിതം) ഉള്ള നായരിന്നൊന്നു ഇല്ല
പയ്യമ്പെള്ളി ഒമന കുഞ്ഞിച്ചന്തു
പറയുന്നുണ്ടൊമന കുഞ്ഞിച്ചന്തു
ഓവാ പിറവും എൻെറ തമ്പുരാനെ
ഞാനെന്ത വെണ്ടൂ്എൻെറ തമ്പുരാനെ
ഉടനെ അരുളിച്ചെയിതൂട്ടില്ലെ
പയ്യമ്പള്ള്യൊമന കുഞ്ഞിച്ചന്തു
നീയെൻെറ മുമ്പില് നിക്കണ്ടെടൊ
നിന്നെ എൻെറ കണ്ണകൊണ്ട കാണുആ വെണ്ട
അത്തുരം കെട്ടുള്ള കുഞ്ഞിച്ചന്തു
മടക്കം തൊഅ്തി[2] ഇല്ല കുഞ്ഞിച്ചന്തു
അന്നടത്താലെ നടന്നച്ചന്തു
ഞാലിക്കര വീട്ടിന്ന ചെല്ലുന്നല്ലെ
ഞാലിക്കര വീട്ടിനച്ചെല്ലും ചീത്
തൻെറ പടിഞ്ഞാറെ കട്ടുമ്മല്
കട്ടുമ്മപ്പൊയി കിടക്കുന്നല്ലെ
പറയുന്നുണ്ടന്നെരം കുഞ്ഞിച്ചന്തു
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറെ
കെട്ടതരിക്കെണം പൊന്നനിയ
നമ്മളെ പെറവുനല്ല തമ്പുരാന്
എന്നൊട നല്ലെ തിരൂള്ളക്കെട്
കടുമ്മയിപ്പൊട കുഞ്ഞിയമ്പറെ
തമ്പുരാൻെറ നെമം പൊയി കെട്ടിക്കൊള
പൂങ്കാവ്ക്കൊരനെന്ന നമ്പിയാറ്
പണ്ടെ കൊതിച്ചിന നമ്പിയാറ്
നമ്മളെ നെമം മുറിഞ്ഞൊണ്ടിററ്
നമ്പിയാറ്ക്ക് നെമം പൊയി കെട്ടുആനും
കടുമ്മയിപ്പൊടെൻെറ കുഞ്ഞിയമ്പറെ
അത്തുരം വാക്കുകെട്ട കുഞ്ഞിയമ്പറ്
ഇരിപത്ത രണ്ടെണ്ണം നായിമ്മാറും
അന്നടത്താലെ നടക്കുന്നൊറ്
തൃക്കയിക്കുന്നിന ചെല്ലുന്നൊറ്
തിരുമെനി കണ്ടിററ് കാണാഉമ്മം
അടിക്കും മുടിക്കും തിരുമെനിക്കും
വളരെക്കൈകൂട്ടിതൊഅ്ത് (തൊഴുത്) വറ്
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറെ
എന്തായിപ്പൊനെൻെറ കുഞ്ഞിയമ്പറെ
പയ്യമ്പെള്ള്യൊമന കുഞ്ഞിച്ചന്തു
ചന്തു എവിടത്തും കുഞ്ഞിയമ്പറെ

ചന്തുളം ഞാനുമായിററാന അമ്പറെ
കാരിയം പറഞ്ഞിചൊടിച്ചീന ഞാള്
ഉരിയാടാതെക്കീഞ്ഞി പൊയി ചന്തു
മടക്കം തൊഴിതില്ല കുഞ്ഞിച്ചന്തു
കെട്ട തരിക്കെൻെറ കുഞ്ഞിയമ്പറെ
എയാലക്കന്നും കറഊള്ളത്
കാട്ടില് മലംപുലി പററിത്തിന്ന
പതിനായിരം നായരുണ്ടെനക്ക്
പതിനെട്ട കാരിയക്കാറുഉണ്ടു
അരിക്കൊണ്ട തിമ്മാനെ ചെയിയുള്ളു
ഉടനെ ഉണത്തിച്ച കുഞ്ഞിയമ്പറ്
ഓവാ പിറവും എൻെറ തമ്പുരാനെ
നീരാട്ട പള്ളികയിയെ വെണ്ടും
അമരത്തെ പക്കം കയിയവെണ്ടും
അത്തുരം വാക്ക്കെട്ട തമ്പുരാനൊ
അരുളിച്ചെയിയുന്നത്തമ്പുരാനൊ
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറെ
നിൻെറ മനസ്സെന്നൊടുണ്ടെങ്കില്
നരിയാലയൊന്ന പണി തീരണം
കൂട്ടീല് നരി വീണ കാണണ്ടീനും
അയിപും ചിലവും[4] കണക്കെൻെറ
ഉടനെ ഉണത്തിച്ചി കുഞ്ഞിയമ്പറ്
അത്തിരെ വെണ്ടുഓളി തമ്പുരാനെ
പുറമല വാഉന്ന തമ്പുരാനൊ
നീരാട്ട പള്ളി കയിഞ്ഞത്തീരെ[5]
അമരത്തെ പക്കം കയിഞ്ഞത്തീരെ[5]
മടക്കം തൊഅ്തൊണ്ടും പൊന്ന് അമ്പറ്
ഞാലിക്കരെ വീട്ടിലെ കുഞ്ഞിയമ്പറും
ഇരിപത്തരണ്ടെണ്ണം നായിമ്മാറും
അന്നടത്താലെ നടക്കുന്നൊറ്
തിരുഅങ്ങാട്ടന്ന മൊയിലൊത്താന്[6]
മൊയിലൊത്തിന്നങ്ങനെ ചെല്ലുന്നൊറ്
കുളിച്ചിനെയിയമൃത വെക്കുന്നൊറ്
അന്നടത്താലെ നടക്കുന്നൊറ്
തിരുവങ്ങാട്ടാററ് പൊറം ചെന്നവറ്
പറയുന്നുണ്ടന്നെരം കുഞ്ഞിയമ്പറ്
ചന്തറൊത്ത ചന്തു നമ്പിയാറെ
കെട്ട തരിക്കെണം നമ്പിയാറെ
നിങ്ങളെ മനസ്സെന്നൊടുണ്ടെങ്കില്
തിരുവങ്ങാട്ടായാരി[7] മെലായാരി
ആയാരിനെ കൂട്ടിക്കൊണ്ടൊരണം

അത്തുരം വാക്ക്കെട്ട നമ്പിയാറ്
കടുമ്മയിപ്പൊരുന്ന നമ്പിയാറ്
ആയാരിൻെറ വീട്ടിന്നച്ചെല്ലുന്നല്ലെ
ആയാരിനെച്ചെന്നു വിളിക്കുന്നല്ലെ
ആയാരിനെയും കൂട്ടിപൊരുന്നല്ലെ
തിരുവങ്ങാട്ടാറെ പൊറം ചെല്ലുന്നല്ലെ
പറയുന്നുണ്ടൊമന കുഞ്ഞിയമ്പറ്
തിരുവങ്ങാട്ടാശാരി മെലായാരി
നിൻെറ മനസ്സെന്നൊടുണ്ടെങ്കില്
നരിയാലയൊന്ന് പണിതീരണം
നരിയാലെക്കും ദെശം കാണുകവെണം
നരിയാലെക്കും ദെശം നൊക്കുന്നൊറ്
മണത്തണച്ചപ്പാരാം ബാത്ക്കാല്
ആടെയൊരിയാലെക്ക ദെശം കണ്ട
തെക്കും വടക്കും കണക്കും വെച്ച
കെക്കും പടിഞ്ഞാറും കുററിയിട്ട
ആശാരിനത്തന്നെ പറഞ്ഞയിച്ചി
പറയുന്നുണ്ടന്നെരം കുഞ്ഞിയമ്പറ്
ചന്തറൊത്തെച്ചന്തു നമ്പിയാറെ
നിങ്ങളെ മനസ്സെന്നൊടുണ്ടെങ്കില്
മൌക്കാറെ കൂട്ടീററ് കൊണ്ടവരണം
അത്തുരം വാക്കുകെട്ട നമ്പിയാറ്
കടുമ്മയിപ്പൊരുന്ന നമ്പിയാറ്
മൌക്കാറ കൂട്ടിയല്ലെ കൊണ്ടവരുന്ന
പറയുന്നുണ്ടന്നെരം കുഞ്ഞിയമ്പറ്
കെട്ട് തരിക്കെണം മൌക്കാറെന്നും
മലമ്മല പുത്തൻ ദൈവത്തിൻെറ
മര ഇട്ടെ കണ്ടി പൊടിക്കളത്ത്
പൊടിക്കളത്തന്ന് തന്നെയാകുന്നത്
ചാതിയെന്നും ചാതിചന്നണമെന്നും
ആയിനിയെന്നും പുളിന്തെക്കെന്നും
നാല കുററി നല്ല മരം കൊത്തണം
ചന്തറൊത്തെച്ചന്തു നമ്പിയാറ്
മൌക്കാറെ കൂട്ടിയല്ലെ കൊണ്ടവരുന്ന
അന്നടത്താലെ നടക്കുന്നൊറ്
മലമ്മലപുത്ത ദൈവത്തിൻെറ
മര ഇട്ട കണ്ടി പൊടിക്കളത്ത്
പൊടിക്കളത്തങ്ങനെ ചെല്ലുന്നൊറ്
ആയിനിയെന്നും പുളിന്തെക്കെന്നും
ജാതിയെന്നും ജാതിചന്നണമെന്നും
നാല് കുററി നല്ലമരം കൊത്തി

ആനെനെ കൂട്ടി വലിപ്പിക്ക്ന്ന്
കൈക്കാറെ കൂട്ടി തടമ്മൽവെച്ച്
വാളക്കാറെക്കൊണ്ട തണ്ടീരിക്ക്ന്ന്[8]
ഓടായിനക്കൂട്ടിപ്പണി തുടങ്ങി
പുളിത്തെക്ക് കൊണ്ടൊലടിയും പായി
ചാതിമരങ്കൊണ്ടെടക്കാലിട്ട്
ആയിനികൊണ്ടൊറയിയും തട്ടി
ചന്നണം കൊണ്ടൊറ മെപ്പാവിട്ട്
എടപ്പലെമ്മക്കള്ളന്നിപ്പിക്ക്ന്ന്
നരിയാലപ്പണിയൊക്കത്തീറ്ന്നാറെ
സമ്മാനം കൊടുത്തും പറഞ്ഞയച്ചി
നെരമൊട്ടന്തിമൊന്തിയാളന്നെരം
നടുക്കൂട്ടി നായിനെകെട്ടുന്നൊറ്
നായിൻെറക്കുന്നിക്കെല്ലാളന്നത്
കുന്നീക്ക ചെരട്ട കടുപ്പിക്കുന്ന്
അയിയം വിളികൂട്ടി നായന്നെരം
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറും
ഇരിപത്തരണ്ടെണ്ണം നായിമ്മാറും
ഏയി വീട്ടിന്നപ്പറം കാവലായി
അങ്ങനെയൊരെയിദെതം (ദിവസം) പാറത്താറെ
നരിയും പുലിയൊന്നും കീഞ്ഞില്ലെലൊ
പറയുന്നണ്ടന്നെരം കുഞ്ഞിയമ്പറ്
ചന്തറൊത്തെ ചന്തു നമ്പിയാറെ
ഇതെല്ലാം എന്ത പുതുമയാന്
ഇന്നെക്കൊരെയി ദിവസായല്ലൊ
നമ്മളീടക്കാവലായി നിന്നൊണ്ടിററ്
നരിയും പുലിയും ഒന്നും കീഞ്ഞില്ലല്ലൊ
ചന്തറൊത്തെ ചന്തു നമ്പിയാറെ
നിങ്ങളെ മനസ്സെന്നൊടുണ്ടെങ്കില്
പുതുക്കുടിനെമനാം പാരിയെരയും[9]
മെയണ്ട ഉള്ള കണിയാനെയും
കടുമ്മയിക്കൂട്ടിയിക്കൊണ്ട വരണം
അന്നടത്താലെ നടക്കുന്നൊറ്
പുതുക്കുടി നെമനാം ബാരിയെറയും
മെയണ്ട ഉള്ള കണിയാനെയും
കടുമ്മയി കൂട്ടിയൊറ് കൊണ്ടം ബന്ന
മണത്തണച്ചപ്പാരാം ബാത്ക്കന്നെ
നട്ടപിറത്തിയം[10] ബെപ്പിക്കുന്ന
രണ്ടു ഒരി രാചി ബന്നുദിച്ചി
പറയുന്നുണ്ടന്നെരം ബാരിയെറ്
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറെ

കെക്ക് പെരുമാള് തമ്പുരാൻേറ
തമ്പുരാൻേറ മുട്ടാനിക്കാണുന്നത്
ഉടനെ പറയുന്ന കുഞ്ഞിയമ്പര്
പുതുക്കുടി നെമനാം ബാരിയറെ
കെക്ക് പെരുമാള് തമ്പുരാൻേറ
എടപഞ്ഞാറാതി പെരുക്കുന്നെരം
തമ്പുരാൻേറുൽസ്സവം നാളു ആയിററ്
ഇരിപത്തൊന്ന കാവ വെള്ളിക്കാവ
അടിയാറ കൂട്ടി ഞാങ്കെട്ടിക്കുവൻ
എന്ന നിനച്ചൊന്ന പാരിവെക്കീൻ[11]
എന്ന നിനച്ചൊറ് പാരിവെച്ചി
തമ്പുരാനച്ചെമ്മെ തെളിഞ്ഞില്ലെലൊ
പിന്നെയും പറയുന്നപ്പാരിയറ്
ഞാലിക്കരെ വീട്ടിലെക്കുഞ്ഞിയമ്പറെ
തമ്പുരാനൊട്ടും തെളിഞ്ഞില്ലെലൊ
ഉടനെ പറയുന്ന കുഞ്ഞിയമ്പര്
പുതുക്കുടി നെമനാം ബാരിയറെ
കെക്ക് പെരുമാള് തമ്പുരാൻേറ
തമ്പുരാൻേറുത്സവം നാളു ആയിററ്
ഇരിപത്തൊന്ന കാവ പൊങ്കാവാന്
അടിയാറ കൂട്ടിഞാങ്കെട്ടിക്കുവെൻ
എന്ന് നിനച്ചൊന്ന വാരിവെക്കിൻ
എന്ന നിനച്ചൊറ് പാരിവെച്ചി
തമ്പുരാന് ചെമ്മെ തെളിഞ്ഞില്ലെലൊ
പറയുന്നുണ്ടന്നെരം പാരിയറ്
ഞാലിക്കരെ വീട്ടിലെ കുഞ്ഞിയമ്പറെ
തമ്പുരാന തെന്നെ തെളിഞ്ഞില്ലെലൊ
പറയുന്നുണ്ടന്നെരം കുഞ്ഞിയമ്പറ്
പുതുക്കുടി നെമനാം വാരിയറെ
എന്നു ഒരിനെറീച്ച കലിപ്പിക്കെണം
കെക്ക് പെരുമാള് തമ്പുരാൻേറ
തമ്പുരാൻേറുത്സവം നാളു ആയിററ്
നരിയറ്ക്കൂട്ടിലെടുത്ത വെച്ചി
ആനെപ്പുറെ ഞാനെഴുന്നള്ളിക്കാം
എന്നു നിനച്ചൊന്ന് വാരിവെക്കീൻ
എന്നു നിനച്ചൊറ് വാരിപ്പെച്ചി
തമ്പുരാന് ചെമ്മെ തെളിഞ്ഞില്ലെലൊ
പറയുന്നുണ്ടന്നെരം വാരിയറ്
ഞാലിക്കര വീട്ടിലെക്കുഞ്ഞിയമ്പറെ
ഇതെല്ലാം എന്ത് പുതുമ്മമ്പറെ
തമ്പുരാന ചെമ്മെ തെളിഞ്ഞില്ലെലൊ

പമിശം മുടിഞ്ഞെല്ലെ കുഞ്ഞിയമ്പറെ
അത്തുരം വാക്കൊനൊക്കെക്കുന്നെരം
പൊട്ടിക്കരയിന്ന കുഞ്ഞിയമ്പറ്
ചന്തറൊത്തെ ചന്തു നമ്പിയാറ്
പറയുന്നുണ്ടന്നേരം നമ്പിയാറ്
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറെ
കരല്ല കരല്ല കുഞ്ഞിയമ്പറെ
ഞാനൊരീനെറീച്ചാ കലിപ്പിക്കട്ടെ
കെക്ക് പെരുമാള് തമ്പുരാൻെറ
തമ്പുരാൻറുൽസ്സവം നാളു ആയിററ്
ഇരിപത്തൊന്ന് കാവെളന്നീക്കാവ്
അടിയറ കൂട്ടി ഞാങ്കെട്ടിക്കുവൻ
എന്ന നിനച്ചൊറ് വാരിവെച്ചി
തമ്പുരാന നന്നത്തെളിഞ്ഞിക്കിന്ന്
അത്തുരം കെട്ടുള്ള കുഞ്ഞിയമ്പറ്
പുതുക്കുടി നെമനാം വാരിയറ്ക്കും
മെയണ്ടയുള്ള കണിയാനുമെ
സമ്മാനം എല്ലെ കൊടുക്കുന്നത്
കടുമ്മയിലൊറ്പ്പറഞ്ഞയച്ചി
നെരമൊട്ടന്തിമൊന്തിയാ ഉന്നെരം
നടുങ്കൂട്ടിൽ നായിന കൊണ്ടകെട്ടുന്നൊറ്
എടപ്പലമ്മക്കള്ള നിപ്പിക്കുന്ന
ഏയിവീട്ടിന്നപ്പുരം കാവലായി
നായിൻെറ അയ്യ വിളികെട്ടിററ്
നെരമൊട്ടപാതിര ചെല്ലുമ്മം
വടക്കമ്മെലമ്മലെ വമ്പുലിയും
തെക്കെമ്മലമ്മലെ നരിക്കിടാവും
രണ്ട മലമ്മന്നും കീഞ്ഞി നരി
രണ്ടും പടിഞ്ഞാറ ചാടിപ്പൊയി
നരിയാല കൊള്ളെയടുക്കുന്നെല്ലെ
ആലമൂന്നചെന്ന് ചൊയന്ന[12] പുലി
മൂന്ന് ചൊയന്നൊന്നടിച്ചി പുലി
പൊത്തനയൊരുത്തയിലിരുന്ന്[13] പുലി
ആരെയൊരുത്തരക്കണ്ടില്ലെലൊ
പുലിരണ്ടും തിക്കിക്കടക്കുന്നെല്ലെ
പുലിരണ്ടും തിക്കിക്കടക്കുന്നെരം
എടപ്പലെമ്മന്ന് കള്ളന്തെററിപ്പൊയി
ഒരി കൂട്ടിൽ രണ്ട് നരിയും വീണ്
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറും
ഇരിപത്ത് രണ്ടെണ്ണം നായിമ്മാറും
ആറ്ത്ത് വിളിച്ചിററബറുമെത്തി

നരിയാലയിച്ചെന്ന് നൊക്കുന്നെരം
ഇത്തിര നല്ലെ വിശയമില്ല
പറയിന്നിണ്ടന്നെരം കുഞ്ഞിയമ്പറ്
ചന്തറൊത്തെ ചന്തു നമ്പിയാറെ
പുറമല വാളന്നെ തമ്പുരാന്
കടുമ്മയിലൊലയെഴുതുകവെണം
അത്തുരം വാക്ക് പറയൂഞ്ചീത്
കടുമ്മയിലൊലയെഴുതുന്നല്ലെ
നാലൊരം നല്ലൊരി നായരെല്
നായിമ്മാറെലൊല കൊടുത്തയച്ചി
കടുമ്മയിപ്പൊരുന്ന് നായിമ്മാറ്
തൃക്കയിക്കുന്നിന് പൊരുന്നൊറ്
തൃക്കയിക്കുന്നിനങ്ങെത്തുന്നെരം
നെരവും പുല്ലപുലന്നിക്കിന്
പുറമല വാളന്നെ തമ്പുരാനൊ
പള്ളിക്കുറുപ്പിന്നെയിയിററിററ്
കതിരൊനക്കണ്ട് കയികൂപ്പുമ്മം
നാലൊളം നല്ലൊരി നായിമ്മാറ്
തമ്പുരാൻെറക്കൊണ്ടക്കൊടുക്കുന്നൊല
ഒലയും മാങ്ങീററ് നൊക്കുന്നെരം
കനക്കത്തെളിഞ്ഞിനത്തമ്പുരാന്
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
പതിനെട്ട നല്ലൊരി കാരിയക്കാറെ
പതിനായിരം നല്ലെ നായിമ്മാറെ
വറത്താനറിഞ്ഞൊയിങ്ങള് കാരിയക്കാറെ
മണത്തണച്ചപ്പാരം ബാത്ക്കല്
ഒരികൂട്ടിൽ രണ്ട് നരി വീണിന്
എനക്ക കടുമ്മയിപ്പൊക വേണം
എഴുന്നെള്ളത്തൊപ്പരം കീഞ്ഞൊളിനെ
പറഞ്ഞയപ്പായിലാഞ് ചെരുമ്മുന്നെ
എഴുന്നതിറുക്കയിക്കുന്നുമ്മന്നും
താണതിറുക്കയിക്കുന്നുമ്മന്നും
എഴുന്നെള്ളത്തല്ലെ പൊറപ്പെടുന്ന്
വെകം കടുമ്മയിലെഴുന്നെള്ള്ന്ന്
മണത്തണച്ചപ്പാരം ബാതുക്കല്
ചപ്പാരം ബാത്ക്കച്ചെല്ലൂഞ്ചീത്
പുറമല വാഴുന്ന തമ്പുരാനൊ
നരിയാലയിച്ചെന്ന് നൊക്ക്ന്നെരം
ഇത്തിര നല്ല വിശയമില്ല
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറെ

നിൻെറ മനസ്സെന്നൊടുണ്ടായിററ്
കൂട്ടിൽ നരി വീണ് കണ്ട് ഞാനൊ
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറെ
ഒന്നൂടീം കാണുവാനുണ്ടായിനും
അത്തുരം കെട്ടുള്ള കുഞ്ഞിയമ്പറ്
ചൊതിക്ക്ന്നൊമന കുഞ്ഞിയമ്പറ്
ഓവാ പിറവു ഓളി തമ്പുരാനെ
മറെറന്ത് കാമാന്തിരുമനസ്സ്
അത്തുരം കെട്ടുള്ള തമ്പുരാനൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറെ
നിൻെറ മനസ്സെന്നൊടുണ്ടെങ്കില്
നരിയങ്കം കൊത്തീററ് കാണണ്ടീനും
നരിയങ്കം കൊത്തുന്ന നായിമ്മാർക്ക
കടുമ്മയിലൊലയെഴുത് നമ്പറെ
നാല് നാട്ടിലൊലയെഴുത് നമ്പറെ
അത്തുരം കെട്ടുള്ള കുഞ്ഞിയമ്പറ്
തിരുവെഴുത്തൊലയെഴുതുന്നല്ലെ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറെ
നരിയങ്കം കൊത്തുന്ന നായരിക്ക്
നരിയങ്കം കൊത്തിച്ചെയിച്ചെങ്കില്
പതിനായിരം നെല്ലിൻെറ ചെമ്മക്കണ്ടം
ചെമ്മം കൊടുക്കുഞ്ഞാങ്കുഞ്ഞിയമ്പറെ
പതിനാല് കണ്ടിപ്പറമ്പു ആന്
ചെമ്മം കൊടുക്കാഞ്ഞാങ്കുഞ്ഞിയമ്പറെ
പതിനാല് ചെപ്പ ഞാന്നെടീററുണ്ട്
പാതികൊടുക്കാഞ്ഞാങ്കുഞ്ഞിയമ്പറെ
തെക്കും പടക്കും കൊയിലൊള്ളത്
വടക്കെക്കൊയിലം കൊടുക്കാഞ്ഞാനൊ
പണ്ടേണ്ണമ്മാറ് കാലം നെടിയ പൊന്ന്
പണ്ടെപയം പൊന്ന് കുഞ്ഞിയമ്പറെ
അതുയിന്ന് പാതികൊടുക്കുഞ്ഞാനൊ
എന്നെല്ലാം ഓലെലെഴുത് നമ്പറെ
അത്തുരം കെട്ടുള്ള കുഞ്ഞിയമ്പറ്
എന്നെല്ലാം ഓലിയിലെഴുതുന്നെല്ലെ
തിരുവെഴുത്തൊലയൊനെഴുതൂഞ്ചീത്
തമ്പുരാൻെറത്തന്നെ കൊടുത്തൊണ്ടെല്ലെ
തൃക്കയിവെളയാടീററൊപ്പുമിട്ട്
നാലൊളം നല്ലൊരി നായരെല്
നാല് നാട്ടിലൊല കൊടുത്തയച്ചി

നാല് നാട്ടിലുള്ളൊരു നായിമ്മാറ്
തിരുവെഴുത്താരും പിടിച്ചില്ലെലൊ
നാല് നാട്ടിന്നൊല മടങ്ങി വന്ന്
അത്തുരം കെട്ടുള്ള തമ്പുരാനൊ
തിരുമുകം ബാടിയെല്ലൊ തമ്പുരാന്
തിരുക്കണ്ണും ചൊരകലങ്ങീക്കിന്
നീരാട്ടപള്ളി കയിയിന്നില്ല
അമരെത്തപക്കം കയിയിന്നില്ല
ഒടനെയുണത്തിച്ചി കുഞ്ഞിയമ്പറ്
പുറമലെ വാഴുന്ന തമ്പുരാനെ
അമരെത്ത പക്കം കയിയെ വെണ്ടും
ഞാനൊരി നായരക്കണ്ടിററുണ്ട്
അത്തുരം വാക്ക് കെട്ട തമ്പുരാനൊ
നീരാട്ട് പള്ളി കയിഞ്ഞത്തിരെ
അമരെത്തപക്കം കയിഞ്ഞൊള്ന്ന്
അരുളിച്ചെയ്യിയിന്നത്തമ്പുരാനൊ
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറെ
നരിയങ്കം കൊത്തുന്ന നായരാന്
എതൊരി നായര് കുഞ്ഞിയമ്പറെ
ഉടനെ ഉണത്തിച്ചി കുഞ്ഞിയമ്പറ്
ഓവാ പിറവുയെൻെറ തമ്പുരാനെ
കടത്തുവയിനാട്ട കരുവഞ്ചെരി
കരുവഞ്ചെരീല്ലത്തെ നായിമ്മാറ്
ഒരമ്മക്കൊാമ്പത മക്കളൊല്
ഒമ്പതും നല്ല പട നായര്
ഞാലിക്കര വീട്ടിലെക്കുഞ്ഞ്യമ്പറെ
കരുവഞ്ചെരീല്ലത്തെ കുഞ്ഞക്ക്
തിരുവെഴുത്തൊലയെഴുത് നമ്പറെ
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പർ
തിരുവെഴുത്തൊലയെഴുതുന്നല്ലെ
ഓലെല് വാശങ്കെഴുതുന്നല്ലെ
മണത്തണച്ചപ്പാരം ബാത്ക്കല്
നരിയാലക്കൂട് പണി തീറ്ത്ത്
ഒരികൂട്ടിൽ രണ്ട് നരിയും ബീണ്
നരിയങ്കം കൊത്തുന്ന നായര്ക്ക്
നാല് നാട്ടിലൊലയെഴുതി ഞാനൊ
നാല് നാട്ടിന്നൊല മടങ്ങിവന്ന്
പിന്നെയും കെക്കണം കുഞ്ഞങ്ങളെ
നരിയങ്കം കൊത്തിച്ചെയിച്ചെങ്കില്
പതിനായിരം നെല്ലിൻെറ ചെമ്മക്കണ്ടം
ചെമ്മം തരുവാഞ്ഞാങ്കുഞ്ഞങ്ങളെ

പതിനാല് കണ്ടിപ്പറമ്പു ആന്
ചെമ്മം തരുവഞ്ഞാങ്കുഞ്ഞങ്ങളെ
പണ്ടെണ്ണമ്മാറ് കാലം നെടിയ പൊന്ന്
പണ്ടെ പയമ്പൊന്ന് കുഞ്ഞങ്ങളെ
പാതിപകുത്ത് തരുവഞ്ഞാനൊ
തെക്കും വടക്കും കൊയില ഉള്ളത്
വടക്കെ കൊയില തെരുവഞ്ഞാനൊ
കണ്ടിക്കും മീത്തപ്പയനാടാന്[14]
പയനാടടക്കം തരുവഞ്ഞാനൊ
എന്നല്ലെ ഓലെലുഴുതുന്നത്
തൃക്കയിവിളയാടീറെറാപ്പുമിട്ട്
തമ്പുരാമ്മനസ്സില് നിരുപിക്ക്ന്ന്
ആരെലാനൊല കൊടുത്തൂടെണ്ടും
നായിമ്മാറെലൊല കൊടുത്തൂട്ടാല്
ചെരട്ടിക്കള്ളെണ്ണിക്കയരു ഓല്
കെടാക്കളെലൊല കൊടുത്തൂട്ടാല്
ചുള്ളിയും ബടിയും കളിക്കുഓല്
പട്ടമ്മാറെലൊല കൊടുത്തൂട്ടാല്
ഊട്ട്പൊരനൊക്കിക്കയരുഓല്
ചൊറനൊറെലൊല കൊടുത്തൂട്ടാല്
നിച്ചെല് നിക്കാരം ചൊറനൊറക്ക്
നിക്കാരം ചെല്ലി വയിയിപ്പൊകും[15]
പിന്നയാരെലൊല കൊടുത്തൂടെണ്ടും
ചെറുപ്പത്തിപ്പൊററിയൊരാരിയത്തത്ത
തത്തെൻെറലൊല കൊടുത്തൂടണം
പൊങ്കൂട്ട്ത്തത്തെന നൊക്കുന്നെരം
കൂട്ടിലത്തത്തെന കാമാനില്ല
ചെറുപ്പത്തിപ്പൊററിയൊരാരിയത്തത്ത
തിരുവങ്ങാടാററ് പറമ്പത്ത്ന്ന്
തത്തയെര കൊത്തിത്തിന്നുന്നെരം
പുറമല വാഉന്നെ തമ്പുരാനൊ
തിരുക്കയിമുട്ടി ബളിച്ചത്തിരെ
ചെറുപ്പത്തിപ്പൊററിയൊരാരിയത്തത്ത
തൃക്കയിമുട്ടി വിളികെട്ടിററ്
കൊത്തിയൊരെരയും പഅ്തിപ്പൊയി[16]
തത്ത പറന്നിററും പൊരുന്നെല്ലെ
തമ്പുരാഞ്ചൊമലിപ്പൊയി വീണ് തത്ത
പറയുന്നുണ്ടന്നെരം ആരിയത്തത്ത
തൃക്കയിമുട്ടി വിളികെട്ടിററ്
കൊത്തിയൊരെരയും പഅ്തിപ്പൊയി
എന്തിനായിറെറന്നെ വിളിച്ചൂട്ടത്

അരുളിച്ചെയ്തന്നെരം തമ്പുരാനൊ
മററെതു അല്ല വിളിച്ചത് ഞാനൊ
തിരുവെഴുത്തുംകൊണ്ട് പൊണം തത്തെ
കടത്തുവയിനാട്ടൊളം പൊണം തത്തെ
തിരുവെഴുത്തും കൊണ്ട് നീ പോകുമ്മം
മൊളെറീററാററം പറന്ന്യെക്കല്ല
കാക്കയും കൌപററിത്തിന്നും നിന്ന[17]
കള്ളറും തുട്ടറും ഉണ്ട് തത്തെ
കള്ളറ് ചതിക്കെല്ലെൻറാരിയത്തത്തെ
ഒത്തൊരടയാളം ചെല്ലിത്തരാം
കരുവാഞ്ചെരീല്ലത്തങ്ങാഉന്നത്
പടിക്കക്കൊളവും പൊന്നമ്പലവും
അതു ഒരടയാളം കണ്ടൊളണെ
ഈയം കൊണ്ടിട്ട നടക്കൊണിയും[18]
കൊട്ടത്തടവും മണിക്കെരടും[19]
കൊട്ടത്തടത്തിലൊരി മുല്ലമരം
മുല്ലമരത്തുമ്മനാടങ്കൊടി
മുല്ലമരത്തുമ്മച്ചെന്ന് വീണൊ
മുല്ലപ്പൂക്കൊത്തീററും തീങ്കയിഞ്ഞാ
ഇന്നെത്തെലാട നീ പാറ്ത്തൊളെ
നാളെത്തെപ്പുല്ല പുലരുന്നെരം
കരുവാഞ്ചെരീല്ലത്തെ നായിമ്മാറ്
പയരിക്കഞ്ഞി കയിയൂഞ്ചീത്
നാടങ്കൊടീമ്മന്നങ്ങാഉന്നത്
വെത്തിലനുള്ളിയെടുക്കുംഓല്
അന്നെരം തിരുവെഴുത്തിട്ടൂടണെ
അത്തുരം വാക്ക് പറയൂഞ്ചീത്
തത്തെൻെറലൊല കൊടുക്കുന്നല്ലെ
തിരുവെഴുത്തും കൊണ്ട് പൊന്നു തത്ത
കടത്തുവയിനാട്ട് പറന്ന് തത്ത
ഒത്തൊരടയാളം നൊക്കി തത്ത
ഒത്തൊരടയാളം കണ്ട് തത്ത
പടിക്കക്കൊളവും പൊന്നമ്പലവും
കൊട്ടത്തടവും മണിക്കെരടും
കൊട്ടത്തടത്തിലൊരി മുല്ലമരം
മുല്ലമരത്തമ്മച്ചെന്ന വീണ്
മുല്ലപ്പൂക്കൊത്തീററും തീങ്കയിഞ്ഞി
അന്നെത്തെയാടപ്പാറുത്ത് തത്ത
പിററന്നാപ്പുല്ല പുലരുന്നെരം
കരുവഞ്ചെരില്ലത്തെ നായിമ്മാറ്
പയയരിക്കഞ്ഞി കയിയൂഞ്ചീത്

എല്ലായിലെളയൊരി കുഞ്ഞിച്ചാത്തു
നാടെംവെത്തില പറിക്കുന്നെരം
ചെറുപ്പത്തിപ്പൊററിയൊരി ആരിയത്തത്ത
അന്നെരം തിരുവെഴുത്തിട്ടൂട്ന്ന്
എല്ലായിലെളയൊരി കുഞ്ഞിച്ചാത്തു
തിരുവെഴുത്തും കണ്ട് കാണാഉമ്മം
ഓലയെടുത്തെല്ലെക്കുഞ്ഞിച്ചാത്തു
ഓലെലെ വായന കണ്ടൊറച്ചി
എല്ലായിലും മൂത്തൊരി കുഞ്ഞ്യോമപ്പൻ
കുഞ്ഞൻെറക്കൊണ്ടക്കൊടുക്കുന്നൊല
ഓല മറിച്ചും തിരിച്ചും നൊക്കി
ഓലയിലെ വായന കാണുന്നെല്ലെ
പറയിന്നുണ്ടൊമനക്കുഞ്ഞിയൊമപ്പൻ
കരുവാഞ്ചെരിക്കുഞ്ഞിമ്മാതു പെങ്ങളെ
ബറത്താനറിഞ്ഞൊ നീ നെര്പെങ്ങളെ
പുറമല വാഴുന്ന തമ്പുരാനൊ
മണത്തണച്ചപ്പാരം ബാതുക്കല്
നരിയാലയൊന്ന് പണിതീറ്ത്ത്
ഒരികൂട്ടിൽ രണ്ടു നരിയും ബീണ്
നരിയങ്കം കൊത്തുവാനാന് പെങ്ങളെ
നരിയങ്കം കൊത്തുന്ന നായര്ക്ക്
നാല് നാട്ടിലൊലയെഴുതിഓല്
നാല് നാട്ട്ന്നൊല മടങ്ങിവന്ന്
എനക്ക് തിരുവെഴുത്ത് വന്നിററുണ്ട്
നാളെത്തെപ്പുല്ല പുലരുന്നെരം
കഞ്ഞികടുമ്മയിപ്പെച്ചൊളണം
അങ്കത്തിനായിററ് പൊക വെണം
അത്തുരം കെട്ടുള്ള കുഞ്ഞിമ്മാതു
പൊട്ടിക്കരയിന്ന് കുഞ്ഞന്താനൊ
ഊയി അറവൂലെൻറാങ്ങളാറെ
എന്ത്ക്കുറവ കെട്ട് പൊനിങ്ങള്
നെറം പെച്ച പൊന്നമ്മളെ വീട്ടിലുണ്ട്
കണ്ണ് കെട്ട നെല്ലമ്മളറയിലില്ലെ
ഒരിനാളും പൊകെണ്ടെൻറാങ്ങളാറെ
മണത്തണച്ചപ്പാരം ബാതുക്കല്
ഒരികൂട്ടിൽ രണ്ട് നരിവീണിററ്
പുറമലവാഴുന്ന തമ്പുരാനൊ
നരിയങ്കം കൊത്തുന്ന നായര്ക്ക്
നാല് നാട്ടിലൊലയെഴുതിയൊറ്
നാല് നാട്ടിന്നൊല മടങ്ങിവന്ന്
നിങ്ങള് പൊകണ്ടെൻറാങ്ങളാറെ

അത്തുരം കെട്ടുള്ള കുഞ്ഞ്യോമപ്പൻ
കരുവാഞ്ചെരിക്കുഞ്ഞിമാതു പെങ്ങളെ
മുന്നംമുന്നം ബന്നൊരങ്കമാന്
അങ്കം മുടക്കല്ല നീ കുഞ്ഞനെ
പിന്നെയും പറയുന്നക്കുഞ്ഞിമ്മാതു
കെട്ട തരിക്കണെൻറാങ്ങളാറെ
എയരമാസം കെറുപ്പെനക്ക
പള്ളയിലെ കുഞ്ഞനെക്കാണുകവെണ്ട
ഈററുപൊലയിപ്പണ്ടങ്കമുണ്ടൊ
അത്തുരം വാക്ക് കെട്ട കുഞ്ഞ്യോമപ്പൻ
പറയിന്നിണ്ടൊമനക്കുഞ്ഞ്യോമപ്പൻ
കരുവാഞ്ചെരിക്കുഞ്ഞിമ്മാതു പെങ്ങളെ
എയരമാസം കെറുപ്പ എങ്കില്
പത്തും തികഞ്ഞി നീ പെററൊ കുഞ്ഞ
നീയിന്നൊരാണ്പൈതൽ പെററെങ്കില്
കരുവാഞ്ചെരിക്കുഞ്ഞിക്കെളു എന്ന്
പെര്വിളിക്കണെ കുഞ്ഞിമ്മാതു
നാളത്തെപ്പുല്ല പുലരുന്നെരം
കുഞ്ഞികടുമ്മയിപ്പെച്ചൊളണം
അങ്കത്തിനായിററ് പൊകവെണം
അത്തുരം കെട്ടുള്ള കുഞ്ഞമ്മാതു
പൊട്ടിക്കരയിന്ന് കുഞ്ഞന്താനൊ
കുഞ്ഞങ്കരയും കരച്ചില് കണ്ടാൽ
ഒണക്കമരം പൊട്ടിപ്പാല്വരും
ഓടമൊളപൊട്ടിവെള്ളം വരും
അന്ന് കുളിച്ചും വെയിച്ചും കൂടി
പിറെറന്നാപ്പുല്ല പുലരുന്നെരം
കഞ്ഞികടുമ്മയിവെച്ചവറ്
കരുവഞ്ചെരീല്ലത്തെ നായിമ്മാറ്
കുളിച്ചിററ് കഞ്ഞികുടിച്ചവറ്
അങ്ങനവാടയിരിക്കുന്നെരം
ഓണപ്പറമ്പത്തെ കുഞ്ഞിക്കണ്ണൻ
വറത്താനം കെട്ടിററവനുമെത്തി
പറയിന്നിണ്ടൊമനകുഞ്ഞിക്കണ്ണൻ
കരുവാഞ്ചെരി വീട്ടിലലിയമ്മാറെ
എവിടെപ്പൊറപ്പാടളിയമ്മാറെ
ഉടനെ പറയിന്നക്കുഞ്ഞ്യോമപ്പൻ
പുറമലവാഴുന്ന തമ്പുരാനൊ
മണത്തണച്ചപ്പാരം ബാതുക്കല്
നരിയാലയൊന്ന് പണി തീറ്ത്ത്
ഒരികൂട്ടിൽ രണ്ട് നരി വീണിററ്

കൂട്ടിൽ നരിയങ്കം കൊത്തുവായൻ
ഞാക്ക് തിരുവെഴുത്ത് വന്നിററുണ്ട്
നരിയങ്കം കൊത്തുവാമ്പൊന്ന് ഞാള്
അത്തുരം കെട്ടുള്ള കുഞ്ഞിക്കണ്ണൻ
ഉടനെപറയിന്നക്കുഞ്ഞിക്കണ്ണൻ
കരുവാഞ്ചെരി വീട്ടിലളിയമ്മാറെ
മണത്തണെച്ചപ്പാരം ബാതുക്കല്
ഒരികൂട്ടിൽ രണ്ട് നരി വീണിററ്
നാല് നാട്ടിലൊലയെഴുതിയൊല്
നാല് നാട്ടിന്നൊല മടങ്ങിവന്ന്
നിങ്ങള് പൊകണ്ടളിയമ്മാറെ
ഉടനെ പറയിന്നക്കുഞ്ഞ്യൊമപ്പൻ
ഓണപ്പറമ്പത്തെക്കുഞ്ഞിക്കണ്ണ
മുന്നംമുന്നമുള്ളൊരങ്കമാണ്
അങ്കമ്മൊടക്കല്ല നെരളിയ
അത്തുരം വാക്ക് കെട്ടകുഞ്ഞിക്കണ്ണൻ
പറയിന്നിണ്ടൊമനക്കുഞ്ഞിക്കണ്ണൻ
കരുവഞ്ചെരിക്കുഞ്ഞിമാതുവിന്
എയരമാസം കെറുപ്പമാന്
ഈററ്പൊലയിപ്പണ്ടങ്കമില്ല
അന്നരം പറയിന്നക്കുഞ്ഞ്യൊമപ്പൻ
കരുവഞ്ചെരിക്കുഞ്ഞിമ്മാതുവിന്
മാതൂന് കെറുപ്പമിന്നാനെങ്കില്
അതിനെന്ത് വന്നിന് കുഞ്ഞിക്കണ്ണ
ഓളിന്നൊരാമ്പൈതൽ പെറെറങ്കില്
കരുവാഞ്ചെരിക്കുഞ്ഞിക്കെളുയെന്ന്
കെളുയെന്ന് പെര്വിളിച്ച്യെക്കണം
അത്തുരം കെട്ടുള്ള കുഞ്ഞിക്കണ്ണൻ
പിന്നയും പറയിന്നക്കുഞ്ഞിക്കണ്ണൻ
കരുവാഞ്ചെരില്ലത്തളിയമ്മാറെ
നിങ്ങള് പൊകണ്ടളിയമ്മാറെ
കരുവാഞ്ചെരിവീട്ടിലെ കുഞ്ഞങ്ങള്
ഒന്ന് പറഞ്ഞിററും കെക്ക്ന്നില്ല
പൊആമ്പൊറപ്പാടൊരുമ്മപ്പാട്[20]
ആലാലടുങ്കുടി നായിമ്മാറ്
രണ്ടമ്മെക്കൊമ്പതു മക്കളൊറ്
ഒമ്പതും നല്ല പടനായര്
വറത്താനം കെട്ടിററങ്ങൊലുമെത്തി
കരുവഞ്ചെരി വീട്ടിലും വന്നിററാന്
പറയിന്നിണ്ടൊമന നായിമ്മാറ്
കരുവാഞ്ചെരി വീട്ടിലെ കുഞ്ഞ്യൊമപ്പ

മണത്തണച്ചപ്പാരം ബാതുക്കല്
ഒരി കൂട്ടിൽ രണ്ട് നരി വീണിററ്
നരിയങ്കം കൊത്തുവാനാകുന്നത്
നിനിക്ക് തിരുവെഴുത്ത് വന്നിററുണ്ട്
ഞാളൂടിപ്പൊരുന്ന് കുഞ്ഞ്യാമപ്പ
അന്നെരം പറയിന്നക്കുഞ്ഞ്യാമപ്പൻ
ആലാലടുങ്കുടി നായിമ്മാറെ
അത്തിരെ വെണ്ടുയെൻെറ നായിമ്മാറെ
കരുവാഞ്ചെരി വീട്ടിലെ നായിമ്മാറും
ആലാലടുങ്കുടി നായിമ്മാറും
പൂആമ്പൊറപ്പാടൊരുമ്മപ്പാട്
ആലായടുങ്കുടിക്കുഞ്ഞിയണാരൻ
പറയിന്നിണ്ടൊമനക്കുഞ്ഞിയണാരൻ
കരുവാഞ്ചെര്യോമനക്കുഞ്ഞ്യാമപ്പ
കരുവാഞ്ചെരി കുഞ്ഞിച്ചാത്തുവിന്
കുഞ്ഞന് കനക്കച്ചെറുപ്പമല്ലെ
പുത്തിയില്ലാത്തൊരി കുഞ്ഞനാന്
എന്തിന് കുഞ്ഞനക്കൊണ്ട് പൊന്
ഉടനെ പറയിന്ന് കുഞ്ഞ്യാമപ്പൻ
കരുവഞ്ചെരിക്കുഞ്ഞിച്ചാത്തു കെക്ക്
നീയൊട്ടും ഞാളൊടിപ്പൊരുഅവെണ്ട
നിനിക്കക്കനക്കച്ചെറുപ്പമല്ലെ
കരുവാഞ്ചെരിക്കുഞ്ഞിമ്മോതുവിന്
നീയെ ഉടയത് കുഞ്ഞിച്ചാത്തു
വെകംപൊയിവെകം വരട്ടെ ഞാളൊ
അത്തുരം വാക്ക് കെട്ടെ കുഞ്ഞിച്ചാത്തു
കരുവാഞ്ചെര്യോമനക്കുഞ്ഞിച്ചാത്തു
ഒന്ന് പറഞ്ഞിററും കെക്കുന്നില്ല
കരുവാഞ്ചെര്യോമനക്കഞ്ഞ്യാമപ്പൻ
പറഞ്ഞാക്കപ്പൊതം വരുത്തിയൊന
കരുവഞ്ചെര്യോമന നായിമ്മാറും
ആലാലടുങ്കുടി നായിമ്മാറും
ചാത്തിര പറഞ്ഞൊണ്ടും പൊരുന്നൊല്
അന്നടത്താലെ നടക്കുന്നൊല്
മയ്യയിലൊണ്ട പൊയെക്ക് ചെന്ന്
പൊയകടന്നക്കര വീണവല്
അന്നടത്താലെ നടക്കുന്നൊല്
അനകം പടക്ക നടന്നവല്
പുറമല വാഴുന്ന തമ്പുരാൻെറ
തൃക്കയിക്കുന്നിന് ചെന്നവറ്
തിരുമെനി കണ്ട് തൊഴുതവറ്

ഉടനെയരുളിച്ചെയ്തിതൊള്ന്ന്
ഞാലിക്കര വീട്ടിലെ കുഞ്ഞിയമ്പറെ
എട്ന്ന് വന്നിനിന്നായിമ്മാറ്
ഉടനെ ഉണത്തിച്ചി കുഞ്ഞിയമ്പറ്
ഓവാ പിറവു എൻെറ തമ്പുരാനെ
കരുവാഞ്ചെരി വീട്ടിലെ നായിമ്മാറും
ആലാലടുങ്കുടി നായിമ്മാറും
നരിയങ്കം കൊത്ത്വാനും വന്നിനൊറ്
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
ഞാലിക്കര വീട്ടിലെ കുഞ്ഞ്യമ്പറെ
നരിയങ്കം കൊത്തുന്ന നായര്ക്ക്
അരിയും ചെലവും കൊടുത്ത്യെക്കണം
നാളെത്തെപ്പുല്ല പുലരുന്നെരം
നാളമണത്തണയെഴുന്നുള്ളത്തും
അത്തുരം കെട്ടുള്ള കാരിയക്കാരൻ
അരിയും ചെലവും കൊടുക്കുന്നെല്ലെ
അരിയും ചെലവും ഒക്ക വാങ്ങിയൊല്
വെച്ചുണ്ണും വീടിന് പൊയവറ്
അന്ന് കുളിച്ചും വെയിച്ചും കൂടി
പിറെറന്നാപ്പുല്ല പുലരുന്നെരം
കടുമ്മയിൽ കഞ്ഞികുടിച്ചവറ്
തൃക്കയിക്കുന്നിന് പൊരുന്നൊറ്
തൃക്കയിക്കുന്നിന് ചെന്നനെരം
ഏററന്നതൃക്കിയിക്കുന്നുമ്മന്നു
താണതിറുക്കയിക്കുന്നുമ്മന്നും
പതിനെട്ട നല്ലൊരി കാരിയക്കാറും
പതിനായിരം നല്ല നായിമ്മാറും
കരുവാഞ്ചെരില്ലത്തെ കുഞ്ഞങ്ങളും
ആലാലടുങ്കുടി നായിമ്മാറും
നരിയാലയിച്ചെന്ന് നൊക്കുന്നൊല്
നരിയാലയിച്ചെന്നുനൊക്കുന്നെരം
ഇത്തിര നല്ലെ വിശയമില്ല
അന്നു കുളിച്ചും വെയിച്ചും കൂടി
പിറെറന്നാപ്പുല്ല പുലരുന്നെരം
അരുളിച്ചെയ്തൊമനത്തമ്പുരാനൊ
നരിയങ്കം കൊത്തുന്ന നായിമ്മാറെ
കൂട്ടിൽ നരിവീണ് കണ്ട്ഞാനൊ
നിങ്ങളെ മനസ്സെന്നൊടുണ്ടെങ്കില്
നരിയങ്കം കൊത്തീററ് കാണണ്ടീനും
അത്തുരം കെട്ടുള്ള നായിമ്മാറ്
കടുമ്മയിക്കഞ്ഞി കയിഞ്ഞവറ്

പാലൊയങ്കച്ചില ചിററിയൊറ്
നരിയാലെലങ്ങനെ ചെല്ലുന്നൊറ്
നരിയാല വാതില് തൊറന്നവറ്
നരിയാലയിത്തുള്ളി വീണവല്
കൂട്ടില് നരിയങ്കം കൊത്തിയൊല്
കരുവാഞ്ചൊരില്ലത്തെക്കുഞ്ഞങ്ങള
എട്ടിനയും പററിത്തിന്ന് പുലി
ആലാലടുങ്കുടി നായിമ്മാറ
ഒമ്പതിനെയും പററിത്തിന്ന് പുലി
പുറമലവാണുള്ള തമ്പുരാന്
തിരുക്കണ്ണഞ്ചൊര കലങ്ങിപ്പൊയി
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
ഞാലിക്കര വീട്ടിലെക്കുഞ്ഞ്യമ്പറെ
കരുവഞ്ചെരില്ലത്തെക്കുഞ്ഞങ്ങള
എട്ടിനയും പററിത്തിന്ന് പുലി
ആലാലടുങ്കുടി നായിമ്മാറ്
ഒമ്പതിനയും പററിത്തിന്ന്പുലി
നരിയങ്കം കൊത്തി ഞാങ്കണ്ടില്ലെലൊ
കരുവാഞ്ചെര്യൊമനക്കുഞ്ഞിച്ചാത്തു
കുഞ്ഞന് കനകച്ചെറുപ്പമല്ലെ
വെടിവെച്ചിററക്കുഞ്ഞങ്കൊന്നും കൊട്ടെ
ഞാനൊ പറഞ്ഞത് കൊടുത്ത്യെക്കാലൊ
അത്തുരം കെട്ടുള്ള കുഞ്ഞിച്ചാത്തു
ഉടനെ ഉണത്തിച്ചികുഞ്ഞിച്ചാത്തു
കരുവാഞ്ചെര്യൊമനൊൻെറട്ടമ്മാറ്
എട്ടിനയും പററിത്തിന്ന്പുലി
ആലാലടുങ്കുടി നായിമ്മാറ
ഒമ്പതിനയും പററിത്തിന്ന് പുലി
എനക്കു അവിട മരിക്കറുതൊ
അത്തുരം വാക്ക് പറഞ്ഞിചാത്തു
തൻെറയെടത്തതും വലത്തതുമായി
തൻെറ ഗുരുവിന വന്ദിക്ക്ന്ന്
തൻെറ ഗുരിവിന വന്ദിച്ചിററ്
നരിയാല വാതില് തൊറന്ന് ചാത്തു
കൂട്ടില് നരിയങ്കം കൊത്തുന്നൊനൊ
നെരമൊട്ടുച്ചതിരിയൊളവും
കൂട്ടില് നരിയങ്കം കൊത്തി ചാത്തു
നരിയിനയും കൊത്തിക്കൊന്ന് ചാത്തു
പുലിയിനയും കൊത്തിക്കൊന്ന് ചാത്തു
നരിയാലെന്നിപ്പൊറം കീഞ്ഞിചാത്തു
തിരുമെനി കണ്ടും തൊഴുത് ചാത്തു

കനക്കത്തെളിഞ്ഞല്ലൊ തമ്പുരാന്
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
ഞാലിക്കര വീട്ടിലെക്കുഞ്ഞ്യമ്പറെ
നിൻെറ മനസ്സെന്നൊടുണ്ടായിററ്
കൂട്ടില് നരിവീണും കണ്ട്ഞാനൊ
നരിയങ്കം കൊത്തിച്ചെയിച്ചും കണ്ട്
കരുവാഞ്ചെരിക്കുഞ്ഞിച്ചാത്തുവിന്ന്
ഞാനൊ പറഞ്ഞത് കൊട്ടത്ത്യെക്കാലൊ
പതിനായിരം നെല്ല് ജമ്മക്കണ്ടം
പതിനാല കണ്ടിപ്പറമ്പു ആന്
ചെമ്മമെഴുതിക്കൊടുക്കുന്നല്ലെ
തമ്പുരാമ്പറഞ്ഞ മൊതലൊക്കയും
കുഞ്ഞന് തന്നെ കൊടുത്തത്തിരെ
കണ്ടിക്കും മീത്തപ്പയനാടാന്
പയനാടടക്കം കൊടുക്കുന്നെല്ലെ
കരുവാഞ്ചെര്യൊമനക്കുഞ്ഞിച്ചാത്തു
പൊന്നൊക്കച്ചൊടായിക്കെട്ടിക്ക്ന്ന്
മടക്കം തൊഴുതൊണ്ടും പൊരുന്നല്ലെ
കരുവഞ്ചെരി വീട്ടിലും ചെല്ലുന്നല്ലെ
കണ്ണലെ കണ്ടിനക്കുഞ്ഞിമ്മാതു
ചൊതിക്ക്ന്നന്നെരം കുഞ്ഞിമ്മാതു
കരുവാഞ്ചെരിച്ചാത്തു നെരാങ്ങളെ
ആങ്ങളാറെടുത്തും[22] നെരാങ്ങളെ
അത്തുരം കെട്ടുള്ള കുഞ്ഞിച്ചാത്തു
പറയിന്നിണ്ടൊമനക്കുഞ്ഞിച്ചാത്തു
കെട്ട് തരിക്കണം നെർപെങ്ങളെ
എട്ടൊളം നല്ലൊരൻെറട്ടമ്മാറ്
പുറമല വാഴുന്ന തമ്പുരാൻെറ
നെമത്തിനാടയത് നിന്നിക്കിന്
ഉടനെ പറയിന്നക്കുഞ്ഞിമ്മാതു
കരുവാഞ്ചെരിച്ചാത്തു നെരാങ്ങളെ
പുറമല വാഉന്ന തമ്പുരാൻെറ
നെമത്തിനെന്തിന് നിന്നിനൊല്
കണ്ണ് കെട്ടനെല്ലെൻററയിലില്ലെ
നെറം വെച്ചെപൊന്നമ്മളെ പെട്ടീലില്ലെ
എന്ത്ക്കൊറവ് കണ്ട് നിന്നിനൊല്
കരുവഞ്ചെര്യൊമനക്കുഞ്ഞിച്ചാത്തു
തമ്പുരാങ്കൊടുത്തൊരി പൊന്നൊക്കയും
പെങ്ങളെത്തന്നെ കൊടുക്കുന്നല്ലെ
അങ്ങനെയവിടയിരിക്കുന്നെല്ലെ
അങ്ങനെ കൊറഞ്ഞൊന്ന് പാറത്താരെ

പറയിന്നിണ്ടൊമനക്കുഞ്ഞിച്ചാത്തു
കരുവഞ്ചെരിക്കുഞ്ഞിമ്മാതു പെങ്ങളെ
മണത്തണച്ചപ്പാരം ബാത്ക്ക്ന്ന്
ഒരികൂട്ടിൽ രണ്ട് നരിവീണിററ്
നരിയങ്കം കൊത്തുവാമ്പൊയിററാന്
നരിയങ്കം കൊത്തിച്ചെയിച്ചിഞ്ഞാള്
പുറമല വാഴുന്ന തമ്പുരാനെ
എറിയ മൊതലൊക്കത്തന്ന് ഞാക്ക്
മലനാട്ടിൽ പൊന്നൊന്നും അയിയുന്നില്ല
വയനാടടക്കവും തന്നിന് ഞാക്ക്
ഇത്തിര നെരവും നെര്പെങ്ങളെ
ഞാനൊ പയനാട്ടിപ്പൊയിററില്ല
ഞാനൊ പയനാട് കണ്ടിററില്ല
ഞാനൊ വയനാട്ട്പ്പൊയിവരട്ടെ
ഉടനെ പറയിന്നക്കുഞ്ഞിമ്മാതു
കരുവാഞ്ചെരിച്ചാത്തു നെരാങ്ങളെ
എന്നയാരെലിട്ട്യെച്ചും പൊന്നാങ്ങളെ
ഉടനെ പറയിന്നക്കുഞ്ഞിച്ചാത്തു
കരുവാഞ്ചെരിക്കുഞ്ഞിമ്മാതു പെങ്ങളെ
വെകം പൊയി വെകം വരട്ടെ ഞാനൊ
കടുമ്മയിക്കഞ്ഞി കയിഞ്ഞിററാന്
അയപ്പിച്ചൊണ്ടും കീഞ്ഞി പൊര്ന്നെല്ലെ
അന്നടത്താലെ നടന്ന ചാത്തു
വയനാട്ട്ത്തന്നയും ചെല്ലുന്നെല്ലെ
വയനാട്ട്ത്തന്നയും എത്തിയല്ലെ
അങ്ങനെ കൊറഞ്ഞൊന്നും പാറ്ത്തിററ്
വയനാടടക്കിയെല്ലെ കുഞ്ഞിച്ചാത്തു
പുത്തനിടപ്പണിയെടുപ്പിക്ക്ന്ന്
പുത്തനിടപ്പണി തീറ്ന്നാരെ
വടക്കനിടത്തിലെത്തെയി കുഞ്ഞന
പൊട മുറിച്ചും കൂട്ടിക്കൊണ്ട് വന്ന്
അങ്ങനയവിടയാടപ്പാറ്ത്തൊല്
കരുവാഞ്ചെരിക്കുഞ്ഞിമ്മാതുവിന്
കുഞ്ഞനൊരി പത്ത്മാസം തെഞ്ഞത്തിരെ
നൊന്ത് വിളിച്ചിറെറാരാണും പെററ്
കുഞ്ഞനൊരാറ് മാസം ചെന്ന നെരം
പറയിന്നിണ്ടൊമനക്കുഞ്ഞിമ്മാതു
ഓണപ്പറമ്പത്തങ്ങെൻെറ ബന്തു
കുഞ്ഞനൊരാറ് മാസം തെഞ്ഞെല്ലിപ്പം
കുഞ്ഞന് ചൊറൂണ് കയിക്കുക വെണ്ടെ
ചൊറൂണ് മൂറ്ത്തം കല്പിക്ക്ന്ന്

ചൊറൂണ് തന്നെ കയിച്ചവറ്
കരുവാഞ്ചെരിക്കുഞ്ഞിക്കെളുവെന്ന്
കെളു എന്ന് പെര് വിളിച്ച്യെക്കണം
അങ്ങനയവിടയാടപ്പാറ്ത്തൊല്
കരുവാഞ്ചെരിക്കഞ്ഞിക്കെളുവിന്ന്
കെളൂനൊരെയി വയസ്സുമായി
എയിവയസ്സൊനതായെരത്ത്
പറയിന്നിണ്ടൊമനക്കുഞ്ഞിക്കെളു
കരുവാഞ്ചെര്യൊമനപ്പെററൊരമ്മെ
എഴുത്ത് പടിക്കണ്ണെനക്കെൻറമ്മെ
കരുവാഞ്ചെരിക്കുഞ്ഞിമ്മാതുവാന്
എഴുതുവാങ്കുഞ്ഞനക്കൂട്ടൂന്നെല്ലെ
എഴുത്തും പടിച്ചി കുരിക്കളായി
പറയിന്നിണ്ടൊമനക്കുഞ്ഞിക്കെളു
കരുവാഞ്ചെര്യൊമനപ്പെററൊരമ്മെ
എഴുത്ത് പടിച്ചി കുരിക്കളായി
പൊയിത്ത് പടിക്കണ്ണെനക്കെൻറമ്മെ
പറയിന്നിണ്ടന്നെരം കുഞ്ഞിമ്മാതു
കരുവാഞ്ചെര്യൊമനക്കുഞ്ഞിക്കെളു
ഓണപ്പറമ്പത്തിൻറച്ചങ്കെളു
അച്ചൻറരിയത്തും ചെല്ല് കെളു
അച്ചനൊട് ചെന്നും പറ കുഞ്ഞനെ
അത്തുരം കെട്ടുള്ളകുഞ്ഞിക്കെളു
ഓണപ്പറമ്പത്ത് ചെല്ലുന്നെല്ലെ
കുഞ്ഞമ്പടി കയറി ചെല്ലുന്നെല്ലെ
കുഞ്ഞമ്പടി കയറിച്ചെല്ലുന്നെരം
ചൊതിക്ക്ന്നൊമനക്കുഞ്ഞിക്കണ്ണൻ
കരുവാഞ്ചെര്യൊമനക്കുഞ്ഞിക്കെളു
കുമ്പഞ്ഞാററിക്കും ബെയിലും കൊണ്ട്
എന്ത് ബെയിലൊട പൊന്നത് കെളു
കെട്ട് തരിക്കണം എൻെറയച്ച
എഴുത്ത് പടിച്ചി കുരിക്കളായി
പൊയിത്ത് പടിക്കണ്ണെനക്കെൻറച്ച
അത്തുരം കെട്ടുള്ള കുഞ്ഞിക്കണ്ണൻ
പുത്തങ്കളരിയൊന്ന് കെട്ടിക്ക്ന്ന്
പണിക്കറയും തെടി വരുത്തിക്ക്ന്ന്
ഇരിപത്ത് രണ്ടെണ്ണം കുട്ട്യെളയും
കരുവാഞ്ചെരിക്കുഞ്ഞിക്കെളൂനെയും
പൊയിത്തിന് കൂട്ടുന്ന് കുഞ്ഞിക്കണ്ണൻ
പൊയിത്ത് പടിക്ക്ന്ന് കുഞ്ഞങ്ങള്
വെണ്ടുന്ന വിത്തിയ പടിച്ചവറ്

അതിലിക്കുരിക്കളൊങ്കുഞ്ഞിക്കെളു
കുട്ടെളത്തച്ചിമറിക്കുകയും
കത്തിരിയപ്പൂട്ടററം പൊന്തുകയും
ഇരുപത്ത് രണ്ടെണ്ണം കൂട്ടിയെള്
കരുവാഞ്ചെരിക്കുഞ്ഞിക്കെളുവിന്
എളുപ്പംവിളിച്ചി പറഞ്ഞൂട്ടില്ലെ
ഇത്തിര കിറുത്തുള്ള കുഞ്ഞിക്കെളു[23]
ഒമ്പതൊളമ്മൊമ്മാറുണ്ടായിററ്
മണത്തണച്ചപ്പാരം ബാതുക്കല്
ഒരി കൂട്ടിൽ രണ്ട് നരിവീണിററ്
നരിയങ്കം കൊത്തുവാമ്പൊയവറ്
എട്ടിനയും പററിത്തിന്ന് പുലി
ഒന്നെയൊരമ്മൊമ്മങ്കുഞ്ഞിക്കെളു
നരിയങ്കം കൊത്തിച്ചെയിച്ചവറ്
പുറമല വാഴുന്ന തമ്പുരാനൊ
എറിയ സമ്മാനം കൊടുത്തൊണ്ടല്ലെ
പയനാടടക്കം കൊടുത്തവറ്
കരുവാഞ്ചെരിച്ചാത്തു നമ്പ്യാറെന്ന്
പെരുംബിളിച്ചൊണ്ടത്തമ്പുരാനൊ
തമ്പുരാങ്കൊടുത്തുള്ള പൊന്നൊക്കയും
ചൊടാക്കിക്കെട്ടിച്ചികൊണ്ടുംവന്ന്
കരുവാഞ്ചെരി വീട്ടിക്കൊണ്ടും വന്ന്
വയനാട്ടിത്തന്നയും പൊയവറ്
ഇത്തിരനെരവും വന്നിററില്ല
മരിച്ചൊന്ന് ചെന്നിറററിഞ്ഞൊ കെളു
നമ്പിയാറ് തെന്നെ മരിച്ചെങ്കില്
ചൊടലയിക്കിറിയകയിച്ചൊ കെളു
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
പൊന്തിയും[24] പലിശയുമെല്ലാഉന്നത്
വയ്യൊക്കിലങ്ങനെ ചാടുഞ്ചീത്
അന്നടത്താലെ നടന്ന് കെളു
കരുവഞ്ചെരി വീട്ടിലും ചെന്ന് കെളു
ചൊതിക്ക്ന്നൊാമനക്കുഞ്ഞിക്കെളു
കരുവാഞ്ചെരി വീട്ടിലെ പെറെറാരമ്മെ
എൻെറകൂടി അമ്മൊമ്മാറില്ലെയമ്മെ
പറയിന്നണ്ടന്നെരം പെറെറാരമ്മ
കരുവാഞ്ചെരിക്കുഞ്ഞിക്കെളുകെക്ക്
നിൻറൂടിയമ്മൊമ്മാറില്ല കെളു
അത്തുരം കെട്ടുള്ളകുഞ്ഞിക്കെളു
കഴുത്തിലെ പുല്ലൂരിക്കൊയയാന്
പുല്ലൂരിക്കൊയ കടിച്ചറത്ത്

കണ്ടത്തിത്തന്നയും ചാടികെളു
കെരട്ടും പടെമ്മക്കയരികെളു
പറയിന്നിണ്ടൊമനക്കുഞ്ഞിക്കെളു
കരുവാഞ്ചെരി വീട്ടിലെ പെററൊരമ്മെ
പട്ടാങ്ങ്നെര് പറഞ്ഞില്ലെങ്കിൽ
ഞാനിക്കെരട്ടിക്കു നിക്കു അമ്മെ
കെരട്ടിക്കു നിച്ചി മരിക്കും ഞാനൊ
അത്തുരം കെട്ടുള്ള പെററൊരമ്മ
പറയിന്നിണ്ടന്നെരം പെററൊരമ്മ
കരുവഞ്ചെര്യൊമനക്കുഞ്ഞിക്കെളു
കെരട്ടിക്കു നിക്കെല്ല പൊന്ന്മനെ
പട്ടാങ്ങ് നെര് പറയാം ഞാനൊ
നെരായവണ്ണം പറയിന്നമ്മ
പൊറമല വാഴുന്ന തമ്പുരാനൊ
മണത്തച്ചപ്പാരം ബാത്ക്കല്
നരിയാലക്കൂട് പണിതീറുത്ത്
ഒരികൂട്ടിൽ രണ്ട് നരിയും വീണ്
നരിയങ്കം കൊത്തുന്ന നായര്ക്ക്
നാല് നാട്ടിലൊലയൊഴുതിയൊറ്
നാല്നാട്ടിന്നൊല മടങ്ങിവന്ന്
ഇവിടയും ഓലയൊഴുതിയൊറ്
ഓലയും കണ്ടിററ് കാണാഉമ്മം
ഒമ്പതൊളാങ്ങളാറുണ്ടായിററ്
നരിയങ്കം കൊത്തുവാമ്പൊയവറ്
ആലാലടുങ്കുടിനായിമ്മാറ്
രണ്ടെമ്മെക്കൊമ്പത് മക്കളൊല്
നരിയങ്കം കൊത്ത്വാനവറും പൊയി
കൂട്ടിൽ നരിയങ്കം കൊത്തിയൊല്
ഒമ്പതിനയും പററിത്തിന്ന് പുലി
കരുവഞ്ചൊര്യൊമനൻറാങ്ങളാറ്
കൂട്ടിൽ നരിയങ്കം കൊത്തീററാന്
എട്ടിനയും പററിത്തിന്ന് പുലി
കരുവാഞ്ചെരിച്ചാത്തു നെരാങ്ങള
നരിയങ്കം കൊത്തിച്ചെയിച്ചാങ്ങള
പൊറമല വാഴുന്ന തമ്പുരാനൊ
കരുവാഞ്ചെരിച്ചാത്തു നമ്പ്യാറെന്ന്
പെരും ബിളിച്ചൊണ്ടത്തമ്പുരാനൊ
എറിയപൊന്നും കൊടുത്തവറ്
ബയനാടടക്കം കൊടുത്തവറ്
കരുവാഞ്ചെരിച്ചാത്തു നെരാങ്ങള
പൊന്നാക്കച്ചൊടാക്കിക്കൊണ്ടും വന്ന്

അന്നെ വയനാട്ടിപ്പൊയിക്കിന്
ഇത്തിരനെരവും ബന്നിററില്ല
മരിച്ചൊയെന്നും ഞാനറിഞ്ഞിററില്ല
അത്തുരം വാക്ക് കെട്ട കുഞ്ഞിക്കെളു
കെരട്ടും പടമ്മന്നും തായക്കീഞ്ഞി
പടിഞ്ഞാറെറലങ്ങ് കടന്ന് കെളു
തൻെറയിടത്തതും വലത്തതുമായി
എലത്തൂറ്പ്പാക്കു* എടുത്തുകെളു
പൊആമ്പൊറപ്പാടൊരുമപ്പാട്
ചൊതിക്ക്ന്നന്നെരംകുഞ്ഞിമ്മാതു
എടപുറപ്പാട് കുഞ്ഞിക്കെളു
കരുവാഞ്ചെര്യൊമനപ്പെറെറാരമ്മെ
വയനാട്ടിലൊളം ഞാമ്പൊയിവരട്ടെ
അത്തുരം കെട്ടുള്ള പെറെറാരമ്മ
പറയിന്നിണ്ടന്നെരം പെറെറാരമ്മ
കുഞ്ഞികുടിച്ചിററും പൊട് കെളു
ഉടനെ പറയിന്ന് കുഞ്ഞിക്കെളു
കരുവാഞ്ചെര്യൊമനപെറെറാരമ്മെ
കഞ്ഞിയൊ തന്നെ കുടിക്കണ്ടീക്കിൽ
ബയനാട്ടിലൊളം ഞാമ്പൊയിവരട്ടെ
അന്നടത്താല നടന്ന് കെളു
മയ്യയിലാണ്ട പൊയെക്ക ചെന്ന്
മയ്യയിലാണ്ട പൊയകടന്ന്
അന്നടത്താലെ നടന്ന്കെളു
അനകം വടക്ക് നടന്ന് കെളു
രാവ് നടന്നവന്മഞ്ഞുംകൊണ്ട്
പകല് നടന്നവൻ വെയിലും കൊണ്ട്
പട്ടൊളിപ്പാറ തിരുമുമ്പില്
തിരുമുമ്പിലങ്ങനെ ചെല്ലുന്നെരം
നെരമൊട്ടന്തിമൊന്തിയായിക്കിന്
പട്ടൊളിപ്പാറ തിരുമുമ്പില്
കണ്ടം മുണ്ടാടപ്പിരിച്ചി കെളു
കഞ്ഞികുടിക്കാത്തൊരാലസ്യത്താല്
അവിടക്കിടന്നിററുറങ്ങി കെളു
നെരമൊട്ട പാതിര ചെല്ലുന്നെരം
പെരുമാളും പൊതീൻെറ പാമ്പുങ്ങള്
ആണും പെണ്ണും രണ്ട് പാമ്പുങ്ങള്
പൊനത്തിലരിങ്കിനാവ് കണ്ട് പാമ്പ്
ഉതിരം കുടിപ്പാനടുക്കലുണ്ട്

---

*കൈയെഴുത്തുപ്രതിയിൽ 'leather bag' എന്നർത്ഥം കൊടുത്തിരിക്കുന്നു.

എന്ന് കിനാവത് കണ്ട് പാമ്പ്
പാമ്പ് പൊനത്തിന്നും പൊരുന്നല്ലെ
പട്ടൊളിപ്പാറ തിരുമുമ്പില്
തിരുന്നുമ്പിലങ്ങനെ ചെല്ലുന്നെരം
കരുവാഞ്ചൊര്യൊമനക്കുഞ്ഞിക്കെളു
കെളു ഉറങ്ങ്ന്നത് കണ്ട് പാമ്പ്
കരുവഞ്ചെര്യൊമനക്കെളൂൻെറയൊ
എടത്തും വലത്തു ആട നിന്ന് പാമ്പ്
പാമ്പ് മനസ്സിൽ കുടികൂട്ടന്ന്
ഇത്തിര നല്ലൊരി കുഞ്ഞൻെറയൊ
എങ്ങനെ ഉതിരം കൂടിക്കെണ്ടത്
പൂഅനെളം കൊയി കൂഓളവും
കെളൂനയും കാത്താട നിന്ന് പാമ്പ്
പൂഅനെളം കൊയി കൂഉന്നെരം
ഞെട്ടിയുണരുന്ന് കുഞ്ഞിക്കെളു
പാമ്പിനക്കണ്ണാലെ കാണുന്നെരം
പറയിന്നിണ്ടൊമനക്കുഞ്ഞിക്കെളു
കെട്ട് തരിക്കണം പാമ്പ്ങ്ങളെ
എനക്ക് തൊണയായി നിന്നിക്കിനൊ
ഞാനിപ്പളെന്ത് തരെണ്ടുന്നത്
എയീററിരുന്നൊണ്ട് കുഞ്ഞിക്കെളു
ഏലത്തൂർപ്പാക്കിങ്ങെടുത്ത് കെളു
ഏലത്തൂർപ്പാക്കിൻെറ കെട്ടയിച്ചി
കണ്ടിച്ചടക്കയെടുത്ത് കെളു
വെത്തില മൂക്കുയിങ്ങ് നുള്ളിയെടുത്ത്
അടക്കജപിച്ചവമ്പാലാക്കുന്ന്
വെത്തില ചെവിച്ചി പഴവുമാക്കി
പെരുമാളും പൊതീൻെറ പാമ്പുങ്ങൾക്ക്
പാലും പയവും കൊടുത്ത് കെളു
പറയിന്നിണ്ടൊമനക്കുഞ്ഞിക്കെളു
പെരുമാളമ്പൊതീൻെറ പാമ്പ്ങ്ങളെ
നിനച്ചെടത്തിങ്ങളങ്ങെത്ത്യെക്കണം
പാമ്പ് പുനത്തിലും പൊരുന്നെല്ലെ
നെരമൊട്ട പുല്ല പുലരുന്നെരം
പുത്തനെടത്തിലെക്കുഞ്ഞിമ്മാതു
അച്ചന് പാലമൃത് കൊണ്ട് പൊരുന്ന്
കണ്ണാലെ കണ്ടിനക്കുഞ്ഞിക്കെളു
ചൊതിക്ക്ന്നന്നെരം കുഞ്ഞിക്കെളു
കെട്ട് തരിക്കണം പെണ്ണുങ്ങളെ
ആരിക്കാനിപ്പാല് കൊണ്ടപൊന്ന്
കാതം നടന്നും മെയി തളന്ന്

കഞ്ഞി കുടിക്കാതൊരാലസ്സിയം
ഇച്ചിരിപ്പാല് തരെണ്ണെനക്ക്
അത്തുരം കെട്ടുള്ള കുഞ്ഞിമ്മാതു
പകരം പറഞ്ഞില്ല കുഞ്ഞിമ്മാതു
അത്തുരം കണ്ടുള്ള കുഞ്ഞിക്കെളു
പാല് പിടിച്ചിങ്ങ് പററി കെളു
പാലു അപ്പററിക്കുടിച്ചി കെളു
കിണ്ടി കയിമ്മക്കൊടുത്ത് കെളു
കിണ്ടിയെറിഞ്ഞി പൊളിച്ചൂട്ടൊള്
വായിത്തുറുവണങ്കയിച്ചവള്[25]
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
പാമ്പിന മനസ്സില് നിനച്ചികെളു
നിനച്ചെടത്താടയങ്ങെത്തി പാമ്പ്
കരുവാഞ്ചെര്യൊമനക്കുഞ്ഞിക്കെളു
പറയിന്നിണ്ടൊമനക്കുഞ്ഞിക്കെളു
കെട്ടതരിക്കണം പാമ്പ്ങ്ങളെ
പെണ്ണിനപ്പളഞ്ഞാട[26] യിട്ടൊളണം
കുഞ്ഞനപ്പാളഞ്ഞാടയിട്ട് പാമ്പ്
പുത്തനെടത്തിലെക്കുഞ്ഞിമ്മാതു
ചെങ്കീരിക്കൂട്ടം പട വരുത്തി
പാമ്പിനക്കീരി മുറിച്ചുംപൊയി
ഉടനെ പറയിന്നക്കുഞ്ഞികെളു
വിത്തിയ പിടിച്ചിനൊയിപ്പെണ്ണുങ്ങള്
കണ്ടം മുണ്ടൊന്നിങ്ങെടുത്ത് കെളു
തളയാക്കിത്തെന്നെ വളച്ചെടുത്ത്
മുണ്ടെല്ലെ മെലൊത്തിച്ചാടിയൂട്ന്ന്
പക്കിപ്പടക്കൂട്ടം താണ് വന്ന്
കുഞ്ഞനക്കൊത്തിപ്പറിക്ക്ന്നെല്ലെ
അത്തുരം കണ്ടുള്ള കുഞ്ഞിമ്മാതു
ഉടുത്ത ഉടുപുട കൊന്തലയാന്
കൊന്തല ചിരിട്ടിപ്പിടിച്ചി കുഞ്ഞൻ
പക്കിയെല്ലാട മരിച്ചും പൊയി
പറയിന്നിണ്ടന്നെരം കുഞ്ഞിക്കെളു
ഇത്തിര കടുതൊയിപ്പെണ്ണുങ്ങള്
വിത്തിയ പടിച്ചിനൊ പെണ്ണുങ്ങള്
അരിശം നടിച്ചിനക്കെളുവിന്ന്
പച്ചവളറൊന്ന് കൊത്തി കെളു
കുഞ്ഞനഞ്ഞെരി പട്ടടിച്ചൂട്ന്ന്
അയ്യം ബിളിച്ചൊണ്ടും പാഞ്ഞവള്
പുത്തനെടത്തിലും ചെന്നവള്
അച്ചൻെറ മുമ്പിപ്പൊയി വീണവള്

ചൊതിക്ക്ന്നന്നെരം നമ്പിയാറ്
പുത്തനെടത്തിലെ കുഞ്ഞിമ്മാതു
ഇതല്ല എന്ത് പുതുമയാന്
കെട്ട് തരിക്കണം എൻെറയച്ച
അച്ചന് പാലമൃത് കൊണ്ട് വരുമ്മം
കള്ള് കുടിയനൊരിനായരാന്
പാലു അപ്പററിക്കുടിച്ചെന്നൊട്
എന്ന ഞെരിപെട്ടടിച്ചൂട്ടില്ലെ
പറത്താനം പൊലെ പറഞ്ഞി കുഞ്ഞൻ
അരിശം നടിച്ചിന് നമ്പ്യാർക്ക്
പറയിന്നിണ്ടന്നെരം നമ്പിയാറ്
ഇരുപത്ത്രണ്ടെണ്ണം നായിമ്മാറെ
കടുമ്മയിപ്പൊകണം നായിമ്മാറെ
പട്ടൊളിപ്പാറ തിരുനുമ്പില്
ആടയൊരി നായര് വന്നിററുണ്ട്
കള്ള് കുടിയനൊരി നായര് പൊലും
മരിയാതിക്കെട് ചെയ്തിനൊനൊ
ചട്ട്വം മറിച്ചികെട്ടിക്കൊണ്ട് വരണം
അത്തുരം കെട്ടുള്ള നായിമ്മാറ്
ആയിതക്കൊപ്പൊടെ പൊരുന്നൊല്
അന്നടത്താലെ നടക്കുന്നൊല്
പട്ടൊളിപ്പാറതിരുനുമ്പില്
തിരുനുമ്പിലങ്ങനെ ചെല്ലൂഞ്ചീത്
നായരച്ചെന്ന് വളഞ്ഞവറ്
ചൊതിക്ക്ന്നന്നെരം കുഞ്ഞിക്കെളു
നിങ്ങളെവിട്ന്ന് നായിമ്മാറെ
എന്തിന് വന്നിങ്ങൾ നായിമ്മാറെ
ഉടനെ പറയിന്ന് നായിമ്മാറ്
കെട്ട് തരിക്കണം നായരെ നീ
പുത്തനെടത്തിലെ നമ്പിയാറ്
നിന്ന വിളിക്ക്വാനയിച്ചിന് ഞാള
ഉടനെ പറയിന്നക്കുഞ്ഞിക്കെളു
നിങ്ങള് നടക്കീനെ നായിമ്മാറെ
ഞാനൊ വയിയെ വരുന്നുണ്ടെല്ലൊ
ഉടനെ പറയിന്ന് നായിമ്മാറ്
വിളിച്ചിററ് ഞാളൊടിപ്പൊന്നില്ലെങ്കിൽ
ചട്ട്വം മറിച്ചിന്നക്കെട്ടും ഞാള്
ഉടനെ പറയിന്ന് കുഞ്ഞിക്കെളു
കെട്ട് തരിക്കണം നായിമ്മാരെ
കാതം നടന്നും മെയി തളന്ന്
കഞ്ഞി കുടിക്കാതൊരാലസ്സിയം

നിങ്ങളൊടിയൊപ്പരം പൊരാഞ്ഞാനൊ
തൻെറ എടത്തും വലത്തുമായി
നായിമ്മാറൊടിത്തെന്നെ പൊയികെളു
പുത്തനെടത്തിന ചെല്ലുന്നെരം
കണ്ണാലെ കണ്ടിന് കുഞ്ഞിമ്മാതു
പറയിന്നണ്ടെന്നെരം കുഞ്ഞിമാതു
പുത്തനെടത്തിലങ്ങെൻെറയച്ച
എന്നയടിച്ചൊരി നായരിതാ
അത്തുരം കെട്ടുള്ള നമ്പിയാറ്
തൻെറയെടത്തതും വലത്തതുമായി
നായരക്കണ്ടിററ് കാണാഉമ്മം
നടുമിററത്തു തുള്ളി വീണവറ്
പറയിന്നിണ്ടന്നെരം കുഞ്ഞിക്കെളു
കെട്ട് തരിക്കണം നായരെ നിങ്ങൾ
കാതം നടന്നും മെയി തളന്ന്
കഞ്ഞി കുടിക്കാതൊരാലസ്സിയം
മെയിയും കയിയും തളന്നിനക്ക്
എൻറുടെ മെക്കയ്യൊട്ടെററുത്
ബെലക്കിയത് കെട്ടില്ല നമ്പിയാറ്
പിന്നയൊരി സത്തിയം ചെയ്തുകെളു
കരുവാഞ്ചെരി വീട്ടിലെൻറമ്മൊറാണ
എൻറുടെ മെക്കയ്യൊട്ടെററുത്
കരുവാഞ്ചെരിച്ചാത്തു നമ്പിയാറ്
കരുവാഞ്ചെരി നാമം കെക്കുന്നെരം
തൻെറ എടത്തും വലത്തതുമാന്
വയ്യൊക്കിത്തെന്നെയത് ചാടുഞ്ചീത്
കുഞ്ഞനപ്പൊത്തിപ്പിടിക്ക്ന്നെല്ലെ
ചൊതിക്ക്ന്നന്നെരം നമ്പിയാറ്
എവിട്ന്ന് വന്നിന് നീ കുഞ്ഞനെ
വറത്താനം പൊലെ പറഞ്ഞി കെളു
അത്തുരം കെട്ടുള്ള നമ്പിയാറ്
കുഞ്ഞനയൊമ്പിത്തടവിയൊറ്
പറയിന്നിണ്ടന്നെരം നമ്പിയാറ്
പുത്തനെടത്തിലെ കുഞ്ഞിമ്മാതു
കുഞ്ഞന് കുളിക്കുവാനാന് കുഞ്ഞനെ
വെള്ളം കടുമ്മയിക്കാച്ചുകവെണം
പാലാലെ പാക്കഞ്ഞിവെക്കുക വെണം
അത്തുരം വാക്കൊള് കെക്കുന്നെരം
എന്താനിന്നച്ചമ്പറയിന്നത്
പുത്തനെടത്തില് ഞാന്നിക്കിയില്ല
കെരട്ട്ക്കു നിച്ചി മരിക്കും ഞാനൊ

കുഞ്ഞങ്കെരട്ടിപ്പൊയി തുള്ള്യൂട്ന്ന്
അയ്യം ബിളികൊണ്ടൊരിണ്ടന്തിരി
കണ്ണാലെ കണ്ടിനക്കുഞ്ഞിക്കെളു
പയ്യന്നെ കുഞ്ഞനും തുള്ള്യത്തിരെ
മാതൂനത്തുള്ളിപ്പിടിച്ചി കെളു
കുഞ്ഞനക്കരമ്മക്കയററുന്നെല്ലെ
പുത്തനിടത്തിലെ നമ്പിയാറ്
പറയിന്നിണ്ടൊമന നമ്പിയാറ്
പുത്തനിടത്തിലെ മാതു കെക്ക്
കരുവാഞ്ചെരിക്കുഞ്ഞിക്കെളു ആന്
എൻെറയനന്തറൊം കുഞ്ഞിക്കെളു
നിനിക്ക് വകയായി[26] വെച്ചതാന്
പടിഞ്ഞാററടിച്ചി പിരിച്ച്യെക്കണെ
അത്തായം ചൊറും കൊടുത്ത്യെക്കണം
നിൻെറ തൻെറ ബന്തു ആനെ കുഞ്ഞിമ്മാതു
പറഞ്ഞൊക്കപ്പൊതം വരുത്തിയൊറ്
കരുവാഞ്ചെര്യൊമനക്കുഞ്ഞിക്കെളു
ആടക്കുളിച്ചും ബെയിച്ചും കൂടി

1. അരികൊണ്ടു തിന്നുവാനേ ശേഷിയുള്ളു
2. തൊഴുതില്ല
3. കാര്യസ്ഥപ്പണി
4. അയിപും = അഴിവും (ചെലവും) . ഒരേ അർത്ഥമുള്ള രണ്ടു പദങ്ങൾ ഒരിടത്തു പ്രയോഗിക്കുന്നതിന് വടക്കൻപാട്ടുകളിൽ ഒട്ടേറെ ഉദാഹരണങ്ങളുണ്ട്.
5. കഴിഞ്ഞെത്തിയപ്പോൾ
6. തിരുവങ്ങാട്ടു എന്ന മതിലകത്ത്
7. ആശാരി
8. അറുപ്പിക്കുന്നു.
9. വാരിയരെയും
10. കൈയെഴുത്തുപ്രതിയിൽ ഈ വരിയുടെ തുടക്കത്തിൽ 'നഷ്ടപ്രശ്നം' എന്നു ബ്രായ്ക്കററിൽ കൊടുത്തിരിക്കുന്നു.
11. വാരിവെക്കിൻ
12. ചുഴന്നു= ചുററി
13. തനിയെ ഒരിടത്ത് ഇരുന്നു
14. കണ്ടിക്കും മീത്തൽ വയനാടാണ്. A mountain pass എന്ന് ഗുണ്ടർട്ട് അർത്ഥം പറയുന്നു.
15. വൈകിപ്പോകും
16. വഴുതിപ്പോയി
17. കഴുകൻ
18. നടക്കോവണി

19. കൊട്ടത്തടം- വെള്ള ശേഖരിച്ചുവെക്കാനും അരികഴുകാനും ഉള്ള സ്ഥലം. മണിക്കെരട് = മണിക്കിണർ
20. പോകാനുള്ള തയ്യാറെടുപ്പ്
21. എവിടെ നിന്ന്
22. ആങ്ങളമാർ എവിടെ
23. ധാർഷ്ഠ്യമുള്ള
24. മരം കൊണ്ടുള്ള വാൾ
25. ചീത്ത പറഞ്ഞു (അധിക്ഷേപിച്ചു).
26. വളഞ്ഞ് + അവിടെ
27. ബന്ധുവായി (ഭർത്താവായി)

# തൊട്ടത്തിൽ കെളപ്പൻെറ പാട്ട്

തൊട്ടോം തയിരുയെന്ന കുഞ്ഞനുമാനെ
പാറക്കടവത്തെ ബില്ലൂഞ്ഞനും
എഴുതുവാനെഴുത്ത് പള്ളീച്ചെന്നവറ്
ഇരിക്കും നെലം ചെല്ലിപ്പെഞ്ഞവറ്
തൊട്ടോം തയിരുയെന്ന കുഞ്ഞനാന്
പാറക്കടവത്തെ ബില്ലൂഞ്ഞന
ചെവിക്കുണ്ടാണത്തിനടിച്ചിതെരു
പറക്കടവത്തെ ബില്ലൂഞ്ഞനൊ
കുഞ്ഞങ്കരത്തൊണ്ടും പൊരുന്നെല്ലെ
അന്നടത്താലെ നടന്ന് കുഞ്ഞൻ
പാറക്കടവത്തും ചെല്ലുന്നെല്ലെ
പാറക്കടവത്തതിരം ബാള
ചൊതിക്ക്ന്നന്നെരം ബാളന്നൊറ്
പാറക്കടവത്തെക്കുഞ്ഞം ബില്ലു
എന്തിന് കരയിന്ന് നീ കുഞ്ഞനെ
പറയിന്നിണ്ടന്നെരം കുഞ്ഞംബില്ലു
പറക്കടവത്തെ കുഞ്ഞിയമ്മൊമ്മ
തൊട്ടോം തയിരുയെന്ന കുഞ്ഞനാന്
ചെവിക്കുണ്ടാണത്തിന് തച്ചമ്മൊമ്മ
പെരളഞ്ചും[1] ചെള്ളെമ്മപ്പൊന്തിയമ്മൊമ്മ
ഇപ്പളം തെര്ക്ക്ന്ന് കുഞ്ഞിയമ്മൊമ്മ
ഉടനെ പറയിന്ന് കുഞ്ഞൻബാള
പാറക്കടവത്തെക്കുഞ്ഞം ബില്ലി
തൊട്ടത്തിൽ കെളപ്പൻ കുഞ്ഞനുമാന്
ഒന്നല്ല ഒമ്പതും ചെയിതെന്നൊട്
ഒമ്പതും നീങ്ങിപ്പൊറുത്തിന് ഞാനെ
കൂടിയെങ്കിലാനെൻെറ കുഞ്ഞൻബില്ലു
ഇതിന് ഞാനുത്തരം ചൊദിക്കുവൻ
നീയൊ കരയണ്ട കുഞ്ഞൻബില്ലു
പറഞ്ഞൊക്കപ്പൊതം വരുത്തിയൊന

തൊട്ടോന്തയിരുയെന്ന കുഞ്ഞാനാന്
കുഞ്ഞനെഴുതാണ്ടും പൊരുന്നെല്ലെ
എടച്ചേരിപ്പൂക്കൊട്ടും ചെല്ലുന്നെല്ലെ
പൂക്കൊട്ടെ ക്കാണാരന്നമ്പിയാറ്
ചൊതിക്ക്ന്നന്നെരം നമ്പിയാറ്
തൊട്ടൊം തയിരുയെൻറനന്തറൊനെ
നീയെന്തെഴുതാണ്ടും പൊന്നൂട്ടത്
താറാതെ മീടെന്ത് താറിയത്
പഴുക്കടക്ക പൊലത്തെ കുഞ്ഞിമ്മീട്
പുതുക്കലം പൊലെയെടുത്തെററിയതെന്ത്
കുരിക്കളൊററിന്ന[2]യടിച്ചൊ കുഞ്ഞ
അത്തുരം വാക്ക്കെട്ട കുഞ്ഞന്നെരു
പറയിന്നിണ്ടൊമനകുഞ്ഞന്നെരു
എന്നക്കുരിക്കളെടിച്ചിററില്ല
പിന്നയും ചൊതിച്ചി നമ്പിയാറ്
കുട്ടിയൊളാററിന്നയടിച്ചൊ കുഞ്ഞ
എന്നയൊട്ടും കുട്ടിയെളടിച്ചിററില്ല
പിന്നയും പറയിന്ന് നമ്പിയാറ്
പിന്നയെന്തിന് നീയിക്കരയിന്നത്
പട്ടാങ്ങ്നെര് പറ കുഞ്ഞനെ
പറയിന്നിണ്ടന്നെരം കുഞ്ഞന്നെരു
കെട്ട്തരിക്കണം കുഞ്ഞിയമ്മൊമ്മ
പാറക്കടവത്തെ ബില്ലൂഞ്ഞനും
ഞാനും കൂട്യാനെൻെറ കുഞ്ഞ്യമ്മൊമ്മ
എഴുതുവാനെഴുതവള്ളിച്ചെന്ന് ഞാള്
ഇരിക്കുന്നെലം ചെല്ലിപ്പെണ്ണി ഞാള്
പടിത്തിരിക്ക ചെല്ലിത്തച്ചി ഞാള്
പാറക്കടവത്തെ ബില്ലുവിൻെറ
ചെവിക്കുണ്ടാണത്തിനടിച്ചിന് ഞാനൊ
കുഞ്ഞങ്കരഞ്ഞൊണ്ടും പൊയിററുണ്ട്
ഉടനെ പറയിന്നന്നമ്പിയാറ്
തൊട്ടൊം തയിരുയെൻറനന്തറൊനെ
നാട് മുടിച്ചൊ നീ കുഞ്ഞന്നെരു
പാറക്കടവത്തെക്കുഞ്ഞൻ ബാള
നിങ്ങളെ മുത്തെയളിയനെല്ലെ
ഒന്നല്ല ഒമ്പതും ചെയ്തിങ്ങള്
കനക്കന്നാളായി കൊതിച്ചിന് ബാള
എടച്ചെരിത്തെങ്ങും തല കണ്ടിററ്
എടച്ചെരിക്കെട്ട കടക്കുവാനും
എടച്ചെരിയിടവക തെണ്ടുവാനും
കനക്കന്നാളായി കൊതിച്ചതിന് ബാള

എന്നൊടിക്കാരിയം പറയുകവെണ്ട
കെട്ടൊണ്ട് വന്നിന് കുഞ്ഞ്യെളപ്പൻ
ചൊതിക്ക്ന്നൊമനക്കുഞ്ഞ്യെളപ്പൻ
തൊട്ടത്തിക്കാണാരങ്കുഞ്ഞിയമ്മൊമ്മ
കുഞ്ഞനൊടെന്തിന് ചൊടിക്ക്ന്നത്
ഉടനെ പറയിന്ന് നമ്പിയാറ്
തൊട്ടത്തിൽ കെളപ്പ കുഞ്ഞനെ കെക്ക്
പാറക്കടവത്തതിരമ്പാള
നിങ്ങളെ മൂത്തെയളിയനെല്ലെ
ഒന്നല്ല ഒമ്പതും ചെയ്തിങ്ങള്
കനക്കന്നാളായി കൊതിച്ചിനൊനൊ
എടച്ചെരിക്കെട്ട കടക്കുവാനും
എടച്ചെരിടവക തെണ്ടുവാനും
കനക്കന്നാളായി കൊതിച്ചിന് ബാള
ഞാനെതും പാല ഒട്ടിട്ടിററില്ല
പാലന്തയിരു കൊണ്ടയിട്ടിനിപ്പം
ഉടനെ പറയിന്നക്കുഞ്ഞ്യെളപ്പൻ
കെട്ട് തരിക്കണം കുഞ്ഞിയമ്മൊമ്മ
കുഞ്ഞനൊടൊട്ടും ചൊടിക്കുകവെണ്ട
ഞാളക്കൊണ്ടെതാനും ബന്നിനെങ്കിൽ
ഞാളക്കൊണ്ടങ്ങത തീരുഅമ്മൊമ്മ
പിന്നയും പറയിന്ന് കുഞ്ഞ്യെളപ്പൻ
പൂക്കൊട്ടെക്കാണാരങ്കുഞ്ഞിയമ്മൊമ്മ
പറത്താനം കെട്ടില്ലെ കുഞ്ഞിയമ്മൊമ്മ
നാരങ്ങച്ചെറക്കലെളയച്ചന്
പാരം ബരത്തം തൊയിരക്കെട്
എല്ലാറും പരത്തം പൊയിനൊക്കിയമ്മൊമ്മ
ഞാനപ്പരത്തം പൊയ്നൊക്കില്ലെലൊ
ഉടനെ പറയിന്ന് നമ്പിയാറ്
തൊട്ടത്തിലൊമന കുഞ്ഞിയെളപ്പ
പാറക്കടവത്തസുരമ്പാള
കണ്ണിച്ചൊരയില്ലാത്ത കല്ലംബാള
നിന്നയിന്നപ്പാള ആററം കണ്ടെങ്കില്
പാമ്പിനക്കീരി മുറിക്കും പൊലെ
നിന്ന മുറിക്കു എൻെറ കുഞ്ഞ്യെളപ്പ
എതിലൊടിപ്പൊൾന്ന് നീ കുഞ്ഞനെ
പാലൊയഞ്ചാല നടുവയിലൂടെ
പെകം പൊയിപ്പെകയിങ്ങ് പൊരിയെളപ്പ്[3]
പറയിന്നിണ്ടന്നെരം കുഞ്ഞ്യെളപ്പൻ
എടച്ചെരിക്കണ്ണപൊൾണാരിയെ
നമ്മള് പൊകയെൻെറ കുഞ്ഞിക്കണ്ണ

ഒന്നിച്ചിററൊപ്പരം പൊരികണ്ണ
കത്തിയും തൊടങ്ങ എല്ലം കെട്ട് കണ്ണ
കത്തിയും തൊടങ്ങയെല്ലം കെട്ടി കണ്ണൻ
തൊട്ടത്തിലൊമനക്കെളപ്പനും
എടച്ചെരിക്കണ്ണൻ പൊഅ്ണാരിയും
അന്നടത്താലെ നടന്നവറ്
എടച്ചെരിക്കെട്ട് കടന്നവറ്
എടച്ചെരിക്കെട്ടിൻററതിരിമ്മലെ
കടത്തുവയിനാട്ടിൻെറ കന്നീമ്മലെ
കടുമ്മയിപ്പൊർന്ന് കുഞ്ഞങ്ങള്
പാലൊയങ്കച്ചില നടുവയിലൂടെ
നീളെ കെളച്ചെ നടുവരമ്പെ
വെകം കടുമ്മയിപ്പൊരുന്നൊല്
കണ്ണാലെ കണ്ടിന് കുഞ്ഞ്യെളപ്പൻ
അങ്ങ്ന്നൊരിക്കൂട്ടം വരുന്നതാനെ
ചൊതിക്ക്ന്നൊമനക്കുഞ്ഞ്യെളപ്പൻ
എടച്ചെരിക്കണ്ണപൊഅണാരിയെ
അങ്ങ്ന്നൊരികൂട്ടം ബരുന്നതാരി
പറയിന്ന്ണ്ടന്നെരം കുഞ്ഞിക്കണ്ണൻ
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
അങ്ങ്ന്നൊരികൂട്ടം ബരുന്നതാന്
പാറക്കടവത്തെ ബാളന്നൊറും
എമ്മിഞ്ഞിക്കുങ്കനടിയൊടിയും
അവറ് വരുന്ന വരവെല്ലത്
പറയിന്നിണ്ടൊമനക്കുഞ്ഞ്യെളപ്പൻ
എടച്ചെരിക്കണ്ണ പൊഅ്ണാരിയെ
മരിക്കുവാമ്പെടിയെതാനുണ്ടൊയിനക്ക്
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
ചാവാങ്കുറ് കെട്ടിയിരിക്ക്ന്ന് ഞാനൊ
പിന്നെയും പറയിന്ന് കുഞ്ഞ്യെളപ്പൻ
എടച്ചെരിക്കണ്ണ പൊഅ്ണാരിയെ
കെട്ട് തരിക്കണം കുഞ്ഞിക്കണ്ണ
പാറക്കടവത്തെ ബാളന്നൊറും
എമ്മിഞ്ഞിക്കുങ്കനടിയൊടിയും
അഞ്ഞൂറകമ്പടിച്ചൊററ്കാറും
നമ്മക്ക് പെരുവയിതെററിയെങ്കില്
ഞമ്മളും പെരുവയി തെററ്യക്കണം
തലയിക്കെട്ടിന്ന് കയികൂട്ട്യെങ്കില്
നീയും കയിയാടക്കൂട്യ്യെക്കണം
തെരുത്തൊരി മുണ്ടൊറ് താത്തിയെങ്കില്
നീയുമിന്ന് മുണ്ടാടത്താത്ത്യെക്കണം

തൊടങ്ങന്ന് കത്തി പറിച്ചെങ്കില്
നീയും തൊടങ്ങ്ന്ന് പറിച്ച്യെക്കണം
തൊക്കിൻെറ കള്ളമ്പറിച്ചെങ്കില്
നീയുമിന്ന് കള്ളമ്പറിച്ച്യെക്കണെ
നെഞ്ഞൊട് നെഞ്ഞൊറ് പാഞ്ഞെങ്കില്
നമ്മക്കും നെഞ്ഞൊട് പാഞ്ഞ്യെക്കണം
പറഞ്ഞി പറഞ്ഞവരീടടുത്ത്
പാറക്കടവത്തതിരമ്പാള
അഞ്ഞൂറകമ്പടിച്ചൊററ്കാറും
ഓറ്പെരുവയി തെററീല്ലെലൊ
കെളപ്പനും പെരുവയിതെററീല്ലെലൊ
തൊട്ടത്തിലൊമനക്കെളപ്പനും
എടച്ചെരിക്കണ്ണപ്പൊഅ്ണാരിയും
പാറക്കടവത്തെപ്പാളവിൻെറ
പല്ലക്കൊടെല്ലെയൊറ് പാഞ്ഞൂട്ടത്
പാള വരമ്പിനും തായ വീണ്
പറയിന്നിണ്ടന്നെരം ബാളന്നൊറ്
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
നിൻെറ തുടങ്ങിലെക്കത്തികൊണ്ട്
എൻെറ കരിന്തൊട കീറണ്ടീനും
ഉടനെ പറയിന്ന് കുഞ്ഞ്യെളപ്പൻ
പാറക്കടവത്തതിരമ്പാള
നിങ്ങളെ കയിക്കലെ ബാള്കൊണ്ട്
എൻെറ കഴുത്തിപ്പം ബീഅണ്ടീനും[5]
ഉടനെ പറയിന്ന് ബാഅ്ന്നൊറ്
തൊട്ടത്തിലെമനക്കുഞ്ഞ്യെളപ്പ
നമ്മളിലെതു ഒരി പെതയില്ലെ
ഉടനെ പറയിന്ന് കുഞ്ഞ്യെളപ്പൻ
പാറക്കടവത്തെ ബാളന്നൊറെ
നമ്മളിലെന്തൊരി പെതംബാള
നിങ്ങളെൻെറ മൂത്തയളിയനെല്ലെ
ബില്ലിയാരി പെററമൊന്നിങ്ങളെങ്കിൽ
അക്കമ്മ പെററമൊഞ്ഞാനെ ബാള
ആളെറും പാറക്കടവത്തെങ്കിൽ
പൊന്നെറും പൂക്കൊട്ടെൻെറമ്മൊമ്മന്
പൊന്ന് കൊടുത്താളക്കൊള്ളും ഞാനൊ
പറയിന്നിണ്ടന്നെരം കുഞ്ഞംബാള
തൊട്ടത്തിക്കെളപ്പ നെരളിയ
നീയിന്ന്ത്തന്നയെല്ലാന് കെളപ്പ
ഒന്നല്ല ഒമ്പതും ചെയ്തെന്നൊട്
എടച്ചെരിക്കെട്ട് കടക്കും ഞാനെ

ഉടനെ പറയിന്ന് കുഞ്ഞ്യൊളപ്പൻ
പാറക്കടവത്തെ ബാഉന്നൊറെ
നിങ്ങളെൻെറ മൂത്തെയളിയനെല്ലെ
നല്ലൊണെടച്ചെരി വന്നെങ്കില്
ആലച്ചെരി നല്ലെമൊയിലൊത്താന്
പയയരിപക്ക ഒരിക്കം കൂട്ടാം
തണ്ണിയൊണെ് ടച്ചെരി വന്നെങ്കില്
ഉണ്ടയും തിന്നാം മരന്നും തിന്നും
ഉണ്ടയിച്ചക്കരയുണ്ടെളപ്പ
തിന്നാലറിയാലൊ ബാഉന്നൊറെ
ഉടനെ പറയിന്ന് ബാഉന്നൊറ്
കൂടിയെങ്കിലാഅട്ടെ കുഞ്ഞ്യൊളപ്പ
അങ്ങനെ പറഞ്ഞി പിരിഞ്ഞും പൊയി
തൊട്ടത്തിലൊമനക്കുഞ്ഞ്യൊളപ്പൻ
നരങ്ങച്ചെറക്കലും പൊയില്ലെലൊ
അമ്മടക്കിങ്ങ് മടങ്ങ്യെളപ്പൻ
എടച്ചെരിപ്പൂക്കൊട്ട് ചെല്ലുന്നെല്ലെ
ചൊതിക്ക്ന്നന്നെരം നമ്പിയാറ്
തൊട്ടത്തിലൊമനക്കുഞ്ഞ്യൊളപ്പ
എന്തെല്ലാമായെൻെറ കുഞ്ഞ്യൊളപ്പ
ഉടനെ പറയിന്ന് കുഞ്ഞ്യൊളപ്പൻ
പൂക്കൊട്ടെക്കാണാരങ്കുഞ്ഞിയമ്മൊമ്മ
കെട്ട് തരിക്കണം കുഞ്ഞിയമ്മൊമ്മ
പാലൊയഞ്ചാല നടുവയിലൂടെ
നീളെകെളച്ചെ നടുവരമ്പെ
നാരങ്ങച്ചെറക്ക ഞാമ്പൊഅ്ന്നെരം
പാറക്കടവത്തെ ബാഉന്നൊറും
എമ്മിഞ്ഞിക്കുങ്കനടിയൊടിയും
അഞ്ഞൂറകമ്പടിച്ചൊറ്കാറും
അങ്ങ്ന്നതിങ്ങൊട്ടവരും വന്ന്
ഇങ്ങ്ന്നതങ്ങൊട്ട് ഞാനും ചെന്ന്
തമ്മിലിക്കണ്ടൊടയീട് മുട്ടി
പാഉപെരുവയിതെററീല്ലെലൊ
ഞാനും പെരുവയിതെററീല്ലെലൊ
നെഞ്ഞൊട് നെഞ്ഞ്ഞാളും പാഞ്ഞുംപൊയി
വാഉ പരമ്പിന്നും തായ വീണ്
തമ്മലിപ്പറഞ്ഞി ചൊടിച്ചി ഞാള്
ഇല്ലവും കൊലവും പറഞ്ഞി ഞാള്
പാറക്കടവത്തെ വാഉന്നൊറ്
എടച്ചെരിക്കെട്ട് കടക്കുംപൊലും
ഉടനെ പറയിന്ന് നമ്പിയാറ്

തൊട്ടൊന്തയിരു കൊണ്ടയിട്ടിററുണ്ട്
കൈപിടി കെട്ട്വാനൊ നീ പൊയത്
കൈപിടി കെട്ടി ഞാമ്പൊന്നമ്മൊമ്മ
പാഉ എടച്ചെരിത്തെണ്ട്വയുള്ളും
എന്തെല്ലാം വെണ്ട്വൻെറ കുഞ്ഞ്യമ്മൊമ്മ
കുറഞ്ഞൊരരിക്കൊപ്പ കൂട്ടണ്ടീനും
ഇടച്ചെരി നല്ല നഗരത്തില്
നഗരത്തിലൊട്ടും അരിയില്ലെലൊ
ഉടനെ പറയിന്ന് നമ്പിയാറ്
തൊട്ടത്തിലൊമനക്കുഞ്ഞ്യേളപ്പ
മൂറ്ക്കൊത്തെത്തൂപ്പി ചൊനൊയനൊ
ചെറിയന്നെടുത്തൊനപ്പൊററി ഞാനൊ
പിടിച്ചൊറിട്ടൊന ഞാമ്പൊറെറ്യളപ്പ
നമ്മളെയിടച്ചെരി നഗരത്ത്ന്ന്
കച്ചൊടം ചെയ്തല്ലൊ ചൊനൊയനും
നമ്മളെയെടച്ചെരീന്നാന് കെളപ്പ
നാട കടന്നവമ്പൊയൂട്ടില്ലെ
പാറക്കടവത്തും പൊയൂട്ടില്ലെ
പാറക്കടവത്ത് നഗരത്തില്
ഏയിമുറിപ്പീടിയ തൊറന്നും ബെച്ചി
പൊന്തൂക്കിപ്പൊമ്പാണിയം ചെയ്യിന്നൊനൊ
എറിയ കച്ചൊടം ചൊനൊയന്
ചൊനൊനപ്പൊയിററ് കണ്ടെങ്കില്
വെണ്ടുന്നരിയൊക്കക്കിട്ടുയിനിക്ക്
അത്തുരം വാക്ക് കെട്ട കുഞ്ഞ്യേളപ്പൻ
തൻെറയെടത്തതും വലത്തതുമായി
അന്നടത്താലെ നടന്ന് കെളപ്പൻ
എടച്ചെരി നല്ല നഗരത്തില്
നഗരത്തിലങ്ങനെ ചെല്ലുന്നെരം
മൂറ്ക്കൊത്തെത്തൂപ്പി ചൊനൊയനൊ
ഏയിമുറിപ്പീടിയ തൊറന്നും ബെച്ചി
പൊന്തൂക്കിപ്പൊമ്പാണിയം ചെയ്യുകയും
തൊട്ടത്തിലൊമനക്കുഞ്ഞ്യേളപ്പൻ
പീടിയെലങ്ങനെ ചെല്ലുന്നെരം
മൂറ്ക്കൊത്തെത്തൂപ്പി ചൊനൊയനൊ
നിക്കാരപ്പായിലിരുന്നിക്കിന്
അന്നെരം ചെന്നല്ലൊ കുഞ്ഞ്യേളപ്പൻ
കണ്ണാലെ കണ്ടിനച്ചൊനൊയനൊ
നിക്കാരപ്പായിന്നെയിയിററിററ്
തൊട്ടത്തിലൊമനക്കെളപ്പൻെറ
കൈപൊയിത്തെന്നെ പിടിക്കുന്നെല്ല

കയ്യെ പിടിച്ചൂട്ടിക്കൊണ്ടും ബന്ന്
മുക്കാലിപ്പീടം പലകൊടുത്ത്
പീടയിട്ടാടയിരുന്ന് കെളപ്പൻ
പെത്തിലത്തക്കാരം തക്കരിച്ചി[7]
പറയിന്നിണ്ടൊമനച്ചൊനൊയനൊ
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
കാമാങ്കൊതിയെനക്കുണ്ടായിററ്[8]
മൂന്ന് വട്ടൊലയെഴുതി ഞാനൊ
അന്നാളിലെങ്ങും നീ വന്നില്ലെലൊ
എന്ത് വെയിലൊടെ പൊന്ന് കെളപ്പ
പറയിന്നിണ്ടന്നെരം കുഞ്ഞ്യെളപ്പൻ
കെട്ട് തരിക്കണം ചൊനൊയനെ
പാറക്കടവത്തതിരമ്പാള
ഞാനു ആയിററാനെൻെറ ചൊനൊയനെ
തമ്മിലിപ്പറഞ്ഞി ചൊടിച്ചിന് ഞാള്
പാള പടക്കൊപ്പ കൂട്ടിററുണ്ട്
കൊറഞ്ഞൊരരിക്കൊപ്പ കൂടണ്ടീനും
എടച്ചെരി നല്ല നഗരത്തില്
നഗരത്തിലൊട്ടും അരിയുമില്ല
ഉടനെ പറയിന്ന് ചൊനൊയനൊ
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
ഇതിന് വിതമ്പണ്ട കുഞ്ഞ്യെളപ്പ
ഉടനെ പറയിന്ന് കുഞ്ഞ്യെളപ്പൻ
അത്തിരെ വെണ്ടെന്ദൻെറ ചൊനൊയനെ
തമ്മെലിപ്പറഞ്ഞി പിരിഞ്ഞും പൊയി
കെളപ്പമ്പൂക്കൊട്ട് പൊരുന്നെല്ലെ
പിററന്നാപ്പുല്ല പുലരുന്നെരം
മൂറ്ക്കൊത്തെത്തൂപ്പി ചൊനൊയനൊ
ചൊട്ടാളറക്കൂട്ടിക്കൊണ്ടും വന്ന്
മൂട ചൊമടായിക്കെട്ടിക്ക്ന്ന്
കരമ്മലെ മൂടകെട്ടിക്കൊണ്ടെന്ദരുമ്മം
പാറക്കടവത്തെമ്പാളന്നൊറ്
പറയിന്നിണ്ടന്നെരം കുഞ്ഞംബാള
എമ്മിഞ്ഞികുങ്കനെൻെറ കാരിയക്കാര
ആരിക്കാനിമ്മൂടകൊണ്ട് പൊന്ന്
പറയുന്നുണ്ടന്നെരം കാരിയക്കാരൻ
തൊട്ടത്തിലൊമനക്കെളപ്പന്
കെളപ്പനാന് മൂടകൊണ്ട് പൊന്ന്
അത്തുരം കെട്ടുള്ള കുഞ്ഞൻബാള
ഉടനെ പറയിന്നക്കുഞ്ഞൻബാള
എമ്മിഞ്ഞിക്കുങ്കനെൻെറ കാരിയക്കാര

മൂട തടത്തീടക്കൊണ്ട് വരെണം
മൂടയതൊന്നും കൊടുക്കരുത്
മൂടപൊയ്ചെന്ന് തടുക്ക്ന്നൊല്
മൂടതടുത്തൊലകൊണ്ട് പൊയി
കടുമ്മയിപ്പൊരുന്ന് ചൊട്ടാളറ്
മൂറ്ക്കൊത്തെത്തൂപ്പി ചൊനൊനൊട്
വറത്താനം ചെന്ന് പറഞ്ഞവറ്
അത്തുരം കെട്ടുള്ള ചൊനൊയനൊ
കടുമ്മയിപ്പൊരുന്ന് ചൊനൊയനൊ
പാറക്കടവത്ത് ചെല്ലുന്നെല്ലെ
ചൊതിക്ക്ന്നൊമനച്ചൊനൊയനൊ
പാറക്കടവത്തെ ബാളന്നൊറെ
എന്തിനായിറെറൻെറയരിതടുത്ത്
പാഊനരിയാററം ബെണ്ടീക്കില് [9]
പൂക്കൊട്ടെ നല്ല പടിക്ക്തായ
എറിയൊരരിയാടത്തൂയീററുണ്ട്
കുമ്പിളും കുത്തീററ് ബാരരുതൊ
അത്തുരം കെട്ടുള്ള വാളവിന്
അരിചന്നടിച്ചിനപ്പാളവിന്
ചൊനൊന വെട്ടീററും കൊന്നവനൊ
പറത്താനം കെട്ടിനക്കുഞ്ഞ്യെളപ്പൻ
അമ്മൊമ്മനൊടെതും പറഞ്ഞില്ലെലൊ
തൻെറയിടത്തതും വലത്തതുമായി
ഒന്ന് നടന്നൊന്ന് പാഞ്ഞ്യെളപ്പൻ
അന്നടത്താലെ നടന്നൂട്ടിററ്
പാറക്കടവത്ത് ചെല്ലുന്നെല്ലെ
പാറക്കടവത്ത് ചെല്ലുന്നെരം
കണ്ണാലെ കണ്ടിനപ്പാളന്നൊറ്
പറയിന്നിണ്ടന്നെരം ബാഅ്ന്നൊറ്
എമ്മിഞ്ഞിക്കുങ്കനെൻെറ കാരിയക്കാര
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പൻ
കെളപ്പൻ ബരുന്ന വരവ് കണ്ടൊ
പടിക്കൊണിയിങ്ങ് കയററരുത്
അത്തുരം കെട്ടുള്ള നായിമ്മാറ്
പടിക്കലും കാവല് നിന്നവറ്
പറയിന്നിണ്ടൊമനക്കുഞ്ഞ്യെളപ്പൻ
കെട്ട് തരിക്കണം നായിമ്മാറെ
പെരുവഴിതെററി നിങ്ങൾ നിന്നില്ലെങ്കിൽ
എൻെറയുറുമ്മിക്കെരയാക്കുവൻ
ചൊനൊനക്കെളപ്പന്നൊക്ക്ന്നില്ല
പടിക്കൊണിപാഞ്ഞികയരിയെളപ്പൻ

ഇരിപത്ത് രണ്ടെണ്ണം നായിമ്മാറ
നയപ്പത്ത്നാല കണ്ടം പൊക്ക്യെളപ്പൻ
അവിടുന്നും പൊര്ന്ന് കുഞ്ഞ്യെളപ്പൻ
പടിഞ്ഞാറെറപ്പാഞ്ഞി കയരിയെളപ്പൻ
പടിഞ്ഞാറെറപ്പാഊനക്കണ്ടില്ലെലൊ
തെക്കിനെച്ചെന്ന് കടക്ക്ന്നെല്ലെ
ആടയും പാഊനക്കണ്ടില്ലെലൊ
മാളിയമൊളിക്കയരിയെളപ്പൻ
പടിഞ്ഞാറെറച്ചെന്ന് കടക്ക്ന്നെല്ലെ
പള്ളിയറെക്കാത്ത് ചെല്ലുന്നെല്ലെ
പള്ളിയറെക്കാത്ത് ചെല്ലുന്നെരം
പാറക്കടവത്തെ നായിമ്മാറ്
പള്ളിയറക്കാവലായി നിന്നിക്കിനും
നായിമ്മാറക്കൊത്തിയൊരുക്ക്യെളപ്പൻ
കെളപ്പനരിശ ഒട്ടും തീറുന്നില്ല
പാഊൻെറ മെക്കയ്യൊട്ടെറില്ലെലൊ[10]
മാളിയെമന്നും തായക്കീഞ്ഞിററാന്
പടുവായത്തൊട്ടത്തിക്കയരിയെളപ്പൻ
പള്ളിയും പായതറച്ചികെളപ്പൻ
തൊട്ടത്തിലക്കം ചിരുതയിയൊ
കണ്ണാലെ കണ്ടിന് ചിരുതയിയൊ
മാളിയയൊന്നായിത്തുള്ളുന്നൊള്
ആങ്ങളെൻെറ മുന്ന്പ്പൊയി നിന്നവള്
പറയിന്ന്ണ്ടൊമനച്ചിരുതയി കുഞ്ഞൻ
തൊട്ടത്തിക്കെളപ്പ നെരാങ്ങളെ
എന്നാണ നിന്നാണ നെരാങ്ങളെ
പള്ളിയും പായയും തറച്ച്യെക്കെല്ല
പെലക്കിയത് കെട്ടില്ല കുഞ്ഞ്യെളപ്പൻ
പിന്നയൊരിതത്തിയം[11] ചെയ്തവള്
എന്നാണ നിന്നാണ പൊന്നാങ്ങളെ
പൂക്കൊട്ടെ ക്കാണാരനമ്മൊമ്മൻെറ
അമ്മൊൻെറ കാലണ പൊന്നാങ്ങളെ
പള്ളിയും വായ തറച്ച്യെക്കെല്ല
അഞ്ചെട്ടൊളെള്ളപ്പയിതങ്ങളും
ഞാനും കുട്യ്യാനെൻെറ പൊന്നാങ്ങളെ
ഞാള് കയിയും വകയാനിത്
ഉടനെ പറയിന്ന് കുഞ്ഞ്യെളപ്പൻ
നിങ്ങക്ക് കയ്യാം വകയില്ലെങ്കിൽ
നിങ്ങളെയിടച്ചെരീക്കൂട്ട്യെക്കട്ടെ
അവിടുന്നും പൊരുന്ന് കുഞ്ഞ്യെളപ്പൻ
ചൊനൊനപ്പൊയിററ നൊക്ക്ന്നെല്ലെ

ചൊനൊനക്കണ്ണിലെ കാണുന്നെരം
കണ്ണ് നെറഞ്ഞതും കണ്ണുനീര്
അവിടുന്നും പൊരുന്ന് കുഞ്ഞ്യൊളപ്പൻ
പാറക്കടൊത്ത് നഗരത്തില്
നഗരത്തലങ്ങനെ ചെല്ലുന്നെല്ലെ
പറയിന്ന്ണ്ടൊമന ക്കുഞ്ഞ്യൊളപ്പൻ
നഗരത്തിലുള്ളൊരി ചൊനൊയറെ
പറത്താനറിഞ്ഞില്ലെ ചൊനൊയറെ
എൻെറടിയൊപ്പരം പൊര്അവെണം
മൂറ്ക്കൊത്തെത്തൂപ്പി ചൊനൊയന
ഓതിമയിയത്തെടുക്കുക വെണം
അത്തുരം വാക്കത് കെക്കുന്നെരം
കടുമ്മയിലെല്ലാറും പൊരുന്നെല്ല
ചൊനൊനച്ചെന്നിറെറടുക്കുന്നല്ലെ
ഓതിമയിയത്തെടുക്കുന്നെല്ലെ
ചൊനൊൻെറ വീട്ടിന് കൊണ്ടുംപൊയി
ചൊനൊയൻെറമ്മയും പെങ്ങമ്മാറും
അയ്യംബിളികൊണ്ടക്കൂട്ടന്നൊലൊ
പറയിന്നിണ്ടന്നെരം കുഞ്ഞ്യൊളപ്പൻ
കെട്ട് തരിക്കണ്ണെൻറുമ്മമാറെ
നിങ്ങളയിയം ബിളിക്കെണ്ടാലൊ
നിങ്ങക്കൊടയത ഞാനുണ്ടെല്ലെ
നിങ്ങൾക്ക് കയ്യാം ബകയെല്ലാന്
ഞാനൊതരുവനെൻറുമ്മച്ച്യെളെ
പറഞ്ഞൊക്കപ്പൊതം വരുത്തിയെളപ്പൻ
മൂറ്ക്കൊത്തെത്തൂപ്പി ചൊനൊയന
ചൊനൊനക്കൊണ്ട മറ ചെയ്യിന്ന്
ചൊനൊയങ്കെട്ടിയൊരുമ്മച്ചീന
ഓള മറയിലിരുത്തിച്ചൊനൊ
ചാത്തിര പറഞ്ഞൊണ്ടും പൊരുന്നെല്ലെ
എടച്ചെരിപ്പൂക്കൊട്ട് ചെല്ലുന്നെല്ലെ
പൂക്കൊട്ടെകാണാരൻ നമ്പ്യാറൊട്
പറത്താനം ചെന്ന് പറയിന്നെല്ലെ
അത്തുരം ബാക്കൊറ് കെക്കുന്നെരം
നെഞ്ഞത്ത് കുത്ത്ന്ന് നമ്പിയാറ്
പറയിന്നിണ്ടന്നെരം നമ്പിയാറ്
തൊട്ടത്തിലൊമനക്കുഞ്ഞ്യൊളപ്പ
കാലം ചെറുപ്പത്തിക്കുഞ്ഞ്യൊളപ്പ
ഞാനൊരി ചൊനനപ്പൊററിയത്
നാട് മതിച്ചി പട വന്നിററും
എൻറുടെ ചൊനൊനക്കൊന്നിററില്ല

നിങ്ങള് രണ്ടും മൊതലായാരെ
എൻറുടെ ചൊനൊനക്കൊല്ലിച്ചെല്ലൊ
പിന്നയും പറയിന്ന് നമ്പിയാറ്
തൊട്ടത്തിലൊമനക്കുഞ്ഞ്യ്യളപ്പ
എന്നാണ നിന്നാണ കുഞ്ഞ്യ്യളപ്പ
നിയെൻറിടച്ചെരീ നിക്കവെണ്ട
നാട് കടന്നെങ്ങാം പൊട് കെളപ്പ
നിയെൻറിടച്ചെരി നിക്കുന്നെങ്കിൽ
എന്നാണ നിന്നാണ കുഞ്ഞ്യ്യളപ്പ
നാട് കടന്നെങ്ങാമ്പൊളം ഞാനെ
അത്തുരം കെട്ടുള്ള കുഞ്ഞ്യ്യളപ്പൻ
പറയിന്നിണ്ടൊമനക്കുഞ്ഞ്യ്യളപ്പൻ
എടച്ചെരിക്കണ്ണപൊഅ്ണാരിയെ
കത്തിയും തൊടങ്ങുയെല്ലം കെട്ട് കണ്ണ
ഒന്നിച്ചിററൊപ്പരം പൊരികണ്ണ
പറഞ്ഞാടപ്പായിലാഅ് ചെരും മുന്നെ[12]
കെളപ്പങ്കീഞ്ഞി പൊറപ്പാടായി
എടച്ചെരിക്കണ്ണമ്പൊഅ്ണാരിയും
തൊട്ടത്തിലൊമനക്കെളപ്പനും
ചാത്തിരയും ചെല്ലി നടക്ക്ന്നൊറ്
അന്നടത്താലെ നടന്നൂടിററ്
അമ്മയിരിക്കുന്ന തൊട്ടത്തില്
തൊട്ടത്തിച്ചെന്ന് കയരുന്നെല്ലെ
പറയിന്ന്ണ്ടൊമന ക്കുഞ്ഞ്യ്യളപ്പൻ
തൊട്ടത്തിലൊമനപ്പെററൊരമ്മെ
നാട്ടില് നെലയെനക്കില്ലാഞ്ഞിററ്
ഞാനിത പൊഅ്ന്ന് പെററൊരമ്മെ
അത്തുരം ബാക്കമ്മ കെക്ക്ന്നെരം
പൊട്ടിക്കരയിന്ന് പൊററൊരമ്മ
പറയിന്നിണ്ടൊമനപ്പെററൊരമ്മ
തൊട്ടത്തിൽ കെളപ്പ പൊന്ന്മനെ
എല്ലറും ബളരക്കൊതിച്ച കൊതി
പൊയയിന്ന കൊള്ളി പൊറം പൊട്ടെന്ന്
അപ്പൊലെ നീയും പുറപ്പെട്ടിനൊ
പറയിന്നിണ്ടൊമനക്കുഞ്ഞ്യ്യളപ്പൻ
തൊട്ടൊന്തയിരുയെൻറ പൊന്നനിയ
കെട്ട് തരിക്കണം പൊന്നനിയ
നാട്ടില് നെലയെനക്കില്ലാഞ്ഞിട്ട്
നാട്കടന്നെങ്ങാമ്പൊന്ന് ഞാനൊ
ഞാമ്പൊയിററീട വരുമ്പളക്ക്
പൂക്കൊട്ടെക്കാണൊരങ്കുഞ്ഞിയമ്മൊമ്മൻ

അമ്മൊമ്മനീട മരിച്ചെങ്കില്
തീക്കതിരുനെല്ലീക്കൂട്ട്യക്കണെ
തിരുനെല്ലിപ്പിണ്ണം മറിച്ച്യെക്കണെ
തൊട്ടത്തിലൊമനപ്പെററൊരമ്മ
അമ്മയിവിട മരിച്ചെങ്കില്
തീക്ക തിരുനെല്ലീക്കൂട്ട്യെക്കണെ
തിരുനെല്ലീപ്പിണ്ണം മറിച്ച്യെക്കണം
പിന്നയും കെക്കണം കുഞ്ഞന്തെരു
കുററിയാടിക്കാന് കുഞ്ഞ ഞാമ്പൊൻന്ന്
അവിടക്കുറഞ്ഞൊന്നും പാറ്ക്കട്ടെ
നീയെനക്കെന്ത് തര്ന്ന് കുഞ്ഞ
ഞാനിപ്പളെന്ത് തരണ്ടു ഏട്ട
നിൻെറ അരയിലെ പൊന്തുടറ്
എനക്ക് കയിച്ചിതരുംകുട്ടി
പറഞ്ഞിററ് നിക്കുവാനെടവുമില്ല
അപ്പളെ കയിച്ചികൊടുത്ത് തൈരു
അയപ്പിച്ചൊണ്ടും വെകം പൊരുന്നെല്ലെ
എടച്ചെരിക്കെട്ട് കടന്നവര്
എടച്ചെരിക്കെട്ടിൻെറതിരുമ്മലെ
കടത്തുവയിനാട്ടിൻെറ കന്നീമ്മലെ
കൊമ്മിളി നല്ല പറമ്പെ കൂടി
കക്കമ്പെള്ള്യൂതയൊത്തെതായെ കൂടി
നാദാപുരത്ത് നല്ലങ്ങാട്യൂടെ
കുററ്യാടിക്കൂലൊത്ത് പൊരുന്നെല്ലെ
കുററ്യാടിക്കൊയിലൊത്ത് ചെല്ലുന്നെരം
കുററ്യാടിക്കൊയില് വാണ തമ്പുരാനൊ
നീരാട്ട് പള്ളിക്കെഴുന്നള്ളിന്
കൊളക്കടവിക്കണ്ട് തൊഴുത് കെളപ്പൻ
അടിക്കും മുടിക്കും തിരുമെനിക്കും
വളരക്കയികൂട്ടിത്തൊഴുത് കെളപ്പൻ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
പിള്ളാടിക്കുങ്കനെൻെറ കാരിയക്കാര
എതൊരിനായര് തൊഴുതതെന്ന
ഉടനെ ഉണത്തിച്ചി കാരിയക്കാരൻ
ഓവാ പിറവു എൻെറ തമ്പുരാനെ
എടച്ചെരിത്തൊട്ടത്ത്ക്കുഞ്ഞ്യെളപ്പൻ
കെളപ്പനാന് തൊഴുതത് വൊളി
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
പിള്ളാടിക്കുങ്കനെൻെറ കാരിയക്കാര
ഏറിയ നായര് തൊഴുതൊണ്ടെന്ന
ഇങ്ങനയാരും തൊഴുതിററില്ല

അത്തുരം വാക്ക് പറയൂഞ്ചീത്
നീരാട്ട് പള്ളി കയിഞ്ഞത്തിരെ
കെളപ്പനക്കൂടിക്കൊണ്ടെ്വാരുന്ന്
കുററ്യാടിക്കൊയിലൊത്തെ മാളിയെമ്മല്
കുഞ്ചാം വെതച്ചുള്ള മാളിയെമ്മല്
മാളിയെമ്മക്കൊണ്ടയിരുത്തുന്നെല്ലെ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
എന്ത് മുതലായിപ്പൊന്ന് കെളപ്പ
ഉടനെ ഉണത്തിച്ചി കുഞ്ഞ്യെളപ്പൻ
ഓവാപിറവു എൻെറ തമ്പുരാനെ
നെമത്തിനായിററ് വന്നിന് ഞാനൊ
ഉടനെ അരുളിച്ചെയിയിന്നെല്ലെ
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
പക്കത്തിലിരുന്ന് വെയിച്ചൊ കുഞ്ഞനെ
ഒലപ്പെണ്ണ വാങ്ങി നീ തെച്ചൊ കുഞ്ഞ
ഉടനെ ഉണത്തിച്ചി കുഞ്ഞ്യെളപ്പൻ
പക്കത്തിലെച്ചൊറെനക്ക് വെണ്ട
മൂന്നായിക്കല്ലരിച്ചൊറെ വെണ്ടു
ഉടനെയരുളിച്ചെയിതൂട്ടില്ലെ
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
നിൻെറ തലവിതി ചൊകമിത്[13]
പൂക്കൊട്ടെക്കാണാരന്നമ്പിയാറ്ക്ക്
അരിയളവുണ്ടെല്ലെ നമ്പിയാറ്ക്ക്
അഞ്ഞൂറ് നായര്ക്കരിയുണ്ടല്ലൊ
പിന്നയുമരുളിച്ചെയിതുട്ന്ന്
പിള്ളാടിക്കുങ്കനെൻെറ കാരിയക്കാര
തൊട്ടത്തിലൊമനക്കെളപ്പന്
നമ്മളെ കല്ലറയിക്കൊണ്ടു പൊട്
മൂന്നായിക്കല്ലരി കൊടുത്ത്യെക്കണം
അത്തുരം കെട്ടുള്ള കാരിയക്കാരൻ
കെളപ്പനക്കൂട്ടിക്കൊണ്ടെ്വാരുന്ന്
കല്ലറക്കാത്തൂട്ടിക്കൊണ്ടും പൊയി
മൂന്നായിക്കല്ലരികൊടുക്കുന്നല്ലെ
പറയിന്നിണ്ടൊമനക്കുഞ്ഞ്യെളപ്പൻ
കുററ്യാടിക്കൊയിലുവാണ തമ്പുരാനെ
ഊരും കടവും തിരികയില്ല
വെച്ചുണ്ണും വീടൊട്ടറിഞ്ഞും കൂട
ഉടനെ അരുളിച്ചെയിതൂട്ടില്ലെ
പക്കം ബെച്ചൂട്ട്ന്ന കുട്ട്യട്ടറെ
കെളപ്പനക്കൂടിക്കൊണ്ടും പൊട്

കുററ്യാടിച്ചാത്തൊത്ത്കൊണ്ടു പൊട്
പിള്ളാടിച്ച്യോമനക്കുഞ്ഞ്യൂങ്കിച്ചി
കുഞ്ഞനൊട് ചെന്ന് പറഞ്ഞ്യെക്കണം
തൊട്ടത്തിലൊമനക്കെളപ്പന്
അരിവാങ്ങീററത്തായം വെക്കണമെന്ന്
അത്തായം ചൊറ് കൊടുക്കാമ്പറ
അത്തുരം കെട്ടുള്ള കുട്ട്യട്ടറ്
തൊട്ടത്തിലൊമനക്കെളപ്പനയും
എടച്ചെരിക്കണ്ണമ്പൊആ്ണാര്യെയും
രണ്ടാളയും കൂട്ടിക്കൊണ്ടാരുന്ന്
കുററ്യാടിച്ചാത്തൊത്ത് കൊണ്ടുംപൊയി
കൂററ്യാടിച്ചാത്തൊത്ത് ചെല്ലുന്നെരം
പിള്ളാടിച്ച്യോമനക്കുഞ്ഞ്യൂങ്കിച്ചി
രാമായണം കഥ ചൊല്ല്ന്നൊള്
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പൻ
കണ്ണാലെ കണ്ടിനക്കുഞ്ഞ്യെളപ്പൻ
നൊക്ക്യൊരിനൊക്കലിലീണം ബീണ്
പിള്ളാടിച്ച്യോമനക്കുഞ്ഞ്യൂങ്കിച്ചി
എയീററിററാചാരം ചെയ്ത് കുഞ്ഞൻ
പറയിന്നിണ്ടന്നെരം കുട്ട്യട്ടറ്
പിള്ളാടിച്ച്യോമനക്കുഞ്ഞ്യൂങ്കിച്ചി
കെട്ട തരിക്കണം കുഞ്ഞ്യൂങ്കിച്ചി
തൊട്ടത്തിലൊമനക്കെളപ്പന്
അരിവാങ്ങീററത്തായം വെക്കുവാനും
അത്തായം ചൊറ് കൊടുക്കുവാനും
കുററിപ്പൊറംബാണ തമ്പുരാനൊ
നിന്നൊട് തന്നെ പറയുവാനും
എന്നൊടരുളിച്ചെയിതൂട്ടിന്
അത്തുരം കെട്ടുള്ള കുഞ്ഞ്യൂങ്കിച്ചി
അത്തായം ചൊററിനരിയും ബാങ്ങി
അത്തായം ചൊറ് വെകം വെച്ചവള്
പറയിന്നിണ്ടൊമനക്കുഞ്ഞ്യൂങ്കിച്ചി
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
അത്തായം ചൊറ് വെയിച്ചൊളീനെ
ഉടനെപറയിന്ന് കുഞ്ഞ്യെളപ്പൻ
പിള്ളാടിച്ച്യോമന കുഞ്ഞ്യൂങ്കിച്ചി
ഉടുപ്പാന്തരുന്നിനക്കാരി കുഞ്ഞനെ
കെട്ട് തരിക്കണം കുഞ്ഞ്യെളപ്പ
നാട്ടിലെളിയൊറും ബന്നെനക്ക്
നാട്ടിൽ വലിയൊറും ബന്നെനക്ക്
പിള്ളാടിക്കുങ്കനെൻറ അമ്മൊമ്മന്

അമ്മൊമ്മനാരയും തെളിഞ്ഞില്ലെലൊ
ഒന്നും കയിയായിക്കൊണ്ടിററില്ല
ഉടനെ പറയിന്ന് കുഞ്ഞ്യെളപ്പൻ
പിള്ളാടിച്ച്യൊമനക്കുഞ്ഞ്യൂങ്കിച്ചി
ഉടുപ്പാന്തരട്ടെ ഞാങ്കുഞ്ഞ്യൂങ്കിച്ചി
ഉടനെപറയിന്ന് കുഞ്ഞ്യുങ്കിച്ചി
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
എനക്ക് കനക്കത്തെളിഞ്ഞിക്കിന്
അമ്മൊമ്മനറിഞ്ഞാലും കുററമുണ്ട്
അമ്മൊമ്മനൊട്തെന്നെ പറയുക വെണം
ഉടനെ പറയിന്ന് കുഞ്ഞ്യെളപ്പൻ
പിള്ളാടിച്ച്യൊമനക്കുഞ്ഞ്യൂങ്കിച്ചി
പിള്ളാടിക്കുങ്കനിൻറമ്മൊമ്മനൊ
അമ്മൊമ്മനീടയിന്ന് വന്നൊണ്ടാല്
നീയൊരുമാനം പറഞ്ഞ്യെക്കണം
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പൻ
അത്തായം ചൊറ് വെയിച്ചിററില്ല
എന്നൊരൊപായം പറഞ്ഞ്യെക്കണം
ഉടുപ്പാന്തരട്ടെ നിനക്ക് ഞാനൊ
അതിന് മയക്കില്ല കുഞ്ഞ്യെളപ്പ
എനക്ക് കനക്കത്തെളിഞ്ഞിക്കിന്
ഉടുപ്പാനും തെപ്പാനും കൊടുത്ത് കെളപ്പൻ
അന്ന് കുളിച്ചും വെയിച്ചും കൂടി
പിററന്നാപ്പുല്ല പുലരുന്നെരം
പിള്ളാടിക്കുങ്കനടിയൊടിയൊ
അടിയൊടി വന്നും പടികയരി
പറയിന്നിണ്ടന്നെരം കുഞ്ഞ്യൂങ്കിച്ചി
പിള്ളാടിക്കുങ്കനെൻറ കുഞ്ഞ്യമ്മൊമ്മ
തൊട്ടത്തിലൊമനക്കെളപ്പന്
അരിവാങ്ങിററത്തായം വെച്ചിഞാനെ
അത്തായം ചൊറ് വെയിച്ചിററില്ല
ഉടനെ പറയിന്നടിയൊടിയൊ
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
അത്തായം ചൊറ് വെയിക്കാഞ്ഞെന്ത്
ഉടനെ പറയിന്ന് കുഞ്ഞ്യെളപ്പൻ
പിള്ളാടിക്കുങ്കനടിയൊടിയെ
അത്തായം ചൊറ് ബെയിച്ചൊണ്ടാല്
ഒരുത്തനടുത്തതെടുക്ക്ന്നാരി
പിള്ളാടിക്കുങ്കനടിയൊടിയെ
പിള്ളാടിച്ച്യൊമനക്കുങ്കിച്ചിക്ക്
ഉടുപ്പാനും തെപ്പാനും കൊടുക്ക്ന്നാരി

ഉടനെ പറയിന്നടിയൊടിയൊ
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
നാട്ടിലൊളിയൊറും വന്നവക്ക്
നാട്ടില് വലിയൊറും വന്നവക്ക്
എനക്കിന്നൊട്ടാരയും തെളിഞ്ഞില്ലെലൊ
ഒന്നും കയിയായിക്കൊണ്ടിററില്ല
ഉടനെ പറയിന്ന് കുഞ്ഞ്യെളപ്പൻ
പിള്ളാടിച്ച്യൊമനക്കുങ്കിച്ചിക്ക്
ഉടുപ്പാങ്കൊടുക്കട്ടെ ഞാനിപ്പള്
ഉടനെ പറയിന്ന് കാരിയക്കാരൻ
തൊട്ടത്തിലൊമനക്കുഞ്ഞെളപ്പ
എനക്ക് കനക്കത്തെളിഞ്ഞിക്കിന്
അങ്ങനെയവിടയാടപ്പാറത്തൊനൊ
അവിടയൊരാറ് മാസം ചെല്ലുന്നെരം
പാറക്കടവത്തെ ബാഉന്നൊറ്
അരുളിച്ചെയ്തന്നെരം കൂഞ്ഞൻ ബാഉ
എമ്മിഞ്ഞിക്കുങ്കനെൻെറ കാരിയക്കാര
വറത്താനം കെട്ടൊ നീ കാരിയക്കാര
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പൻ
കെളപ്പന്തൊട്ടത്തിലില്ലപൊലും
കുററ്യാടിയെങ്ങാനും പൊയിന് പൊലും
ഇപ്പളിടച്ചെരീത്തെണ്ടുക വെണം[15]
പടക്കൊപ്പ് നല്ലൊണം കൂട്ടിക്കൊളെ
നാളെത്തെപ്പുല്ല പുലരുന്നെരം
പാറക്കടവത്തെ നായര്ക്ക്
അരിയുണ്ണെലവും കൊടുത്ത്യക്കണം
നെരത്തെ നല്ലത്തായം ചൊറും ഉണ്ട്
നമ്മളെ കൊയിലൊത്ത് കൂടിയെക്കണം
പിന്നയും കെക്കണെൻെറ കാരിയക്കാര
ഇരിങ്ങണ്ണൂപ്പെള്ളാന[16]ക്കുട്ടിയിന
ആനെനക്കടുമ്മയിക്കൊണ്ട് വരെണം
ചാത്തംകൊട്ടാത്തൂട്ടപ്പാത്ക്ക്ല്
പലിയൊക്ക് രണ്ട് വലിപ്പിക്കണം
ചാത്തങ്കൊട്ടാത്തൂട്ടപ്പാടിയാന്
പാടിയൊറപ്പിച്ചി കൂടുഅവെണം
എമ്മിഞ്ഞിക്കുങ്കനടിയൊടിയൊ
പടക്കൊപ്പ നല്ലൊണം കൂട്ടന്നെല്ലെ
ഉണ്ട മുറിക്ക്ന്നൊരി പാത്ത്ന്ന്[18]
മരന്ന് പൊടിക്ക്ന്നൊരി പാത്ത്ന്ന്
തൊക്ക് തൊടക്ക്ന്നൊരി പാത്ത്ന്ന്
ഇരിങ്ങണ്ണൂപ്പൊള്ളാനക്കുട്ടീനെയും

കടുമ്മയിക്കൊണ്ട വരുത്തിച്ചോനൊ
അന്ന് കുളിച്ചും ബെയിച്ചും കൂടി
പിററന്നാപ്പുല്ല പുലന്നത്തിരെ
നെരമൊട്ടന്തിമൊന്തിയാകുന്നെരം
കൂട്ടളം താത്ത് കൂട്ടിപ്പൊരുന്നെല്ലെ
പലിയൊക്കും രണ്ട് വലിപ്പിക്കന്ന്
തൊട്ടത്തിലക്കം ചിരുതയിയൊ
കണ്ണാലെ കണ്ടിന് ചിരുതയിയൊ
ചൊതിക്കന്നന്നെരം കുഞ്ഞന്താനൊ
പാറക്കടവത്തതിരമ്പാള
എൻെറയിടച്ചെരിപ്പൊയയിന്നൊ
എടച്ചെരിക്കൊണ്ട വെടിവെക്കന്നൊ
തൊട്ടത്തിക്കെളപ്പന്നെരാങ്ങള
നാട്ടില് നെലയൊനില്ലാഞ്ഞിററ്
നാട് കടന്നെങ്ങാമ്പൊയാങ്ങള
എനിയെന്ത് വെണ്ടെവനെൻെറ കുഞ്ഞംബാള
ഉടനെ പറയിന്ന് കുഞ്ഞംബാള
തൊട്ടത്തിലക്കം ചിരുതയി കുഞ്ഞ
ഇത്തിരയും പൊയത്തം ഉണ്ടൊഇനിക്ക്
ഞാന്നിൻെറിടച്ചെരിപ്പൊളങാ കുഞ്ഞ
എടച്ചെരീക്കൊണ്ട വെടിവെക്കുങാ
പാറക്കടവത്തെ ബാഅ്ന്നൊറ്
തൊട്ടത്തിലക്കം ചിരുതയിന
പറഞ്ഞൊക്കപ്പൊതം വരുത്തിപാള
രാപ്പന്നിവെടിവെപ്പാമ്പൊന്നുഞ്ഞനെ
പട്ടാങ്ങെന്നൊറ്ത്ത് കുഞ്ഞന്താനൊ
പാറക്കടവത്തെ വാഅ്ന്നൊറും
എമ്മിഞ്ഞിക്കുങ്കനടിയൊടിയും
അഞ്ഞൂറകമ്പടിച്ചൊററ്കാറും
അന്നടത്താലെ നടക്കന്നൊറ്
ചാത്തങ്കൊട്ടാത്തൂട്ടപ്പാടിക്കല്
പാടിക്കലങ്ങനെ ചൊല്ലുന്നൊറ്
ചാത്തങ്കൊട്ടാത്തൂട്ടപ്പാടിക്കല്
പലിയൊക്കും രണ്ട് വലിച്ചിവെച്ചി
പടിയൊറപ്പിച്ചി കൂടിയൊറ്
നെരമൊട്ടന്തിമൊന്തിയാഅ്ന്നെരം
എടച്ചെരിക്കൊണ്ട വെടിയും വെച്ചി
അരി പൊരിയുമ്പൊലെ വെച്ചി വെടി
എടച്ചെരിപ്പൂക്കൊട്ട്ന്നാകുന്നത്
പകരം ബെടിയാരും വെക്കന്നില്ല
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പൻ

തൻെറ പടിഞ്ഞാററക്കട്ട്മ്മല്
നന്നമതികെട്ടുറങ്ങ്ന്നെരം
പെടികെട്ട്[19] കെളപ്പഞെട്ടിപ്പൊയി
ഞെട്ടിയുണന്നാടയിര്ന്ന് കെളപ്പൻ
പിള്ളാടിച്ച്യോമനക്കുങ്കിയിന
കുഞ്ഞനയുരുട്ടിയൊണത്ത്ന്നെല്ലെ
പറയിന്നിണ്ടൊമനക്കുഞ്ഞ്യെളപ്പൻ
പിള്ളാടിച്ച്യോമനക്കുഞ്ഞ്യുങ്കിച്ചി
എടച്ചെരീന്ന്ണ്ട് വെടികെക്ക്ന്ന്
പാറക്കടവത്തതിരമ്പാള
എടച്ചെരീക്കൊണ്ട വെടി വെച്ചെല്ലെ
ഞാനെൻെറടച്ചെരീലെത്തീല്ലെലൊ
തൊട്ടൊന്തയിരുയെൻെറനിയനാന്
കുഞ്ഞമ്മരിച്ചൊന്നറിഞ്ഞിില്ലെലൊ
വാതില് തൊറന്നന കുഞ്ഞ്യുങ്കിച്ചി
ഉടനെ പറയിന്ന് കുഞ്ഞ്യുങ്കിച്ചി
തൊട്ടത്തിക്കെളപ്പ എൻെറ ബന്തു
എല്ലാനുക്കു അല്ലൊ നിങ്ങള് ബന്തു
ആരാമ്പൊയി വെടി വെച്ചെങ്കില്
എങ്ങാനൊരിവെടി കെട്ടെങ്കില്
എടച്ചെരീക്കൊണ്ട വെടിവെച്ചെന്ന്
നിങ്ങള് തെന്നെ പറയുഎല്ലൊ
അന്നെരം പറയിന്ന് കുഞ്ഞ്യെളപ്പൻ
ഒന്നും പറയെണ്ട നീ കുഞ്ഞനെ
ഞാനെൻെറടച്ചെരീപ്പൊയി വരട്ടെ
ഉടനെ പറയിന്നക്കുഞ്ഞ്യുങ്കിച്ചി
തൊട്ടത്തിക്കെളപ്പ എൻെറ ബന്തു
നട്ട് നട്ടുള്ളൊരി പാതിരാക്ക്
ചാമണ്ടി കെട്ട്ന്ന പാതിരാക്ക്
എങ്ങനെ പൊഅ്ന്ന നിങ്ങള് ബന്തു
പിന്നയും കെക്കണം നിങ്ങള് ബന്തു
ആറ് മാസം കൂററ്യാടിപ്പാറ്ത്തിററ്
മൂന്മാസം നല്ലെകെറുപ്പെനക്ക്
പള്ളെലെക്കുഞ്ഞനക്കാണുക വെണ്ടെ
ഉടനെ പറയിന്ന് കുഞ്ഞ്യെളപ്പൻ
പിള്ളാടിച്ച്യോമനക്കുഞ്ഞ്യുങ്കിച്ചി
വാതില് തൊറന്നന കുഞ്ഞ്യൂങ്കിച്ചി
കുഞ്ഞനൊട്ടും വാതില് തൊറക്ക്ന്നില്ല
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പൻ
പടിഞ്ഞാററം ബാതില് തൊറന്ന് കെളപ്പൻ
ഇപ്പൊറം പൊറംപാകം കീയിന്നെരം

പിള്ളാടിച്ച്യാമനക്കുഞ്ഞ്യുങ്കിച്ചി
പയ്യെന്നെ[20] കുഞ്ഞനും കീഞ്ഞത്തീരെ
പട്ടിൻെറ കൊന്തല പിടിച്ചവള്
വിളിച്ചി പറയീന്ന് കുഞ്ഞ്യേളപ്പൻ
എടച്ചെരിക്കണ്ണ പൊങ്ങ്ണാരിയെ
ഒന്നിച്ചിററൊപ്പരം പൊരികണ്ണ
അത്തുരം കെട്ടുള്ള കണ്ണനാന്
കണ്ണനും കീഞ്ഞി പൊറപ്പാടായി
പിള്ളാടിച്ച്യാമനക്കുഞ്ഞ്യുങ്കിച്ചി
പട്ടിൻെറ കൊന്തലയെളക്ക്ന്നില്ല
പിടിച്ചെടം കൊന്തല മുറിച്ച്യേളപ്പൻ
അന്നടത്താലെ നടന്നവറ്
കുററ്യാടിക്കൊയിലൊത്ത് ചെന്നവറ്
കുററ്യാടിക്കൊയിലൊത്ത് ചെല്ലുന്നെരം
കുററ്യാടിക്കൊയില് വാണ തമ്പുരാനൊ
തമ്പുരാമ്പള്ളിക്കുറുപ്പ് കൊണ്ടിന്
പള്ളിയറെക്കൊത്ത് കടന്ന് കെളപ്പൻ
കുററ്യാടിക്കൊയില് വാണ തമ്പുരാനൊ
കെളപ്പനക്കണ്ണാലെ കാണ്ന്നെരം
അരുളിച്ചെയ്തൊമനക്കുഞ്ഞ്യേളപ്പ
നട്ട് നട്ടുള്ളൊരി പാതിരാക്ക്
ചാമണ്ടി കെട്ട്ന്ന പാതിരാക്ക്
എന്ത് മൊതലായിപ്പൊന്ന് കെളപ്പ
ഉടനെ ഉണത്തിച്ചി കുഞ്ഞ്യേളപ്പൻ
ഓവാപിറവു എൻെറ തമ്പുരാനെ
പാറക്കടവത്തതിരമ്പാള
കനക്കന്നാളായി കൊതിച്ചിന് പാള
എടച്ചെരിത്തെങ്ങും തല കണ്ടിററ്
എടച്ചെരിക്കെട്ട് കടക്കുവാനും
എടച്ചെരിയെടവക തെണ്ടുവാനും
പാറക്കടവത്തെക്കുഞ്ഞൻ ബാള
എടച്ചെരീക്കൊണ്ട വെടിവെച്ചെല്ലെ
എടച്ചെരീന്നിണ്ട് വെടികെക്ക്ന്ന്
പൂക്കൊട്ടെക്കാണാരനമ്മൊമ്മന്
അമ്മൊമ്മന് നല്ലെ വയസ്സ്കാലം
തൊട്ടൊന്തയിരുയെൻെറ പൊന്നനിയൻ
കുഞ്ഞന് കനക്കച്ചെറുപ്പമല്ലെ
ഞാനെൻറീടച്ചെരീലെത്തീല്ലെലൊ
ഞാനെൻറിടച്ചെരീപ്പൊന്ന് പൊളി
ഉടനെയരുളിയത്തമ്പുരാനൊ
തൊട്ടത്തിലൊമനക്കുഞ്ഞ്യേളപ്പ

നട്ട് നട്ടുള്ളൊരി പാതിരാക്ക്
തനിയെന്നെയെങ്ങനെ പൊന്ന് കെളപ്പ
ഞാങ്കൂടീറെറാപ്പരം എഴുന്നള്ളാലൊ
ഒടനെ ഉണത്തിച്ചി കുഞ്ഞ്യെളപ്പൻ
ഓവാ പിറവു എൻെറ തമ്പുരാനെ
നട്ട്നട്ടുള്ളൊരി പാതിരാക്ക്
തമ്പുരാനൊട്ടും എഴുന്നള്ളണ്ട
ഞാനെൻെറടച്ചരീപ്പൊഅ്ന്നെരം
അമ്മൊമ്മമ്പൊററിയുള്ള നായിമ്മാറ്
പത്തഞ്ഞൂറെൻെറാടിക്കീയാനുണ്ട്[21]
ഞാമ്പൊററീററുള്ളൊരി നായിമ്മാറ്
പത്ത് മൂന്നൂറെൻെറാടിക്കീയാനുണ്ട്
അത്തുരം കെട്ടുള്ള തമ്പുരാനൊ
ഉടനെയരുളിച്ചെയ്യിയിന്നെല്ലെ
പിള്ളാടിക്കുങ്കനെൻെറ കാരിയക്കാര
നമ്മളെ കല്ലറയിന്നാഅ്ന്നത്
വെണ്ട്ന്നൊരുണ്ടയും മരന്നെടുത്തൊ
അഞ്ഞൂറകമ്പടിച്ചൊററ്കാറും
നീയും കൂട്യാനെൻെറ കാരിയക്കാര
ആയിതക്കൊപ്പൊടെ ചൊകത്തൊടെ
കെളപ്പൻെറാപ്പരം പൊകവെണം
അത്തുരം കെട്ടുള്ള കാരിയക്കാരൻ
കല്ലറ പൊയിത്തൊറക്ക്ന്നെല്ലെ
വെണ്ട്ന്നൊരുണ്ട മരന്നെടുത്ത്
അഞ്ഞൂറകമ്പടിച്ചൊററ്കാറും
പിള്ളാടിക്കുങ്കനടിയൊടിയും
തൊട്ടത്തിലൊമനക്കെളപ്പനും
മടക്കം തൊഴുതൊറ് പൊര്ന്നെല്ലെ
അന്നടത്താലെ നടക്ക്ന്നെല്ലെ
അന്നടത്തെലെ നടന്നൂട്ടിററ്
ആദിപുറമെരിത്തായെകൂടി
കൊമ്മിളി നല്ലെ പറമ്പെ കൂടി
കടുമ്മയിപ്പൊരുന്ന് നായിമ്മാറ്
ചാത്തങ്കൊട്ടാത്തുട്ടപ്പാടിക്കല്
പാടിക്കലങ്ങനെ ചെല്ലുന്നെരം
പാറക്കടവത്തെ വാഴുന്നൊറും
അഞ്ഞൂറകമ്പടിച്ചൊററ്കാറും
അരിപൊരിയുമ്പൊലെ വെക്ക്ന്നൊറ്
കണ്ണാലെ കണ്ടിനക്കുഞ്ഞ്യെളപ്പൻ
അന്നടത്താലെ നടക്ക്ന്നൊറ്
മറുപൊറെ പൊര്ന്ന് കുഞ്ഞ്യെളപ്പൻ

കണ്ണങ്കുളങ്ങരപ്പൊര്ന്നൊറ്
തമ്മലിക്കൊണ്ടവെടിയും വെച്ചി
അരിപൊരിയുമ്പൊലെ വെച്ചവറ്
പൂവിനിളങ്കൊയി കൂവൊളവും
തമ്മിലിക്കൊണ്ട വെടിവെച്ചിററ്
പാറക്കടവത്തെപ്പാഉവിൻെറ
അഞ്ഞൂറകമ്പിടിച്ചൊററ്കാറ്
ഒക്കയവിട മരിച്ചിപൊയി
അരുളിച്ചെയ്തന്നെരം പാഉന്നൊറ്
എമ്മിഞ്ഞിക്കുങ്കുനെൻെറ കാരിയക്കാര
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പൻ
കെളപ്പന്തൊട്ടത്തിലില്ല പൊലും
ആരാനിന്നിപ്പെടി വെക്ക്ന്നത്
അത്തുരം കെട്ടുള്ള കാരിയക്കാരൻ
അത്തിമരത്തിമ്മക്കയരിനിന്ന്
കണ്ണങ്കുളങ്ങര നൊക്ക്ന്നെരം
തൊട്ടത്തിലൊമനക്കെളപ്പൻെറ
പൂഉറുമ്മാലും തലയിക്കെട്ടും
കണ്ണാലെ കണ്ടിനക്കാരിയക്കാരൻ
പറയിന്നിണ്ടന്നെരം കാരിയക്കാരൻ
പാറക്കടവത്തെപ്പാഅ്ന്നൊറെ
തൊട്ടത്തിലൊമനക്കെളപ്പൻെറ
പൂ ഉറുമ്മാലും തലയിക്കെട്ടും
ഒത്തൊരടയാളം കാമാനുണ്ട്
എമ്മിഞ്ഞിക്കുങ്കനടിയൊടിയൊ
വെള്ളിപ്പട്ടയിട്ടെ തൊക്കെടുത്ത്
തൊക്ക് ചെതത്തില് നെറവെച്ചെടുത്ത്
കുറിമാനം ചെറ്ത്ത് വെച്ചിവെടി
കെളപ്പനപ്പെടി കൊണ്ടില്ലല്ലൊ
എടച്ചെരിക്കണ്ണമ്പൊഅ്ണാരിക്കൊ
പൊഅ്ണാരിക്കപ്പെടി കൊണ്ടെരത്ത്
നിന്നനെലയില് മറിഞ്ഞും പൊയി
കണ്ണാലെ കണ്ടിനക്കുഞ്ഞ്യെളപ്പൻ
വെള്ളിപ്പട്ടയിട്ടെ തൊക്കെടുത്ത്
തൊക്ക് ചെതത്തിൽ നെറച്ചെടുത്ത്
കുറിമാനം ചെറ്ത്ത് വെച്ചിവെടി
എമ്മിഞ്ഞിക്കുങ്കനടിയൊടിക്ക്
വലത്തെത്തൊടെക്ക് വെടിയും കൊണ്ട്
അത്തുരം കണ്ടുള്ളടിയൊടിയൊ
വെള്ളിപ്പട്ടയിട്ടെ തൊക്കെടുത്ത
തൊക്ക് ചെതത്തില് നെറച്ചെടുത്ത്

കുറിമാനം ചെറ്ത്ത് വെച്ചിവെടി
തൊട്ടത്തിലൊമനക്കെളപ്പൻെറ
നെററിത്തടത്തിന് വെടിയും കൊണ്ട്
അത്തുരം കണ്ടുള്ള കുഞ്ഞ്യെളപ്പൻ
പൂഉറുമ്മാല് കയിച്ച്യെളപ്പൻ
ഉണ്ടപ്പത്ത് നൊക്കിക്കെട്ട്യെളപ്പൻ
പലിശക്കയത്തിന്നൊരൊലയെടുത്ത്
ഓലയിലൊപ്പും കയിഎഴുത്തും
പാറക്കടവത്തെ കുഞ്ഞമ്പാള
നമ്മളിപ്പൊരുന്നതും പൊരാത്തതും
നമ്മള്ക്കണ്ട് മടങ്ങി ബാള
പിന്നയും കെക്കണം കുഞ്ഞമ്പാള
നിങ്ങളെൻെറ മൂത്തെയളിയനെല്ലെ
ചാത്തങ്കൊട്ടാത്തൂടപ്പാടിക്കന്ന്
നിങ്ങള് കടുമ്മയിപ്പൊയിട്ടില്ലെങ്കിൽ
അളിയനെന്നും ഞാനൊവെക്കുകയില്ല
എനക്കിന്നിത്തന്നെയെല്ലാഅ്ന്നത്
നെററിത്തടത്തിനാനുണ്ട കൊണ്ടത്
എന്നെല്ല ഓലെലെഴുതൂഞ്ചീത്
നായിമ്മാറെലൊലകൊട്ത്തയിച്ചി
പാഊൻെറക്കൊണ്ടക്കെട്ക്ക്ന്നൊല
പാറക്കടവത്തെക്കുഞ്ഞമ്പാള
ഓലയിന്ന് വാങ്ങീററ് നൊക്ക്ന്നെരം
പറയിന്നിണ്ടൊമനക്കുഞ്ഞമ്പാള
എമ്മിഞ്ഞിക്കുങ്കനടിയൊടിയെ
വറത്താനം കെട്ടൊ നീ കാരിയക്കാര
തൊട്ടത്തിലൊമനക്കെളപ്പന്
നെററിത്തടത്തിനാനുണ്ടകൊണ്ടിന്
അറവൂല കൊത്തിയെല്ലൊ കാരിയക്കാര
തൊട്ടത്തിലൊമനക്കെളപ്പന
കെളപ്പന വെടി വെക്കുന്നത്
തമ്മിലെന്ന വെടിവെക്കറാഞ്ഞൊ[23]
തൊട്ടത്തിലക്കം ചിരുതെയിയൊട്
എന്തൊരിമാനു പറഞ്ഞൊളണ്ടും
വറത്താനം കുഞ്ഞനറിയിന്നെരം
നാട് മുടിക്കും ചിരുതയി കുഞ്ഞൻ
എമ്മിഞ്ഞിക്കുങ്കനെൻെറ കാരിയക്കാര
നമ്മള് കട്മ്മയിപ്പൊആയിപ്പം
കടുമ്മയിപ്പൊര്ന്ന് കുഞ്ഞമ്പാള
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പൻ
പറയിന്നിണ്ടൊമനക്കുഞ്ഞ്യെളപ്പൻ

കുററ്യാടിക്കൊയിലൊത്തെ നായിമ്മാറെ
നിങ്ങള് കടുമ്മയിപ്പൊകവെണ്ണം
കുററ്യാടിക്കൊയില് വാണ തമ്പുരാന്
ഓല എഴുതുവാനും നെരമില്ല
പറത്താനം ചെന്ന് പറഞ്ഞ്യെക്കണം
പിള്ളാടിക്കുങ്കനെന്ന കാരിയക്കാര
പിള്ളാടിച്ച്യെമനക്കുങ്കിച്ച്യോട്
കുഞ്ഞനൊടെതും പറഞ്ഞ്യെക്കറ്
അത്തുരം വാക്ക് പറയൂഞ്ചീത്
അന്നടത്താലെ നടന്ന് കെളപ്പൻ
എടച്ചെരിത്തൊട്ടത്തിച്ചെല്ലുന്നെല്ലെ
എടച്ചെരിത്തൊട്ടത്ത്ച്ചെല്ല്ന്നെരം
അമ്മ പടിക്കലിരുന്നിക്കിന്
കെളപ്പനക്കണ്ടിററ് കണാഉമ്മം
ചൊതിക്ക്ന്നൊമനപ്പൊറെറാരമ്മ
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പ
കുററ്യാടിന്നെപ്പം നീ വന്ന് കെളപ്പ
കുററ്യാടിന്നെന്തിന് പൊന്നിന്മനെ
പാറക്കടവത്തതിരമ്പാഉ
നിന്നയിന്ന് പാഉആററം[24] കണ്ടെങ്കില്
പാമ്പിനക്കീരി മുറിക്കുമ്പൊലെ
നിന്നമുറിക്കുയെൻെറ കുഞ്ഞ്യെളപ്പ
കണ്ണ്ച്ചൊരയില്ലാത്ത കല്ലമ്പാഉ
ഇന്നല രാത്തിരിയാന് കെളപ്പ
എടച്ചെരീക്കൊണ്ട വെടിവെച്ചിന്
ഇത്തിരനെരവും വെച്ചിവെടി
അന്നെരം പറയിന്ന് കുഞ്ഞ്യെളപ്പൻ
കെട്ട് തരിക്കണം പെറെറാരമ്മെ
എടച്ചെരീന്നുള്ള വെടി കെട്ടിററ്
ഇന്നലെ രാത്തിരിയൊറങ്ങീററില്ല
തൊട്ടൊന്തയിരുയെൻെറ പൊന്നനിയൻ
കുഞ്ഞനെവിടുത്തും പെറെറാരമ്മെ
പറയിന്നിണ്ടന്നെരം പെറെറാരമ്മ
കുഞ്ഞമ്പടിഞ്ഞാറെറലിണ്ട് കെളപ്പ
പടിഞ്ഞാററാം ബാത്ക്കപ്പൊര്ന്നെല്ലെ
ബാത്ക്ക് ചെന്ന് വിളിക്ക്ന്നെല്ലെ
തൊട്ടൊന്തയിരുയെൻെറ പൊന്നനിയ
വാതില് തൊറന്നന കുഞ്ഞന്നെരു
അത്തുരം കെട്ടുള്ളകുഞ്ഞന്നെരു
വാതിലും തട്ടിത്തൊറക്ക്ന്നെല്ലെ
ചൊതിക്ക്ന്നന്നെരം കുഞ്ഞ്യെളപ്പൻ

തൊട്ടൊന്തയിരുയെൻെറ പൊന്നനിയ
എന്തിന് പടിഞ്ഞാററക്കൂടിക്കിന്
ഇത്തിരയും പെടിയിണ്ടൊ കുഞ്ഞ
എടച്ചെരീന്നുള്ള വെടികെട്ടിററ്
ഇന്നല രാത്തിരിയൊറങ്ങീററില്ല
കെടക്കയും മുട്ടിപ്പിരിക്കെ തൈെരു
കെടക്കയും മുട്ടിപ്പിരിച്ചി തൈെരു
പറയിന്നിണ്ടൊമനക്കുഞ്ഞ്യെളപ്പൻ
തൊട്ടൊന്തയിരുയെൻെറ പൊന്നനിയ
ഞാനൊയിന്നിക്കുററിയാടീപ്പൊയൊണ്ടാരെ
നിൻെറ സരസ്സതി കെട്ടില്ലെലൊ
രാമായണം പാടിക്കെക്കണ്ടീനും
അത്തുരം കെട്ടുള്ള കുഞ്ഞത്തൈെരു
കെരന്ത കെട്ടൊലയെട്ത്ത് വെച്ചി
ചങ്ങല വട്ടയും കത്തിച്ചിററ്
കെരന്തം പഅ്ത്ത് കുഞ്ഞന്നൊക്ക്ന്നെരം
പൊട്ടിക്കരയിന്ന് കുഞ്ഞത്തൈെരു
ചൊതിക്ക്ന്നന്നെരം കുഞ്ഞ്യെളപ്പൻ
തൊട്ടൊന്തയിരുയെൻെറ പൊന്നനിയ
എന്തിന് കരയിന്ന് നീ കുഞ്ഞനെ
കെർന്തത്തിലെന്തെല്ലാം കാമാനുണ്ട്
ഉടനെ പറയിന്നക്കുഞ്ഞത്തൈെരു
തൊട്ടത്ത്ക്കെളപ്പ എൻെറ ഏട്ട
കെരന്തം പഅ്ത്ത് ഞാന്നൊക്ക്ന്നെരം
തൊട്ടൊയമ്മാറ് മരിക്ക്വാനുണ്ട്
നിച്ചയിക്കറുഅ്[25] പറിക്ക്വാനുണ്ട
ചൊടലക്കിറിയ കയിക്ക്വനുണ്ട്
ഉടനെ പറയിന്നക്കുഞ്ഞ്യെളപ്പൻ
ഇതിന് കരയണൊ നീ കുഞ്ഞനെ
തൊട്ടൊയമ്മാറ് വളരയില്ലെ
തൊട്ടൊമ്മാറാരും മരിക്കുകയില്ലെ
കെട്ട് തരിക്കണം കുഞ്ഞത്തൈെരു
ഞാനിന്ന് കൂററ്യാടീപ്പൊയൊണ്ടാരെ
തൊട്ടത്തിലക്കം ചിരുതയിന
ഞാനെൻെറ കണ്ണ്വാണ്ട് കണ്ടില്ലെലൊ
കുഞ്ഞനയൊരിനൊക്ക് കാണണ്ടീനും
കടുമ്മയിലൊലയെഴുത് തൈെരു
കടുമ്മയിലൊലയെഴുതി തൈെരു
നായിമ്മാറെലൊല കൊടുത്തയച്ചി
പറയാന്തുടങ്ങ്ന്ന് കുഞ്ഞത്തൈെരു
തൊട്ടൊന്തയിരുയെൻെറ പൊന്നനിയ

തൊട്ടത്തിലക്കം ചിരുതയികുഞ്ഞൻ
നമ്മളെ തൊട്ടത്ത്പ്പന്നൊണ്ടാല്
ആറ്മാസം കുഞ്ഞനയയച്ച്യക്കല്ല
പാഊനിക്കെതാങ്കൊടുത്തൂട്ടാല്[26]
പാളങ്ങാടെതും നീ വാങ്ങ്യെക്കല്ല
പിന്നെയും കെക്കണം കുഞ്ഞന്റെരു
ആറ്മാസം കുററ്യാടീപ്പാറ്ത്തിററ്
പിള്ളാടിച്ചിക്കുഞ്ഞിക്കുങ്കിച്ചിക്ക്
മൂന്മാസം നല്ലെകെറുപ്പമാന്
മരന്നൂടിയെലെ[27] കയിച്ച്യക്കണം
അത്തുരം കെട്ടുള്ള കുഞ്ഞന്റെരു
പൊട്ടിക്കരയിന്ന് കുഞ്ഞന്റെരു
എന്തൊരനന്തറപ്പാടെൻെറട്ട
ഉടനെ പറയിന്ന് കുഞ്ഞ്യെളപ്പൻ
കെട്ട് തരിക്കണം കുഞ്ഞന്റെരു
കുററ്യാടിക്കൊയിലുവാണ തമ്പുരാനൊ
എന്നൊടരുളിച്ചെയിതൂട്ടിന്
ഏലമലെക്ക് ഞാമ്പൊകുവാനും
ഏലവും ചന്നണവും കൊത്തിക്ക്വാനും
എന്നൊടരുളിച്ചെയിതൂട്ടിന്
ഏലമലെക്ക് ഞാമ്പൊയൊണ്ടാല്
കന്നിയും മകരവുമുള്ളെലമാന്
ഏലവും താത്തിയെ പൊരു ഞാനെ
പിന്നയും കെക്കണം കുഞ്ഞന്റെരു
രാമായണം പാടിയന കുഞ്ഞന്റെരു
രാമായണം പാടിയെന്നക്കെപ്പിച്ചന
രാമായണം പാട്ന്ന് കുഞ്ഞന്റെരു
പറഞ്ഞി പറഞ്ഞി മരിച്ച്യെളപ്പൻ
അങ്ങനയാടയിരിക്ക്ന്നെരം
തൊട്ടത്തിലക്കം ചിരുതയി കുഞ്ഞൻ
കുഞ്ഞനും വന്ന് പടികയരി
ചൊതിക്ക്ന്നൊമനക്കുഞ്ഞന്താനൊ
തൊട്ടത്തിലൊമനപ്പെററൊരമ്മെ
തൊട്ടത്ത്ക്കെളപ്പന്നെരാങ്ങള
ആങ്ങള ഏടുത്തും പെററൊരമ്മ
ഉടനെ പറയിന്ന് പെററൊരമ്മ
കുഞ്ഞമ്പടിഞ്ഞാററെലിണ്ട് മളെ
പാഞ്ഞി പടിഞ്ഞാററെപ്പൊര്ന്നൊള്
ആങ്ങളെനച്ചെന്ന് വിളിക്ക്ന്നൊള്
തൊട്ടത്ത്ക്കെളപ്പനെരാങ്ങളെ
കുററ്യാടിന്നെപ്പള് വന്നാങ്ങളെ

കുററ്യാടീന്നെന്തിന് പൊന്നാങ്ങളെ
തൊട്ടത്തിലൊമനക്കുഞ്ഞ്യെളപ്പൻ
പകരമൊട്ടെതും പറയിന്നില്ല
പിന്നയും പറഞ്ഞി ചിരുതയി കുഞ്ഞൻ
എന്തീറെറാൻറാങ്ങളയുരിയാടാത്തു
മെയ്യാരപ്പൊന്ന് ചമയാഞ്ഞിറെറാ
ഉടുത്ത ഉടുപുടയീങ്ങീററാറേറാ
കഞ്ഞികുടിക്കാതൊരാലസ്സിയൊ
തൊട്ടത്തിലക്കം ചിരുതയി കുഞ്ഞൻ
വെകം കടുമ്മയിപ്പൊര്ന്നൊള്
കഞ്ഞി കടുമ്മയിപ്പെച്ച്ണ്ടാക്കി[28]
ആററിത്തണിച്ചൊള് കൊണ്ടുംബന്ന്
തൊട്ടത്ത്ക്കെളപ്പ നെരാങ്ങളെ
കഞ്ഞികുടിച്ചൊളെ നെരാങ്ങളെ
കുഞ്ഞനയുരുട്ടിയൊണത്ത്ന്നൊള്
കെളപ്പനാട മരിച്ചിക്കിന്
അയ്യംബിളികൂട്ടിക്കുഞ്ഞന്താനൊ
അയ്യംബിളികൊണ്ടൊരിണ്ടന്തിരി
അത്തുരം കെട്ടുള്ള പെറെറാരമ്മ
പാഞ്ഞിപടിഞ്ഞാറെറപ്പന്നൊണ്ടമ്മ
അയ്യംബിളികൂട്ടി പെറെറാരമ്മ
തൊട്ടത്ത്ക്കെളപ്പ പൊന്ന്മനെ
അറവൂലകൊത്തിയൊ കുഞ്ഞ്യെളപ്പ
ആഅ്ന്നതഞ്ചും ബെലക്കിഞ്ഞാനൊ
ബെലക്കിയത് നീയൊട്ട് കെട്ടില്ലെലൊ
പാറക്കടവത്തതിരമ്പാള
കണ്ണ്ച്ചൊരയില്ലാത്ത കല്ലമ്പാള
നിന്നച്ചതിച്ചെല്ലൊ കുഞ്ഞ്യെളപ്പ
അത്തുരം വാക്ക് പറയൂഞ്ചീത്
നിന്നനെലം കൊള്ള വീണൂട്ടമ്മ
അയ്യം ബിളികൊണ്ടാരിണ്ടന്തിരി
തെക്ക് പുറത്ത് ചൊടലയില്
ഈന്തും മുരിക്കുംതടിയും കൂട്ടി
ചന്നണം കൊണ്ട് ചുടിയിച്ചൊറ്
അങ്ങനയാടയിര്ന്നവറ്

---

1. വിരൽ അഞ്ചും
2. ഗുരുക്കളോ മറെറാ നിന്നെ
3. വേഗം പോയി വേഗമിങ്ങ് പോരൂ കേളപ്പ
4. ചാവാൻ കുഴികെട്ടി ഇരിക്കുന്നു
5. വീഴേണ്ടിയിരുന്നു

6. തണ്ണിയ വണ്ണം = മോശമായ രീതിയിൽ
7. വെററില സത്കാരം സത്കരിച്ചു
8. കാണാൻ കൊതി എനിക്കുണ്ടായിട്ട്
9. വാഉവിന് (വാഴുന്നോർക്ക്) അരിയോ മറേറാ വേണമെങ്കിൽ
10. വാഉവിൻെറ മേൽ കൈ ഒട്ട് ഏറിയില്ലല്ലോ
11. സത്യം
12. പറഞ്ഞ് + അവിടെ വായിൽ നാവ് ചേരും മുമ്പേ
13. യോഗം
14. എഴുന്നേററിട്ട്
15. ആക്രമിക്കണം
16. വെള്ളാന
17. വലിയതോക്ക്
18. ഭാഗത്തുനിന്ന്
19. വെടികേട്ട്
20. പിന്നാലെ
21. എൻെറ കൂടെ ഇറങ്ങാനുണ്ട്
22. ചിതത്തിൽ = നന്നായി
23. വെടിവെക്കരുതാഞ്ഞോ
24. വാഉവോ മറേറാ
25. നിത്യവും കറുക പറിക്കാനുണ്ട്
26. വാഉ നിനക്ക് എന്തെങ്കിലും കൊടുത്തുവിട്ടാൽ
27. പുളികുടി
28. വെച്ചുണ്ടാക്കി.

# കപ്പള്ളിപ്പാലയാട്ടെ കൊരൻെറ പാട്ട്

കപ്പള്ളിപ്പാലയാട്ടെ കുഞ്ഞിക്കൊരൻ
പറയിന്നിണ്ടൊമനക്കുഞ്ഞിക്കൊരൻ
കപ്പള്ളിപ്പാലയാട്ടെ പെററൊരമ്മെ
ഇന്നെക്കെരി മൂവാണ്ടെക്കാലമായി
ലൊമനാറ് കാവിന് പൊആത്തത്
കുളിച്ചി നെയിയമൃത് ചെയ്യാത്തതും
ഉടനെ പറയിന്ന് പെററൊരമ്മ
കപ്പള്ളിപ്പാലയാട്ടെ കുഞ്ഞിക്കൊര
നിനിക്കെന്ത് പൊഅറൊ[1] കുഞ്ഞിക്കൊര
ഉടനെ പറയിന്ന് കുഞ്ഞിക്കൊരൻ
കപ്പള്ളിപ്പാലയാട്ടെപ്പെററൊരമ്മെ
എങ്ങനെ പൊഅണ്ടും ഞാനെൻറമ്മെ
ഇരിപത്ത്രണ്ട് വയസ്സെടെല്
നുപ്പത്ത്മൂന് കുടുപ്പയെനക്ക്
കൈതെരികണ്ടപ്പന്നമ്പിയാറും
ഇരിപത്ത്രണ്ടെണ്ണം നായിമ്മാറും
എന്നപ്പെണയാന്നടക്ക്ന്നൊറ്
കുടിക്ക്ന്ന വെള്ളത്തിലിണ്ടവറ്
ഒറങ്ങ്ന്നൊറക്കത്തും ഉണ്ടവറ്
എങ്ങനെ പൊഅണ്ടും പെററൊരമ്മെ
ഉടനെ പറയിന്ന് പെററൊരമ്മ
കപ്പള്ളിപ്പാലയാട്ടെക്കുഞ്ഞിക്കൊര
വെകമ്പൊയിവെകയിങ്ങ് പൊരികൊര
അത്തുരം ബാക്ക് കെട്ട കുഞ്ഞിക്കൊരൻ
തൻെറ എടത്തളം വലത്തളം ആയി
അന്നടത്താലെ നടന്ന് കൊരൻ
ലൊമനാറ് കാവിനും ചെന്ന് കൊരൻ
വലിയ ചെറയിക്കുളിച്ചി കൊരൻ
പണ്ണാരം പുക്ക് പെര്ക്കി കൊരൻ[2]

മടക്കം തൊഅ്തിററ് പൊര്ന്നെരം
പറയിന്നിണ്ടന്നെരം നമ്പൂരിയൊ
കപ്പള്ളിപ്പാലയാട്ടെക്കുഞ്ഞിക്കൊാര
പായതച്ചൊററിനിരിക്ക് കൊര
പായതച്ചൊററിനിര്ന്ന് കൊരൻ
പായതം കൊണ്ട വെളമ്പ്യമ്പൂരി
പായതച്ചൊറ് വാരിയുണ്ട് കൊരൻ
വെണ്ട്ന്ന ചൊറ് വെയിച്ചി കൊരൻ
വെണ്ടാത ചൊററിന് കയ്യും താത്തി
എച്ചിലുമെലയുമെട്ത്ത് കൊരൻ
ബലിയ ചെറയിലും കീഞ്ഞികൊരൻ
വായും കയിയും സൊകം ബര്ത്തി
പടിഞ്ഞാറെക്കാവില് നൊക്ക്ന്നെരം
കൈതെരിയനന്തൊത്തെക്കുങ്ക്യൂഞ്ഞനും
കൈതെരിയനന്തൊത്തെക്കുങ്കമ്മം
ചെറുആട പയ്യാടും[3] കൊണ്ട് വന്ന്
കുഞ്ഞുങ്ങൾ രണ്ടും കുളിക്ക്ന്നെരം
കണ്ണാലെ കണ്ടിനക്കുഞ്ഞിക്കൊാരൻ
പറയിന്നിണ്ടന്നെരം കുഞ്ഞിക്കൊാരൻ
കൈതെരിയനന്തൊത്തെക്കുഞ്ഞങ്ങളെ
കുളിച്ചിനെയിയാറ്ത് ചെയ്ത് ഞായൻ
പായതച്ചൊറ് വാങ്ങീററുണ്ട് ഞാനൊ
ഒരിക്കലിത്തിന്ന്വാന്തരെണ്ണെനക്ക്
ഉടനെ പറയിന്ന് കുഞ്ഞങ്ങള്
കപ്പള്ളിപ്പാലയാട്ടെക്കുഞ്ഞിക്കൊാര
നിനക്ക് ഞാള് വെത്തില തര്അയില്ല്[4]
കൈതെരിക്കാണാരനമ്മൊാമ്മന
വെറുതാവിലെ കൊത്തിക്കൊന്ന് നീയൊ
അത്തുരം കെട്ടുള്ള കുഞ്ഞിക്കൊാരൻ
ഉടനെ പറയിന്ന് കുഞ്ഞിക്കൊാരൻ
കൈതരിയനന്തൊത്തെക്കുഞ്ഞങ്ങളെ
കൈതെരിക്കാണാരനമ്പ്യാറൊട്
ആഅ്ന്നതഞ്ചും ബെലക്കിഞ്ഞാനൊ
വെലക്കിയത് നമ്പിയാറ് കെട്ടില്ലെലൊ
നമ്പ്യാറക്കൊത്തീററ് കൊന്നും പൊയി
നമ്പിയാറക്കൊത്തിക്കൊന്നതിന്ന്
ഇരിപത്ത്രണ്ട് വയസ്സെടെല്
മുപ്പത്തമൂന്ന് കുടുപ്പയായി
നിങ്ങളെ മനസ്സെന്നൊടിണ്ടെങ്കില്
എനക്കുടുപ്പയെണങ്ങായീനും
ഉടനെ പറയിന്ന് കുഞ്ഞുങ്ങള്

കപ്പള്ളപ്പാലയാട്ടെക്കുഞ്ഞിക്കൊര
ഞാളൊടക്കാരിയം പറയവെണ്ട
പിന്നയും പറയിന്ന്കുഞ്ഞിക്കൊരൻ
കൈതെരിയനന്തൊത്തെക്കുങ്കികുഞ്ഞ
നിങ്ങളെ കടുപ്പയെണഞ്ഞ്യെങ്കില്
നാട്ടില് നല്ലൊണം നടക്കായിനും
ഒരിക്കലെത്തിന്നുവാന്താകുഞ്ഞനെ
ഉടനെ പറയിന്ന് കുങ്കി കുഞ്ഞൻ
നിനക്ക് ഞാമ്പെത്തില്[5] തന്നൊണ്ടാല്
പെത്തില തന്നിറെറണങ്ങുവാനൊ
പിന്നയും പറയിന്ന് കുഞ്ഞിക്കൊരൻ
കൈതെരിയനന്തൊത്തെക്കുങ്കി കുഞ്ഞ
ഇന്നെത്തെരാത്തിരിയിലാനുഞ്ഞനെ
അന്തിയുറക്കിന് വരട്ടെ ഞാനൊ
ഉടനെ പറയിന്ന് കുങ്കി കുഞ്ഞൻ
കപ്പള്ളിപ്പാലയാട്ടെക്കുഞ്ഞിക്കൊര
അന്തിയുറക്കിന് നീ വന്നാല്
പിണറൊട്ട് നായരൊട് കൊണ്ടചൊക്കൻ
ചൊക്കനപ്പടിക്കലും കെട്ടീററുണ്ട്
ഏയിചൊറയിട്ട് കെട്ടീററുണ്ട്
ചപ്പിലയാററം[6] അനങ്ങിയെങ്കില്
ഏയിചൊറയും ഓമ്പൊട്ടിച്ചീടും
അതിന് മയക്കില്ല കുങ്കികുഞ്ഞ
അതിന് മരന്നെൻറലിണ്ട് കുഞ്ഞ
അങ്ങനെയാട്ടെന്റെ കുഞ്ഞിക്കൊര
തമ്മലിപ്പറഞ്ഞിപിരിഞ്ഞും പൊയി
കൈതെരിയനന്തൊത്തെക്കുഞ്ഞങ്ങള്
കൈതരിക്കണ്ടൊത്ത പൊര്ന്നെല്ലെ
കൈതെരിക്കണ്ടൊത്ത് ചെല്ലുന്നെരം
കൈതെരിക്കണ്ടൊത്തെപ്പെററൊരമ്മ
അന്തിവെളക്കാട വെക്ക്ന്നമ്മ
കണ്ണാലെകണ്ടിനപ്പെററൊരമ്മ
ചൊതിക്ക്ന്നന്നെരം പെററൊരമ്മ
കൈതരിയനന്താത്തെക്കുഞ്ഞുങ്ങളെ
നിങ്ങളെന്ത് നെരം വയികിപ്പൊയി
കൈതെരിക്കണ്ടപ്പനമ്മൊമ്മനൊ
അമ്മൊമ്മനീടയിന്നിണ്ടെങ്കില്
അച്ചനപ്പഞ്ചൂരലണക്ക്വായിനും
പറഞ്ഞാടപ്പായത് ചെരും മുന്നെ
കൈതെരിക്കണ്ടപ്പന്നമ്പിയാറും
ഇരിപത്ത്രണ്ടെണ്ണം നായിമ്മാറും

വെകത്തിപ്പന്നും പടികയരി
പറയിന്നിണ്ടന്നെരം നമ്പിയാറ്
കൈതെരിയനന്തൊത്തെക്കുങ്കികുഞ്ഞ
ചൂത് മണിപ്പല കൊണ്ടും പാഞ്
അത് തന്നെ കെട്ടുള്ള കുങ്കി കുഞ്ഞൻ
ചൂത് മണിപ്പല കൊണ്ടും വന്ന്
കൈതരിക്കണ്ടപ്പന്നമ്പിയാറും
ഇരിപത്ത്രണ്ടെണ്ണം നായിമ്മാറും
ചൂത് ചതിരങ്കം പൊരും വെച്ചി
ചൂത്പ്പൊര്ത്കളിക്ക്ന്നൊല്
കപ്പള്ളിപ്പാലയാട്ടെക്കുഞ്ഞിക്കൊരൻ
നെരത്തെഅത്തയം ചൊറു ഉണ്ട്
മാളിയമൊളിക്കയരി കൊരൻ
വലിയ വെളക്ക് കൊണ്ടക്കത്തിക്ക്ന്ന്
പൊന്നിട്ടെ പെട്ടി മൊകം തൊറന്ന്
ഒന്നെയൊരിമാലയെടുത്ത് കൊരൻ
പറയിന്നിണ്ടൊമന കുഞ്ഞിക്കൊരൻ
ലൊമനാറ് കാവ്പ്പകവതിയമ്മെ
കൈതരിക്കണ്ടൊത്ത് ഞാമ്പൊയി വന്നാല്
പകവതീൻറാറാട്ടുന്നാളു ആയിററ്
ഇമ്മാലകൊലത്തിമ്മച്ചാറ്ത്തുവൻ[7]
മച്ചിൻെറ നല്ലുത്തരക്കള്ളിയില്
ഉത്തരക്കള്ളീലും ബെച്ചിമാല
പിന്നെയൊരിമാലയെടുത്ത് കൊരൻ
അമ്മാല ചീലയിത്താത്തികൊരൻ
കണ്ടിക്കും മീത്തലരിങ്കമാല
പതിനായിരം പണം ബിററമാല
മാലയും കൊണ്ടെല്ലെ പൊര്ന്നത്
തെങ്ങയിട്ടെ കൂടയിപ്പന്ന്[8] കൊരൻ
കൊട്ടത്തെങ്ങ രണ്ടിങ്ങെടുത്ത് കൊരൻ
തച്ചിപൊളിച്ചികയിക്കലാക്കി
തൻെറ എടുത്തതും വലത്തതുമായി
അന്നടത്താലെ നടന്ന് കൊരൻ
കൈതെരിക്കണ്ടൊത്ത് ചെല്ലുന്നെല്ലെ
പടികയരിപ്പടിനീരുന്നെരം
പിണരൊട്ട് നായരൊട് കൊണ്ട ചൊക്കൻ
ഏയിതൊടറിട്ട് കെട്ടിയ ചൊക്കൻ
ചൊക്കമ്മുരണ്ട് കൊരക്ക്ന്നെല്ലെ
കൈതെരിക്കണ്ടപ്പന്നമ്പിയാറ്
കൈതെരിക്കണ്ടൊത്തെക്കുങ്കിയൊട്
പറയിന്നിണ്ടൊമന നമ്പിയാറ്

കൈതെരിക്കണ്ടൊത്തെക്കുങ്കികുഞ്ഞ
നമ്മ്ളെ പടിക്കലിണ്ടാള് വന്നിററ്
ചൊക്കമ്മുര്ണ്ട് കൊരച്ചതെന്ത്
അത്തുരം കെട്ടുള്ള കുങ്കികുഞ്ഞൻ
ചങ്ങലവട്ടയും കത്തിച്ചിററ്
പാഞ്ഞിപടിക്കലും പൊഅ്ന്നൊള്
പടിക്കലും ബന്നിററ് നൊക്ക്ന്നെരം
കൊരനക്കണ്ണാലെ കണ്ടവള്
കൊരനക്കണ്ടിററ് കാണാഅ്മ്മം
ചങ്ങല വട്ടകെട്ത്തവള്
ചൊലത്തലമുടി കെട്ടയച്ചി
കൊരനമുടിയിലൊളിപ്പിക്ക്ന്ന്
കൊരനക്കൂട്ടില്ലെകൊണ്ടെ്വാര്ന്ന്
വെളക്കിൻെറ കാനലൂടെ കൊണ്ടെ്വാര്ന്ന്
കൊരനപ്പടിഞ്ഞാറെറക്കൊണ്ടയാക്കി
പറയിന്നിണ്ടൊമനക്കുങ്കിക്കുഞ്ഞൻ
കൈതെരിക്കണ്ടപ്പ കുഞ്ഞ്യമ്മൊമ്മ
എന്തൊരിചൂത് കളിക്ക്ന്ന്ത്
ഇന്നെക്കൊരി മൂആണ്ടെക്കാലായെല്ലൊ
കൊരനെപ്പെണയാന്നടക്ക്ന്നത്
കൊരൻെറ കുപ്പ കൊരട്ട്കയും
നിങ്ങള് മടങ്ങിയങ്ങ് പൊര്കയും
കൊരനൊ തെണ്ടാല് തെണ്ടൂഞ്ചിത്
കൊരനെറക്കറയിപ്പൊആറായി
നിങ്ങള് ചൂത് കളിക്കുകയും
അത്തുരം കെട്ടുള്ള നമ്പിയാറ്
പറയിന്നിണ്ടൊമന നമ്പിയാറ്
കൈതെരിക്കണ്ടൊത്തെക്കുങ്കി കുഞ്ഞ
ചൊറ് കടുമ്മയിത്തായെനക്ക്
അത്തുരം കെട്ടുള്ള കുഞ്ഞിക്കുങ്കി
കടുമ്മയിച്ചൊറ് വെളമ്പികുഞ്ഞൻ
തൊട്ടൊയങ്കിണ്ടീല് വെള്ളവുമായി
ചൊറുഅർക്കൊണ്ടക്കൊടുത്തവള്[9]
കൈതെരിക്കണ്ടപ്പന്നമ്പിയാറ്
കടുമ്മയിലത്തായം ചൊറും ഉണ്ട്
ഒരു തീനൽ വെത്തിലതീനുംതിന്ന്
കൈതെരിക്കണ്ടപ്പന്നമ്പിയാറും
ഇരിപത്ത്രണ്ടണ്ണം നായിമ്മാറും
കൊരനപ്പെണയുവാനും പൊര്ന്നൊല്
കൈതെരിക്കണ്ടൊത്തെക്കുങ്കി കുഞ്ഞൻ
പടിഞ്ഞാറെറലങ്ങ് കടന്ന് കുഞ്ഞൻ

പറയിന്നിണ്ടൊമനക്കുങ്കിക്കുഞ്ഞൻ
കപ്പള്ളിപ്പാലയാട്ടെക്കുഞ്ഞിക്കൊാര
അത്തായം ചൊറീടവെച്ചിററ്ണ്ട്
ചൊററ് വെയിച്ചൊളെ[10] കുഞ്ഞിക്കൊാര
അത്തുരം കെട്ടുള്ളകുഞ്ഞിക്കൊാരൻ
പറയിന്നിണ്ടൊമനക്കുഞ്ഞിക്കൊാരൻ
കൈതെരിക്കണ്ടൊത്തെക്കുങ്കി കുഞ്ഞ
അത്തായം ചൊറിന്നെല്ലാനുഞ്ഞനെ
ഇന്ന് തര്ആനെ കണ്ടിററുള്ളും
അന്നരം പറയിന്ന് കുഞ്ഞിക്കുങ്കി
കപ്പള്ളിപ്പാലയാട്ടെക്കുഞ്ഞിക്കൊാര
എന്നാണെ നിന്നാണെ കുഞ്ഞിക്കൊാര
പലനാളും തരുവാഞ്ഞാങ്കണ്ടിററുണ്ട്
അത്തുരം കെട്ടുള്ള കുഞ്ഞിക്കൊാരൻ
കടുമ്മയിലത്തായം ചൊറു ഉണ്ട്
കൈതെരിക്കണ്ടൊത്തെക്കുഞ്ഞിക്കുങ്കി
പടിഞ്ഞാററയടിച്ചി വിരിച്ചികുങ്കി
കപ്പള്ളിപ്പാലയാട്ടെക്കൊാരനുമാന്
കൈതെരിക്കണ്ടൊത്തെക്കുങ്കിയുഞ്ഞനും
ഒന്നിച്ചിററൊപ്പരം കെടന്നവറ്
അങ്ങനെ കിടന്നിററുറങ്ങി കൊാരൻ
പൂഅനെളങ്കൊായി കൂഅ്ന്നെരം
കൈതെരിക്കണ്ടൊത്തെക്കുങ്കി കുഞ്ഞൻ
കൊാരനയുരുട്ടിയൊണത്ത്ന്നെല്ലെ
കപ്പള്ളിപ്പാലയാട്ടൻെറ ബന്തു
കൈതെരിക്കണ്ടൊത്തങ്ങെൻെറയമ്മൊാമ്മൻ
നിങ്ങളപ്പിണയുവാമ്പൊായിററുണ്ട്
നിങ്ങളെ കുപ്പ കൊാരട്ടൂഞ്ചീത്
അമ്മൊാമ്മനീടയിപ്പെത്തും ബന്തു
നിങ്ങളയമ്മൊാമ്മങ്കണ്ടെങ്കില്
നിങ്ങളക്കൊാത്തിയൊറ് കൊല്ലും ബന്തു
ചതിച്ചിപെണച്ചെന്ന് പെരുആളം
അത്തുരം കെട്ടുള്ള കുഞ്ഞിക്കൊാരൻ
കണ്ടിക്കും മീത്തലരിങ്കമാല
മൂഅക്ക് മുത്ത് മതിച്ചമാല
പതിനായിരം പണം വിററമാല
കുങ്കിക്ക്തെന്നെ കൊടുത്തൊണ്ടെല്ലെ
കൈതെരിക്കണ്ടൊത്തെക്കുങ്കി കുഞ്ഞൻ
കെടക്കെൻെറ ചൊട്ടിലും വാങ്ങിവെച്ചി
കപ്പള്ളിപ്പാലയാട്ടെക്കുഞ്ഞിക്കൊാരൻ
തൻെറ എടത്തതും വലത്തതുമായി

അയപ്പിച്ചൊണ്ടും വെകം പൊര്ന്നെല്ലെ
അന്നടത്താലെ നടന്ന് കൊരൻ
കൈതരി നട പൊയിക്കാരി കൊരൻ
വെകം കടുമ്മയിപ്പൊര്ന്നെല്ലെ
കൈതെരി നട പൊയിക്കീയുന്നെരം
കൈതെരിക്കണ്ടെപ്പന്നമ്പിയാറും
ഇരുപത്ത് രണ്ടെണ്ണം നായിമ്മാറും
കൈതെരി നട പൊയിക്കാരിയൊറ്
കപ്പള്ളിപ്പാലയാട്ടെക്കുഞ്ഞിക്കൊരൻ
കണ്ണാലെ കണ്ടിന് കുഞ്ഞിക്കൊരൻ
പെരുവയിതെററിയാട നിന്ന് കൊരൻ
ആചാരം പറയിന്ന് കുഞ്ഞിക്കൊരൻ
അടിയനൊരിപണ്ണാരപ്പിള്ളറ്[11] വൊളി
പറയിന്നിണ്ടന്നെരം നമ്പിയാറ്
എടയായിനും പൊയിന് മലച്ചെക്കനീ
പറയിന്നിണ്ടന്നെരം കുഞ്ഞിക്കൊരൻ
പടിഞ്ഞാറ് തൊലുയ്യാമ്പൊയിന് ഞാനൊ
കുറുക്കാട്ടിടത്തിലെ തമ്പുരാന്
ഉച്ചെലിയും തൊലുയികയിച്ചിഞാനൊ
അടിയനൊ നെരം പൊലന്ന്പൊയി
പറയിന്നിണ്ടന്നെരം നമ്പിയാറ്
ഉച്ചെലിയും തൊലുയി കയിച്ചൊണ്ടാല്
മരിയാതി രണ്ട് പണമുണ്ടല്ലെ
അത്തുരം കെട്ടുള്ള കുഞ്ഞിക്കൊരൻ
തൻറുടെ കൊന്തല കെട്ടയിച്ചി
രണ്ടാളം ബെള്ളിപ്പണമെടുത്ത്
ബെത്തിലെല് രണ്ട് പണാളം ബെച്ചി
രണ്ട് പണം ബെച്ചും കണ്ട്കൊരൻ
പറയിന്നിണ്ടന്നെരം നമ്പിയാറ്
കടുമ്മയിപ്പൊട് മലച്ചെക്ക നീ
അത്തുരം കെട്ടുള്ള കുഞ്ഞിക്കൊരൻ
ആചാരം പറഞ്ഞിററും പൊര്ന്നെല്ലെ
കൈതെരി നട പൊയിക്കീഞ്ഞി കൊരൻ
ബിളിച്ചി പറയിന്ന് കുഞ്ഞിക്കൊരൻ
കൈതെരിക്കണ്ടെപ്പന്നമ്പിയാറെ
ആണും പെണ്വല്ലാതനായിക്കയ്യ
കപ്പള്ളിപ്പാലയാട്ടെക്കൊരഞ്ഞാനൊ
ഉടനെ പറയിന്ന് നമ്പിയാറ്
ഇരിപത്ത് രണ്ടെണ്ണം നായിമ്മാറെ
കൊരനച്ചെന്ന് ബലയ വെണം
പിന്നയും പറയിന്ന് നമ്പിയാറ്

ഇത്തിര ബെളളുളള്ള കൊരനൊട്
കൊരനൊ്ടൊന്നും കയിയെല്ലാലൊ
നമ്മള് പൊഅയെൻെറ നായിമ്മാറെ
അത്തുരം വാക്ക് പറയൂഞ്ചീത്
കടുമ്മയിപ്പൊഅ്ന്ന് നമ്പിയാറ്
കൈതെരിക്കണ്ടൊത്ത് ചെന്നവറ്
കപ്പള്ളിപ്പാലയാട്ടെ കുഞ്ഞിക്കൊരൻ
കപ്പള്ളിപ്പാലയാട്ട് ചെല്ല്ന്നെല്ലെ
ബന്നും പൊയു അങ്ങനയിര്ന്ന് കൊരൻ
അങ്ങനെ കൊറഞ്ഞൊന്നും ചെല്ലുന്നെരം
കൈതെരിക്കണ്ടൊത്തെക്കുങ്കിക്കാന്
കുങ്കിക്കൊരാററക്കെറുപ്പമായി
നമ്പിയാറൊതെന്നെയത് കണ്ടെരത്ത്
ചൊതിക്ക്ന്നൊമന നമ്പിയാറ്
ആരെ കെറുപ്പം നിനിക്ക് കുഞ്ഞനെ
ഏതും പകരം പറഞ്ഞില്ലൊള്
പിന്നെയും പറയിന്ന് നമ്പിയാറ്
കൈതെരിക്കണ്ടൊത്തെക്കുങ്കികുഞ്ഞ
പട്ടാങ്ങ്നെര് പറ കുഞ്ഞനെ
കുഞ്ഞനൊട്ടും നെര് പറയിന്നില്ല
കൈതെരിക്കണ്ടൊത്തെ നമ്പിയാറ്
തൻെറ പടിഞ്ഞാററക്കട്ട്മ്മല്
കെടക്കയും മുട്ടിപ്പിരിക്കൂഞ്ചീത്
കെടക്കയിത്തെന്നെ കെടക്ക്ന്നെരം
ഒന്നെയൊരിമാലയും കണ്ട് കിട്ടി
മാലയെടുത്തിററ് നൊക്ക്ന്നെരം
കണ്ടിക്കും മീത്തലരിങ്കമാല
മൂഅക്ക് മുത്ത് മതിച്ചെമാല
മൂആയിരം പണം വിററമാല
തൻെറ മനസ്സില് നിനച്ചവറ്
അയ്യൊ പടച്ചൊനെ തമ്പുരാനെ
കണ്ടിക്കും മീത്തലരിങ്കമാല
കടത്തയിനാട്ട് നാല് മാലെല്ലുള്ളു
തച്ചൊളിക്കുഞ്ഞനൊതയനനും
കൊയിലൊത്ത് തൊട്ടൊളി നമ്പ്യാറ്ക്കും
കപ്പള്ളിപ്പാലയാട്ടെക്കൊരനുമെ
കൊട്ടക്കക്കുഞ്ഞാലി മരക്കയാറ്ക്കും
കൊയിലൊന്നമ്മളെയുടപ്പെറപ്പ്
കൊയിലൊനീട വരികയില്ല
ഒതെനനമ്മളെ ബന്തുക്കാരൻ
ഒതെനനീട വര്അയില്ലെലൊ

കൊരനൊ നമ്മളെ കുടുപ്പക്കാരൻ
കൊരനിവിട വരുഅയില്ലലൊ
കൊട്ടക്കക്കുഞ്ഞാലി മരക്കയാറെ
മരക്കയാറമരാതം കുങ്ക്യുഞ്ഞന്
അയ്യൊ പടച്ചൊനെ തമ്പുരാനെ
കൊലത്തൊടെ നാണക്കെട പററിയെല്ലെ
കുഞ്ഞനെക്കൊണ്ട് പൊയിക്കൊത്തായിനും
ലൊമനാറ് കാവ്പ്പകവതീൻെറ
ആറാട്ട് വന്നിങ്ങടുത്തൊണ്ടല്ലൊ
ആറാട്ട് വന്നിങ്ങട്ത്തൊണ്ടാല്
കൈമുറിഞ്ഞും ചൊര വീഅരുത്
ഓന്തറത്തും ചൊര വീഅരുത്
ആറാട്ടുംനാള് കയിഞ്ഞൊണ്ടാല്
കുഞ്ഞനക്കൊണ്ട്പൊയിക്കൊത്തുഅവെണം
..........................................................
(തുടർന്നുള്ള രണ്ടു പേജ് നഷ്ടപ്പെട്ടിരിക്കുന്നു)
കെടക്കയിക്കൊണ്ടയിർത്തി കൊരൻ
പറയിന്നിണ്ടൊമനക്കുഞ്ഞിക്കൊരൻ
തച്ചൊളിനല്ലൊമനക്കുഞ്ഞിയൊതെന
ബറത്താനം കെട്ടൊ നീ പൊന്ന്ചങ്ങാതി
കൈതെരിക്കണ്ടൊത്തെക്കുങ്കിയൂഞ്ഞന്
കുഞ്ഞനൊരാററക്കെറുപ്പം പൊലും
അത്തുരം കെട്ടുള്ള കുഞ്ഞിയൊതെനൻ
ചൊതിക്ക്ന്നൊമനക്കുഞ്ഞിയൊതെനൻ
ആരെ കെറുപ്പാന് കുഞ്ഞിക്കൊര
നീയാററം പൊയിനൊ കുഞ്ഞിക്കൊര
അത്തുരം വാക്ക്കെട്ട കുഞ്ഞിക്കൊരൻ
പുഞ്ചിരിക്കൊള്ള്ന്ന് കുഞ്ഞിക്കൊരൻ
പറയിന്നിണ്ടന്നെരം കുഞ്ഞിയൊതെനെൻ
നിനിക്ക് കൊണം ബരും കുഞ്ഞിക്കൊര
കെട്ട് തരിക്കെൻെറ കുഞ്ഞിക്കൊര
ഒന്നിക്കിക്കുടുപ്പയെണങ്ങാമ്മക്ക്
അല്ലെങ്കിക്കുടുപ്പയെണങ്ങാമ്മക്ക്
കൈതെരിക്കണ്ടപ്പന്നമ്പിയാറ്
കാഊട്ട് കാണുവാമ്പൊയവറ്
പെയം കടുമ്മയിക്കുഞ്ഞിക്കൊര
കപ്പള്ളിപ്പാലയാട്ടെപ്പെററമ്മയും
നാലെട്ടൊളം നല്ല പെണ്ണുങ്ങളും
കൈതെരിക്കണ്ടൊത്ത് പൊകവെണം
കൈതെരിക്കണ്ടൊത്തെക്കുങ്കിയുഞ്ഞന
പൊടമൂറിച്ചും കൂട്ടിക്കൊണ്ട് വരണം

കുഞ്ഞന് ചമയുവാനാൻന്നത്
മെയ്യാരപ്പൊന്ന് കൊടുത്തൂടണം
അത്തുരം കെട്ടുള്ള കുഞ്ഞിക്കൊരൻ
എടഉം വലഊള്ള പെണ്ണ്ങ്ങള
നലെട്ടാളയിങ്ങ് വിളിച്ചി കൊരൻ
പൊന്നിട്ട പെട്ടി മൊകം തൊറന്ന്
ചെറിച്ചപ്പുലൂരിക്കൊയമാല
പെണ്ണ്ങ്ങളെലങ്ങ് കൊട്ത്ത് കൊരൻ
പട്ടിട്ടെ പെട്ടിമൊകം തൊറന്ന്
എണയൊടെ കുന്നിയാലപ്പട്ടെടുത്ത്
പെണ്ണുങ്ങളെലെല്ലെ കൊടുക്ക്ന്നത്
പറയിന്നിണ്ടൊമനക്കുഞ്ഞിക്കൊരൻ
കെട്ട് തരിക്കണം പെണ്ണ്ങ്ങളെ
കൈതെരിക്കണ്ടൊത്ത് പൊകവെണം
കൈതെരിക്കണ്ടൊത്തെക്കുങ്കിയൂഞ്ഞന
പൊടമുറിച്ചും കൂട്ടിക്കൊണ്ടെ്വാരണം
ബയ്യെന്ന ഞാളും ബർന്ന്ണ്ടെല്ലൊ
അത്തുരം കെട്ടുള്ള പെണ്ണ്ങ്ങള്
കട്മ്മയിപ്പൊര്ന്ന് പെണ്ണ്ങ്ങള്
കൈതെരിക്കണ്ടൊത്ത് പൊര്ന്നൊറ്
കപ്പള്ളിപ്പാലയാട്ടെക്കുഞ്ഞിക്കൊരൻ
തൻെറ ചമയം ചമഞ്ഞികൊരൻ
തൻെറയിടത്തതും വലത്തതുമായി
തച്ചൊളിക്കുഞ്ഞനൊതെയനനും
കപ്പള്ളിപ്പാലയാട്ടെക്കൊരനുമാന്
വയ്യെന്നെ കുഞ്ഞങ്ങളും പൊര്ന്നെല്ലെ
നാലെട്ടൊളം നല്ല പെണ്ണ്ങ്ങളും
കപ്പള്ളിപ്പാലയാട്ടെപ്പെററമ്മയും
കൈതെരിക്കണ്ടൊത്ത് ചെല്ലുന്നെല്ലെ
പടികയരിപ്പടിനീര്ന്നെല്ലെ
കൈതെരിക്കണ്ടൊത്തെക്കുങ്കിയുഞ്ഞന
കുഞ്ഞനച്ചെന്ന് വിളിക്ക്ന്നെല്ലെ
കുഞ്ഞനത്തെച്ചി കുളിപ്പിക്ക്ന്ന്
മെയ്യാരപ്പൊന്നും ചമയിക്ക്ന്ന്
കുന്നിയാലപ്പട്ടു ഉടുപ്പിക്ക്ന്ന്
കൈതെരിക്കണ്ടൊത്തെപ്പെററൊരമ്മ
ചൊതിക്ക്നന്നെരം പെററൊരമ്മ
കെട്ട് തരിക്കണം പെണ്ണ്ങ്ങളെ
ഇതെല്ലാം എന്ത് പുത്മ്മയാന്
പറയിന്നിണ്ടന്നെരം പെണ്ണ്ങ്ങള്
കെട്ട് തരിക്കണം പെററൊരമ്മെ

കൈതെരിക്കണ്ടൊത്തെക്കുങ്കിയുഞ്ഞന്
കപ്പള്ളിപ്പാലയാട്ടെക്കൊരൻെറയൊ
കൊരൻെറ തൻെറ കെറുപ്പമാന്
മരക്കയാറെയമരാത ഇല്ലയൊക്ക്
പൊടമുറിച്ചും കൂട്ടിക്കൊണ്ടെവാഅണം
കാളൂട്ട് കാമാനായി പൊഅവെണം
അത്തുരം വാക്ക് കെട്ട പെററമ്മെക്ക്
കനക്കത്തെളിഞ്ഞിന് പെററമ്മെക്ക്
വെത്തിലത്തക്കാരം തക്കരിച്ചി
പറയിന്നിണ്ടൊമനപ്പെററൊരമ്മ
കെട്ട് തരിക്കണം  പെണ്ണ്ങ്ങളെ
കഞ്ഞി കട്മ്മയിപ്പെക്കാഞ്ഞാനെ[12]
ഉടനെ പറയിന്നപ്പെണ്ണ്ങ്ങള്
കഞ്ഞികുടിക്കാനും നെരമില്ല
പറഞ്ഞിററ് നിക്കാനെടവുമില്ല
കാളൂട്ട് കാണുവാമ്പൊകവെണം
അത്തുരം വാക്ക് പറയൂഞ്ചീത്
പൊടമുറിച്ചും കൂട്ടിക്കൊണ്ട് പൊര്ന്ന്
ലൊമനാറ് കാവിന് കൊണ്ടും പൊയി
തെക്ക് പൊറം നല്ല കമ്മതില്മ്മ
പെണ്ണ്ങ്ങള് കൊണ്ടപ്പടപ്പും ഇട്ട്
അവിടപ്പടപ്പിട്ടിര്ന്നവറ്
കപ്പള്ളിപ്പാലയാട്ടെക്കൊരനുമാന്
തച്ചൊളിക്കുഞ്ഞനൊതെയനനും
അവരും പടപ്പിലിര്ന്നത്തിരെ
കൈതെരിക്കണ്ടപ്പന്നമ്പിയാറ്
കണ്ണാലെ കണ്ടിനന്നമ്പിയാറ്
പറയിന്നിണ്ടൊമന നമ്പിയാറ്
ഇരിപത്ത് രണ്ടെണ്ണം നായിമ്മാറെ
കപ്പള്ളിപ്പാലയാട്ടെക്കൊരനയാന്
കൊരനച്ചെന്ന് വളഞ്ഞൂടീനെ
കൊരനച്ചെന്നും വളഞ്ഞവല്
പറയിന്നുണ്ടന്നെരം കുഞ്ഞിയൊതെനൻ
കൈതെരിക്കണ്ടപ്പന്നമ്പിയാറെ
അറെക്കും നെരെക്കു ഒന്നും പായുകവെണ്ട[13]
നെരയൊട് പാഞ്ഞാത്തലപൊളിയും
കറുഅറുപ്പെതാങ്കളിച്ചെങ്കില്
നമ്പ്യാറെന്നും ഞാനൊവെക്കായില്ല
അങ്ങനയവിടയിരിക്ക്ന്നെരം
നൂലിട്ടൊരുണ്ണിയെൻെറ മെയ്യല് വന്ന്
നമ്പിയാറെ നല്ലെ കയിപിടിച്ചി

അരളപ്പാടെല്ലേ പറയിന്നത്
കൈതെരിക്കണ്ടെപ്പന്നമ്പിയാറെ
കപ്പള്ളിപ്പാലയാട്ടെക്കൊരനയാന്
എൻെറ കിടാവെൻെറ കൊരനയാന്
ഇന്നെക്കൊരി മൂത്ആണ്ടെല്ലേറയായി
മൊലക്കൂലിട്ടും[14] ഞാനൊ പൊററ്ന്നത്
ഇന്ന്ത്തൊടങ്ങിയെൻെറ നമ്പിയാറെ
നിങ്ങളെ മൊലക്കൂന്നും പൊററിക്കൊളീൻ
കൊരൻെറ നല്ലേ കയിപിടിച്ചി
നമ്പ്യാറെലെല്ലേ കൊട്ക്ക്ന്നത്
അത്തുരം കണ്ടുള്ള നമ്പ്യാറ്ക്ക്
കനക്കത്തെളിഞ്ഞിനന്നമ്പ്യാറ്ക്ക്
കാവിലനന്തനെന്നാനെനയും
ആനെനക്കടുമ്മയിക്കൊണ്ട്വന്ന്
കപ്പള്ളിപ്പാലയാട്ടെക്കൊരനയും
ആനപ്പൊറത്ത് കയററിക്കൊണ്ട്വാർന്ന്
കൈതെരിക്കണ്ടൊത്ത് കൊണ്ടുംപോയി
ആറ്ത്ത് വിളിച്ചൂട്ടിക്കൊണ്ടും പൊയി.

---

1. പോകരുതോ
2. കാണിക്കയിട്ടു
3. ചെറുവാട വഴിപാടും. ചെറുവാട - വിഗ്രഹത്തിൽ ചാർത്താനുള്ള ഒരുതരം വസ്ത്രം
4. നിനക്കു ഞങ്ങൾ വെററില തരുകയില്ല
5. ഞാൻ + വെററില
6. ചപ്പിലയോ മറേറാ
7. വിഗ്രഹം
8. കൂടയിൽ വന്നു
9. ചോറു അവർക്കു കൊണ്ടു കൊടുത്തു അവൾ
10. കഴിച്ചോളൂ.
11. വണ്ണാരപ്പിള്ളേര്
12. വെക്കാം ഞാനേ
13. ചുവരിനും അഴിയടിച്ച വേലിക്കും എതിരെ പായേണ്ട
14. മുലക്കീഴിൽ

# എ. നാളൊം പുതിയ വീട്ടിൽ കെളുവിൻ പാട്ടു*

നാളൊം പുതിയ വീട്ടിക്കുഞ്ഞിക്കെളു
പറയിന്നി[1]ണ്ടൊമനക്കുഞ്ഞിക്കെളു
നാളൊം പുതിയ വീ[2]ട്ട്പ്പെറെറാരമ്മെ
പാരം പയിക്ക്ന്നെനക്കെൻറമ്മെ
അത്തുരം കെട്ടുള്ള പെറെറാരമ്മ
പറയിന്നിണ്ടൊമനപ്പെറെറാരമ്മ
നാളൊം പുതിയ വീട്ട്ക്കുഞ്ഞിക്കെളു
പയിക്ക്മ്മം പയിക്ക്മ്മം ബെയിക്കുവാനും
ബെയിക്ക്മ്മം ബെയിക്ക്മ്മം നെയികൂട്ട്വാനം
നമ്മക്കിന്നെന്ത് വകയാനുള്ളും[3]
നമ്മളെ വകയും വകത്തലയും[4]
പുതിയൊയിലൊത്തൊമനത്തമ്പുരാനൊ
തമ്പുരാമ്പിടിച്ചിററടക്കിയല്ലെ
പതിനായിരം നെല്ലിൻറുലുപ്പത്തിയും
പതിനാല് കണ്ടിക്കരപ്പറമ്പും
തൊടനും ബാലിയും രണ്ട് നെലം
തമ്പുരാമ്പിടിച്ചിററടക്കിയെല്ലെ
അത്തുരം വാക്ക് കെട്ടെ കുഞ്ഞിക്കെളു
തൻെറ ഉറുമ്മിയും പലിശയെട്ത്ത്
കണ്ടത്ത്ത്തന്നെയൊഞ്ചെല്ല്ന്നെരം[5]
ബയെരി തൈെരമ്മന്തീയനാന്
നൂറെറാന്നെറ്ക്കാലി കെട്ടിപ്പൂട്ടി
നൂറെറാന്ന് തീയറും തീയത്ത്യ്യളും
കണ്ടത്ത്ന്നങ്ങനെ പണിയെട്ക്ക്ന്ന്[5]

---

* ഈ പാട്ടിന് രണ്ടു പകർപ്പുകളുണ്ട്. 'എ'യെന്നും 'ബി'യെന്നും പേരു നൽകിയിരിക്കുന്നു. പകർപ്പ് 'എ' ആണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്.

പുത്തരിക്കണ്ടെല്ലം ബാളിക്ക്ന്ന്
പയയരിക്കണ്ടെല്ലം ബിത്തൂട്ട്ന്ന്
നാളൊം പുതിയവീട്ട്ക്കുഞ്ഞിക്കെളു
ചൊതിക്ക്ന്നൊമനക്കുഞ്ഞിക്കെളു
ബയെരി തൈരമ്മന്തീയ എടൊ[6]
അന്നെരം പറയിന്ന് തയിരമ്മനൊ
നാളൊം പുതിയ വീട്ട്ക്കുഞ്ഞ്യേടിയത്തെ
പുതിയൊയിലൊത്തൊമനത്തമ്പുരാന്
തമ്പുരാനാനിക്കണ്ടം ബിത്തൂട്ട്ന്ന്
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
നൂറെറാന്നെറ്ക്കാലിയും കൊത്തിയറത്ത്
കണ്ടത്ത്ക്കൊണ്ട നുരിയും കുത്തി
അത്തുരം കണ്ടുള്ള തീയനാന്
ബയെരി തൈരമ്മന്തീയനാന്
കരഞ്ഞൊണ്ട് പൊര്ന്നത്തീയനാന്
പുതിയൊയിലൊത്തൊമനത്തമ്പുരാൻെറ
പടിപ്പൊരയിച്ചെന്നാട നിന്ന് തീയൻ
കണ്ണാലെ കണ്ടിനത്തമ്പുരാനൊ
തമ്പുരാനരുളിച്ചെയിതൂട്ന്ന്
തിരുമെനിയണഞ്ഞിനിക്കും കാരിയക്കാര[7]
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊര
പയെരി തൈരമ്മന്തീയനാന്
എന്തിന് പടിപ്പൊരെല് നിക്ക്ന്നത്
അത്തുരം വാക്ക് കെട്ടെ കാരിയക്കാരൻ
പടിപ്പൊരെത്തെന്നെയങ്ങ് ചെന്നൊണ്ടിററ്
ചൊതിക്ക്ന്നൊമനക്കാരിയക്കാരൻ
പയെരി തൈരമ്മന്തീയ എടൊ
എന്തിനാന് നീയിന്ന് കരയിന്നത്
അത്തുരം ബാക്ക് കെട്ടെ തീയനാന്
ബറത്താനം പൊലെ പറയിന്നെല്ലെ
ബറത്താനം പൊലെ പറഞ്ഞെരത്ത്
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊരൻ
തമ്പുരാന്തിരുള്ളത്തിക്കെപ്പിച്ചൊനൊ
തമ്പുരാം ബറത്താനം കെട്ടെരത്ത്
തമ്പുരാനരുളിച്ചെയിതൂട്ന്ന്
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊര
നാളൊം പുതിയ വീട്ട്പെണ്ണുങ്ങക്ക്
ഏയൊളം ആണ്ങ്ങളുണ്ടായിനും
കണ്ടം മൊതലായിററാഅ്ന്നത്
ആറിനയും ഞാനിന്ന് കൊല്ലിച്ചിന്
നാളൊനൊരൊററക്കിടാവെയുള്ളും

ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊര
നാളൊം പുതിയ വീട്ട്ക്കെളൂനയാന്
കെളൂനക്കൂട്ടിയീടക്കൊണ്ട് വരണം
അത്തുരം കെട്ടുള്ള കാരിയക്കാരൻ
ഇരിപത്ത് രണ്ടെണ്ണം നായിമ്മാറ
കെളൂനക്കൂട്ടീററ് കൊണ്ട് വരുആൻ
പറഞ്ഞിററയച്ചവൻ കാരിയക്കാരൻ
ഇരിപത്ത് രണ്ടെണ്ണം നായിമ്മാറ്
നാളൊം പുതിയവീട്ട്ച്ചെന്നൊണ്ടിററ്
പറയിന്നിണ്ടൊമന നായിമ്മാറ്
നാളൊം പുതിയ വീട്ട്ക്കുഞ്ഞിക്കെളു
പുതിയൊയിലൊത്തൊമനത്തമ്പുരാനൊ
തമ്പുരാനിണ്ടിന്ന വിളിക്ക്ന്നിപ്പം
അത്തുരം വാക്ക് കെട്ടെ കുഞ്ഞിക്കെളു
പറയിന്നിണ്ടൊമനക്കുഞ്ഞിക്കെളു
ഇരിപത്ത് രണ്ടെണ്ണം നായിമ്മാറെ
എന്തിനാന് തമ്പുരാം ബിളിക്ക്ന്നത്
ഞാനെതും തമ്പുരാന് കൊട്ക്ക്വാനില്ല
എനക്കെല്ലെ തമ്പുരാന്തരുവാനുള്ളും
ഞാനൊട്ട് തെന്നെയിന്ന് പൊരുഅയില്ല
അത്തുരം കെട്ടുള്ള നായിമ്മാറ്
പറയിന്നിണ്ടൊമന നായിമ്മാറ്
ബിളിച്ചിററ് നീയിന്ന് വന്നില്ലെങ്കിൽ
ചട്ട്വം മറിച്ചി കെട്ടിക്കൊണ്ടും പൊളം
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
പറയിന്നിണ്ടൊമനക്കുഞ്ഞിക്കെളു
ഇരിപത്ത് രണ്ടെണ്ണം നായിമ്മാറെ
കളിയൊ കാരിയൊ പറയിന്നത്
കളിയെല്ല കാരിയാന് കുഞ്ഞിക്കെളു[8]
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
നെലയിന്നൊരന്തം മറിഞ്ഞൂട്ടിററ്
ഇരിപത്ത് രണ്ടിനയും കൊത്തിക്കൊന്ന്
പുതിയൊയിലൊത്തൊമനത്തമ്പുരാനൊ
തമ്പുരാം ബറത്താനം കെട്ടെരത്ത്
അരുളിച്ചെയ്തൊമനത്തമ്പുരാനൊ
നാളൊം പുതിയ വീട്ട്ക്കുഞ്ഞിക്കെളു
ഇത്തിര കട്തൊയിക്കുഞ്ഞിക്കെളു
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊര
നാളൊം പുതിയ വീട്ട്ക്കുഞ്ഞിക്കെളു
ഇരിപത്ത്രണ്ടിനക്കൊന്നെല്ലൊനൊ
ഓനപ്പിടിച്ചു കെട്ടിക്കൊണ്ട് വരുവാൻ

അയിമ്പത് നായരയയക്കപ്പ വെണം
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊരൻ
നാളൊം പുതിയ വീട്ട്ക്കെളൂനയൊ
കെളൂനപ്പിടിച്ചി കെട്ടിക്കൊണ്ട് വരുവാൻ
അയിമ്പത് നായിമ്മാറയയക്ക്ന്നെല്ലെ
അയിമ്പത് നായിമ്മാറ് ചെല്ല്ന്നെരം
കണ്ണാലെ കണ്ടിന് കുഞ്ഞിക്കെളു
നെലയിന്നൊരന്തം മറിഞ്ഞി കെളു
അയിമ്പതിനയും കൊത്തിക്കൊന്ന്കെളു
പുതിയ കൊയിലൊത്തൊമനത്തമ്പുരാനൊ
ബറത്താനം കെട്ടിനത്തമ്പുരാനൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊര
ഇത്തര കട്തൊയിക്കുഞ്ഞിക്കെളു
പിന്നയും അരുളിച്ചെയിതൂട്ന്ന്
ഇത്തര കട്തായ കെളുവിന
കെളൂനപ്പിടിച്ചീടക്കൊണ്ട് വരുവാൻ
മുന്നൂറ് നായിമ്മാറയയക്കുക വെണം
പിടിക്കുവാങ്കെളൂനക്കിട്ടീല്ലെങ്കിൽ .
വെടിവെച്ചിററെങ്കിലും കൊണ്ട് വരണം
അത്തുരം കെട്ടുള്ള കാരിയക്കാരൻ
മുന്നൂറ് നായരയയക്ക്ന്നെല്ലെ
മുന്നൂറ് നായരും ചെല്ല്ന്നെല്ലെ
നാളൊം പുതിയ വീട്ട്ക്കുഞ്ഞിക്കെളു
കണ്ണാലെ കണ്ടിനൊങ്കുഞ്ഞിക്കെളു
പാഞ്ഞി പടിക്കലും ചെന്ന് കെളു
പതിനെട്ട് വിത്തിയ പടിച്ചെ കെളു
ആനമുകം വെച്ചും ചന്തം വെച്ചും
കുതിരമുകം വെച്ചും കൂന്തല്വെച്ചും
അന്തളംനുമ്പും മറിഞ്ഞി കെളു
മുന്നൂറ് നായരയും കൊത്തിക്കൊന്ന്
പുതിയൊയിലൊത്തൊമനത്തമ്പുരാനൊ
ബറത്താനം കെട്ടിനത്തമ്പുരാനൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊര
എനിയെന്ത് വെണ്ടുയെൻെറ കാരിയക്കാര[9]
ഉടനെ പറയിന്നക്കാരിയക്കാരൻ
നാളൊം പുതിയവീട്ട്ക്കെളൂനയാന്
കെളൂനയിന്നത് കൊല്ലണ്ടീക്കി
ചെറിയൊരി പട്ടാളം കീക്കപ്പവെണം
ചെറിയൊരി പട്ടാളം കീക്കണ്ടീക്കി

ഇങ്കിരിയെസ്സൊാമനക്കൊമ്മിഞ്ഞീൻെറ
മയിപ്പീലിയെന്ന് ചൊല്ലും കൊട്ടമൂപ്പനും
ബില്ലിയെന്നും ബില്ലിത്തുപ്പായിക്കും
മരന്നുള്ളൊാം ബെപ്പറസ്സായിവിന്നും
തിരുവെഴുത്തൊന്നിപ്പം എഴുതുഅ വെണം
അത്തുരം കെട്ടുള്ള തമ്പുരായൻ
തിരുവെഴുത്തൊലയൊന്നെഴുത്ന്നെല്ലെ
തൃക്കയി വെളയാടീറ്റൊപ്പും ഇട്ട്
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊരൻ
തിരുവെഴുത്തും കൊണ്ടെല്ലെ പൊര്ന്നത്
തലിശ്ശെരിക്കൊട്ടയിലും കൊണ്ട്ചെന്ന്
കല്ലെരിപ്പുറത്ത് നല്ല മാളിയെമ്മല്
ബില്ലിയെന്നും ബില്ലിത്തുപ്പായിയും
മയിപ്പീലിയെന്ന് ചെല്ലും കൊട്ടമൂപ്പനും
മരന്നുള്ളൊാം ബെപ്പറസ്സായിവുമാന്
കല്ലെരിപ്പൊറത്ത്നെലാഅ്ന്നൊറ്[10]
അന്നെരം ചെന്നിനെല്ലെ കാരിയക്കാരൻ
തിരുവെഴുത്തും കൊണ്ട് ചെന്നിനത്
മയിപ്പീലിയെന്ന് ചെല്ലും കൊട്ടമൂപ്പന്
തിരുവെഴുത്ത് കൊണ്ടക്കൊടുത്തവനൊ
തിരുവെഴുത്ത് കൊണ്ടക്കൊടുത്തെരത്ത്
തിരുവെഴുത്ത് വാങ്ങിയങ്ങ് നൊക്കീററാന്
മര്ന്നുള്ളൊാം ബെപ്പറസ്സായിവിൻെറല്
സായ്‌വിൻെറലങ്ങ് കൊട്ക്ക്ന്നെല്ലെ
നാലാളും കൂടി വിചാരിച്ചിററ്
ചെറിയൊരി പട്ടാളം തരണെങ്കില്
ശുപ്പായി[11]യൊന്ന് മരിച്ചെങ്കില്
ശിപ്പായീനത്തൂക്കീററ് പൊന്ന തരണം
അങ്ങനെ മറുപടിയെഴുത്ന്നൊലൊ
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊരൻ
മറ്പടി വാങ്ങീററും പൊര്ന്നൊനൊ
പുതിയൊയിലൊത്തൊാമനത്തമ്പുരാന്
തമ്പുരാന് കൊണ്ടക്കൊട്ക്ക്ന്നെല്ലെ
കത്തിന്ന്തെന്നെ തമ്പുരാങ്കണ്ടെരത്ത്
മറ്വടിയൊന്നങ്ങെഅ്ന്നെല്ലെ
ശുപ്പായിയൊന്ന് മരിച്ചെങ്കില്
ശുപ്പായീനത്തൂക്കീററ് പൊന്ന്തരാം
എന്ന് തിരുവെഴുത്തെഅ്തൂഞ്ചീത്
കാരിയക്കാരൻെറക്കൊട്ത്തയച്ചി
മറ്വടിക്കത്തത് കൊണ്ടും ചെന്ന്
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊരൻ

സായിമ്മാർക്ക് കൊണ്ടക്കൊട്ത്ത് കൊരൻ
കത്ത് പൊളിച്ചൊറ് നൊക്കൂഞ്ചീത്
ചെമ്മരത്തും കപ്പള്ളിക്കൊരനാന്
ഒരി കൊപ്പിണിപ്പട്ടാളം കൊട്ത്തൊളന്ന്
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊരൻ
ശുപ്പായ്യെളയും കൊണ്ടെല്ലെ പൊർന്നത്
തമ്പുരാം കൊയിലൊത്തും കൊണ്ട് ചെന്ന്
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊര
ശുപ്പായ്യെളത്തന്നെയിന്നാൾന്നത്
നാളൊം പുതിയവീട്ട്ക്കൊണ്ടും പൊട്
അത്തുരം കെട്ടുള്ള കുഞ്ഞിക്കൊരൻ
ശുപ്പായ്യെളയും കൊണ്ടല്ലെ പൊര്ന്നത്
നാളൊം പുതിയവീട്ട്ക്കൊണ്ടും പൊയി
നാളൊം പുതിയ വീട്ട്ക്കുഞ്ഞിക്കെളു
ശുപ്പായി വരുന്ന വരവ് കണ്ട്
തൻെറ ഉറുമ്മിയും പലിശയെട്ത്ത്
ശിപ്പായിമുന്നൊട്ട് ചെല്ല്ന്നെല്ലെ
ശിപ്പായി മുന്നൊട്ട് ചെല്ല്ന്നെരം
ശുപ്പായ്യെളൊന വെടിവെക്ക്ന്ന്
വെടിയൊന്നും തെന്നെയൊന് കൊള്ള്ന്നില്ല
നാളൊം പുതിയ വീട്ട്ക്കുഞ്ഞിക്കെളു
ഒളവും പൊറവും തിരിഞ്ഞിനിന്ന്
ശിപ്പായ്യെളക്കൊത്തീററ് കൊല്ല്ന്നൊനൊ
അയിമ്പതൊളം ശിപ്പായ്യെളക്കൊന്ന്കെളു
ചെയിച്ചിററുള്ളൊരി ശിപ്പായ്യെള
ശിപ്പായ്യെളൊക്കയും പാഞ്ഞൂട്ടെല്ലെ
ബറത്താനം കെട്ടിനത്തമ്പുരാനൊ
തിരുമുകം ബാട്ന്ന് തമ്പുരാനൊ
തിരുക്കണ്ണും ചോര കലങ്ങ്ന്നെല്ലെ
അയിമ്പത് ശിപ്പായി മരിച്ചതിന്
ശിപ്പായ്യെളത്തൂക്കീററ് പൊന്ന് കൊട്ത്ത്
തമ്പുരാനരുളിച്ചെയിതൂട്ന്ന്
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊര
എനിയെന്ത് വെണ്ടെ്വൻെറ കുഞ്ഞിക്കൊര
ഇത്തര കട്പ്പള്ളള കുഞ്ഞിക്കെളു
തിരുമെനിക്കും കയി ഏറുങാനൊ
നാടൊയിച്ചെങ്ങാനും പൊന് ഞാനൊ[13]
പറയിന്നിണ്ടന്നെരം കുഞ്ഞിക്കൊരൻ
ഓവപിറവുയെൻെറ തമ്പുരാനെ
കെളൊനയിപ്പളത് കൊല്ലണ്ടീക്കി[14]

തച്ചൊളിക്കുഞ്ഞനൊതെയനന്
തിരുവെഅത്തൊലയൊന്നെഅ്തെണിപ്പം
തിരുവെഅ്ത്തൊലയെഅതൂഞ്ചീത്
തൃക്കയി വെളയാടീററൊപ്പുമിട്ട്
ചെമ്മരത്തും കപ്പള്ളി കുഞ്ഞിക്കൊരൻ
കൊരൻെറത്തെന്നെ കൊടുത്തൂട്ന്ന്
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊരൻ
തിരുവെഅ്ത്തൊലയത് വാങ്ങൂഞ്ചീത്
മടക്കം തൊഅ്തൊണ്ടും പൊര്ന്നെല്ലെ
തച്ചൊളി മെപ്പയിലും പൊര്ന്നെല്ലെ
തച്ചൊളി മെപ്പയിലും കൊണ്ട്ചെന്ന്
ഒതെനൻെറലൊല കൊട്ത്ത് കൊരൻ
തിരുവെഅ്ത്ത് വാങ്ങിത്തലയില് വെച്ചി
ഓല തിരിച്ചും മറിച്ചും നൊക്കി
ഓലെലെ വാചകം കണ്ടെരത്ത്
പറയിന്നിണ്ടൊമനക്കുഞ്ഞിയൊതെനൻ
ചെമ്മരത്തും കപ്പള്ളിക്കുഞ്ഞിക്കൊര
നാളൊമ്പുതിയ വീട്ട്പ്പെണ്ണ്ങ്ങക്ക്
ഏയൊളം ആണ്ങ്ങളുണ്ടായിററ്
ആറിനയും തമ്പുരാങ്കൊല്ലിച്ചിന്
നാളൊനൊരൊററക്കിടാവെയുള്ളു
ഒരിനാളും ഞാനൊനക്കൊല്ലുഅയില്ല
അങ്ങനെ[15] തമ്പുരാന് വെണ്ടീക്കില്
കുടുപ്പയിണക്കിത്തരാലൊ ഞാനൊ
അത്തുരം വാക്ക് കെട്ടെ കുഞ്ഞിക്കൊരൻ
തമ്പുരാങ്കൊയിലൊത്തും ചെല്ല്ന്നെല്ലെ
ഒതെനമ്പറഞ്ഞ ബറത്തമാനം
തമ്പുരാന്തിരൂള്ളത്ത് ക്കെപ്പിച്ചൊനൊ
അത്തുരം കെട്ടുള്ള തമ്പുരാനൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
അതിന് മയക്കില്ല കുഞ്ഞിക്കൊര
തച്ചൊളിക്കുഞ്ഞനൊതെയനന
നാളൊം പുതിയ വീട്ട്ക്കൊണ്ടുംപൊയി
കെല്ലൂനക്കൂട്ടിച്ചി കൊണ്ടും വന്ന്
കുടുപ്പയെണക്കണം കുഞ്ഞിക്കൊര
അത്തുരം കെട്ടുള്ള കുഞ്ഞിക്കൊരൻ
മടക്കം തൊഴ്തൊണ്ടും പൊര്ന്നെല്ലെ
തച്ചൊളിമെപ്പയിലും പൊര്ന്നെല്ലെ
തച്ചൊളിമെപ്പയിച്ചെല്ലൂഞ്ചീത്
തച്ചൊളിക്കുഞ്ഞനൊതെയനന
ഒതെനനക്കൂട്ടീററ് കൊണ്ടും പൊയി

നാളൊം പുതിയ വീട്ട്ക്കൊണ്ടും പൊയി
നാളൊം പുതിയവീട്ട്ച്ചെന്നെരത്ത്
നാളൊം പുതിയ വീട്ട്ക്കുഞ്ഞിക്കെളു
തച്ചൊളിക്കുഞ്ഞനൊതെയനന
കയ്യെ പിടിച്ചൂട്ടി[16]ക്കൊണ്ടും പൊയി
പറയിന്നിണ്ടൊമനക്കുഞ്ഞിക്കെളു
വന്നു എൻെറാമനപ്പൊന്ന ചങ്ങാതി
എന്തായി വന്നെൻെറ കുഞ്ഞിയൊതെന
അത്തുരം കെട്ടുള്ളക്കുഞ്ഞിയൊതെനൻ
പറയിന്നിണ്ടൊമനക്കുഞ്ഞിയൊതെനൻ
പുതിയൊയിലൊത്തൊമനത്തമ്പുരാനൊ
നമ്മളെ പിറവു നമ്മളെ തമ്പുരാനൊ
നീയായിററുള്ളെ കുടുപ്പയാന്
കുടുപ്പയെണക്കിക്കൊടുക്കുആനൊ
എന്ന വിളിക്ക്വാനയിച്ചിക്കിന്
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
പറയിന്നിണ്ടൊമന കുഞ്ഞിക്കെളു
തച്ചൊളിയൊതെയന പൊന്ന് ചങ്ങാതി
അതിന് മയക്കില്ല[17] പൊന്ന് ചങ്ങാതി
പറയിന്നിണ്ടന്നെരം കുഞ്ഞിയൊതെനൻ
നാളൊം പുതിയവീട്ട് കുഞ്ഞിക്കെളു
നമ്മളെന്നാപ്പൊഅയെൻെറ കുഞ്ഞിക്കെളു
തമ്പുരാങ്കൊയിലൊത്തും പൂആമ്മള്[18]
അത്തുരം വാക്ക് പറയൂഞ്ചീത്
മൂന്നാളും കൂടിയിന്നാഅ്ന്നത്
പുതിയൊയിലൊത്തൊമനത്തമ്പുരാൻെറ
തമ്പുരാൻെറ കൊയിലൊത്തും ചെന്നവറ്
പുതിയൊയിലൊത്തൊമനത്തമ്പുരാനൊ
നാളൊം പുതിയവീട്ട്ക്കെളൂനയാന്
കെളൂനക്കണ്ണാലെ കാണാളമ്മം
കനക്കത്തെളിഞ്ഞിനത്തമ്പുരാനൊ
തച്ചൊളിനല്ലൊമനക്കുഞ്ഞിയൊതെനൻ
പറയിന്നിണ്ടൊമനക്കുഞ്ഞിയൊതെനൻ
ഓവപിറവുഓളി തമ്പുരാനെ
നാളൊം പുതിയ വീട്ട്കെളുആയിററ്
കെളു ആയിററുള്ള കണക്കൊക്കെയും
കണക്കൊക്കയിന്നിപ്പം തീറ്ക്കണം
അത്തുരം കെട്ടുള്ള തമ്പുരാനൊ
പതിനാല് കൊല്ലത്തെക്കണക്കൊക്കയും
കണക്കൊക്കയെടുത്തിററും കൊണ്ട്വന്ന്
നാളൊം പുതിയ വീട്ട്ക്കെളൂനാന്

കെല്ലൂനിന്നൊക്കയും വെച്ചികൊട്ത്ത്
പതിനാല് കണ്ടിക്കരപ്പറമ്പും
പതിനായിരം നെല്ലിൻറുല്പ്പത്തിയും
തൊടനും ബാലിയും രണ്ട് നെലം
അതുയിന്നിത്തന്നെ കൊടുത്തൊള്ന്ന്
പതിനാല് കൊല്ലം അടക്കീററുള്ള
മൊതലുമ്പലിശയും കൊട്ത്തൊള്ന്ന്
മൊതലായും പാതി കൊട്ത്തൊള്ന്ന്
നാടാലും പാതി കൊട്ത്തൊള്ന്ന്
നാളൊം പുതിയ വീട്ട്ക്കെളുവിന്
തമ്പുരാമ്മൊളയും കൊട്ത്തൊള്ന്ന്
അങ്ങനെ തമ്മലിലെണങ്ങിയൊറ്
നാളൊം പുതിയ വീട്ട്ക്കുഞ്ഞിക്കെളു
തമ്പുരാൻെറാടിത്തെന്നെ പാറ്ത്തൊനൊ
പുതിയൊയിലൊത്തൊമനത്തമ്പുരാനൊ
തച്ചൊളിക്കുഞ്ഞനൊതെയനന
നല്ലൊണം തക്കരിച്ചയച്ചവറ്.

---

1. ഈ പകർപ്പിൽ കാണുന്ന 'പറയിന്നിണ്ട്' എന്ന രൂപത്തിൻെറ സ്ഥാനത്ത് 'ബി'യിൽ 'പറയുന്നുണ്ട്' എന്ന രൂപമാണ് എല്ലായിടത്തും കാണുന്നത്.
2. 'ബി'യിൽ 'വീട്ടി' എന്ന രൂപമാണു കാണുക.
3. വകയാന്ക്കെളു - ബി
4. ഭൂമിയും ഫലവും
5. 'കണ്ടത്ത്ത്തന്നെയല്ലെ ചെല്ലുന്നത്' എന്ന വരികൂടി ബി. യിൽ ഉണ്ട്.
6. "ആരിക്കാനിക്കണ്ടം ബിത്തൂട്ട്ന്ന്
അത്തുരം കെട്ടുള്ള തയിരമ്മനൊ
പറയുന്നുണ്ടൊമനത്തയിരമ്മനൊ" - ബി
7. 'കാര' എന്നു മാത്രമേ കൈയെഴുത്തു പ്രതിയിൽ - എ - ഉള്ളു. പകർത്തിയ തിലുള്ള പിശകാവണം. 'ബി' യിൽ കാരിയക്കാര എന്നു തന്നെയുണ്ട്.
8. കളിയല്ല കാരിയന്തന്നെയാന് - ബി.
9. ഈ സന്ദർഭത്തിൽ ബി. യിൽ താഴെക്കാണുന്ന വരികൾ കൂടിയുണ്ട്.

നായിമ്മാറയൊക്കയും കൊന്നല്ലൊനൊ
ഇത്തിര കരുത്തുള്ള കുഞ്ഞിക്കെളു
തിരുമെനിക്കാററം കയ്യെറിയൂടുങ്ങാ
ഞാനിക്കൊയിലൊത്ത നിക്കവ ഇല്ല
നാടൊയിച്ചെങ്ങാനും പൊന് ഞാനൊ.

10. ഉലാവുന്നു (ഉലാത്തുന്നു)+ അവർ
11. ശിപായി

12. ഒരു കമ്പനി
13. ഈ സന്ദർഭത്തിൽ 'ബി'യിൽ ഈ വരിയില്ല
14. കൊല്ലണമെങ്കിൽ
15. അങ്ങീനെ- ബി.
16. കയ്യെ പിടിച്ചിക്കൂട്ടി-ബി.
17. പ്രയാസമില്ല
18. പോക നമ്മൾ
19. തമ്പുരാമ്മകളയും-ബി.

# *ബി. ഓമനക്കടിഞ്ഞൊത്തെ കുഞ്ഞിയൊതെനെൻെറ പാട്ട്[1]

ഓമനക്കടിഞ്ഞൊത്തെ കുഞ്ഞിയൊതെനൻ
പറയന്നുണ്ടൊ[2]മനക്കുഞ്ഞിയൊതെനൻ്
ഓമനക്കടിഞ്ഞൊത്തെ കുഞ്ഞിക്കെളു
കാരയിൽ രാമറ പെരിങ്കൊല്ലന
കൊല്ലനക്കൂട്ടിററകൊണ്ടവരണം
അത്തുരം വാക്കെവ്വട്ട കുഞ്ഞിക്കെളു
ബെകം കടുമ്മയിപ്പൊകുന്നല്ലെ
കാരയിൽ രാമറ് പെരുങ്കൊല്ലൻെറ
കൊല്ലപ്പുരെക്കലും ചെല്ലുന്നല്ലെ
കാരയിൽ രാമർ പെരിങ്കൊല്ലനൊ
കെളൂനക്കണ്ടിററ കാണാഉമ്മം
ചൊതിക്ക്ന്നൊമനപ്പെരിങ്കൊല്ലനൊ
എന്തായി വന്നു എൻെറ കുഞ്ഞിക്കെളു
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
പറയുന്നുണ്ടൊമന കുഞ്ഞിക്കെളു
കാരയിലൊമനക്കൊല്ല കെക്ക്
ഏട്ടനിണ്ടിന്ന വിളിക്ക്ന്നിപ്പം
അത്തുരം കെട്ട പെരിങ്കൊല്ലനൊ
വെകം കടുമ്മയിലും പൊരുന്നല്ലെ
ഓമനക്കടിഞ്ഞൊത്തും ചെല്ലുന്നല്ലെ
ഓമനക്കടിഞ്ഞൊത്ത ചെന്നൊണ്ടാരെ
പറയുന്നുണ്ടൊമനക്കുഞ്ഞിയൊതെനൻ
കാരയിൽ രാമറ പെരിങ്കൊല്ലെടൊ
എൻെറ ഉറുമ്മി കടയുക വെണം
അത്തുരം പാക്ക[3] പറയൂഞ്ചിത
ഉറുമ്മി എടുത്തിട്ടും കൊണ്ടവരുന്ന

* ഈ പാട്ടിനും രണ്ടു പകർപ്പുകളുണ്ട്. പകർപ്പു 'ബി' ïവിടെ സ്വീകരിച്ചിരിക്കുന്നു.

കൊല്ലൻെറ കയ്യിൽക്കൊടുക്കുന്നൊനൊ
പറയിന്നുണ്ടൊമനക്കുഞ്ഞിയൊതെനൻ
കാരയിൽ രാമറ് പെരിങ്കൊല്ലടൊ
ഉറുമ്മി കടഞ്ഞി നീകൊണ്ട വരുമ്മം
നായ്യട്ട്[4] വെച്ചൊണ്ടിരിക്കും ഞാനെ
കാരയിൽ രാമർ പെരിങ്കൊല്ലനൊ
കുന്നിയാലപ്പട്ടിപ്പൊതിഞ്ഞുറുമ്മി
ഉറുമ്മിയും കൊണ്ടല്ലെ പൊരുന്നത്
അന്നെത്തയിലാടക്കൊണ്ടവെച്ചി
പായും പടപ്പും പരഞ്ഞൊണ്ടിന്[5]
പിററന്നാപ്പുല്ല പുലന്നൊണ്ടാരെ
ഉറുമ്മികൊണ്ടച്ചാണക്ക് വെച്ചൊള്ന്ന്
ഉറുമ്മി കടഞ്ഞിങ്ങെടുത്തൊള്ന്ന്
കുന്നിയാലപ്പട്ടിപ്പൊതിഞ്ഞുറുമ്മി
കാരയിൽ രാമർ പെരിങ്കൊല്ലനും
ഇരിപത്തരണ്ടെണ്ണം കൊല്ലമ്മാറും
ഉറുമ്മിയെഴുന്നെള്ളിച്ചും കൊണ്ട് പൊരുന്ന്
ആർത്തവിളിച്ചിററും കൊണ്ട പൊരുന്ന്
കായംങ്കൊളത്തെ കണ്ണന്നമ്പിയാറെ
പടിക്കലെ കൂടീററകൊണ്ട പൊരുമ്മം
കായംകൊളത്തിലെ നമ്പിയാറ്
ചൊതിക്കുന്നൊമന നമ്പിയാറ്
കാരയിൽ രാമറ് പെരിങ്കൊല്ലടൊ
കുന്നിയാലപ്പട്ടിപ്പൊതിഞ്ഞതെന്ത്
അത്തുരം കെട്ട പെരിങ്കൊല്ലനൊ
കായംകുളത്ത കണ്ണന്തമ്പുരാനെ
ഓമനക്കടിഞ്ഞൊത്തെ കുറുപ്പിൻെറയൊ
ഉറുമ്മിയാന് പട്ടിപ്പൊതിഞ്ഞതിപ്പം
ഉറുമ്മി കടഞ്ഞി ഞാങ്കൊണ്ടപൊഅ്ന്ന്
അത്തുരം കെട്ടുള്ള നമ്പിയാറ്
പറയുന്ന്ണ്ടൊമന നമ്പിയാറ്
കാരയിൽ രാമറ് പെരിങ്കൊല്ലടൊ
കായംകുളത്ത് പടിക്കലെകൂടി
ഉറുമ്മി എഴുന്നള്ളിച്ചി കൊണ്ട് പൊഅ്മ്മം
വെളക്കിന രണ്ട പണം തരണം
അത്തുരം കെട്ട പെരിങ്കൊല്ലനൊ
പറയുന്നുണ്ടൊമനപ്പെരിങ്കൊല്ലനൊ
കായംകുളത്തിലെ തമ്പുരാനെ
എൻെറ കയിക്കപ്പണ ഇല്ലിപ്പം
ഉറുമ്മി കൊടുത്ത മടക്കത്തിന
ബെളക്കിനു രണ്ട പണന്തരാലൊ

പറഞ്ഞതകെട്ടില്ല നമ്പിയാറ്
ഉറുമ്മി പിടിച്ച്യററി* കൊണ്ട പൊയി
പടിഞ്ഞാററകത്ത് കൊണ്ട ബെച്ചൊള്ളന്ന
കാരയിൽ രാമറ് പെരിങ്കൊല്ലനും
ഇരിപത്ത രണ്ടെണ്ണം കൊല്ലന്മാറും
ഓല്[6] കരഞ്ഞൊണ്ടും പൊരുന്നല്ല
ഓമനക്കടിഞ്ഞൊത്ത ചെല്ലുന്നെരം
ഓമനക്കടിഞ്ഞൊത്തെ കുഞ്ഞിയൊതെനൻ
നായ്യട്ടവെച്ചൊണ്ടിരിക്ക്ന്നൊനൊ
കൊല്ലങ്കരഞ്ഞൊണ്ട ചെല്ലുന്നെരം
ചൊതിക്കുന്നൊമനക്കുഞ്ഞിയൊതെനൻ
കാരയില് രാമറ് ചെരിങ്കൊല്ലെടൊ
എന്തിന് കരയിന്ന് പെരിങ്കൊല്ലെടൊ
അത്തുരം കെട്ട പെരിങ്കൊല്ലനൊ
പറയുന്നുണ്ടൊമനപ്പെരിങ്കൊല്ലനൊ
ഓമനക്കടിഞ്ഞൊത്തെക്കുറുപ്പെന്നൊറെ
ഉറുമ്മി കടഞ്ഞിറെറടുത്ത ഞാനൊ
കുന്നിയാലപ്പട്ടി പ്പൊതിഞ്ഞുറുമ്മി
കായംകുളത്തെ കണ്ണന്നമ്പിയാറെ
പടിക്കലെകൊണ്ടിങ്ങ് പൊരുന്നെരം
പറയുന്നുണ്ടൊമന നമ്പിയാറ്
കായംകൊളത്തിലെ പടിക്കലൂടെ
ഉറുമ്മിഎഴുന്നെള്ളിച്ചി കൊണ്ടെബാളമ്മം
വെളിക്കിന രണ്ട പണം തരണം
അത്തുരം ബാക്കെട്ട ഞാമ്പറഞ്ഞി
കായം കൊളത്തെ കണ്ണന്നമ്പിയാറെ
എൻെറ കയിക്കപ്പണയില്ലിപ്പം
ഉറുമ്മി കൊടുത്ത് മടക്കത്തിന്
വെളക്കിന രണ്ട പണം തരാലൊ
പറഞ്ഞത കെട്ടില്ല നമ്പിയാറ്
ഉറുമ്മി പിടിച്ചിപററി കൊണ്ട പൊയി
പടിഞ്ഞാററകത്ത് കൊണ്ടപൊയി വെച്ചിനൊറ്
അത്തുരം വാക്ക് കെട്ടെ കുഞ്ഞിയൊതെനൻ
പറയുന്നുണ്ടൊമന കുഞ്ഞിയൊതെനൻ
അതിന കരയണ്ടെ പെരിങ്കൊല്ല നീ
ഉറുമ്മിയത് ഞാനിങ്ങ ബാങ്ങിക്കൊള്ളും
അത്തുരം വാക്ക് പറയുഞ്ചീത്
കാരയില് രാമറ് പൊരിങ്കൊല്ലന്
മുപ്പത്ത് രണ്ട പണം കൊടുത്ത്

* പിടിച്ചു + പററി

ഇരിപത്ത് രണ്ടെടണ്ണം കൊല്ലറ്ക്ക
ആള്ക്ക് നന്നാല പണം കൊടത്ത്
ഓലയിന്ന് നല്ലോണം തക്കരിച്ചി
ഓലപ്പറഞ്ഞിററയച്ചൊതെനൻ
അന്നു കുളിച്ചും ബെയിച്ചും കൂടി
പിററന്നാപ്പുല്ല പുലരുന്നെരം
പറയുന്നുണ്ടൊമനക്കുഞ്ഞിയൊതെനൻ
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പെ
പുത്തനായിത്തെണ്ടെക്ക്[7] പൊന്ന ഞാനൊ
ഞാമ്പൊയീററീട വരുവൊളവും
നീയിന്നൊരുത്തെലും[8] പൊകവെണ്ട
നിനിക്കാററ എങ്ങാ കുളിക്കണ്ടീക്കിൽ
കായങ്കൊളത്തെ കണ്ണന്നമ്പിയാറെ
കൊളക്കടവിലെങ്ങാനും പൊകവെണ്ട
അത്തുരം വാക്ക് പറയൂഞ്ചീത്
ഒതെനന്തെണ്ടെക്ക പൊയനെരം
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പ
എണ്ണബരണി കൊളുത്തയിച്ചി
എണ്ണനിറയൊളം തെക്കുഞ്ചീത
പാകമണിത്തട്ടിപ്പാകയുമായി
താളിത്തരിത്തട്ടിത്താളിയുമായി[9]
കായം കൊളത്ത കണ്ണന്നമ്പിയാറെ
ഓറെ കുളത്തിൽ കുളിക്കാമ്പൊയി
കായംകൊളത്തെ കണ്ണന്നമ്പിയാറ്
ആരിയമ്പത്താരിയത്തെ കുമ്പെനയൊ
കണ്ണാലെ കണ്ടിന നമ്പിയാറ്
വെകം കുളക്കടവിച്ചെല്ലൂഞ്ചീത
പറയുന്നുണ്ടൊമന നമ്പിയാറ്
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പെ
ഒമനക്കടിഞ്ഞൊത്തെ കുഞ്ഞിയൊതെനൻ
ഒതെനനെവിടത്താം പൊയി കുമ്പെ
അത്തുരം കെട്ടുള്ളകുഞ്ഞിക്കുമ്പ
പറയുന്നുണ്ടൊമന കുഞ്ഞിക്കുമ്പ
ഓമനക്കടിഞ്ഞൊത്തങ്ങെൻറബന്തു
പുത്തനായി തെണ്ടെക്ക പൊയിന ബന്തു
പറയുന്നുണ്ടൊമന നമ്പിയാറ്
ഒന്നിപ്പം കെക്കണം കുഞ്ഞിക്കുമ്പെ
ഒതെനന്തെണ്ടെക്ക പൊയിനെങ്കില്
ഇന്നെത്തെലന്തിമൊന്തിയാളന്നെരം[10]
അന്തിയൊറക്കിന ഞാം ബരട്ടെ
അത്തുരം കെട്ടുള്ള കുഞ്ഞിക്കുമ്പ

പറയുന്നുണ്ടൊമന കുഞ്ഞിക്കുമ്പ
അന്തിയൊറക്കിന ബന്നൊണ്ടാല്[11]
പെണ്ണറൊട്ട നായരൊട കൊണ്ട ചൊക്കൻ
എഴുന്നൂറ പണത്തിന കൊണ്ട ചൊക്കൻ
ഏയിതൊടറിട്ട കെട്ടിയ ചൊക്കൻ
ചെക്കമ്മുര്ണ്ട് കൊരക്കു എല്ലൊ
പറയുന്നുണ്ടന്നെരം നമ്പിയാറ്
ചൊക്കമ്മുരുണ്ട കുരക്കുന്നെന്
കൊട്ടത്തെങ്ങ തച്ചി പൊലിച്ചിററാന്
തൊറത്ത മുണ്ടിലും കെട്ടിഞ്ഞാനൊ
ചൊക്കന കൊണ്ടക്കൊടുക്കു എല്ലൊ
അത്തുരം കെട്ടുള്ള കുഞ്ഞിക്കുമ്പ
പറയുന്നുണ്ടൊമന കുഞ്ഞിക്കുമ്പ
അന്തിയുറക്കിനിങ്ങള് വന്നൊളണം
തമ്മലിപ്പറഞ്ഞി പിരിഞ്ഞും പൊയി
ഓമനക്കടിഞ്ഞൊത്തെ കുഞ്ഞിയൊതെനൻ
കായംകുളത്ത കണ്ണന്നമ്പിയാറെ
നമ്പിയാറെ പുരക്കലെല്ലെ[12] ചെല്ലുന്നത്
നമ്പിയാറെ പുരക്കലും ചെല്ലൂഞ്ചീത
ചൊതിക്കുന്നൊമനക്കുഞ്ഞിയൊതെനൻ
തെക്ക്ന്ന് കൊണ്ടുവന്ന നെല്ലിയൊടിച്ചി
നമ്പിയാറെവിടത്താമ്പൊയിപ്പള്
അത്തുരം കെട്ടുള്ള നെല്യൊടിച്ചി
പറയുന്നുണ്ടൊമന നെല്യൊടിച്ചി
ഓമനക്കടിഞ്ഞൊത്തെ കുഞ്ഞിയൊതെന
കായംകുളത്തെ കണ്ണന്നമ്പിയാറ്
പുത്തനായി തെണ്ടക്ക പൊയിനൊറ്
അത്തുരം വാക്ക് കെട്ട കുഞ്ഞിയൊതെനൻ
പടിഞ്ഞാററകത്ത കടക്കൂഞ്ചീത്
ഉറുമ്മിയതതന്നെയിങ്ങെടുത്തൊള്ന്ന്
അഞ്ചാമ്പുരയിക്കടക്കുഞ്ചീത്
ഓളുടെ കുട്ടീനഒന്നിനയാന്
കുട്ടീനയൊന്നിന പിടിച്ചൊതെനൻ
നടുമിററത്തും കൊണ്ടവന്നൊതെനൻ
കുട്ടീനമെലൊട്ട ചാടിയൊതെനൻ
ഉറുമ്മി മലത്തി പിടിച്ചൊതെനൻ
രണ്ടെക്ക രണ്ടെ കണ്ടം പൊക്കിയൊനൊ
കുഞ്ഞമ്മരിച്ചത് കണ്ടനെരം
തെക്ക്ന്ന് കൊണ്ടവന്ന നെല്ല്യൊടിച്ചി
അയ്യം ബിളികൊണ്ട ക്കൂട്ടിയൊളൊ
ഒമനക്കടിഞ്ഞൊത്തെ കുഞ്ഞിയൊതെനൻ

അന്നടത്താലെ നടന്നൊതെനൻ
ഓമനക്കടിഞ്ഞൊാത്തും ചെല്ലുന്നല്ലെ
ഓമനക്കടിഞ്ഞൊാത്ത ചെല്ലുന്നെരം
ആരിയമ്പത്താരിയത്തെ കുമ്പ ഉഞ്ഞന
കുഞ്ഞനയവിടത്താം കണ്ടില്ലെലൊ
ചൊതിക്കുന്നൊമന കുഞ്ഞിയൊതെനൻ
ഓമനക്കടിഞ്ഞൊാത്തെ കുഞ്ഞിക്കെളു
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പ
കുമ്പയെവിടത്താം പൊയിനിപ്പം
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
അമ്മായി കുളിക്കുവാമ്പൊയിനിപ്പം
പറയുന്നുണ്ടെന്നെരം കുഞ്ഞിയൊതെനൻ
കായംകൊളത്തെ കണ്ണന്നമ്പിയാറെ
കൊളക്കടവിച്ചെന്ന് നൊക്കകെളു
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
കായംകുളത്തെ കണ്ണന്നമ്പിയാറെ
കുളക്കടവിച്ചെന്ന് നൊക്കുന്നെരം
കുമ്പെനക്കണ്ണാലെ കണ്ട കെളു
കുമ്പെന കണ്ണാലെ കാണാകുമ്മം
പറയുന്നണ്ടൊമനക്കുഞ്ഞിക്കെളു
ഏട്ടനിണ്ട നിങ്ങള വിളിക്ക്ന്നിപ്പം
അത്തുരം കെട്ടുള്ള കുമ്പകുഞ്ഞൻ
ഈറ്മ്മം മാററാതെ പൊരുന്നല്ലെ
ഓമനക്കടിഞ്ഞൊാത്ത ചെല്ലുന്നല്ലെ
ഓമനക്കടിഞ്ഞൊാത്ത കുഞ്ഞിയൊതെനൻ
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പെ
ബെലക്കിയതെന്ത് നീ കെക്കാഞ്ഞത്
അതിന് പകരം പറഞ്ഞില്ലൊള്
അഞ്ചാം പുരയൻറടിക്കിലെപ്പൊയി
അടിക്കിലെപ്പൊയാട ഇരുന്നവള്
നെരമൊട്ടുച്ച തിരിയുന്നെരം
പറയുന്നുണ്ടൊമന കുഞ്ഞിയൊതെനൻ
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പെ
ഉച്ചക്കെത്തെ ചൊറ വെക്കുന്നില്ലെ
അതിനും പകരം പറഞ്ഞില്ലൊള്
നെരമൊട്ടന്തിമൊന്തിയായെരത്ത്[13]
പറയുന്നുണ്ടൊമന കുഞ്ഞിയൊതെനൻ
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പെ
മൊന്തിക്കെത്തത്തായം വെക്കുന്നില്ലെ
അതിനും പകരം പറയുന്നില്ല
അന്തിത്തിരി വെച്ചന കുഞ്ഞിക്കുമ്പെ

അതിനും പകരം പറയുന്നില്ല
പിന്നെയും പറയുന്ന് കുഞ്ഞിയൊതെനൻ
നമ്മള് പട്ടിനി കെടന്നെങ്കിലും
ചൊക്കനപ്പട്ടിനി കെടത്തരുത്
അതിനും പകരം പറഞ്ഞില്ലൊള്
പറയുന്നുണ്ടൊമനക്കുഞ്ഞിയൊതെനൻ
ഇരിപത്ത രണ്ടെണ്ണം നായിമ്മാറെ
നാല് കരിമ്പെടക്കൊയിയുള്ളത്
നാലിനയും തന്നെ വരട്ടവെണം
പൊയിയിലരിയുന്ന തീയനൊട
ഒരികൊലത്തെങ്ങ മുറിച്ചിവാങ്ങ്
ഒരിപാത്രം റാക്കു ഇന്ന വാങ്ങൊനൊട്
ഒരി പാത്തറം കള്ളും വാങ്ങൊനൊട്
അത്തുരം കെട്ടുള്ള നായിമ്മാറ്
എറച്ചി ചിതത്ത[14]പ്പരട്ടും ചീത്
നാക്കിലമുറിച്ചിട്ടും കൊണ്ടയിട്ട
ചൊക്കനെറച്ചി ബിളമ്പുന്നല്ലെ
ചൊക്കനെറച്ചിയൊക്കത്തിന്നൊള്ന്ന്
ചൊക്കനെറച്ചിയൊക്കത്തിന്നും ചീത്
ഒരി പാത്തറം റാക്കും കുടിച്ചി ചൊക്കൻ
ഒരി പാത്തറം കള്ളും കുടിച്ചി ചൊക്കൻ
പറയുന്നുണ്ടൊമന കുഞ്ഞിയൊതെനൻ
ഇരിപത്ത രണ്ടെണ്ണം നായിമ്മാറെ
ചൊക്കനത്തന്നെ ഇന്നാഉന്നത്[15]
ഏയി തൊടറിട്ട് കെട്ടുഅവെണം
ഇരിപത്തരണ്ടെണ്ണം നായിമ്മാറ്
ചൊക്കനത്തന്നെ ഇന്ന് കെട്ടും ചീത്
നായിമ്മാറൊലെ പൊരക്ക പൊയി
ഒതെനമ്പൊയിട്ടൊറങ്ങുഞ്ചീത്
നെരമൊട്ട പാതിര ചെല്ലുന്നെരം
കായങ്കുളത്ത് കണ്ണന്നമ്പിയാറ്
കൊട്ടത്തെങ്ങ തച്ചി പൊളിക്കും ചീത്
തൊറത്ത് മുണ്ടിലും കെട്ടിക്ക്ന്ന്
ഇരിപത്തരണ്ട നല്ല നായിമ്മാറ്
നായിമ്മാറക്കൊണ്ടതെടുപ്പിക്ക്ന്ന്
കണ്ടിക്കും മീത്തലരിങ്കമാല
മൂആയിരം പണം വിററമാല
മൂഅക്ക മുത്ത പതിച്ച മാല
മാലയും തന്നെയെടുത്തൊള്ന്ന്
പട്ടും വളയുമെടുത്തൊള്ന്ന്
ഇരിപത്തരണ്ടെണ്ണം നായിമ്മാറും

കായംകുളത്ത് കണ്ണന്നമ്പിയാറും
ഓമനക്കടിഞ്ഞൊത്ത് ചെല്ലുന്നല്ലെ
ഓമനക്കടിഞ്ഞൊത്ത് ചെല്ലുന്നെരം
പിണറൊട്ട നായരൊട കൊണ്ട ചൊക്കൻ
ഏയിതൊടറിട്ട കെട്ടിയ ചൊക്കൻ
ചൊക്കമ്മുരുണ്ടിറെറണിയിക്ക്ന്ന്
ചൊക്കമ്മുരുണ്ടിറെറണിയിക്കുമ്മം
കൊട്ടത്തെങ്ങ വാരീററ് ചാടുന്നൊറ്
തെങ്ങയൊക്കച്ചൊക്കനത തിന്നൊള്ന്ന്
തെങ്ങയൊക്കച്ചൊക്കനിന്ന് തിന്നൂഞ്ചീത്
ചൊക്കനവിട കിടന്നൊള്ന്ന്
ഇരിപത്ത് രണ്ടെണ്ണം നായിമ്മാറ്
പടിപ്പൊരെലൊലും കെടന്നുറങ്ങി
കായംകൊളത്തെ കണ്ണന്നമ്പിയാറ്
അഞ്ചാംപൊരയൻറടിക്കലെല്
അടിക്കിലെ ചെന്ന് കടന്നവറ്
ആരിയമ്പത്താരിയത്തെ കുഞ്ഞിയുമ്പെക്ക്
പട്ടും ബളയും കൊടുക്കൂഞ്ചീത്
കണ്ടിക്കമ്മീത്തലരിങ്കമാല
മാലയുഓക്ക കൊടുത്തവറ്
അങ്ങനവിട ഇരിക്കുന്നെരം
പിണറൊട്ട നായരൊട കൊണ്ട ചൊക്കൻ
ഏയി തൊടറു അങ്ങ പൊട്ടിക്ക്ന്ന്
ഏയി തൊടറു അങ്ങ പൊട്ടിച്ചിററ്
ചൊക്കനൊ തന്നെ ഇന്നങ്ങാഉന്നത
പടിപ്പുരെപ്പാഞ്ഞി കയറി ചൊക്കൻ
ഓരൊരൊ നായരെച്ചെല്ലൂഞ്ചീത്
കൊരള് കടിച്ചി മുറിച്ചി ചൊക്കൻ
ഇരിപത്തരണ്ടെണ്ണം നായിമ്മാറ
നായിമ്മാറത്തന്നെ കൊന്ന ചൊക്കൻ
അഞ്ചാം പുരയെൻറടിക്കിലെല്
അടിക്കിലെതന്നെ കടക്കൂഞ്ചീത്
കായങ്കുളത്ത് കണ്ണന്നമ്പിയാറ
നമ്പിയാറയും കടിച്ചങ്ങ കൊന്ന ചൊക്കൻ
നായിമ്മാറയൊക്കെയുആഉന്നത്
നടുമിററത്തും കൊണ്ടക്കൂട്ടി ചൊക്കൻ
കായംകുളത്ത് കണ്ണന്നമ്പിയാറ
നമ്പ്യാറച്ചവത്തിൻെറ മീതെ വെച്ചി
ഒമനക്കടിഞ്ഞൊത്തെ കുഞ്ഞിയൊതെനൻ
ഒതെനങ്കിടക്കും പടിഞ്ഞാറെറൻെറ
പടിഞ്ഞാററാം ബാത്ക്കും മാന്തുന്നല്ലെ

അന്നേരം പറയുന്ന് കുഞ്ഞിയൊതെനൻ
ഊയി അറവൂല എൻെറ ചൊക്ക
ഒരുന്നാളിച്ചൊറ വെയിക്കാതെന
എന്ന ഒറങ്ങുവാ സമ്മതിക്കൂല്ലെ
ഇന്നത്തെ ചൊറ വെയിക്കാതെന
നാളെത്തയിക്കൂട്ടി വെളമ്പുഅഞ്ഞാൻ
ഒന്നു പറഞ്ഞിററും കെക്കുന്നില്ല
ബാതിലുരക്കുററി തെററിക്ക്ന്ന്
ബാലിലുരക്കുററി തെററിക്കുമ്മം
ഒമനക്കടിഞ്ഞൊത്ത കുഞ്ഞിയുതെനൻ
ബാതില് തുറന്നിററും കീഞ്ഞുതെനൻ
ബാതല തുറന്നിററ കീഞ്ഞെരത്ത്
ചൊക്കനൊ തന്നെയിന്നാഅ്ന്നത്
ഒതെനനുടുത്തുള്ള പാട്ടിൻെറയൊ
പട്ടിൻെറ കൊന്തല കടിക്കു[10] ചീത്
അഞ്ചാംപുരയെൻെറടിക്കിലെല്
അടിക്കിലെ കുട്ടിയത് കൊണ്ടും പൊയി
ഒല്ല്ന്ന് മാല കടിച്ചെടുത്ത
ഒതെനൻെറക്കൊണ്ടക്കൊടുത്ത് ചൊക്കൻ
പട്ടും വളയും കടിച്ചെടുത്ത്
അതുയിന്നൊതെനന കൊടുത്ത് ചൊക്കൻ
നടുമിററത്തും കൂട്ടിക്കൊണ്ടവന്ന്
ചവ ഒക്കത്തന്നെയത കാണിക്ക്ന്ന്
അന്നേരം പറയുന്ന കുഞ്ഞിയൊതെനൻ
ഊയി അറവൂല എൻെറ ചൊക്ക
ഇതെല്ലാം എന്ത പുതുമയാന്
അത്തുരം കണ്ടുള്ള കുഞ്ഞിയൊതെനൻ
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പെ
മാലയിട്ട് കൊതികെട്ടൊയിനിക്ക്
പട്ടുടുത്തും കൊതികെട്ടൊയിനിക്ക്
ഓമനക്കടിഞ്ഞൊത്തെ കുഞ്ഞിയൊതെനൻ
ആരിയമ്പത്താരിയത്തെ കമ്പെനയൊ
കുമ്പെനയിങ്ങ് പിടിക്കൂഞ്ചീത്
കൊനായിത്തെന്നെയവങ്കൊണ്ട വന്ന്
മുടിയിന്നത്തന്നെ പഅ്ക്കും ചീത്
ചിത്തിരത്തൂണൊട് കെട്ടിയൊനൊ
ചൊക്കനെയൊമ്പിടിക്കൂഞ്ചീത്
തൻെറ പടിഞ്ഞാറെറപ്പൊയൊതനൻ
ചൊക്കനെക്കിടക്ക്യിക്കെടത്തിയൊതെനൻ
രണ്ട കയിമുറി  എഴുതി ഒതെനൻ
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പ

കുമ്പ ചെയ്തുള്ള കുററമൊക്ക
ഒന്നൊരി കയിമുറി എഴുതിവെച്ചി
പിന്നെയൊരികൈമുറി എഴുതുന്നല്ലെ
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കണ്ണ
എൻെറ ചവ ഇന്നെടുക്കും മുന്നെ
ചൊക്കൻെറ ചവ ഇന്നെടുക്കുക വെണം
എന്നെല്ലെഴുത്തിലെഴുതുന്നത്
ഓമനക്കടിഞ്ഞാത്തെ കെളുൻെറല്
കെളൂൻെറലെല്ലെ കൊടുക്കുന്നത്
പടിഞ്ഞാററടിച്ചിങ്ങ പൂട്ടിയൊതെനൻ
ചൊക്കന മുമ്പെയല്ലെ കൊല്ലുന്നത്
ചൊക്കന മുമ്പെയങ്ങ കൊല്ലൂഞ്ചീത്
വയിയെ ഒതെനനും മരിക്കുന്നല്ലെ
പിററന്നാപ്പുല്ല പുലന്നൊണ്ടാരെ
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കണ്ണൻ
കണ്ണനൊ തന്നെയങ്ങ് വന്നെരത്ത്
കയിമുറിയൊല കൊടുത്ത കെളു
കൈമുറിയൊല കൊടുത്തെരത്ത്
ഓല തിരിച്ചും മറിച്ചും നൊക്കി
ഓലയിലെ വാചകം കണ്ടെരത്ത്
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കണ്ണൻ
നിന്ന നിലയിന്ന് ബീണൂടന്ന്
വെഗത്തിലാശാരിന വിളിപ്പിക്ക്ന്ന്
പെട്ടിയതൊന്നങ്ങ് കൂട്ടിക്ക്ന്ന്
പെട്ടിയതൊന്നങ്ങ കൂട്ടിച്ചിററ്
ആരിയമ്പത്താരിയത്തെ കുമ്പെനയൊ
ചിത്തിരത്തുണുമ്മന്ന കയിച്ചൊള്ന്ന്
കുമ്പെനയൊനൊ കയിക്കുംചീത്
പറയുന്നുണ്ടൊമനക്കുഞ്ഞിക്കണ്ണൻ
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പെ
പെട്ടീലും തന്നെ കെടക്കവെണം
അന്നെരം പറയുന്ന് കുഞ്ഞിക്കുമ്പ
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കണ്ണ
എന്തിനാന് പെട്ടീക്കെടക്കുന്നത്
അത്തുരം കെട്ടുള്ള കുഞ്ഞിക്കണ്ണൻ
പറയുന്നുണ്ടൊമന കുഞ്ഞിക്കണ്ണൻ
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കുമ്പെ
നീയിന്നിപ്പെട്ടീക്കിടന്നിററാന്
ഒതെനമ്മരിച്ചുള്ള ചാവ തീരണം
പട്ടാങ്ങെന്നൊറ്ത്ത് കുഞ്ഞിക്കുമ്പ
കുമ്പയപ്പെട്ടീക്കിടക്കും ചീത്

കുമ്പയപ്പെട്ടീക്കിടന്നെരത്ത്
പെട്ടീൻെറ മൂടും തറച്ചൂടുന്ന്
പെട്ടിൻെറ മൂട് തറക്കും ചീത്
പെരിങ്ങളെല്ലാനാണ്ട പൊയയിലാന്
പൊയയിലും കൊണ്ടയൊളയാത്തിയൂട്ന്ന്
കായങ്കുളത്ത് കണ്ണന്നമ്പിയാറയും
ഇരിപത്തരണ്ടെണ്ണം നായരെയും
അവരുടെ വീട്ടിന്ന് കൊണ്ടും പൊയി
ആരിയമ്പത്താരിയത്തെ കുഞ്ഞിക്കണ്ണൻ
ചൊക്കന മുമ്പെ എടുപ്പിക്ക്ന്ന്
പയ്യെ[16] ഒതെനനയെടുപ്പിച്ചൊനൊ
രണ്ടു ഒരിമിച്ചിചുട്ടവനൊ

---

1. ഓമനക്കിടഞ്ഞൊത്തെക്കുഞ്ഞിയൊതെനൻ' എന്നാണ് 'എ'യിൽ
2. ഈ പകർപ്പിലെ 'പറയുന്നുണ്ട്' എന്ന രൂപത്തിൻെറ സ്ഥാനത്തൊക്കെയും 'എ'യിൽ പറയിന്നിണ്ട് എന്ന രൂപമാണുള്ളത്.
3. വാക്ക് - എ
4. നാഴികവട്ട
5. വരഞ്ഞൊണ്ടിട്ട്
6. അവർ
7. പിരിവിന്
8. ഒരിടത്തും
9. 'അത്തിടുങ്കിണ്ണത്തിടെത്തു ആയി' എന്ന വരികൂടി 'എ'യിൽ ഉണ്ട്. അത്ത് = ഇഞ്ച.
10. മൊന്തിയാഅ്ന്നെരം- എ
11. വന്നൊണ്ടാല്-എ
12. പൊരക്കലെല്ലെ-എ. ഈ പകർപ്പിലെ 'പുരക്കൽ' എന്ന രൂപത്തിൻെറ സ്ഥാനത്തൊക്കെയും 'എ'യിൽ 'പൊരക്കൽ' എന്ന രൂപം കാണുന്നു.
13. മൂവന്തിയായ നേരത്ത്
14. ചെതത്ത് - എ.
15. ഇന്നാഅ്ന്നത് - എ
16. പിന്നാലെ

# തച്ചോളി കെളുവിൻ പാട്ട്

തച്ചോളി നല്ലോമന കുഞ്ഞിയൊതെനൻ
ബയനാട്ടിപ്പുത്തനായിത്തെണ്ടക്കാന്
തെണ്ടക്ക തന്നെയത് പൊളന്നെരം
പറയുന്നുണ്ടോമന കുഞ്ഞിയൊതെനൻ
തച്ചോളി കൊമക്കുറുപ്പെൻറട്ട
തച്ചോളിക്കെളു എന്ന കുഞ്ഞനയാന്
ഞാമ്പൊയിററീട വരുളളവും
കുഞ്ഞനപ്പൊറത്തെങ്ങും കീച്ച്യക്കണ്ട[1]
കുഞ്ഞനൊരെറക്കുറ വന്നെങ്കില്
ഏട്ടനെന്നും ഞാനൊ വെക്കല്ലയില്ല
ഞാമ്പൊയിററീട വരുഓളവും
തച്ചോളികെളു എന്ന കുഞ്ഞനാന
എള്ളിക്കൊരങ്ങിന നൊയിക്കൊട്ടെ
വെയിലിത്തറി നൊക്കിക്കെട്ടിക്കൊട്ടെ
അത്തുരം വാക്ക് പറയൂഞ്ചീത്
ഒതെനക്കൊടുമലപ്പൊയൊണ്ടല്ലെ
ആടയൊരിമുത്തിങ്ങ്[2]പ്പാറ്ത്തൊണ്ടെ
ആടയൊരി മുത്തിങ്ങപ്പാറ്ത്തൊരെ
തച്ചോളി കെളു എന്ന കുഞ്ഞനാന്
പറയുന്നുണ്ടോമന കുഞ്ഞിക്കെളു
തച്ചോളിക്കൊമക്കുറുപ്പമ്മൊമ
കെട്ട തരിക്കണം കുഞ്ഞിയമ്മൊമ
ആണ്ങ്ങക്ക് തന്നെയാനമ്മൊമ
പതിനാല വയസ്സ് തലതെഞ്ഞാല്
ഉയിതള്ള ചൊറ വാങ്ങിത്തിന്നുക വെണം
എനക്കൊരി നെമത്തിന നിക്കലവെണം
അന്നെരം പറയുന്ന് കുറുപ്പെന്നൊറ്
തച്ചോളിക്കെളു എന്ന കുഞ്ഞനെ കെക്ക്
തച്ചോളി ഒതെയനമ്പൊഅ്ന്നെരം
എന്ത് പറഞ്ഞിററ് പൊയിനായിനും

നീയത് കെട്ടില്ലെ കുഞ്ഞിക്കെളു
നിന്നൊടമറന്നു പൊയൊ കുഞ്ഞിക്കെളു
ഒതെനനീട വരുവൊളവും
നീയിന്നൊരിത്തയിലും പൊഅ്അ വെണ്ട
പറഞ്ഞത് കെട്ടില്ല കുഞ്ഞിക്കെളു
നെരമൊട്ടന്തിമൊന്തിയായെരത്ത്
തച്ചൊളി കെളു എന്ന കുഞ്ഞനാന്
കെളു ഒളിച്ചിററും പൊരുന്നല്ലെ
തൻെറ ഉറുമ്മിയും പലിശയുമായി
അന്നടത്താലെ നടക്കുന്നൊനെ
അന്നടത്താലെ നടന്നൂട്ടിററ്
മയ്യയിത്തന്നെയത് ചെന്നൊള്ന്ന്
പരന്തിരിയെസ്സൊമനക്കൊമ്മീഞ്ഞീൻെറ
ഒറൊന്ത്[3] നടക്കുന്ന വെള്ളക്കാററ്
ഒറൊന്തെലൊന പിടിച്ചെവററ്
നെരം പൊലരുംഒളം ആഅ്ന്നത്
അവരെ ഒരിമ്മിച്ചിനടത്തിക്കന്ന്
നെരം പൊലന്നെരം ബിട്ടവററ്
കെളൂനത്തന്നെയിന്ന ബിട്ടെരത്ത്
ആദികുറിച്ചീലെ തമ്പുരാൻെറ
തമ്പുരാങ്കൊയിലൊത്തും ചെന്നൊള്ന്ന്
തമ്പുരാങ്കുറിച്ചീലും ചെന്നൊണ്ടിററ്
തമ്പുരാന്തിരുമെനി കാണാഉമ്മം
വളരക്കയിക്കൂട്ടി തൊഴുത കെളു
അത്തുരം കണ്ടുള്ള തമ്പുരാന്
കനക്കത്തെളിഞ്ഞിന തമ്പുരാന്
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
എവിട്ന്ന് വന്നിന നായരെ ഇപ്പൊ
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
പറയുന്നുണ്ടെന്നെരം കുഞ്ഞിക്കെളു
കടത്തയിനാട്ടിന് വന്നിന ഞാനൊ
അരുളിചെയ്തന്നെരം തമ്പുരാനൊ
കടത്ത്അയി നാട്ട് നീ എന്തില്ലാന്
അന്നെരം പറയിന്നക്കുഞ്ഞിക്കെളു
കടത്ത്കയിനാട്ട ഞാന്തച്ചൊളിയാന്
തച്ചൊളിക്കെളു എന്ന പെരനെക്ക്
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
എന്തായി വന്നെൻെറ കുഞ്ഞിക്കെളു
പറയുന്നുണ്ടന്നെരം കുഞ്ഞിക്കെളു
ഓവാപിറവു എൻെറ തമ്പുരാനെ
എനക്കൊരി നെമത്തിന നിക്കണ്ടീനും

അത്തുരം വാക്ക് കെട്ട തമ്പുരാനൊ
തമ്പുരാനരുളിചെയ്തൂട്ന്ന്
തച്ചൊളിക്കെളു എന്ന കുഞ്ഞകെക്ക്
എന്തൊരി നെമാന വെണ്ടതിപ്പം
അരിയളവിന തന്നെ നിന്നൊ ഇപ്പം
താക്കൊലിക്കൂട്ടം ബയങ്ങിയിനിക്ക
അതു എനക്കിന്ന വെണ്ടയിപ്പം
പിന്നയെന്ത നെമാന വെണ്ടത കെളു
അന്നെരം പറയുന്ന കുഞ്ഞിക്കെളു
പിരിയാതെ കുററി പിരിപ്പിക്കാഞ്ഞാൻ
അത്തുരം കെട്ടുള്ള തമ്പുരാനൊ
അരുളിചെയ്തൊമനത്തമ്പുരാനൊ
അതിന മയക്കില്ല കുഞ്ഞിക്കെളു
പടക്ക്[4] ബട്അൻെറ ചന്തയില്
ഏറിയ കുററി പിരിയാനുണ്ടു
കുററി പിരിപ്പിക്കാം പൊണന്നീയെ
അത്തുരം കെട്ടുള്ള കെളൂനാന്
കനക്കത്തെളിഞ്ഞിനക്കെളൂനാന്
തമ്പുരാങ്കലിപ്പന കൊടുത്തൊള്ന്ന്
നീ പൊയപ്പാട പിരിപ്പിക്കണം
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
തൻെറ ഉറുമ്മിയു പലിശയു ആയി
ബടക്ക് വട്അൻെറ ചന്തയിൽ
കുററിക്കാരെയരിയത്തും ചെന്നൊള്ന്ന്
തച്ചൊളിക്കെളു എന്ന കുഞ്ഞനാന്
എല്ലാരൊടും മൊതല വാങ്ങിയൊനൊ
മൊതലൊക്കച്ചൊടായിക്കെട്ടിക്കന്ന
മൊതലൊക്ക ചൊടാക്കിക്കെട്ടൂഞ്ചീത്
ആദി കുറിച്ചീലെത്തമ്പുരാന്
തമ്പുരാന തന്നെയല്ല എത്തിക്കന്ന്
ആദി കുറിച്ചീലെത്തമ്പുരാനൊ
മൊതലൊക്കത്തന്നയിന്ന കണ്ടെരത്ത്
കനക്കത്തെളിഞ്ഞിന തമ്പുരാന്
തച്ചൊളിക്കെളു എന്ന കുഞ്ഞന
ആദി കുറിച്ചീലെത്തമ്പുരാൻെറ
തമ്പുരാൻററിയത്ത വന്നൊള്ന്ന
തമ്പുരാനക്കണ്ടും തൊഅ്ത്ളുന്ന്[5]
കനക്കത്തെളിഞ്ഞിനത്തമ്പുരാന്
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
തിരുമെനിയണഞ്ഞി നിക്കും കാരിയക്കാര
പയ്യർമാലപ്പാടിക്കുഞ്ഞിക്കൊമ

തച്ചൊളിക്കെളു എന്ന കുഞ്ഞനയാന്
പുന്നൊാല വീട്ടിലും കൊണ്ടു പൊട്
എൻെറ മരുമകള് കുഞ്ഞിക്കുങ്കി
പുന്നൊാല വീട്ടിലെ കുഞ്ഞിക്കുങ്കി
കുങ്കിയൊട തന്നെ പറയവെണം
തച്ചൊളിക്കെളു എന്ന കുഞ്ഞനാന്
അത്തായം ചൊറ കൊടുക്കവാനും
ബന്തു ആക്കിക്കെളൂന എടുക്കുവാനും
അത്തുരം കെട്ടുള്ള കാരിയക്കാരൻ
തച്ചൊളിക്കെളു എന്ന കുഞ്ഞനയാന്
കുഞ്ഞനയും കൂട്ടിക്കൊണ്ടും പൊയി
പുന്നൊാല വീട്ടിലും കൊണ്ടപൊയി
പയ്യർമലപ്പാടി കുഞ്ഞിക്കൊമൻ
പറയുന്നുണ്ടൊമനക്കുഞ്ഞിക്കൊമൻ
പുന്നൊാലക്കുങ്കി എന്ന കുഞ്ഞനെ കെക്ക്
നമ്മളിപ്പിറവി നമ്മളെ തമ്പുരാനൊ
തച്ചൊളിക്കെളു എന്ന കുഞ്ഞനാന്
അത്തായം ചൊറ കൊടുക്കുവാനും
ബന്തു ആക്കീററൊന എടുത്തൊളാനും
തമ്പുരാനരുളിച്ചെയിതിന കുങ്കി
അത്തുരം  കെട്ടുള്ള കുഞ്ഞിയുഞ്ഞന
കനക്കത്തെളിഞ്ഞിന കുങ്കിക്കാന്
പയ്യർമലപ്പാടി ക്കുഞ്ഞിക്കൊമൻ
കെളുഓടയപ്പിച്ചും[6] പൊരുന്നൊനൊ
തച്ചൊളിയനന്തറൊങ്കുഞ്ഞിക്കെളു
അവിടക്കുളിച്ചും വെയിച്ചുംകൂടി
ആടയൊരി ആറമാസം പാറ്ത്തെരം
പുന്നൊാലക്കുങ്കി എന്ന കുഞ്ഞനാന്
കുഞ്ഞനൊരാറ്മാസം കെർപ്പഉആയി
ആദി കുറിച്ചീലെ തമ്പുരായൻ
തമ്പുരാനരുളിച്ചെയിതൂട്ന്ന്
തച്ചൊളിയനന്തറൊം കുഞ്ഞിക്കെളു
ബടക്ക് ബട്അൻെറ ചന്തയില്
കുററി പിരിപ്പിക്ക്വാമ്പൊണം കെളു
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
കുററി പരിപ്പിക്ക്വാമ്പൊയൊണ്ടൊനൊ
മൂന് ദെവസാടപ്പാറ്ത്തൊനൊ
കുററിയൊക്കത്തന്നെ പിരിപ്പിച്ചിററ്
ചൊട്ടാറക്കൂട്ടിക്കെട്ടിക്കന്ന്
ബയ്യെന്ന കെളുഉം പൊരുന്നല്ലെ
മൊതലൊക്കത്തമ്പുരാനെത്തിക്കന്ന്

തമ്പുരാമ്മൊതലെല്ലാം ബാങ്ങ്ന്നല്ലെ
തച്ചൊളിയനന്തറൊം കുഞ്ഞിക്കെളു
നെറ ഒട്ട പാതിര ചെന്നെരത്ത്
പുന്നൊാല വീട്ടിലും ചെന്നൊാള്ന്ന്
പുന്നൊാല വീട്ടിലും ചെല്ലൂഞ്ചീത്
ബാത്ക്ക് ചെന്ന ബിളിക്ക്ന്നല്ലെ
പുന്നൊാല വീട്ടിലെ കുഞ്ഞിക്കുങ്കി
ബാതില തൊറന്നിന കുഞ്ഞിക്കുങ്കി
അത്തുരം കെട്ടുള്ള കുഞ്ഞിക്കുങ്കി
ബാതിലും തട്ടിത്തൊറന്ന കുങ്കി
ബാതിലും തട്ടിതൊറക്കുന്നെരം
കണ്ടിക്കും മീത്തലെ പാവിലെരി
പാവിലെരി വീട്ടിലെ കുഞ്ഞ്യെളപ്പൻ
കെളപ്പത്തുള്ളി'യത് പാഞ്ഞൂട്ന്ന്
അത്തുരം കണ്ടുള്ള കെളുആന്
പൂന്നൊാല വീട്ടിലകുങ്കി ഉഞ്ഞന
ഉറുമ്മി തിരിച്ചൊന്നടിച്ചികെളു
കുങ്കമ്മവെറെ കഴുത്തവെറെ
പള്ളെലെക്കുഞ്ഞൻെറ കഴുത്ത വെറെ
തച്ചൊളി കെളു എന്ന കുഞ്ഞനാന്
അന്നടത്താലെ നടന്നൂട്ന്ന്
തച്ചൊളി മെപ്പയിലും ചെല്ലുന്നല്ലെ
തച്ചൊളി മെപ്പയിലും ചെല്ലൂഞ്ചിത്
പറയുന്നുണ്ടൊമന കുഞ്ഞിക്കെളു
തച്ചൊളികൊമക്കുറുപ്പമ്മൊമ
കുററിപ്പൊറം വാണ തമ്പുരാൻെറ
നായിമ്മാറീടയിന്ന് വന്നൊാണ്ടിററ്
പൊരമൊള് കൊത്തി ബലിപ്പിച്ചാലും
പുത്തമ്മതിലൊക്കത്തള്ളിച്ചാലും
എന്നപ്പിടിച്ചി കൊടുക്കല്ലെക്കിൻ
കല്ലറയിലിട്ട പൂട്ടണമെന്ന
അത്തുരം കെട്ട കുറുപ്പെന്നാറ്
നിന്ന നെലലയാലെ ബീണൂട്ന്ന്
എന്തൊരരവൂല കൊത്തികെളു
ഉറുമ്മീമച്ചൊരിയിന്ന കാണുന്നല്ലെ
അന്നെരം പറയിന്ന് കുഞ്ഞിക്കെളു
ആങ്കുല പെങ്കുല ചെയ്തിന ഞായൻ
പിററന്നാപ്പുല്ല പുലരുന്നെരത്ത്
കെളുനക്കല്ലറയിലാക്കിയൊറ്
ആദി കുറിച്ചീലെത്തമ്പുരാനൊ
തമ്പുരാം ബറത്തനം കെട്ടൊണ്ടിന്

ആദി കുറിച്ചീലെ നായനാറും
പുന്നൊല വീട്ടിലെ നമ്പ്യാമ്മാറും
കുററിപ്പൊറം വാണ തമ്പുരാൻെറ
നാടാലയിച്ചെന്ന് വീണൂട്ന്ന്
കുററിപ്പൊറം വാണ തമ്പുരാനൊ
കണ്ണാലെ കണ്ടിനത്തമ്പുരാനൊ
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
തിരുമെനിയണഞ്ഞി നിക്കും കാരിയക്കാര
ആദികുറിച്ചീലെ നായമ്മാറും
പുന്നൊല വീട്ടിലെ നമ്പ്യാമ്മാറും
നാടാലയിപ്പന്നിററ[9] ബീണതെന്ത
തിരുമെനിയണഞ്ഞിനിക്കും കാരിയക്കാരൻ
ചൊദിക്ക്ന്നൊമനക്കാരിയക്കാരൻ
എന്തിനായിന് വന്നിന് നിങ്ങളെല്ലം
അന്നെരം പറയിന്നന്നായിമ്മാറ്
തിരുമെനിയണഞ്ഞി നിക്കും കാരിയക്കാര
തച്ചൊളിക്കെളു എന്ന കുഞ്ഞനാന്
ആങ്കുല പെങ്കുല കൊന്നിനൊനൊ
ഓനപ്പിടിച്ചും തരണം ഞാക്ക്
അത്തുരം കെട്ടുള്ള കാരിയക്കാരൻ
തമ്പുരാനെ ചെന്നിററ് കെപ്പിക്ക്ന്ന്
അരുളിച്ചെയ്തന്നെരം തമ്പുരാനൊ
തിരുമെനിയണഞ്ഞിനിക്കും കാരിയക്കാര
തച്ചൊളിക്കൊമക്കുറുപ്പിനൊട
തച്ചൊളിക്കെളു എന്ന കുഞ്ഞനയാന്
കുഞ്ഞനപ്പിടിച്ചി തരുആമ്പറ
നല്ലൊണം പറഞ്ഞിററ തന്നില്ലെങ്കിൽ
പെരമാള് കൊത്തി വലിക്കുഅവെണം
പുത്തമ്മതിലൊക്കത്തള്ളിക്കണം
ആനെനയും കൂട്ടിക്കൊണ്ട പൊണം
അത്തുരം കെട്ടുള്ള കാരിയക്കാരൻ
ഇരിപത്തരണ്ടെണ്ണം നായരെയും
ആനെനയും കൂട്ടീററാഅ്ന്നത്
തച്ചൊളി മെപ്പയിലും ചെല്ലുന്നല്ലെ
തച്ചൊളിമെപ്പെച്ചെല്ലഞ്ചീത്
പറയുന്നുണ്ടൊമന കാരിയക്കാരൻ
തച്ചൊളിക്കൊമക്കുറുപ്പെന്നൊറെ
തച്ചൊളിക്കെളു എന്ന കുഞ്ഞനാന്
ആങ്കുല പെങ്കുല ചെയ്തിനൊനൊ
ഓനപ്പിടിച്ചി തരണം ഞാക്ക്
ഓനപ്പിടിച്ചിപ്പം തന്നില്ലെങ്കി

പെരമൊളകൊത്തി ബലിപ്പിക്കുവൻ
പുത്തമ്മതിലൊക്കത്തള്ളിക്കുവൻ
അത്തുരം കെട്ട കുറുപ്പെന്നൊറ്
കല്ലറ വാതില് തുറക്കൂഞ്ചീത്
കെളൂന പിടിച്ചും കൊടുത്തൊള്ന്ന്
കുററിപ്പുറത്തുള്ള നായിമ്മാറ്
കെളൂനപ്പിടിച്ചിത് കെട്ടുന്നൊല്
ചട്ടം മറിച്ചിററും കെട്ട്ന്നൊല്
കുററിപ്പൊറം വാണ തമ്പുരാൻെറ
തമ്പുരാങ്കൊയിലൊത്തും കൊണ്ട പൊയി
തമ്പുരാങ്കെളുനക്കണ്ടെരത്ത്
ഉടനെ അരുളിച്ചെയ്തിതൂട്ന്ന്
ഇരിപത്ത് രണ്ടെണ്ണം നായിമ്മാറ
തച്ചൊളിക്കെളു എന്ന കുഞ്ഞനായാന്
ലൊവണ്ണൂക്കാവിത്തിരുനടെല്
തിരുനടയിക്കൊണ്ടയാടക്കെട്ട്യെക്കണം
അത്തുരം കെട്ടുള്ള നായിമ്മാറ്
തച്ചൊളിക്കെളു എന്ന കുഞ്ഞനയാന്
കാവൂലെ ചാത്തൊത്തെത്തായെകൂടി
തായെകൂടിററാല കൊണ്ടെവാൃമ്മം[10]
കാവിലെ ചാത്തൊത്തെ കുഞ്ഞിച്ചീരു
അമ്പാടീനുക്കലിത്തട്ടുഞ്ചീത്[11]
നാലമത്മ്മലെ തിണ്ട്മ്മലെ
തച്ചൊളിയൊമനക്കുഞ്ഞിയൊതെനൻ
ഒതെനൻ വരുന്ന വരവുംനൊക്കി
നൊക്കിററിരിക്ക്ന്ന് കുഞ്ഞിച്ചീരു
തച്ചൊളിയനന്തറൊങ്കുഞ്ഞിക്കെളു
കാവൂലെ ചാത്തൊത്തെ ചീരുകുഞ്ഞന
കണ്ണാലെ കണ്ടിനൊ കുഞ്ഞിക്കെളു
അന്നെരം പറയിന്നക്കുഞ്ഞിക്കെളു
കാവിലെ ചാത്തൊത്തെൻറമ്മായിയെ
രണ്ട കൊതിയെനക്കുണ്ടായിനും
കൊളമ്പുക്ക് നീരാടിക്കുളിക്കുവാനും
പയെരിചൊറ് വെയിക്കുവാനും
അത്തുരം കെട്ടുള്ള കുഞ്ഞിച്ചീരു
നടക്കൊണിയൊന്നായിത്തുള്ളിയൂടന്ന്
പറയുന്നുണ്ടൊമനക്കുഞ്ഞിച്ചീരു
കുററിപ്പൊറത്തുള്ള നായിമ്മാറ
തച്ചൊളിക്കെളു എന്ന കുഞ്ഞനയാന്
കഞ്ഞികുടിപ്പിച്ചും കൊണ്ടവരട്ടെ
കഞ്ഞികുടിപ്പിച്ചി വരുഓളവും

അമ്പാടിന നിങ്ങള് കെട്ടിക്കൊളീൻ
അത്തുരം കെട്ടുള്ള നായിമ്മാറ്
കെല്ലൂന്റെ കെട്ട കയിക്കുഞ്ചീത്
അമ്പാടീനപ്പിടിച്ചാടക്കെട്ടിയൊല്
കാവൂലെ ചാത്തൊത്തെ കുഞ്ഞിച്ചീരു
കെല്ലൂനെയും കൂട്ടിററ് കൊണ്ടപൊയി
കുളിക്കാങ്കൊളങ്ങരക്കൊണ്ടുംപൊയി
നല്ലൊണം തെച്ചികുളിപ്പിക്കന്ന്
എണ്ണെക്കന്നെടുത്തിലും വയിയിക്കന്ന്[12]
താളി തെക്കന്നെടത്തിലും വയ്യിച്ചൊന
കാവൂലെ ചാത്തൊത്തെ കുഞ്ഞിച്ചീരു
തച്ചൊളിയനന്തറൊങ്കെല്ലൂനാന്
കദളിയെലയും പലയും വെച്ചി
തൂമ്പപ്പൂപ്പൊലത്തെ ചൊറു ആന്
പൊമ്പൊലെ നാല്തരം കറിയും
മയവെള്ളം പൊലത്തുരുക്ക് നെയ്യും
വെളമ്പിക്കൊട്ക്കന്ന് കുഞ്ഞിച്ചീരു
കാവൂലെ ചാത്തൊത്തെ കുഞ്ഞിച്ചീരു
എറിയൊരി നെറിച്ച നെറ്റന്നൊള്ന്ന്
തച്ചൊളിയൊതെനന്റെ ബന്തു
ഇപ്പൊളിവിടയിന്ന വന്നെങ്കില്
ലൊവണ്ണൂക്കാവപ്പകവതിക്ക്
തെങ്ങയെറും പാട്ടും കയിപ്പിക്കുവൻ
മുടി വെച്ചി കെക്ക തിരിയുന്നെരം
എരിക്കും പൂപ്പൊമ്മാല ചാറ്ത്തുഅൻ
പാറയില് വെട്ടക്കരുത്തന്തെയ്യം
മുടിവെച്ചി പീടക്കല്ലെറുന്നെരം
രണ്ടു കയ്യിക്കും വളകൊടുക്കും
മാണിക്കൊത്തെത്തെയ്യം കാരണൊമ്മാർക്കും
മിററത്തതിരാളന്തെയ്യത്തിനും
മൊറം നറച്ചപ്പം ഞാങ്കുത്തിക്കുഅൻ
അങ്ങനെ പറഞ്ഞൊണ്ടിരിക്കുന്നെരം
കാലിപ്പതിററടി നെരാൽമ്മം
കാവൂലെ ചാത്തെത്തെ കുഞ്ഞിച്ചീരു
കെല്ലൂനക്കൊണ്ടക്കൊടുക്കുംഞ്ചീത്
അമ്പാടിനിങ്ങൊട്ട ബാങ്ങിയൊള്
കുററിപ്പൊറം വാണ തമ്പുരാനൊ
അരുളിച്ചെയിയുന്നത്തമ്പുരാനൊ
തച്ചൊളിയനന്തറൊം കെല്ലൂനയാന്
കെല്ലൂനക്കളവിമ്മത്തട്ട്വവെണം
തിരുവങ്ങാട്ടാശാരി മെലാശാരി

ആശാരിനത്തെടി വിളിപ്പിക്കണം
ലൊവണ്ണൂക്കാവിത്തിരുനടെല്
കൌപ്പണി[13]യൊന്നിപ്പം തീരുഅവെണം
അത്തുരം കെട്ടുള്ള നായിമ്മാറ്
ആശാരിനത്തെടി വിളിപ്പിക്ക്ന്ന്
ലൊവണ്ണൂക്കാവിത്തിരുനടെല്
കൌപ്പണിയൊന്നാട തീർപ്പിക്ക്ന്ന്
ഏയിക്കളപ്പണി തീറത്തിററ്
കൌ എല്ലാം പൊട്ടിത്തെറിച്ചപൊയി
തച്ചൊളിക്കുഞ്ഞനുതയനനും
കൊടമലക്കൈക്കെട്ടിക്കണ്ണനു ആന്
കൊടുമലക്കുങ്കി കൊടവത്തിയും
ചൊതിപ്പൊരത് കളിച്ചവറ്[14]
തച്ചൊളി നല്ലൊമനക്കുഞ്ഞിയൊതെനൻ
ഏയിവരിച്ചൂത തൊററപൊയി
ഏയിവരിച്ചൂത തൊറെറരത്ത്
ഉറുമ്മി വെറക്ക്ന്നത് കണ്ടൊതെനൻ
ഉറുമ്മി വെറക്കുന്നത് കണ്ടെരത്ത്
മഞ്ഞനെറത്തിലൊരി മഞ്ഞപ്പക്കി
എടത്തെച്ചൊമലിമ്മപ്പന്ന വീണ്[15]
പച്ചനെറത്തിലൊരി പച്ചപ്പക്കി
ബലത്തെച്ചൊമലിലും ബന്നവീണ്
അത്തുരം കണ്ടുള്ള കുഞ്ഞിയൊതെനൻ
ചൂതുങ്കരു ഒക്കത്തട്ടിയൊതെനൻ
പറയുന്നുണ്ടൊമനക്കുഞ്ഞിയൊതെനൻ
തച്ചൊളിക്കെളു അനന്തറൊയൻ
എന്തൊരററവൂല കൊത്തിയന്ന്
ഞാനിപ്പൊളെതു അറിഞ്ഞില്ലെലൊ
കൊടുമലക്കൈക്കെട്ടിക്കണ്ണനൊടും
കൊടുമലക്കക്കുങ്കി കൊടവത്ത്യൊടും
ചാത്ര പറഞ്ഞൊണ്ടു പൊരുന്നൊനൊ
തൻെറ ഉറുമ്മിയും പലിശയുമായി
ആനമുകം വെച്ചും ചന്തം വെച്ചും
കുതിര മുകം വെച്ചും കൂന്തല്വച്ചും
അന്തുളം നുമ്പും മറിഞ്ഞൊതെനൻ
പാതിപെരുവയിമ്മലെത്ത്യെരത്ത്
പലിശ തൊടക്കൊന്നമറ്ക്ക്ന്ന്
പലിശെൻെറ ഒച്ചയത് കെട്ടെരത്ത്
കുററിപ്പൊറം വാണ തമ്പുരാനൊ
തമ്പുരാനരുളിച്ചെയിതൂട്ന്ന്
തിരുമെനിയണഞ്ഞി നിക്കും കാരിയക്കാര

ഇടിയൊ വെടിയൊ പലിശത്തട്ടൊ
എന്താന് കെക്ക്ന്ന്ത് കാരിയക്കാര
അന്നെരം പറയുന്നക്കാരിയക്കാരൻ
ഓവാപിറവു ഒളി തമ്പുരാനെ
ഇടിയും വെടിയുമല്ല കെക്കുന്നത്
തച്ചൊളിക്കുഞ്ഞിയൊതെനനൊ
ഒതെനൻ ബരുന്ന വരവാനത്
അങ്ങനെ പറഞ്ഞൊണ്ടിരിക്ക്ന്നെരം
തച്ചൊളിക്കുഞ്ഞിയൊതെനനൊ
ലൊവണ്ണൂക്കാവിലും വന്നൊള്ന്ന്
ചൊതിക്ക്ന്നൊമനക്കുഞ്ഞിയൊതെനൻ
തിരുവങ്ങാട്ടാശാരി മെലാശാരി
ആർക്ക് കൌപ്പണി തീറ്ക്ക്ന്ന്
തിരുവങ്ങാട്ടാശാരി മെലാശാരി
പറയുന്നുണ്ടന്നെരം പിച്ചൊറ്മ്മൻ
തച്ചൊളിയൊതെനച്ചക്കുറുപ്പെന്നൊറെ
തച്ചൊളിക്കെളു എന്ന കുഞ്ഞനാന്
കെളൂനക്കൌഅ്മ്മത്തട്ടാനാന്
അത്തുരം വാക്ക് കെട്ട കുഞ്ഞിയൊതെനൻ
തിരുവങ്ങാട്ടാശാരി പിച്ചൊർമ്മന
കൌഓട കൂട്ടിയെല്ലൊ കൊത്തിയൂട്ന്ന്
ആശാരിനക്കൊത്തിയൊങ്കെല്ലൂഞ്ചിത്
തച്ചൊളിയനന്തറൊങ്കെളുവിൻെറ
കെളൂൻററിയത്തും ചെന്നുതെനൻ
ചൊതിക്ക്ന്നൊമനക്കുഞ്ഞിയൊതെനൻ
തച്ചൊളിയനന്തറൊങ്കുഞ്ഞിക്കെളു
നിന്നയിവിടക്കൊണ്ടക്കെട്ടിയതാരി
അന്നെരം പറയുന്ന് കുഞ്ഞിക്കെളു
കുററിപ്പുറത്തുള്ള നായിമ്മാറ്
നായിമ്മാറാനെന്നയീട കെട്ടിയത്
അത്തുരം കെട്ടുള്ള കുഞ്ഞിയൊതെനൻ
കെളൂൻെറ കെട്ട കൊത്തിയറക്കുംഞ്ചീത്
പൊഅ്ന്ന്ണ്ടൊമനക്കുഞ്ഞിയുതെനൻ
അത്തുരം കണ്ടുള്ള തമ്പുരാനൊ
പറയുന്നുണ്ടൊമനത്തമ്പുരാനൊ
തച്ചൊളിക്കുഞ്ഞനൊതെന കെക്ക്
കെളൂനയെടയാന് കൊണ്ടപൊന്
അത്തുരം കെട്ടുള്ള കുഞ്ഞിയൊതെനൻ
കെട്ടവാറാക്കീല്ലൊം കുഞ്ഞിയൊതെനൻ
പിന്നെയും പറയുന്നത്തമ്പുരാനൊ
ഉത്തരം പറഞ്ഞിററ് പൊടൊതെന

അന്നരം പറയുന്ന കുഞ്ഞിയൊതെനൻ
കുററിപ്പൊറം വാണ തമ്പുരാനെ
നടമ്മലെ വരിക്കപ്പിലാഞ് മുറിപ്പിച്ചാല്
ഉത്തരളം തിരും വളയും തീരും
ചെയിപ്പിൻറമ്മെന ചുട്ടൊലൊറിയ
അത്തുരം വാക്ക പറയുഞ്ചീത്
കെളൂനയും കൂട്ടീററ് പൊയൊതെനൻ
ആദികുറിച്ചീലെ നായനാറും
പുന്നൊല വീട്ടിലെ നമ്പ്യാമ്മാറും
തലയിത്തുണിയിട്ടും പൊയവറ്

---

1. ഇറക്കേണ്ട
2. മൂന്നുമാസം
3. റോന്ത്
4. വടക്ക്
5. തൊഴുതോളുന്നു.
6. യാത്ര പറഞ്ഞ്
7. ചാടി
8. സഭ (Audience - hall)
9. നാടാലയിൽ + വന്നിട്ട്
10. താഴെക്കൂടി അവർ കൊണ്ടുപോകുമ്പോൾ
11. ഒക്കത്ത് എടുത്തിട്ട്
12. എണ്ണ തേക്കുന്നിടത്തും വൈകിക്കുന്നു.
13. കഴുവിൻെറ പണി
14. ചൂതുപോര് + അത്
15. വന്നു വീണ്

# പറമ്പിക്കുറുക്കാട്ടെ കുഞ്ഞ്യാമറെ പാട്ട്

നെല്ല്ലോളിയിടത്തിലെ കുഞ്ഞിമ്മാക്കം
പറയുന്നുണ്ടൊമനക്കുഞ്ഞിമ്മാക്കം
നെല്ല്ലോളിയിടത്തിലെ പെററൊരമ്മെ
ലൊമനാറ കാവിപ്പകവതീന
കുളിച്ചി തൊഅ്ആനും പൊഅണ്ടീനും[1]
പറയുന്നുണ്ടന്നെരം പെററൊരമ്മ
അതിന് മയക്കില്ല കുഞ്ഞിമ്മാക്കെ[2]
ഇരിപത്തരണ്ടെണ്ണിരിത്തിയെളെ
ഇര്ത്ത്യെളയും കൂട്ടീററ് പൊട്മാക്കെ
അത്തുരം കെട്ടുള്ള കുഞ്ഞിമ്മാക്കം
ഇരിപത്ത രണ്ടെണ്ണര്ത്ത്യെളയും
ഒന്നിച്ചു കൂട്ടീററും പൊഅ്ന്നൊള്
ലൊമനാറ കാവിലും പൊരുന്നല്ലെ
കാവിച്ചിറയിന്നും കുളികയിഞ്ഞി
കാവിച്ചിറയിക്കുളിക്കൂഞ്ചീത്
നെല്ല്ലോളിയെടത്തിലെ മാക്കളആന്
ഇരുപത്തരണ്ടെണ്ണിരുത്തിയെളും
പണ്ണാരം പുക്ക പെരുക്കുപായൻ
കുഞ്ഞനതിങ്ങൊട്ട വരുന്നെരത്ത്
തച്ചൊളി കുഞ്ഞനുതയനനും
ഒമനപ്പൂക്കൊട്ടെ കുഞ്ഞ്യണ്ണനും[3]
ചൂതചതിരങ്കം വെക്ക്ന്നൊല്
നെല്ല്ലോളിയെടത്തിലെ കുഞ്ഞിമ്മാക്കം
മാക്കം വരുന്നത് കണ്ടെരത്ത്[4]
ഓമനപ്പൂക്കൊട്ടെ കുഞ്ഞിക്കണ്ണൻ
പറയുന്നുണ്ടൊമന കുഞ്ഞിക്കണ്ണൻ
തച്ചൊളി നല്ലോമനക്കുഞ്ഞിയൊതെന
അങ്ങ്ന്നൊരി കുഞ്ഞൻ വരുന്നത് കണ്ടൊ
കാല് രണ്ടും കമ്പം കടഞ്ഞത് പൊലെ
കൈ രണ്ടും പെഞ്ചെനത്തണ്ടപൊലെ

അത്തുരം കെട്ടുള്ള കുഞ്ഞിയൊതെനൻ
ഓമനപ്പൂക്കൊട്ടെ കുഞ്ഞിക്കണ്ണ
നെല്ലൊളിയിടത്തിലെ കുഞ്ഞിമ്മാക്കം
എൻെറ ഒടപ്പെറപ്പാന കണ്ണ
നെല്ലൊളിയെടത്തിലെ കുഞ്ഞിമ്മാക്കം
പണ്ണാരം പുക്ക് പെരുക്കൂഞ്ചീത്
നെല്ലൊളിയെടത്തിലെ മാക്കളത്താന്
ഇരുപത്തരണ്ടെണ്ണം ഇരുത്തിയെളും
നെല്ലൊളിയെടത്തിലും പൊയൊണ്ടൊള്
തച്ചൊളിക്കുഞ്ഞതനൊതയനനും
ഒമനപ്പൂക്കൊട്ടെക്കണ്ണനു ആന്
ചൂത ചതിരങ്കം കളിതീറ്ന്ന്
രണ്ടാളും കൂടിയല്ലെ പൊഅ്ന്ന്ത്[5]
ഓമനപ്പൂക്കൊട്ടെ കുഞ്ഞിക്കണ്ണൻ
ഓമനപ്പൂക്കൊട്ട ചെന്ന കണ്ണൻ
തൻെറ പടിഞ്ഞാററകന്തുറന്ന്
പടിഞ്ഞാറെറപ്പൊയിക്കെടന്ന കണ്ണൻ
അയക്ലിയം[6] കിട്ടിക്കെടന്ന് കണ്ണൻ
നെരങ്ങട്ടുച്ച തിരിഞ്ഞൊണ്ടാരെ
ഒമനപ്പൂക്കൊട്ടെ പെറെറാരമ്മ
കണ്ണങ്കിടക്കും പടിഞ്ഞാറെറൻെറ
പടിഞ്ഞാററാം ബാത്ക്ക്ച്ചെല്ലൂഞ്ചീത്
പറയുന്നുണ്ടൊമനപ്പെറെറാരമ്മ
ഓമനപ്പൂക്കൊട്ടക്കുഞ്ഞിക്കണ്ണ
നൊരമൊട്ടുച്ച തിരിഞ്ഞൊണ്ടല്ലെ
കുളിച്ചിററ് കഞ്ഞികുടിക്കാതെന്ത്
എന്തൊരയക്ലിയന്നിനക്ക കണ്ണ
അത്തുരം കെട്ടുള്ള കുഞ്ഞിക്കണ്ണൻ
പറയുന്നുണ്ടൊമനക്കുഞ്ഞിക്കണ്ണൻ
കുളിച്ചിററ കഞ്ഞി ഞാങ്കുടിക്കണ്ടീക്കി
നെല്ലൊളിയെടത്തിലെ മാക്കത്തിന
ഒരുനാളത്തൂഅം പയങ്ങ്വ[7] വെണം
അത്തുരം കെട്ടുള്ള പെറെറാരമ്മ
പറയുന്നുണ്ടൊമനപ്പൊറെറാരമ്മ
അതിന മയക്കില്ല കുഞ്ഞിക്കണ്ണ
ഞാമ്പൊയക്കാരിയം സാതിക്കുഅൻ
അത്തുരം വാക്ക്വെട്ടെ കുഞ്ഞിക്കണ്ണൻ
കുളിച്ചിററ കഞ്ഞികുടിച്ചി കണ്ണൻ
ഒമനപ്പൂക്കൊട്ടെ പെറെറാരമ്മ
നായിക്ക നായിപ്പണ എടുത്ത്
തൊറത്ത മുണ്ടു തലക്ക കെട്ടി

നെല്ലൊളിയെടത്തിലും പൊരുന്നല്ലെ
നെല്ലൊളിയെടത്തിലും ചെന്നൊണ്ടാരെ
നെല്ലൊളിയെടത്തിലെ പെററൊരമ്മ
കയ്യെ പിടിച്ചികൂട്ടിക്കൊണ്ടും പൊയി
കൊനായിക്കൊണ്ട പൊയിരുത്തൂഞ്ചീത്
(ചൊതിക്കുന്നന്നെരം പൊറെറാരമ്മ)*
വെത്തിലത്തക്കാരം തക്കരിച്ചി
ഒരി തീനാൽ വെത്തിലത്തീനും തിന്ന്
പതവിനാൽ ഞായം സൊകം പറഞ്ഞി[8]
ഒമനപ്പൂക്കൊട്ടെ ചങ്ങായിച്ചി[9]
കുമ്പഞ്ഞാററിക്കും ബെയിലും കൊണ്ട
എന്ത വെയിലൊടെ വന്നൊണ്ടത്
ഓമനപ്പൂക്കൊട്ടെ പെററൊരമ്മ
പറയുന്നുണ്ടന്നെരം പെററൊരമ്മ
നെല്ലൊളിയിടത്തിലെ ചങ്ങായിച്ചി
ഒന്നിപ്പം കെക്കണം ചങ്ങായിച്ചി
എൻെറ മകങ്കുഞ്ഞിക്കണ്ണനാന്
ഇന്നെക്ക മൂന്ന ദിവസമായി
തായിച്ചതണ്ണി കുടിക്കാത്തത്
അയക്കളയം കിട്ടി കെടക്ക്ന്നൊയൻ[10]
നെല്ലൊളിയെടത്തിലെ മാക്കത്തിന
ഒരുന്നാളത്തൂഅം പയങ്ങുഅവെണം
നെല്ലൊളിയെടത്തിലെ പെററൊരമ്മ
പറയുന്നുണ്ടന്നെരം പെററൊരമ്മ
ഞാനെന്ത് വെണ്ടെvൻെറ ചങ്ങായിച്ചി
നെല്ലൊളിയെടത്തിലെ മാക്കത്തിന
ഏയി വയസ്സവക്കുള്ളന്നാളെ
പറമ്പിക്കുറുക്കാട്ടെ കുഞ്ഞിയാമറ്
കൂമ്പാള വീത്തും പൊടകൊടുത്തിന്
ഒമനപ്പൂക്കൊട്ടെ ചങ്ങായിച്ചി
പറയുന്നുണ്ടന്നെരം ചങ്ങായിച്ചി
നെല്ലൊളിയെടത്തിലെ ചങ്ങായിച്ചി
അതിന മയക്കില്ല ചങ്ങായിച്ചി
ഇന്നെത്തെലൂഅമ്പയങ്ങുഅ വെണം[11]
അത്തുരം കെട്ടുള്ള നെല്ലൊളിച്ചി
ആമെന്നനുവാദമ്മൂളിയൊള്
ഓമനപ്പൂക്കൊട്ടെപ്പെറെറാരമ്മ
നെല്ലൊളിയെടത്തിലെ പെററമ്മക്ക്

* താഴെയുള്ള മൂന്നു വരികൾക്കു ശേഷമാണ് ഈ വരിക്ക് പ്രസക്തിയുള്ളത്. പകർത്തിയതിലുണ്ടായ പിശകാവണം.

നായിക്കു നായിപ്പണങ്കൊടുത്ത്
ഊഅം പൊറുക്ക പറയൂഞ്ചീത്
ഒമനപ്പൂക്കൊട്ടും പൊരുന്നല്ലെ
ഓമനപ്പൂക്കൊട്ട കണ്ണനൊട്
വറത്താനം ചെന്ന് പറഞ്ഞൊള്ന്ന്
കനകത്തെളിഞ്ഞിനക്കണ്ണനാന്
നെരൊട്ട പാതിര ചെല്ലുന്നെരം
നെല്ലൊളിയെടത്തിലുഞ്ചെല്ലുന്നല്ലെ
വാത്ക്ക് ചെന്ന വിളിച്ചെരത്ത്
നെല്ലൊളിയെടത്തിലെ പെററൊരമ്മ
വാതിലും തട്ടിത്തൊറന്നൊണ്ടല്ലെ
ഒമനപ്പൂക്കൊട്ടെ കുഞ്ഞിക്കണ്ണൻ
പടിഞ്ഞാററകത്ത് കടന്ന കണ്ണൻ
പടിഞ്ഞാററകത്ത് കടക്കൂഞ്ചീത്
നെല്ലൊളിയെടത്തിലെ മാക്കത്തിൻെറ
കെടക്കയെരീററിരുന്ന കണ്ണൻ[12]
നന്നമതി കെട്ടുറങ്ങുന്നൊള്
ഒമനപ്പൂക്കൊട്ടെ കുഞ്ഞിക്കണ്ണൻ
നെല്ലൊളിയെടത്തിലെ മാക്കത്തിൻെറ
മാറത്ത് കൊണ്ടക്കയി വെക്കുമ്മം
ഞെട്ടിയൊണന്നൊള കുഞ്ഞിമ്മാക്കം
പറയുന്നുണ്ടെന്നെരം കുഞ്ഞിമ്മാക്കം
പറമ്പികുറുക്കാട്ടങ്ങെൻെറ ബന്തു
കുററിപ്പൊറം വാണ തമ്പുരാൻെറ
തമ്പുരാൻെറ നെമത്തിന പൊയൊണ്ടാല്
ഇത്തിരനെരം വഅ്ആറുണ്ടൊ[13]
അന്നെരം പറയുന്ന കുഞ്ഞിക്കണ്ണൻ
നെല്ലൊളിയെടത്തിലെ കുഞ്ഞിമ്മാക്കെ
പറമ്പിക്കുറുക്കാട്ടെ നാമറല്ല
ഒമനപ്പൂക്കൊട്ടെക്കണ്ണഞ്ഞാനൊ
അത്തുരം കെട്ടുള്ള കുഞ്ഞിമ്മാക്കം
പറയുന്നുണ്ടന്നെരം കുഞ്ഞിമ്മാക്കം
ഒമനപ്പൂക്കൊട്ടെ കുഞ്ഞിക്കണ്ണ
കനകന്നാളായി[14] കൊതിച്ചിന് ഞാനൊ
നമ്മളിത്തമ്മലിക്കാണുആനും
ഇന്നയിന സംഗതി വന്നൊണ്ടല്ലെ
അത്തുരം കെട്ടുള്ള കണ്ണനാന്
കനകത്തെളിഞ്ഞിന കണ്ണനാന്
നൊല്ലൊളിയെടത്തിലെക്കുഞ്ഞിമ്മാക്കം
പറയുന്നുണ്ടൊമനക്കുഞ്ഞിമ്മാക്കം
ഒമനപ്പൂക്കൊട്ടെക്കുഞ്ഞിക്കണ്ണ

അപ്പറം പുറമ്പാകം പൊയി വരട്ടെ
പട്ടാങ്ങെന്നൊറ്ത്ത് കുഞ്ഞിക്കണ്ണൻ
തൊട്ടൊയങ്കിണ്ടീല വെള്ളവുമായി
അപ്പൊറം പൊറമ്പാകം പൊയവള്
കിണ്ടിയെറിഞ്ഞി പൊളിക്കൂഞ്ചീത്
അമ്മ ചതിച്ച ചതിയല്ലിത്
എന്ന പറയയും നടക്കുകയും
അന്നടത്താലെ നടന്നവള്
കുരുകുരുമ്പു ഒത്ത പാതിരാക്ക്
ചാമണ്ടി കെട്ടുന്ന പാതിരാക്ക്
ആനവനവാസക്കാട്ടൂടയൊ
കാട്ടാനയുണ്ട കരടിയുണ്ട്
ചെന്നായിക്കൂട്ടം പുലിയുമുണ്ടു
അങ്ങനെയുള്ളൊരു കാട്ടൂടയൊ
താനെതനിയെ തന്നെ പൊയി കുഞ്ഞൻ
പറമ്പിക്കുറുക്കാട്ട ചെന്ന കുഞ്ഞൻ
പറമ്പിക്കുറുക്കാട്ടെപ്പടിപ്പൊരെല്
പടിപ്പൊരെയിച്ചെന്ന കെടന്ന കുഞ്ഞൻ
പിററന്നാപ്പുല്ല പുലന്നൊണ്ടാരെ
പറമ്പിക്കുറുക്കാട്ടിരുത്തി പെണ്ണ്
തിരുമിററടിച്ചി കുടയുആനാന്
ചാണൊക്കലഉം അടിമാച്ചിലും[16]
മാച്ചിലും കൊണ്ടയങ്ങ് ചെല്ലുന്നെരം
നെല്ലൊളിയടത്തിലെ മാക്കത്തിന്
മാക്കത്തിന കണ്ണാ കണ്ടെരത്ത
പറമ്പിക്കുറുക്കാട്ടിരുത്തി പെണ്ണ്
ചാണൊക്കലവുമടിമാച്ചിലും
വയ്യൊട്ട[17]തന്നെയൊള് ചാടൂഞ്ചീത്
പറമ്പിക്കുറുക്കാട്ടെപ്പെററമ്മെൻെറ
അരിയത്ത് പറഞ്ഞൊണ്ടും ചെല്ലുന്നല്ലെ
പറമ്പിക്കുറുക്കാട്ടെ പെറെറാരമ്മെ
എല്ലാനും കെക്ക്ന്നുദിക്കുന്നത്
ഇന്നമ്മളെ പടിപ്പൊരെലുദിച്ചിനമ്മെ
അത്തുരം കെട്ടുള്ള പെറെറാരമ്മ
പടിപ്പൊരയിച്ചെന്നിററ നൊക്കും നെരം
നെല്ലൊളിയിടത്തിലെ മാക്കത്തിന
കണ്ണാലെ കണ്ടിനപ്പെറെറാരമ്മ
മാക്കത്തിനക്കണ്ടിററ കാണാളമ്മം
കയ്യെ പിടിച്ചി കൂട്ടിക്കൊണ്ടും പൊന്ന്
പറമ്പിക്കുറുക്കാട്ടെ കുഞ്ഞിയാമറ
കുഞ്ഞനക്കണ്ണാലെ കണ്ടെരത്ത്

ചൊതിക്ക്ന്നൊാമനക്കുഞ്ഞ്യാമറ്
നെല്ലോളിയിടത്തിലെ കുഞ്ഞിമ്മാക്കെ
എന്ത മുതലായിപ്പൊന്ന മാക്കെ
അത്തുരം കെട്ടുള്ള കുഞ്ഞിമ്മാക്കം
പറയുന്നുണ്ടന്നെരം കുഞ്ഞിമ്മാക്കം
പറമ്പിക്കുറുക്കാട്ടങ്ങെൻേറ ബന്തു
ഒമനപ്പൂക്കൊാട്ടെക്കുഞ്ഞിക്കണ്ണൻ
കണ്ണമ്മൊതലായിററാനെ[18] ബന്തു
നെല്ലൊാളിയെടത്തില് നിന്നും കൂട
എന്നയിന്നനിങ്ങക്ക വെണ്ടീക്കില്[19]
ഇന്നപുടമുറിച്ചി കൊണ്ട വരണം
അത്തുരം കെട്ടുള്ള കുഞ്ഞിയാമറ്
മുപ്പത്തരണ്ടിനും പതിനാറിനും
നാല്പാതി നല്ല പൊടയെടുത്ത്
നെല്ലൊാളിയെടത്തിലെ മാക്കത്തിന
പൊടമുറിച്ചന്ന തന്നെ കൊണ്ടും പൊന്ന
പറമ്പിക്കുറുക്കാട്ടിക്കൊണ്ടും പൊന്ന്
അങ്ങനെയവിടയാടപ്പാറ്ക്ക്മ്മം
ഓമനപ്പൂക്കൊാട്ടെ കുഞ്ഞിക്കണ്ണൻ
ബറത്താനം കെട്ടിനൊങ്കുഞ്ഞിക്കണ്ണൻ
കണ്ണൻ ബറത്താനം കെട്ടെരത്ത്
അറുപത്തനാല പണ എടുത്ത്
മൂയ്യൊാട്ട ചങ്കരൻേറ ഇല്ലത്താന്
പൊരുന്നുണ്ടൊാമനക്കുഞ്ഞിക്കണ്ണൻ
ഇല്ലത്ത തന്നെയത് ചെല്ലൂഞ്ചീത്
പറയുന്നുണ്ടൊാമനക്കുഞ്ഞിക്കണ്ണൻ
മൂയിയൊാട്ടൊാമനക്കുഞ്ഞിയങ്കര
പറമ്പിക്കുറുക്കാട്ടെക്കുഞ്ഞ്യാമറ്
നാമറക്കുറിച്ചി മരന്ന വെക്കണം[20]
കുരുതികുറുക്കീററ കൊല്ല്വാവെണം
ഒമനപ്പൂക്കൊാട്ടെ കുഞ്ഞിക്കണ്ണൻ
അത്തുരം വാക്ക് പറയൂഞ്ചീത്
മൂയിയൊാട്ടൊാമനച്ചങ്കരന്
അറ്പത്ത്നാല് പണം കൊടുത്ത്
കണ്ണമ്മടങ്ങീററും പൊനൊണ്ടല്ലെ
മൂയിയൊാട്ടൊാമന കുഞ്ഞ്യങ്കരൻ
ഏയി കെടാരം[21] കുരുതികുറുക്കി
നാമറ കുറിച്ചി മരന്നും ബെച്ചി
പറമ്പിക്കുറുക്കാട്ടെ നാമറ്ക്ക്
നാമറ്ക്ക് പാരം ബരത്തം തന്നെ
ബറത്താനം കെട്ടിനക്കുഞ്ഞിമ്മാക്കം

നായിക്കനായിപ്പണം എടുത്ത്
മൂയിയൊട്ടൊമനച്ചങ്കരൻെറ
ഇല്ലത്തിത്തന്നെയെല്ലെ ചെല്ലുന്നത്
പറയുന്നുണ്ടൊമനക്കുഞ്ഞിമ്മാക്കം
മൂയിയൊട്ടൊമന കുഞ്ഞിയങ്കര
പറമ്പിക്കുറുക്കാട്ടങ്ങെൻെറബന്തു
ബന്തൂനക്കുറിച്ചി നീ മരന്ന വെച്ചിററ്
ബന്തൂന പാരം ബരത്തം തന്നെ
കുരുസി മറിക്കണം കുഞ്ഞിയങ്കര
മരന്ന എടുക്കണം കുഞ്ഞിയങ്കര
അത്തുരം വാക്ക് പറയൂഞ്ചീത്
കുരുസി മറിപ്പിച്ചി കുഞ്ഞിമ്മാക്കം
മരന്നു എടുപ്പിച്ചി കുഞ്ഞിമ്മാക്കം
നായിക്ക്നായിപ്പണം കൊടുത്ത്
പറയുന്നുണ്ടൊമന കുഞ്ഞിമ്മാക്കം
മൂയിയൊട്ടൊമന കുഞ്ഞിയങ്കര
ഒമനപ്പൂക്കൊട്ടെ കണ്ണനയാന്
കണ്ണനക്കുറിച്ചി മരന്നവെക്കണം
കുരുതികുറുക്കീററ കൊല്ലവെണം
അത്തുരം വാക്ക് പറയൂഞ്ചീത്
നെല്ലൊളിയെടത്തിലെ കുഞ്ഞിമ്മാക്കം
പറമ്പിക്കുറുക്കാട്ട ചെല്ലുന്നല്ലെ
പറമ്പിക്കുറുക്കാട്ട് ചെല്ലുന്നെരം
പറമ്പിക്കുറുക്കാട്ടെ കുഞ്ഞ്യാമറ്
നാമറവിട മരിച്ചിക്കിന്
അത്തുരം കണ്ടുള്ള കുഞ്ഞിമ്മാക്കം
പറമ്പിക്കുറുക്കാട്ടെ കുഞ്ഞ്യാമറെ
നാമറെ വയരത് കീറിപ്പിച്ചി
കസ്തൂരിയും കർപ്പൂരം നറപ്പിക്ക്ന്ന്
പെട്ടിയിലിട്ടാട വെപ്പിച്ചൊള്
ചാളും പൊലയും കയിഞ്ഞെരത്ത്
കട്ടത്താനം[22] വാങ്ങീററ് പൊരുആനായി
പറയുന്നുണ്ടന്നെരം കുഞ്ഞിമ്മാക്കം
പറമ്പിക്കുറുക്കാട്ടെ കുഞ്ഞിക്കെളു
കട്ടത്താനം തന്നെന്നയയക്കുന്നെങ്കിൽ
പറമ്പിക്കുറുക്കാട്ടിൻെറട്ടൻെറയൊ
പാലക്കായിക്കട്ടാരം തരെണ്ണെനക്ക്
അത്തുരം കെട്ടുള്ള കുഞ്ഞിക്കെളു
പാലക്കായിക്കട്ടാരം കൊടുത്തവക്ക്
പാലക്കായിക്കട്ടാരം കടയിച്ചൊള്
കട്ടാരം കടയിച്ചും കൊണ്ടവെച്ചി

അങ്ങനെ അവിടെ ഇരിക്കുന്നെരം
ഒമനപ്പൂക്കൊട്ടെ കുഞ്ഞിക്കണ്ണൻ
നെല്ലൊളിയെടത്തിലും ചെല്ലുന്നല്ലെ
നെല്ലൊളിയെടത്തിലും ചെല്ലൂഞ്ചീത്
പറയുന്നുണ്ടൊമന കുഞ്ഞിക്കണ്ണൻ
നെല്ലൊളിയെടത്തിലെ കുഞ്ഞിമ്മാക്കെ
അന്തിയൊറക്കിന ഞാം ബരട്ടെ
ആമെന്നനുവാദം മൂളിയൊള്
ഒമനപ്പൂക്കൊട്ട കുഞ്ഞിക്കണ്ണൻ
നെരമൊട്ടന്തിമൊന്തിയായെരത്ത്
അന്തിയൊറക്കിനല്ലെ പൊഅ്ന്നത്
അന്തിയൊറക്കിന ചെല്ലൂഞ്ചീത്
പടിഞ്ഞാററകത്ത് കടന്ന കണ്ണൻ
പടിഞ്ഞാററാമ്പൊഞ്ചൂരക്കട്ടുമ്മല്
കട്ടുമ്മലാടക്കിടന്ന കണ്ണ
നെല്ലൊളിയെടത്തിലെ കുഞ്ഞിമ്മാക്കം
പറയുന്നുണ്ടൊമന കുഞ്ഞിമ്മാക്കം
ഒമനപ്പൂക്കൊട്ടെ കുഞ്ഞിക്കണ്ണ
എൻെറ കയിയും മെയിയും തൊടററ്[23]
ബന്തുമരിച്ചുള്ള ചാവെനക്ക്
ബന്തുമരിച്ച പൊല തീരുവാൻ
നാല്പത് ദിവസഉണ്ട കുഞ്ഞിക്കണ്ണ
ഒമനപ്പൂക്കൊട്ടെ കുഞ്ഞിക്കണ്ണൻ
അവിടക്കിടന്നിററുറങ്ങിയൊനൊ
കണ്ണനൊറക്കത് പറെറ്യരത്ത്[24]
നെല്ലൊളിയെടത്തിലെ കുഞ്ഞിമ്മാക്കം
പാലക്കായിക്കട്ടാരെടുക്കൂഞ്ചീത്
കണ്ണനകുത്തിയൊള് കൊന്നൊണ്ടല്ലെ
കണ്ണനക്കുത്തീററ കൊല്ലൂഞ്ചീത്
പെരുവഴിക്ക കൊണ്ടയിടിയിച്ചൊളൊ
പിററന്നാപ്പുല്ല പുലന്നൊണ്ടാരെ
ഒമനപ്പൂക്കൊട്ടെ നായിമ്മാറ്
ഓമനപ്പൂക്കൊട്ടെ കണ്ണൻെറയൊ
കണ്ണൻെറ ചവ എടുത്തുകൊണ്ടുംപോയി
തടിക്കൂട്ടീറെറാനയത ചുട്ടവറ്
പറമ്പിക്കുറുക്കാട്ടെ കുഞ്ഞ്യാമറ
നാമറയും അന്നതന്നെ ചുട്ടൊണ്ടല്ലെ

1. തൊഴാനും
2. വിഷമമില്ല

3. കുഞ്ഞിക്കണ്ണൻ
4. കണ്ട നേരത്ത്
5. പോകുന്നത്
6. അസ്വാസ്ഥ്യം
7. വഴങ്ങുക
8. കുശലാന്വേഷണം നടത്തി
9. ചങ്ങാതിച്ചി
10. കിടക്കുന്നു + അവൻ
11. ഊവം വഴങ്ങുക വേണം
12. കിടക്ക ഏറീട്ട് ഇരുന്നു
13. വൈകാറുണ്ടോ
14. ഏറെ നാളായി
15. നന്നായി
16 ചാണകക്കലവും ചൂലും
17. പിന്നോക്കം
18. കണ്ണൻ മൂലം (കണ്ണന്റെ ശല്യംകൊണ്ട്)
19. എന്നെ ഇന്ന് നിങ്ങൾക്ക് വേണമെങ്കിൽ
20. നാമർക്കെതിരെ ആഭിചാരം ചെയ്യണം
21. ഏഴു കിടാരം
22. കട്ടിൽ സ്ഥാനം 'Property given by a Nayar to wife and children. (ഗുണ്ടർട്ട് 195:1982)
23. തൊടരുത്
24. പററിയ നേരത്ത്

# എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻെറ പാട്ട്

എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
ചൊതിക്ക്ന്നൊമന കുഞ്ഞിക്കണ്ണൻ
എടൊട്ടും പൂങ്കാവിപ്പെററൊരമ്മെ
കഞ്ഞീട്[1] വെച്ചെടുത്തുണ്ടൊ അമ്മെ
ഉടനെ പറയിന്ന പെററൊരമ്മ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണ
കഞ്ഞീട വെച്ചെടുത്തില്ല കണ്ണ
പയിക്കമ്മം പയിക്കമ്മം ബെയിക്കുവാനും
വെയിക്കിമ്മിനക്ക നെയി കൂട്ട്വാനും
എന്ത് വകയെൻെറ കുഞ്ഞിക്കണ്ണ
ഉടനെ പറയിന്ന് കുഞ്ഞിക്കണ്ണൻ
ഞാനെന്ത വെണ്ട്വെൻെറ പെററൊരമ്മെ
അത്തുരം കെട്ടുള്ള പെററൊരമ്മ
പറയുന്നുണ്ടന്നെരം പെററൊരമ്മ
കെട്ട തരിക്കണം കുഞ്ഞിക്കണ്ണ
പണ്ടിൻെറ കാരണമ്മാറ കാലം
പാമ്പൂരിക്കുന്നിന കാണയിട്ടിന്
പതിനായിരം പണം കാണമിട്ടിന്
കാരണൊമ്മാറ മരിച്ചെപ്പിന്ന
പാമ്പൂരി കുന്നുമ്മക്കെളന്തീയൻ
തീയനടക്കിയല്ലെ തിന്നുന്നത്
ഇത്തിര നെരളം കുഞ്ഞിക്കണ്ണ
പണത്താലരവീശം[2] തന്നില്ലെലൊ
നെല്ലാലൊരു കുരു തന്നില്ലെലൊ
നിനിക്കെന്ത് പൊഅറൊ[3] കുഞ്ഞിക്കണ്ണ
അത്തുരം വാക്കെട്ട കുഞ്ഞിക്കണ്ണൻ
എടവും പലഉള്ള[4] ചങ്ങാതിയെള

ഇരിപത്ത് രണ്ടഞ്ഞം ചങ്ങാതിയെള
കടുമ്മയിലിങ്ങ വിളിച്ചി കണ്ണൻ
തൻെറ ഇടത്തതും വലത്തതുമായി
പൂ ആമ്പൊറപ്പാടൊരുമപ്പാട്
പറയുന്നുണ്ടന്നെരം പെററൊരമ്മ
കഞ്ഞി കുടിച്ചിററും പൊട കണ്ണ
അത്തുരം കെട്ടുള്ള കുഞ്ഞിക്കണ്ണൻ
ഉടനെ പറയിന്നക്കുഞ്ഞിക്കണ്ണൻ
എടൊട്ടും പൂങ്കാവിപ്പെററൊരമ്മെ
നീ വെച്ചെ കഞ്ഞി കുടിക്കണ്ടീക്കി
പാമ്പൂരിക്കുന്നിന് ഞാമ്പൊയി വരട്ടെ
അത്തുരം വാക്ക പറയൂഞ്ചീത്
എടൊട്ടും പൂങ്കാവിക്കണ്ണനു എ
ഇരിപത്തരണ്ടെഞ്ഞം നായിമ്മാറും
അന്നടത്താലെ നടന്നവറ്
പാമ്പൂരിക്കുന്നിന് ചെല്ലുന്നല്ലെ
പാമ്പൂരിക്കുന്നിന് ചെല്ലുന്നെരം
പാമ്പൂരിക്കുന്നുമ്മക്കുഞ്ഞിമ്മാത
തെരാലിപ്പയീനയും കന്നിനയും
ആലയിക്കെട്ടിക്കറക്ക്ന്നൊള്
ചൊതിക്കന്നന്നെരം കുഞ്ഞിക്കണ്ണൻ
പാമ്പൂരിക്കുന്നുമ്മല് മാതപ്പെണ്ണെ
പാമ്പൂരികുന്നുമ്മക്കെളന്തീയൻ
തീയനെവിടത്താമ്പൊയി പെണ്ണെ
ഉടനെ പറയിന്ന കുഞ്ഞിമ്മാത
എടൊട്ടും പൂങ്കാവിക്കുഞ്ഞടിയത്തെ
പാമ്പൂരിക്കുന്നമ്മത്തീയനാന്
അക്കരക്കൊളഎമ്മം കണ്ടത്തില്
ചൊളം വിളയുന്ന കണ്ടത്തില്
കണ്ട ഉയീക്കയും പാളിക്കയും
ഇന്നെക്കൊരെയി തിവസമായി
കഞ്ഞിയും ചൊറും വരമ്പത്ത്ന്ന്
ഇന്നെത്തയിലുച്ച തിരിയുന്നെരം
പാളിപ്പൊലിച്ചിററെല്ലാഅ്ന്നത് [5]
തീയനിവിടപ്പരുഎവൊളി [6]
അത്തുരം കെട്ടുള്ള കഞ്ഞിക്കണ്ണൻ
പറയിന്നിണ്ടൊമനക്കുഞ്ഞിക്കണ്ണൻ
ഇരിപത്തരണ്ടെഞ്ഞം ചങ്ങായ്യെളെ
പാട മരിയാതി കാണിക്കണം
അത്തുരം വാക്കെട്ട നായിമ്മാറ്
കണ്ടലും[7] കരിക്കും പറിച്ചവറ്

കെരട്ടിലും പച്ച കലക്ക്ന്നൊറ്
കെരട്ടിൻെറ പാളം പറിച്ചവറ്
എടൊട്ടും പൂങ്കാവി കുഞ്ഞിക്കണ്ണൻ
കിളിയൊല വാരാതെളന്തയ്യിമ്മന്ന്
പച്ചൊലത്തുച്ച മുറിച്ച കണ്ണൻ
നടുമിററത്തിട്ടാടയിരുന്ന് കണ്ണൻ
നെരമൊട്ടുച്ച തിരിയുന്നെരം
പാമ്പൂരികുന്നമ്മക്കെളനുആന്
നൂറല്ല നൂറെറാന്ന തീയറു ആന്
നൂറല്ല നൂറെറാന്ന തീയത്ത്യെളും
നൂറെറാന്നെറ് കാലിക്കൂട്ടിക്കെട്ടൂഞ്ചീത്
പാളിപ്പൊലിച്ചിററവറും ബന്ന്
പാമ്പൂരിക്കുന്നുമ്മക്കെളന്തീയൻ
പടികയരിപ്പടി നീരുന്നെരം
വെള്ളിത്തരിയിട്ടൊരൊലക്കൊട
തീയൻെറ തലയിന്നും ബീണപൊയി
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
കണ്ണാലെ കണ്ടിനക്കുഞ്ഞിക്കണ്ണൻ
പാമ്പൂരിക്കുന്നുമ്മക്കെളനയാന്
പരയും പരച്ചി പരക്കാത്താക്കി[8]
പറയിന്ന്ണ്ടൊമനക്കുഞ്ഞിക്കണ്ണൻ
പാമ്പൂരിക്കുന്നുമ്മക്കെളന്തീയ
എൻറുടെ പാട് പറഞ്ഞൊായിച്ചി[9]
പരയും കടന്നാററം[10] പൊയെങ്കില്
എൻെറ ഉറുമ്മിക്കെരയാക്കുവൻ
അത്തുരം കെട്ടുള്ള കെളന്തീയൻ
കൊടയു ഇട്ടാടയിര്ന്ന് തീയൻ
കയ്യും കണക്കു ഒക്കെണ്ടവറ്
പറയുന്നുണ്ടൊമനക്കെളന്തീയൻ
പതിനായിരം പണം കാണമിട്ടതും
പതിനായിരം നെല്ല കാണമിട്ടതും
അടുത്ത മകരത്തിക്കുഞ്ഞിയടിയത്തെ
നിങ്ങളെ പൂങ്കാവിക്കെട്ടിക്കുവൻ
കണക്കൊല എഅ്തി കൊട്ത്ത് തീയൻ
എടൊട്ടും പൂങ്കാവിക്കണ്ണനു ആന്
ഇരിപത്തരണ്ടെണ്ണം നായിമ്മാറും
പാട് പിരിച്ചിററും പൊരുന്നൊല്
എടൊട്ടും പൂങ്കാവിപ്പന്നവറ്[11]
കണ്ണാലെ കണ്ടിന പെറെറാരമ്മ
പറയിന്നുണ്ടൊമന പെറെറാരമ്മ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണ

കുളിച്ചിററ കഞ്ഞി കുടിക്ക കണ്ണ
ഉടനെ പറയിന്ന കുഞ്ഞിക്കണ്ണൻ
എടൊട്ടും പൂങ്കാവിപ്പെറെറാരമ്മെ
ഇരിപത്ത രണ്ടെടണ്ണം ചങ്ങാതിക്ക്
ആള്ക്ക് മൂന്നായിച്ചരിയളക്ക്
അത്തുരം കെട്ടുള്ള പെറെറാരമ്മെയൊ
ആള്ക്ക് മുന്നായിച്ചരിയളന്ന്
അയപ്പിച്ചിററെല്ലാരും[12] പൊരുന്നെരം
പറയുന്നുണ്ടൊമനക്കുഞ്ഞിക്കണ്ണൻ
എൻെറ പുതക്കാറ് ചങ്ങാതിയെളെ
എൻെറ ചവത്തിനൊടയതാനെ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
കുളിച്ചിററ കഞ്ഞി കുടിച്ചി കണ്ണൻ
പായും കയിയും സൊകം വരുത്തി
ഒരി തീനാൽ വെത്തില തീനും തിന്ന്
തൻെറ എടത്തതും വലത്തതുആയി
കൊടമലത്തെണ്ടെക്ക പൊൻന്നല്ലെ
ചൊതിക്ക്ന്നന്നെരം പെറെറാരമ്മ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണ
എവിടപ്പൊറപ്പാട് കുഞ്ഞിക്കണ്ണ
പറയിന്നിണ്ടന്നെരം കുഞ്ഞിക്കണ്ണൻ
എടൊട്ടും പൂങ്കാവിപ്പെറെറാരമ്മെ
കൊടമലത്തെണ്ടെക്ക് പൊന്ന ഞാനൊ
ഉടനെ പറയിന്ന പെറെറാരമ്മ
എടൊട്ടും പൂങ്കാവി കുഞ്ഞിക്കണ്ണ
പാമ്പൂരിക്കുന്നിന് നീ പൊയിററ്
പാട പറഞ്ഞതും കളവ കണ്ണ
അത്തുരം കെട്ടുള്ള കുഞ്ഞിക്കണ്ണൻ
പറയുന്നുണ്ടൊമനക്കുഞ്ഞിക്കണ്ണൻ
എടൊട്ടും പൂങ്കാവിപ്പെറെറാരമ്മെ
പതിനായിരം പണം കാണമിട്ടതും
പതിനായിരം നെല്ല കാണമിട്ടതും
അടുത്ത മകരത്തിലാനെൻെറമ്മെ
നമ്മളെ പൂങ്കാവിക്കെട്ടി വരും
അത്തുരം വാക്ക് പറയുഞ്ചീത്
അന്നടത്താലെ നടന്ന് കണ്ണൻ
കണ്ണങ്കുടമലച്ചെല്ലുന്നല്ലെ
കൊടമലത്തെണ്ടല് തെണ്ടി കണ്ണൻ
അവിട കുറഞ്ഞൊന്നും പാറ്ത്താരെ
തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങള്
തമ്മടൊഞ്ചാത്തുവുന്തയിരപ്പനും

കക്കാടമ്മാറെ കളരിക്കന്ന്
കച്ചില ചിററിപ്പൊയിതൊണ്ടിററും
അന്തള് നുമ്പും മറിഞ്ഞൊണ്ടിററും
തണ്ണിക്ക താകം പെരുതായിററ്
പാമ്പൂരിക്കുന്നുമ്മച്ചെല്ലുന്നൊറ്
പാമ്പൂരിക്കുന്നുമ്മച്ചെല്ലുന്നെരം
പാമ്പൂരിക്കുന്നമ്മക്കെളന്തീയൻ
പാക്കഞ്ഞി കുടിക്ക്ന്ന് കെളന്തീയൻ
പറയുന്നുണ്ടന്നെരം കുഞ്ഞങ്ങള്
പാമ്പൂരിക്കുന്നുമ്മക്കെളന്തീയ
തണ്ണിക്ക താകം പെരുത് ഞാക്ക്[14]
ചെത്ത കരിക്കൊന്നതാൽതീയ
അത്തുരം കെട്ടുള്ള കെളന്തീയൻ
കഞ്ഞിത്താനത്തിന്നെയിയിററിററ്[15]
പായും കയിയും സൊകംബർത്തി
തളയുഅച്ചെന്നിററെടുത്ത തീയൻ
തെങ്ങുമ്മച്ചെന്ന കയരുന്നെരം
കണ്ണാലെ കണ്ടിന കുഞ്ഞങ്ങള്
കിളിയൊല വാരാതെളന്തയീമ്മന്ന്
പച്ചൊലത്തുച്ചം മുറിച്ചതാനെ
ചൊതിക്ക്ന്നന്നെരം കുഞ്ഞങ്ങള്
പാമ്പൂരിക്കുന്നമ്മക്കെളന്തീയ
കിളിയൊല വാരാതെളന്തയീമ്മന്ന്
പച്ചൊലത്തുച്ചം മുറിച്ചതാരി
പറയുന്നുണ്ടന്നെരം കെളന്തീയൻ
കെട്ടതരിക്കണം കുഞ്ഞുങ്ങളെ
പൂങ്കാവിക്കണ്ണൻെറ പാടും വന്ന്
പച്ചൊലത്തുച്ചം മുറിച്ചും പൊയി
ഉടനെ പറയിന്നക്കുഞ്ഞങ്ങള്
പാമ്പൂരിക്കുന്നമ്മക്കെളന്തീയ
നീയൊട്ടെളന്നിമ്പറിക്കെണ്ടെടൊ
തെങ്ങ്മ്മന്നും ബെകം കീഞ്ഞിബൽ[16]
അത്തുരം കെട്ടുള്ള തീയനാന്
തെങ്ങുമ്മന്നും ബെകം കീട്ടി തീയൻ
തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങള്
എറുന്ന കൊള്ള്മ്മ[17]പ്പാഞ്ഞികാരി
പട വിളി മൂന് വിളിവിളിച്ചി
പതിന്നായിരന്നായര് പാഞ്ഞെത്ത്ന്ന്
ഇരിപത്ത്രണ്ട് മള എടുത്ത്
മുട്ടിത്തളിഞ്ഞാററിത്തള്ളക്കിട്ട്[18]
പതിനായിരം നല്ല നായിമ്മാറും

ഇരിപത്ത രണ്ട മഉക്കാറുഏ
തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങളും
പാമ്പൂരികുന്നുമ്മക്കെളനുഎ
അന്നടത്താലെ നടക്ക്ന്നൊറ്
എടൊട്ടും പൂങ്കാവിക്കണ്ണൻെറയൊ
പതിനെട്ട കണ്ടിപ്പറമ്പുള്ളത്
കട്ടിലിട്ടെറുന്ന തെങ്ങുന്തല
പീട ഇട്ടെറി മുറിച്ചവറ്
പതിനെയി കണ്ടീന്നും മുറിച്ചവറ്
എടൊട്ടും പൂങ്കാവിക്കാർന്നൊറ്
തെങ്ങൊക്കത്തന്നെ മുറിക്ക്ന്നൊറ്
എടൊട്ടും പൂങ്കാവിച്ചിരുതയി കുഞ്ഞൻ
പറയിന്നുണ്ടൊമനച്ചിരുതയി കുഞ്ഞൻ
തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങളെ
പൂങ്കാവിക്കണ്ണനെൻറാങ്ങളയാന്
പാമ്പൂരിക്കുന്നുമ്മപ്പാട പൊയിററ്
കിളിയൊല വാരാതെ ഇളന്തയീമ്മന്ന്
പച്ചൊലത്തുച്ചം മുറിച്ചതിന്
പതിനെട്ട കണ്ടിപ്പറമ്പുള്ളത്
കട്ടിലിട്ടെറുന്ന തെങ്ങുന്തല
പീട ഇട്ടെറി മുറിച്ചിങ്ങള്
പതിനെയികണ്ടി മുറിച്ചിങ്ങള്
ഇക്കണ്ടി തെങ്ങ് മുറിക്കല്ലെക്കീൻ
ഞാനു എൻറമ്മയും ചാഅ്ന്നെരം
കരിക്ക് പറിച്ചിററും ബെള്ളം വെണം
ബെലക്ക്യെത കെട്ടില്ല നായിമ്മാറ്
എടൊട്ടും പൂങ്കാവിച്ചിരുതയി കുഞ്ഞൻ
കുഞ്ഞനല്ലെ തററിങ്ങുടുക്ക്ന്നത്
നടയിത്തുടവങ്കരിന്തെങ്ങാന്
ഒപ്പടങ്ങെ പൊത്തിപ്പിടിച്ചി കുഞ്ഞൻ
ബിളിച്ചി പറയിന്ന് ചിരുതയി കുഞ്ഞൻ
തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങളെ
പൂങ്കാവിക്കണ്ണനെൻറാങ്ങളയാന്
പച്ചൊലത്തുച്ചം മുറിച്ചതിന്
പതിനെട്ട കണ്ടി മുറിച്ചിങ്ങള്
ഇത്തെങ്ങ നിങ്ങള് മുറിക്കല്ലെക്കീൻ
ഞാനു എൻറമ്മയും ചാഅ്ന്നെരം
കരിക്ക പറിച്ചിററ ബെള്ളം ബെണം
ആങ്ങള കുററം ചെയ്തിനെങ്കി
ആങ്ങളയൊടുത്തരം ചൊതിച്ചൊളീൻ
ഇത്തെങ്ങ നിങ്ങളെ മുറിക്കല്ലെക്കീൻ

തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങള്
പറയുന്നുണ്ടന്നെരം കുഞ്ഞങ്ങള്
കെട്ട തരിക്കണഞ്ചിരുതയി കുഞ്ഞ
തെങ്ങും പിടിയിന്നെളക്കീല്ലെങ്കി
തെങ്ങൊട കൂട്ടിത്തറക്കുഞ്ഞാള്
അത്തുരം കെട്ട ചിരുതയി കുഞ്ഞൻ
തെങ്ങും പിടിയിന്നെളക്കൂഞ്ചീത്
തൻെറ പടിഞ്ഞാററയിക്കട്ടുമ്മല്
കുമ്പിട്ട് ബീണിററയ്യിയം ബിളി
ബിളിച്ചി പറയിന്ന ചിരുതയി കുഞ്ഞൻ
തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങളെ
നിങ്ങക്കൂല്ലമ്മയും പെങ്ങമ്മാറും
പൊരയിലിട്ട് ഞാളച്ചുട്ട്വെക്കറ്
അത്തുരം കെട്ടുള്ള നായിമ്മാറ്
കൂട്ടളം താത്തകൂട്ടിപ്പൊരുന്നൊറ്
തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങള്
പറയിന്ന്ണ്ടൊമന കുഞ്ഞങ്ങള്
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
കൊടമലത്തെണ്ടെക്ക് പൊയിക്കിന്
കണ്ണനൊ കീഅയിക്കീയുന്നെരം
നമ്മക്ക് നാട്ടില് നെലയില്ലെലൊ
നാടകടന്നെങ്ങാമ്പൊണമ്മള്
കണ്ണനച്ചതിച്ചി പെണയുഅ വെണം
തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങള്
പതിനായിരം നായരെ കൂട്ടത്തിന്ന്
തൻെറ പുതക്കാറ് മെനിക്കാറ്
ഇരിപത്തരണ്ടിനത്തിരിഞ്ഞെടുത്ത്
ചെയിച്ചിററുള്ളൊരി നായിമ്മാറ്
കടുമ്മയിലൊല[18]പ്പറഞ്ഞയച്ചി
തമ്മടൊം ചാത്തളം തയിരപ്പനും
ഇരിപത്തരണ്ടെണ്ണം നായിമ്മാറും
പാമ്പൂരിക്കുന്നുമ്മക്കെളനുഏ
കണ്ണനപ്പിണയുവാനും പൊരുന്നൊല്
അന്നടത്താലെ നടക്കുന്നൊറ്
കല്ലവളപ്പിലും പൊരുന്നൊല്
കണ്ണം ബരുന്ന വരവും നൊക്കി
കല്ല് വളപ്പിലെ കണ്ടത്തില്
കണ്ടത്തി പൊയി പതിയൊറച്ചി
അങ്ങനെ കുറഞ്ഞൊന്നും പാറത്താറെ
എടൊട്ടും പൂങ്കാവി കുഞ്ഞിക്കണ്ണൻ
കൊടമലത്തെണ്ടല് തെണ്ടുംചീത്

കണ്ണനൊ കീഅയിക്കീഞ്ഞത്തിരെ
കല്ലവളപ്പിക്കയരി കണ്ണൻ
ചൊതിക്ക്ന്നൊമനക്കുഞ്ഞിക്കണ്ണൻ
കല്ലവളപ്പിലെ ചുത്തഉമ്മ
നന്നവിശക്കുന്നെനക്കെൻറുമ്മ
കുഞ്ഞിക്കലത്തപ്പം ചുട്ടിററുണ്ടൊ
പറയുന്നുണ്ടന്നെരം ചുത്ത ഉമ്മ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണ
കുഞ്ഞിക്കലത്തപ്പം ചുട്ടിററില്ല
ചൊതിക്ക്ന്നൊമന ചുത്തഉമ്മ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണ
എന്ത് കൊണ്ടപ്പം നീ തിന്ന്ന്നത്
ചൊതിക്ക്ന്നന്നെരം കുഞ്ഞിക്കണ്ണൻ
എന്താനെൻെറാമനച്ചുത്ത ഉമ്മ
പറയിന്ന്ണ്ടന്നെരം ചുത്ത ഉമ്മ
കെക്കണൊ എൻെറാമന കുഞ്ഞിക്കണ്ണ
പാമ്പൂരിക്കുന്നിന് പാട് പൊയിററ്
കിളിയൊല വാരാതെളന്തയീമ്മന്ന്
പച്ചൊലത്തുച്ചം മുറിച്ചതിന്
പതിനെട്ട കണ്ടിപ്പറമ്പുള്ളത്
കട്ടിലിട്ടെറുന്ന തെങ്ങും തല
തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങള്
പിട ഇട്ടെറി മുറിപ്പിച്ചൊള്
ഉടനെ പറയിന്ന് കുഞ്ഞിക്കണ്ണൻ
അതിന് മയക്കില്ല ചുത്തഉമ്മ
പാക്കിയം പിതി[20]യെനക്ക് കൂടിയെങ്കില്
എളന്തയിത്തെങ്ങ് ഞാം ബെപ്പിക്കുഅൻ
കല്ല്വളപ്പിലെ ചുത്തഉമ്മ
നന്ന വിശക്കുന്നെനക്കെൻറുമ്മ
അത്തുരം വാക്ക്കെട്ട ചുത്തഉമ്മ
പുത്തനുറിപൊയി കെട്ടയച്ചി
പുത്തവിലും ബെള്ളചക്കരയും
കണ്ണന്കൊണ്ടക്കൊട്ക്ക്ന്നല്ലെ
കണ്ടം മുണ്ടൊന്നിങ്ങെടുത്ത് കണ്ണൻ
കുത്ത് മടിയൊന്ന് വെച്ചി കണ്ണൻ
കുത്ത് മടിയിലും വാങ്ങിയിട്ട്
അയപ്പിച്ചൊണ്ടും കണ്ണമ്പൊരുന്നല്ലെ
വയിക്കൂളത്തിന്നൊണ്ടും[21] പൊര്ന്നല്ലെ
അങ്ങനെ നടന്നൊണ്ടും പൊരുന്നെരം
കണ്ണാലെ കണ്ടിന് കുഞ്ഞിക്കണ്ണൻ
ഇരിപത്ത് രണ്ടെണ്ണം നായിമ്മാറും

തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങളും
കണ്ടത്തിലാടപ്പതിയിട്ടിന്
അത്തുരം കണ്ടുള്ള കുഞ്ഞിക്കണ്ണൻ
പായിലവിലാടക്കാരൂഞ്ചീത്[22]
കയ്യിലെ ചക്കര ചാടികണ്ണൻ
കുത്ത് മടിയും കയിച്ചൂട്ന്ന്
തൻെറ ഇടത്തളും ബലത്തളുമായി
അങ്ങനെ നടന്നൊണ്ടും പൊരുന്നെരം
നടന്ന് നടന്നവനീടടുത്ത്
തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങളും
ഇരിപത്തരണ്ടെണ്ണം നായിമ്മാറും
കണ്ണനച്ചെന്ന് വളഞ്ഞവറ്
അത്തുരം കണ്ടുള്ള കുഞ്ഞിക്കണ്ണൻ
നെലെയിന്നൊരന്തം മറിഞ്ഞികണ്ണൻ
ഇരിപത്തരണ്ടെണ്ണം നായിമ്മാറ
നയപ്പത്തനാലകണ്ടം പൊക്കികണ്ണൻ
തമ്മടൊഞ്ചാലിലെ കുഞ്ഞങ്ങളും
പാമ്പൂരിക്കുന്ന്മ്മക്കെളനു ആന്
മട്ടല് തച്ചെള പറക്കും പൊലെ
പാറിപ്പറന്നിട്ടും പാഞ്ഞൂട്ടൊല്
പാമ്പുരിക്കുന്ന്മ്മക്കെളന്തീയൻ
അപ്പാച്ചാലാലെയൊമ്പാഞ്ഞൂട്ന്ന്
പാമ്പൂരി കുന്നുമ്മപ്പാഞ്ഞിചെന്ന്
വെള്ളിപ്പട്ടയിട്ട തൊക്കെടുത്ത്
തൊക്ക് ചിതത്തില് നറെച്ചെടുത്ത്
അപ്പാച്ചലാലെ തീയമ്പായുന്നല്ലെ
കണ്ണമ്പരുന്ന പെരുവയിക്ക
ഏറ്റന്നെ മരം കാരി[23] കൂടിതീയൻ
കണ്ണനും ബന്നിററിങ്ങീടടുത്ത്
കുറിമാനം ചെറ്ത്ത് വെടിവെച്ചി
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
നിന്ന നിലയില് മറിഞ്ഞും പൊയി
അങ്ങനെയവിട ഇരിക്കുന്നെരം
എടൊട്ടും പൂങ്കാവിച്ചിരുതയികുഞ്ഞൻ
വറ്ത്താനം കെട്ടിന ചിരുതയികുഞ്ഞൻ
കുഞ്ഞങ്കരയിന്നും വിളിക്ക്ന്നില്ല
കണ്ണൻെറ പുതക്കാറ് ചങ്ങാതിയെള
എട ഉം വലഉള്ള നായിമ്മാറ
കടുമ്മയിച്ചെന്ന് വിളിച്ചവള്
പറയിന്ന്ണ്ടൊമനച്ചിരുതയികുഞ്ഞൻ
കെട്ട തരിക്കണെന്നായിമ്മാറെ

വറ്ത്താനം കെട്ടൊ നിങ്ങള് നായിമ്മാറെ
പൂങ്കാവിക്കണ്ണനെൻറാങ്ങളെന
തമ്മടൊഞ്ചലിലെ കുഞ്ഞങ്ങള്
കല്ല് വളപ്പിലെ കണ്ടത്തിന്ന്
കണ്ടത്ത്ന്നാങ്ങളെന കൊന്ന് പൊലും
നിങ്ങളെ മനസ്സെന്നൊടുണ്ടെങ്കില്
ആങ്ങളെനെടുത്തീട കൊണ്ടുവരണം
പട്ടിട്ട പെട്ടി മൊകം തൊറന്ന്
എണയൊടെ കുന്നിയാലപ്പട്ടെടുത്ത്
നായിമ്മറെലല്ലെ കൊടുക്ക്ന്നത്
പറയിന്ന്ണ്ടൊമനച്ചിരുതയി കുഞ്ഞൻ
കെട്ട തരിക്കണം നായിമ്മാറ
കല്ല് വളപ്പിലെ കണ്ടത്തില്
നായിപൊലെൻറാങ്ങള വീണിനെങ്കി
പച്ചൊലയിക്കെട്ടിയങ്ങെടുത്തൊളീനെ
ഓനപ്പൊലെ നാലെണ്ണം വീണിനെങ്കി
പട്ടിട്ട് മൂടിയിങ്ങെടുത്തൊളീനെ
കടമ്മയിപ്പൊര്ന്ന് നായിമ്മാറ്
കല്ല് വളപ്പിലെ കണ്ടത്തില്
കണ്ടത്തിച്ചെന്നൊല് നൊക്ക്ന്നെരം
വെളക്കത്തിരി പൊലത്തെ കുഞ്ഞങ്ങള്
ഇരപത്ത്രണ്ടെണ്ണം വീണിക്കിന്
കണ്ണാലെ കണ്ടുള്ള നായിമ്മാറ്
പട്ടിട്ടുമൂടിയങ്ങെടുത്തവറ്
എടൊട്ടും പൂങ്കാവിക്കൊണ്ട്വന്ന്
പറയുന്നുണ്ടൊമനച്ചിരുതയി കുഞ്ഞൻ
പടിഞ്ഞാററയിക്കൊണ്ടക്കിടത്ത്യെക്കിനെ
പടിഞ്ഞാററക്കൊണ്ടക്കിടത്ത്ന്നൊല്
എടൊട്ടും പൂങ്കാവിച്ചിരുതയി കുഞ്ഞൻ
നീലക്കരിമ്പനെനെൻറാല എടുത്ത്
തൊളപ്പിച്ചൊല മുറിച്ചെഴുതി
ഊരാളിരാമൻ വൈത്തിയെറ്ക്ക്
വറത്താനം പൊലെ എഴുതിയൊല
നാലൊളം നല്ലൊരി നായിമ്മാറ
നായിമ്മാറയിങ്ങ് വിളിച്ചവള്
പറയുന്നുണ്ടൊമനച്ചിരുതയികുഞ്ഞൻ
കെട്ട് തരിക്കണ്ണെൻറാങ്ങളാറെ
നിങ്ങളെ മനസ്സെന്നൊടുണ്ടെങ്കില്
കടുമ്മയിലൊലയിങ്ങള് കൊണ്ട പൊഅണം
ഊരാളിയൊതയൊത്ത് കൊണ്ടപൊഅണം
ഊരാളി രാമൻ വയിത്ത്യെറെല്

വയിത്ത്യെറെക്കൊണ്ടക്കൊടുക്കുക വെണം
നായിമ്മാറെലൊല കൊടുത്ത് കുഞ്ഞൻ
ഓലയും കൊണ്ടോല് പൊരുന്നല്ലെ
ഊരാളിയൊതയൊത്ത് കൊണ്ടും ചെന്ന്
ഊരാളിരാമൻ വയിത്തിയെറ്
വയിത്ത്യെറെക്കൊണ്ടക്കൊടുക്ക്ന്നൊല
എടൊട്ടും പൂങ്കാവിച്ചിരുതയികുഞ്ഞൻ
പടിഞ്ഞാറെറലങ്ങ് കടന്നവള്
പൂങ്കാവിക്കണ്ണനൊളാങ്ങളെൻറ
തലയും എടുത്ത് മടിയില് വെച്ചി
കുഞ്ഞങ്കരയയും പറകയും
ഊയിവിതിപലം[24] പൊന്നാങ്ങളെ
എന്ന്യാരെലിട്ട്യെച്ചി പൊനാങ്ങള
നിൻെറ തലവിതി ചൊകയിത്
കണ്ണ്നൊഅ്അ്ന്ന് കണ്ണ് നീരും
എടൊട്ടും പൂങ്കാവിക്കണ്ണൻെറയൊ
കണ്ണൻെറ നല്ല തലയിലാന്
മുന്നായിക്കണ്ണ്നീര് വീണിക്കിന്
അങ്ങനെയാട ഇരിക്ക്ന്നെരം
ഊരാളി രാമൻ വയിത്ത്യെറ്
കടുമ്മയിലെത്തി വയിത്ത്യെറ്
പടിഞ്ഞാററ ചെന്നൊറ് നൊക്ക്ന്നല്ലെ
പറയിന്ന്ണ്ടൊമനച്ചിരുതയികുഞ്ഞൻ
ഊരാളി രാമൻ വയിത്ത്യെറെ
നിങ്ങളെ മനസ്സെന്നൊടുണ്ടെങ്കില്
പൂങ്കാവിക്കണ്ണനെൻറാങ്ങളന
ആങ്ങളെനക്കൊല്ലാതെ കൊള്ളുഅമ്പെണം
ഊരാളി രാമൻ വയിത്തിയെറ്
കൈനാടി ചെന്ന് പിടിച്ചവറ്
പറയുന്നുണ്ടൊമന വയിത്തിയെറ്
എടൊട്ടും പൂങ്കാവിച്ചിരുതയി കുഞ്ഞ
പിടിച്ചപൊലൊക്കയും നൊക്കാം കുഞ്ഞ
നിച്ചിയയെനക്ക പറഞ്ഞും കൂടാ
പാത്തീലിട്ടും താര[26] പൊരുഅവെണം
ഊരാളിയൊതയൊത്ത് കൊണ്ട് പൊഅണം
ഉടനെ പറഞ്ഞിചിരുതയികുഞ്ഞൻ
ഊരാളി രാമൻ വയിത്തിയെറെ
എയെട്ത്തിപ്പെപ്പീട[27] വെച്ചിററുണ്ട്
പാരിയയിക്കൂലയിച്ചൊളീനെ[28]
കൊരിയയിക്കൂലയിച്ചൊളീനെ[28]
പൊന്നിടിച്ചിങ്ങള് തൊള്ളിക്കൊളീം

ആങ്ങളെനക്കൊല്ലാതെ കൊള്ളുഅവെണം[30]
ഉടനെ പറഞ്ഞി വയിത്തിയെര്
ആങ്ങളെനക്കൊല്ലാതെ കൊള്ളണ്ടീക്കൽ
ഊരാളിച്ചിവെച്ചത് തിന്നുഅവെണം
ഊരാളിച്ചീന വെച്ചിരിക്കവെണം
ഉടനെ പറഞ്ഞി ചിരുതയികുഞ്ഞൻ
ഊരാളിച്ചി വെച്ചതൊന്തിന്നയില്ലല്ലെ
ഊരാളിച്ചീന ബെച്ചിരുന്നും കൊട്ട
ഊരാളിച്ചി കുഞ്ഞികുങ്കമ്മെന
കുങ്കമ്മെനൊന കൊടുത്ത്യെക്കീനെ
പറം കെട്ടി കണ്ണനെയെടുപ്പിക്ക്ന്ന്
ഊരാളിയൊതയൊത്ത കൊണ്ട് പൊഅ്ന്ന്
എടൊട്ടും പൂങ്കാവിച്ചിരുതയി കുഞ്ഞൻ
ചെറിയ കയിപ്പെട്ടിപ്പൊന്നെടുത്ത്
പയ്യെന്നെ[31] കുഞ്ഞനും പൊരുന്നല്ലെ 31
ഊരാളിയൊതയൊത്ത് ചെന്നവറ്
ഊരാളിരാമൻ വയിത്തിയെറ്
കാഞ്രപ്പാത്തിയെടുപ്പിക്ക്ന്ന്
തെക്കിനകത്ത് കൊണ്ട വെപ്പിക്ക്ന്ന്
കണ്ണനപ്പാത്തീക്കിടത്തിക്ക്ന്ന്
കണ്ണൻെറ മുറികെട്ടിത്താര കൊരി
എടൊട്ടും പൂങ്കാവിച്ചരുതയികുഞ്ഞൻ
ചെറിയ കയിപ്പെട്ടിപ്പൊന്നെടുത്ത്
പയിത്തിയെറ്ക്കല്ലെ കൊടുക്കുന്നത്
പറയുന്നുണ്ടൊമനച്ചിരുതയികുഞ്ഞൻ
ഊരാളിച്ച്യൊമന കുഞ്ഞ്യുങ്കമ്മെ
കെട്ട തരിക്കണം കുഞ്ഞ്യുങ്കമ്മെ
പൂങ്കാവിക്കണ്ണനെൻറാങ്ങളെന
ആങ്ങളെന കൊല്ലാതെകൊണ്ടൊളണം
വയിത്ത്യം വയിത്ത്യെര് ചെയ്യുന്നെരം
പാകയിന്ന് നിൻറയിക്കുഞ്ഞിയുങ്കമ്മെ
പറഞ്ഞൊക്കപ്പൊതം വരുത്തി കുഞ്ഞൻ
അയപ്പിച്ചൊണ്ടും വെകം പൊരുന്നല്ലെ
ഊരാളി രാമൻ വയിത്തിയെറ്
ഏറിയ വൈത്തിയം ചെയ്യുന്നൊറ്
അവിടക്കൊറഞ്ഞൊന്നും പാറ്ത്താരെ
കടത്തഅയിനാട് വാണ തമ്പുരാനൊ
ഊരാളി രാമൻ വയിത്ത്യെറ്ക്ക്
തിരുവെഴുത്തൊല എഴുതുന്നല്ലെ
കടുമ്മയിക്കൊയിലൊത്ത ചെല്ലുവാനൊ
നായിമ്മാറെലൊല കൊടുത്തയിച്ചി

കടുമ്മയിപ്പൊരുന്ന് നായിമ്മാറ്
ഊരാളിയൊതയൊത്ത് ചെല്ലുന്നല്ലെ
ഊരാളി രാമൻ വയിത്തിയെറ്ക്ക്
തിരുവെഴുത്തൊല കൊടുത്തത്തിരെ
തിരുവെഴുത്ത കണ്ട കാണാളമ്മം
തൊഴുത് തിരുവെഴുത്ത് വാങ്ങിയൊറ്
ഓലെലെ വായന നൊക്കുന്നൊറ്
പറയുന്നിണ്ടൊമന വയിത്തിയെറ്
കെട്ട തരിക്കണം നായിമ്മാറ
നിങ്ങള് കടുമ്മയിപ്പൊകെ വെണ്ടും
ഞാനൊ കടുമ്മയിലെത്തുന്നുണ്ട
അത്തുരം കെട്ടുള്ള നായിമ്മാറ്
കടുമ്മയിപ്പൊകുന്ന നായിമ്മാറ്
ഊരാളി രാമൻ വയിത്തിയെര്
പറയുന്നുണ്ടൊമന വയിത്തിയെര്
ഊരാളിച്ച്യോമനക്കുഞ്ഞ്യുങ്കമ്മെ
കെട്ട തരിക്കെൻെറ കുഞ്ഞ്യുങ്കമ്മെ
നമ്മളെ പിറവു നല്ല തമ്പുരാനൊ
എനക്ക തിരുവെഴ്‌ത്തെളതീക്കിന്
ഞാനൊ കടുമ്മയിച്ചെല്ല്വാനാനെ
ഞാനൊ കടുമ്മയിപ്പൊനുഞ്ഞനെ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
കണ്ണനത്തന്നെയല്ലാഅ്ന്നത്
അത്തായം ചൊറും ബെയിപ്പിച്ചിററ്
തെക്കിനം ബാതിലടച്ചിയെക്കണെ
നീയൊ പടിഞ്ഞാറെറക്കൂടിക്കൊളെ
ഒറക്കു ഒയിഞ്ഞിററ കൂടിക്കൊളെ
പിന്നെയും കെക്കെൻെറ കുഞ്ഞിയുങ്കമ്മെ
ഞാമ്പൊയിററീട വരുഓളവും
ചികിലിസ്സ നല്ലൊണം ചെയിതൊളണം
കണ്ണന നന്ന ചരയിച്ചൊളെ[32]
പറ്ഞ്ഞൊക്ക പൊതം വരുത്തിയൊറ്
കടുമ്മയിക്കഞ്ഞി കയിഞ്ഞവറ്
ചാത്തിരയും ചൊല്ലി നടന്നവറ്
വയിത്ത്യെറ് കടുമ്മയിപ്പൊരുന്നെരം
തമ്മടൊഞ്ചാലിലെക്കുഞ്ഞങ്ങള്
തമ്മടൊഞ്ചാലിലെ മാളിയെമ്മന്ന്
കണ്ണാലെ കണ്ടിനക്കുഞ്ഞങ്ങള്
ചെറിയ കയിപ്പെട്ടി പൊന്നെടുത്ത്
പൊന്നും കൊണ്ടല്ലെയൊറ പായിന്നത്
ഊരാളിരാമൻ വയിത്തിയെറ്

വയിത്ത്യെറച്ചെന്നും തടുത്തുവെച്ചി
പറയുന്നുണ്ടൊമനക്കുഞ്ഞങ്ങള്
ഊരാളി രാമൻ വയിത്തിയെറെ
എടയാന പൊന വയിത്തിയെറെ
ഞാളും ബളര കൊതിച്ചിക്കിന്
നിങ്ങള ഞാക്കിന്ന കാണുആനും
ചൊതിക്ക്ന്നൊമന വയിത്തിയെറ്
തമ്മടൊഞ്ചാലിലെക്കുഞ്ഞങ്ങളെ
പറഞ്ഞിററ് നിപ്പാനെടവുമില്ല
നമ്മളെ പിറവു നല്ല തമ്പുരാനൊ
എനക്ക തിരുവെഴുത്തെഉതീക്കിന്
ഞാനൊ കടുമ്മയിച്ചെല്ലുആനും
ഉടനെ പറയിന്ന കുഞ്ഞുങ്ങള്
ഊരാളി രാമൻ വയിത്തിയെറെ
ഞാളൊരി സങ്കടം പറയിന്നുണ്ടെ
ചെറിയ കയിപ്പെട്ടിപ്പൊന്നെടുത്ത്
വയിത്ത്യെറ്ക്കല്ലെ കൊടുക്കുന്നത്
ചൊതിക്ക്നന്നെരം വയിത്തിയെറ്
എന്താനെൻെറമനക്കുഞ്ഞങ്ങളെ
ഉടനെ പറഞ്ഞൊണ്ടക്കുഞ്ഞങ്ങളെ
ഊരാളി രാമൻ വയിത്തിയെറെ
നിങ്ങളെ മനസ്സിന്നതുണ്ടെങ്കില്
ഞാക്കിന്നാട്ടില് നിക്കായിനും
ഉടനെ പറഞ്ഞി വയിത്തിയെറ്
കെട്ട തരിക്കണം കുഞ്ഞങ്ങളെ
എടൊട്ടും പൂങ്കാവിക്കണ്ണനയാന്
ഞാനൊ ഒയിഞ്ഞെൻെറ കുഞ്ഞങ്ങളെ
ഞാനൊ ചികിലിസ്സ ചെയ്യാറില്ല
കണ്ണമ്മരിക്കാതിരിക്കവയില്ല
ഞാനൊ ചികിലിസ്സ മടക്കീക്കി
ഇപ്പ എന്നും പിന്നെയെന്നിരിക്ക്നല്ലെ
അത്തുരം ബാക്കൊറ കെക്കുന്നെരം
കനക്കത്തെളിഞ്ഞിന് കുഞ്ഞങ്ങക്ക്
പിന്നെയും പറഞ്ഞി പയിത്തിയെറ്
പറഞ്ഞിററ് നിക്കുവാനെടഉ ഇല്ല
നമ്മളെ പിറവു നല്ല തമ്പുരാനൊ
എനക്ക് തിരുവെഴുത്തെഴുതീക്കിന്
ഞാനൊ കടുമ്മയിച്ചെല്ലുആനും
ഞാനൊ കടുമ്മയിപ്പൊയി വരട്ടെ
ഞാമ്പൊയിററീട വരുമ്പളക്ക്
കണ്ണനൊ തന്നെ മരിച്ചില്ലെങ്കി

കണ്ണന ഞാനിന്ന കൊല്ല്ന്ന്ണ്ട്
സങ്കടം ബെണ്ടെൻറ കുഞ്ഞങ്ങളെ
അത്തുരം ബാക്കൊറ് കെക്കുന്നെരം
കനകത്തെളിഞ്ഞിന് കുഞ്ഞങ്ങക്ക്
ചാത്തിരയും ചൊല്ലി നടന്നവറ്
തമ്മിലിപ്പറഞ്ഞി പിരിഞ്ഞും പൊയി
നെരമൊട്ടന്തിമൊന്ത്യാളന്നെരം
ഊരാളിച്ച്യൊമന കുഞ്ഞിയുങ്കമ്മ
അന്തിവെളിച്ചവും വെച്ചവള്
എടൊട്ടും പൂങ്കാവിക്കണ്ണനാന്
കണ്ണന് മരന്നും കൊടുത്തവള്
അത്തായം ചൊറും വെയിപ്പിക്ക്ന്ന്
കണ്ണനത്തെക്കിനയിക്കൂട്ടിയൊള്
തെക്കിന ബാതിലും അടക്കുന്നല്ലെ
ഊരാളിച്ച്യൊമന കുഞ്ഞ്യൂങ്കമ്മ
കടുമ്മയിലത്തായം ചൊറുണ്ടു
പടിഞ്ഞാററടെച്ചൊള് പൂട്ടുന്നല്ലെ
അവിടക്കിടന്നിററുറങ്ങിയൊള്
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
തെക്കിനം ബാതില് തൊറന്ന് കുഞ്ഞൻ
ഊരാളി രാമൻ വയിത്തിയെറെ
ഉറുമ്മിയും പലിശയും എടുത്ത കണ്ണൻ
ബാതിലരക്കൊണ്ടും ചാരി കണ്ണൻ
അന്നടത്താലെ നടന്നവനൊ
തമ്മടൊഞ്ചാലിലും പൊരുന്നല്ലെ
പാത്ക്ക് വിളിക്ക്ന്ന് കുഞ്ഞിക്കണ്ണൻ
മറുവിളി കെട്ടൊണ്ടക്കുഞ്ഞങ്ങള്
ചൊതിക്ക്ന്നന്നെരം കുഞ്ഞങ്ങള്
നട്ട് നട്ടുള്ളൊരി പാതിരാക്ക്
ചാമുണ്ടി കെട്ടുന്ന പാതിരാക്ക്
ആരാന് വാത്ക്ക് വിളിക്ക്ന്നത്
പറയുന്നുണ്ടന്നെരം കുഞ്ഞിക്കണ്ണൻ
ഞാനല്ലെ ഞാനല്ലെ കുഞ്ഞങ്ങളെ
പാമ്പൂരിക്കുന്നുമ്മക്കെളഞ്ഞാനൊ
കെട്ടതരിക്കണം കുഞ്ഞങ്ങളെ
പറത്താനം കെട്ടില്ലെ കുഞ്ഞങ്ങളെ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
കണ്ണനൊ തന്നെ മരിച്ചിപൊലും
നമ്മക്ക് നാട്ടില് നെലയും ബന്ന്
ബാതല് തുറക്കീനെ കുഞ്ഞ്ങ്ങളെ
അത്തുരം ബാക്കൊറ് കെക്കുന്നെരം

കനകത്തെളിഞ്ഞിന് കുഞ്ഞങ്ങക്ക്
പാതിലും[34] തട്ടി തുറന്നവറ്
ഇപ്പറം പൊറംപാകം കീഞ്ഞവറ്
അത്തുരം കണ്ടുള്ള കുഞ്ഞിക്കണ്ണൻ
രണ്ടിനയും കൊത്തിക്കൊന്ന് കണ്ണൻ
അന്നടത്താലെ നടന്ന കണ്ണൻ
പാമ്പൂരി കുന്നിന് ചെല്ലുന്നല്ലെ
വാത്ക്ക് ചെന്ന് വിളിക്ക്ന്നല്ലെ
മറുവിളി കെട്ടൊണ്ടക്കെളന്തീയൻ
ചൊതിക്ക്ന്നന്നെരം കെളന്തീയൻ
നട്ട്നട്ടുള്ളൊരി പാതിരാക്ക്
ആരാന് ബാത്ക്ക് വിളിക്ക്ന്നത്
പറയുന്നുണ്ടന്നെരം കുഞ്ഞിക്കണ്ണൻ
പാമ്പൂരി കുന്നുമ്മക്കെളന്തീയ
എന്തിന് പടിഞ്ഞാറെറക്കൂടിക്കിന്
പറത്താനം കെട്ടില്ലെ കെളന്തീയ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
കണ്ണനൊതന്നെ മരിച്ചിപൊലും
പാതില് തൊറക്കെൻെറ കെളന്തീയ
അത്തുരം കെട്ടുള്ള കെളന്തീയൻ
പാതിലും തട്ടിത്തൊറക്ക്ന്നല്ലെ
പടിഞ്ഞാറെറന്നിപ്പൊറം കീയുന്നെരം
തീയനയും കൊത്തിക്കൊന്ന് കണ്ണൻ
കണ്ണൻെറ മുറിപൊട്ടി ചൊരവന്ന്
അന്നടത്താലെ നടന്ന കണ്ണൻ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
എടൊട്ടും പൂങ്കാവിച്ചെല്ലുന്നല്ലെ
വാത്ക്ക് ചെന്ന് വിളിക്ക്ന്നല്ലെ
മറുവിളി കെട്ട് ചിരുതയികുഞ്ഞൻ
പറയുന്നണ്ടൊമനച്ചിരുതയി കുഞ്ഞൻ
നട്ടുനട്ടുള്ളൊരി പാതിരാക്ക്
ആരാന് വാത്ക്ക് വിളിക്ക്ന്നത്
പറയിന്നുണ്ടൊമനക്കുഞ്ഞിക്കണ്ണൻ
എടൊട്ടും പൂങ്കാവിച്ചിരുതയി കുഞ്ഞ
ഞാനല്ലെ ഞാനല്ലെ നെറ് പെങ്ങളെ
വാതില് തൊറക്കെൻെറ നെറ്പെങ്ങളെ
അത്തുരം ബാക്കൊള് കെക്കുന്നെരം
ബാതിലും തട്ടിത്തൊറന്നവള്
ഇപ്പൊറം പൊറം പാകം കീഞ്ഞവള്
കണ്ണനക്കണ്ണാലെ കാണുന്നെരം
നിന്നെടുത്തെല്ലളും ചൊരതന്നെ

നടക്കും നടത്തത്തിച്ചൊര തന്നെ
പറയുന്നുണ്ടെടാമനച്ചിരുതയിക്കുഞ്ഞൻ
പൂങ്കാവിക്കണ്ണനെൻെറ നെരാങ്ങളെ
ഇതെല്ല എന്ത പുതുമ്മയാന്
അയ്യം ബിളികൂട്ടി കുഞ്ഞന്താനൊ
പറയുന്നുണ്ടെന്നെരം കുഞ്ഞിക്കണ്ണൻ
അയ്യം ബിളിക്കല്ല നെര്പെങ്ങളെ
ഇന്ന്തന്നെ ഞാനൊ മരിച്ചെങ്കിലും
സങ്കട ഇല്ല എനക്ക് പെങ്ങളെ
ഊയി അറവൂല നെര്പെങ്ങളെ
തമ്മടം ചാത്തും തയിരപ്പനും
രണ്ടിനയും കൊത്തിക്കൊന്ന് ഞാനെ
പാമ്പൂരികുന്നുമ്മക്കെളനയും
കെളനയും കൊത്തി കൊന്ന് ഞാനെ
പറയുന്നുണ്ടെടാമനച്ചിരുതയി കുഞ്ഞൻ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണ
അറവൂല കൊത്തിയൊ നെരാങ്ങളെ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
നിന്നെടുത്തെല്ലളം ചൊരതന്നെ
നെഞ്ഞത്ത് കുത്തി ചിരുതയി കുഞ്ഞൻ
നട്ടുനട്ടുള്ളൊരി പാതിരാക്ക്
എടവും പലഉള്ള നായിമ്മാറ്
നായിമ്മാറ ഇങ്ങ് വിളിച്ചവള്
പറയുന്നുണ്ടെടാമനച്ചിരുതയികുഞ്ഞൻ
കെട്ട തരിക്കണ്ണെൻറാങ്ങളാറെ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണൻ
അറവൂല കൊത്തിയല്ലൊ കുഞ്ഞിക്കണ്ണൻ
നിങ്ങളെ മനസ്സൊന്നൊടുണ്ടെങ്കില്
നിങ്ങളൂടി എൻറാടിപൊര്അവെണം
ഊരാളിയൊതയൊത്ത് പൊര്അവെണം
കണ്ണനയും കൂട്ടിപ്പൊരുന്നൊല്
ഊരാളിയൊതയൊത്ത് ചെന്നവറ്
വാത്ക്ക് ചെന്ന് വിളിച്ചവറ്
ഊരാളിയൊതയൊത്തെ കുഞ്ഞിയുങ്കമ്മ
മറുവിളികെട്ടൊണ്ടക്കുഞ്ഞന്താനൊ
വാതിലും തട്ടീത്തൊറന്നള്
കണ്ണനക്കണ്ണാലെ കാണുന്നെരം
അയ്യം ബിളികൂട്ടി കുഞ്ഞന്താനൊ
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണ
അറവുല കൊത്തിയൊ കുഞ്ഞിക്കണ്ണ
ഊരാളിയൊതയൊത്തങ്ങെൻറമ്മൊമ്മൻ

അമ്മാമ്മമ്പറത്താനറിയുന്നേരം[35]
എന്ന എൻറാമ്മെമ്മാമ്മങ്കൊല്ല്യയുള്ളു
കണ്ണനപ്പാത്തീക്കെടത്ത്ന്നൊള്
പാത്തിനറഞ്ഞതും ചൊര തന്നെ
എടൊട്ടും പൂങ്കാവിച്ചിരുതയി കുഞ്ഞൻ
ഊരാളിരാമൻ വയിത്ത്യെറ്ക്ക്
കൈമുറിയൊല എഅ്തി കുഞ്ഞൻ
നാലൊളം നല്ലൊരി നായിമ്മാറ
നായിമ്മാറയിങ്ങ് വിളിച്ചവള്
നായിമ്മാറെലൊല കൊടുത്തവള്
പറയുന്നണ്ടൊമനച്ചിരുതയി കുഞ്ഞൻ
കെട്ട തരിക്കണം നായിമ്മാറെ
പുതിയൊയിലൊത്തും[36] നിങ്ങള് പൊകവെണം
ഊരാളി രാമൻ പയിത്ത്യെറ്ക്ക്
വയിത്തയെറ്ക്കൊല കൊടുക്കവെണം
കടുമ്മയിപ്പൊരുന്ന് നായിമ്മാറ്
അന്നടത്താലെ നടന്നവറ്
പുതിയൊയിലൊത്തങ്ങിനെ ചെന്നവറ്
വയിത്തെറെലൊല കൊടുത്തവറ്
ഓലയും കണ്ടിററ് കാണാകുമ്മം
ഉടനെ തിരൂള്ളത്തിക്കെപ്പിക്ക്ന്ന്
അയപ്പിച്ചൊണ്ടും വെകം പൊരുന്നൊറ്
ഊരാളിയൊതയൊത്ത് ചെല്ലുന്നൊറ്
കണ്ണനെച്ചെന്നിററ് നൊക്കുന്നെരം
ഇത്തിര നല്ല വെശയമില്ല
പാത്തി നെറഞ്ഞതെല്ലാം ചൊരതന്നെ
പറയുന്നുണ്ടൊമന പയിത്തിയെറ്
എടൊട്ടും പൂങ്കാവിക്കുഞ്ഞിക്കണ്ണ
അറവൂല കൊത്ത്യൊ നീ കുഞ്ഞിക്കണ്ണ
ഊരാളിയൊതയൊത്തെക്കുഞ്ഞ്യൂങ്കമ്മെ
ആഅ്ന്നത്ഞ്ചും[37] പറഞ്ഞിന്നൊട
പറഞ്ഞാലെ നീയത് കെട്ടില്ലെലൊ
ഞാനിപ്പളെന്തല്ലം വെണ്ടന്നത്
നന്നച്ചൊടിച്ചി വയിത്തിയെറ്
കണ്ണൻെറ മുറിയല്ലെ കെട്ടുന്നത്
കണ്ണൻെറ മുറികെട്ടിത്താരകൊരി
കണ്ണനപ്പാത്തീലതിട്ടവറ്
ആടയൊരി മൂന്നമാസം ചെല്ലുന്നെരം
കണ്ണൻെറ മുറിയല്ലെ ഒണങ്ങ്ന്നത്

പാത്തിയിന്നിപ്പൊറം കീക്ക്ന്നൊറ്
ഊരാളിരാമൻ പയിത്ത്യെറ്ക്ക്
ഏറിയ തമ്മാനം കൊടുത്തൊള്ന്ന്
അയപ്പിച്ചൊണ്ടും വെകം പൊരുന്നൊല്

---

1. കഞ്ഞി + ഇവിടെ
2. വീതം
3. പോകരുതോ
4. ഇടത്തും വലത്തും
5. വാളിപ്പൊലിച്ചിട്ടല്ലോ ആകുന്നത് = കൊയ്ത് പൊലികൂട്ടിയിട്ട്
6. വരുവേവൊളി. വൊളി = ആദരസൂചകമായ പദം
7. വെള്ളയ്ക്ക
8. വരയും വരച്ച് വരയ്ക്കകത്താക്കി
9. പാട്ടം പറഞ്ഞൊഴിച്ച്
10. കടന്നോ മറെറാ
11. വന്നവർ
12. യാത്ര പറഞ്ഞിട്ട്
13. സമപ്രായക്കാർ
14. ഞങ്ങൾക്ക്
15. കഞ്ഞികുടിക്കുന്ന സ്ഥാനത്തുനിന്ന് എഴുന്നേററിട്ട്
16. ഇറങ്ങി വരൂ
17. ഉയർന്ന മൂലയിൽ
18. മഴു ഒരുക്കി കൈയുമിട്ട്
19. ഓലെ = അവരെ
20. ഭാഗ്യം വിധി
21. വഴിയിലൂടെ
22. വായിലെ അവൽ തുപ്പിക്കളഞ്ഞു
23. കയറി
24. വിധിഫലം
25. കണ്ണിൽ നിന്നൊഴുകുന്നു
26. ധാര
27. ഏഴിടത്ത് ചെപ്പ്
28. വാരിയും കൊരിയും ചെലവഴിച്ചുകൊള്ളുക
29. പൊന്നിടിച്ചു + നിങ്ങൾ
30. രക്ഷിക്കണം
31. പിന്നാലെ
32. ശ്രദ്ധിച്ചുകൊള്ളുക
33. എവിടെയാണു പോകുന്നത്
34. വാതിലും
35. വർത്താനം
36. പുതിയ കോവിലകത്തും
37. ആവുന്നതഞ്ചും

# കൊലത്തിരിത്തമ്പുരാൻെറ പാട്ട്*

കൊലത്തിരി കൊയിലുവാണ തമ്പുരായൻ
അരുളിച്ചെയിയുന്നത്തമ്പുരായൻ
കൊപാലകണ്ണ കണക്കെഅ്ത്ത്[1]
കാലൊരി മൂആണ്ടെക്കാലമായി
ഇങ്കിരിയെസ്സ്സാമനക്കൊമ്മിഞ്ഞിക്ക
പണ്ടാരക്കപ്പമടക്കാത്തത്
കപ്പ അടക്കിപ്പരണ്ടീനാനും[2]
പള്ളിച്ചാനൊമനക്കണ്ണനൊട്
പല്ലക്കിനെറം ബരുത്തിക്കൊണ്ടവരുവാൻ
വെകം കടുമ്മയിച്ചെന്ന പറ
അത്തുരം കെട്ടുള്ള കാരിയക്കാരൻ
വെകത്തിച്ചെന്നും പറയിന്നല്ലെ
പിന്നയു അരുളിച്ചെയിയുന്നല്ലെ
പാലിക്കര രാമ നെരളിയ
ആദിതലശ്ശെരിപ്പൊണ്ണെനക്ക്
നീരാട്ട് പള്ളികയിയവെണം
അത്തുരം വാക്കെട്ട കാരിയക്കാരൻ
നീരാട്ടപള്ളിക്കൊരുക്കം കൂട്ടി
നീരാട്ട് പള്ളി കയിയുന്നല്ലെ
പക്കം വെച്ചൂട്ടുന്ന കുട്ട്യട്ടറ്
പക്കം കടുമ്മയിത്തെയ്യാറാക്കി
അമെരത്ത പക്കം കയിഞ്ഞൊണ്ടല്ലെ
പൂആമ്പൊറപ്പാടൊരുമപ്പാട്
പള്ളിച്ചാനൊമനക്കുഞ്ഞിക്കണ്ണൻ
പല്ലക്കിനെറം വരുത്തികൊണ്ടും വന്ന്
അരുളിച്ചെയിയുന്നത്തമ്പുരാനൊ
പതിനെട്ട കാരിയക്കാറുള്ളത
ഒക്കയു ഒരുങ്ങീററ് നിന്നൊളണം

---

*അപൂർണ്ണമായ പാട്ട്

മുന്നൂറകംപടിച്ചൊററകാരും
ആയുതക്കൊപ്പൊടെ നിന്നൊളണം
പിന്നയും അരുളിച്ചെയ്യിയുന്നല്ലെ
പാലിക്കരക്കുട്ടിച്ചിരുതയികുഞ്ഞ
ഇങ്കിരിയെസ്സ്സാമനക്കൊമ്മിഞ്ഞിക്ക്
പണ്ടാരക്കപ്പ മടക്കണ്ടീനും
ആദിതലിശ്ശേരിപ്പൊണ്ണെനക്ക്
ഞാനിന്ന പൊയി വരുവൊളവും
കുഞ്ഞിരാമെനെന്നൊരി കുഞ്ഞനെയും
കുഞ്ഞിരയെന്നൊരി കുഞ്ഞനെയും
കുട്ട്യേള രണ്ടിനെയും കരയിക്കല്ല
പയിക്ക്മ്മം ചൊറ് കൊടുത്ത്യേക്കണം
വെയിക്ക്മ്മം നെയികൂട്ടികൊടുത്ത്യേക്കണം
അത്തുരം വാക്ക് പറയൂഞ്ചീത്
പല്ലക്കീ കാരിയടിരുന്നൊള്ന്ന്[3]
മുന്നൂറകം പടി ചൊററകാരും
നറച്ച വെടിയെല്ലാം വെക്ക്ന്നല്ലെ
കീഞ്ഞിപൊറപ്പെട്ട പൊയൊള്ന്ന്
പാലിക്കരകുട്ടി ചിരുതയികുഞ്ഞൻ
കുഞ്ഞിരാമങ്കുഞ്ഞനക്കെ പിടിച്ചി
കൂഞ്ഞിരക്കുഞ്ഞനത്തട്ടൂഞ്ചിത്[4]
തമ്പുരാമ്പൊആ്ന്നൊരുമ കാണാൻ
മാളയകയരീററും നിന്നൊള്ന്ന്
തമ്പുരാഞ്ചൊകം നെറന്ന കണ്ട്
മാളിയകീഞ്ഞിങ്ങ പൊരുന്നല്ലെ
കൊലത്തിരി കൊയില് വാണ തമ്പുരാനൊ
മുന്നൂറകം പടി ചൊററുകാരും
പതിനെട്ടൊളം നല്ല കാരിയക്കാരും
കുററിപ്പടിയും പൊറം കയിച്ചി
വെള്ളപറമ്പും പയിക്കയിച്ച്[5]
ആദി കുറിച്ചീലങ്ങെത്ത്യാണ്ടാറെ
കല്ല്യാട്ട് കുട്ടിയെന്ന കുഞ്ഞനാന്
വടക്കന്ന് തെക്കൊട്ടവളും ചെന്ന്
കുഞ്ഞനെക്കണ്ടിററ് കാണാളമ്മം
അരുളിച്ചെയ്യിയിന്നത്തമ്പുരായൻ
പള്ളിച്ചാനൊമനക്കുഞ്ഞിക്കണ്ണ
പല്ലക്കി താത്താട വെക്കുക വെണം
പല്ലക്കി താത്താട വെച്ചൊള്ന്ന്
അരുളിച്ചെയ്യിയന്നത്തമ്പുരാനൊ
പാലിക്കാര രാമ നെരളിയ
അങ്ങ്ന്നൊരി കുഞ്ഞൻ ബര്ന്നതെന്ത്

ഓപാ പിറവുഒളി തമ്പുരാനെ
തിരുവുള്ളക്കെടെതു മുണ്ടാഅറ്[6]
തിരുവുള്ളമുണ്ടാണം തമ്പുരാനെ
എനക്കൊട്ട കുഞ്ഞനയറിഞ്ഞും കൂടാ
കൊവാലക്കണ്ണ കണക്കെഴുത്ത
അങ്ങ്ന്നൊരികുഞ്ഞൻ വരുന്നതെന്ത്
ഓവാ പിറവുഒളി തമ്പുരാനെ
തിരൂള്ളക്കെടെതു ഉണ്ടാകറ്
തിരൂള്ള ഉണ്ടാണം തമ്പുരാനെ
എനക്കൊട്ടക്കുഞ്ഞനയറിഞ്ഞുംകൂട
പാണിയം പാട്ടാളി കാരിയക്കാര
അങ്ങന്നൊരി കുഞ്ഞൻ ബരുന്നതെത്
ഓവാ പിറവു ഓളി തമ്പുരാനെ
എനക്കൊട്ടക്കുഞ്ഞനയറിഞ്ഞും കൂട
പള്ളിച്ചാനൊമനക്കുഞ്ഞിക്കണ്ണ
അങ്ങ്ന്നൊരി കുഞ്ഞൻ ബരുന്നതെത
ഓവാ പിറവു ഓളി തമ്പുരാനെ
എനക്കൊട്ടക്കുഞ്ഞനയറിഞ്ഞും കൂട
കരിമ്പിലെച്ചെററ്വായിക്കുഞ്ഞിക്കൊര
അങ്ങ്ന്നൊരി കുഞ്ഞൻ ബരുന്നതെത്
ഓവാപിറവുഓളി തമ്പുരാനെ
അറിഞ്ഞിറററിയായിററൊ[7] ചൊതിക്ക്ന്ന്
അറിയാങ്കിലുണ്ടൊ ഞാൻ ചൊതിക്ക്ന്ന്
കല്ല്യാട്ട് കുട്ടിയെന്ന കുഞ്ഞനാന്
കല്ല്യാണം കൈഞ്ഞെ പുതുക്കളൊക്ക്
ഊർപ്പായിശ്ശ്യെന്നൊരി കാവിലാന്
കുളിച്ചിനെയിയാറ്ത് വെച്ചൊണ്ടിററ്
അമ്മടക്കിങ്ങ് മടങ്ങിയതാന്
അത്തുരം കെട്ടുള്ള തമ്പുരായൻ
പല്ലക്കീന്നും തായക്കീഞ്ഞൊള്ന്ന്
കുഞ്ഞൻെറ കയ് പൊയ്പിടിക്ക്ന്നല്ലെ
തമ്പുരാഞ്ഞെറുവെരക്കെപ്പൊമ്മൊതിരം
ഓളെ നടുവെരക്കൂരിയിട്ട്
അരുളിച്ചെയിയിന്നത്തമ്പുരായൻ
കരിമ്പിലെ ചെററ്വായി കുഞ്ഞിക്കൊര
കല്ല്യാട്ട കാണാരന്നമ്പിയാറ
കടുമ്മയിക്കൂട്ടിയിട കൊണ്ടവരണം
അത്തുരം കെട്ടുള്ളകാരിയക്കാരൻ
വെകകടുമ്മയിപ്പൊയൊള്ന്ന്
കല്ല്യാട്ട കാണാരന്നമ്പിയാറ്
തെക്കിനെങ്കാററാടും പൂന്തെണാല്

കാറെറററിരുന്നിനമ്പിയാറ്
കരിമ്പിലെച്ചെററ്വായിക്കുഞ്ഞിക്കൊരൻ
പടികയറിപ്പടിനൂരുന്നല്ലെ
പറയിന്നിണ്ടന്നെരം കാരിയക്കാരൻ
കല്ല്യാട്ട് കാണാരന്നമ്പിയാറെ
കൊലത്തിരികൊയില വാണ തമ്പുരായൻ
നിങ്ങളയിണ്ട് വിളിക്ക്ന്നിപ്പം.

---

1. കണക്കെഴുത്ത
2. വരണ്ടിയിരുന്നു
3. കയറി അവിടെ ഇരുന്നോളുന്നു
4. എടുക്കുകയും ചെയ്തു
5. വഴികഴിച്ചു = വഴികടന്നു
6. ഉണ്ടാകരുത്
7. അറിഞ്ഞിട്ടോ അറിയാഞ്ഞിട്ടോ

## പദാർത്ഥ സൂചിക

അനന്തറപ്പാട് - അനന്തരാവകാശം
അയക്ലിയം - ദേഹാസ്വാസ്ഥ്യം
ആട - അവിടെ
ഇച്ചീമൻ - ഈ ജീവൻ
ഇടവക - ഇടപ്രഭുവിൻെറ അധികാരപരിധിയിലുള്ള സ്ഥലം
ഇരുത്തികൾ - ദാസികൾ
ഈട - ഇവിടെ
ഉയിഞ്ഞി - ഉപേക്ഷിച്ചു
എടപഞ്ഞാറാതി - എടവമാസം
ഒപ്പരം - ഒരുമിച്ച്
കടുമ്മയിൽ - വേഗതയിൽ
കയിച്ചിട്ട - അഴിച്ചിട്ട
കാനൽ - നിഴൽ
കിറുത്തുള്ള - ധാർഷ്ട്യമുള്ള
കിഴിയുക - ഇറങ്ങുക
കീച്ചി - ഇറക്കി
കുടുപ്പ - കുടിപ്പക
കുത - ജയം, നേട്ടം
കേളിതം - വർത്തമാനം
കൊളെള്ള - അടുത്തേക്ക്, എതിരെ, പററെ
ചരയിക്ക (ചരതിക്ക) - ശ്രദ്ധിക്കുക, കാക്കുക
ചാടുക - എറിയുക
ചെറുവാട - വിഗ്രഹത്തിൽ ചാർത്താനുള്ള ഒരുതരം വസ്ത്രം
ചൊകം - യോഗം
തണ്ടീരിക്കുന്നു - അറുക്കുന്നു
തരിത്തട്ട് - തരിയിട്ട പരന്ന ലോഹപാത്രം
തുറുവണം - ആക്ഷേപം
തുള്ളുക - ചാടുക
തെണ്ടുക - ആക്രമിക്കുക
തെണ്ടയ്ക്കു പോകുക - പിരിവിനു പോകുക
നാടാല - സഭ (audience - hall)
നായ്യട്ടെ - നാഴികവട്ട
നിച്ചയിലും - നിത്യവും
നേമം - കാര്യസ്ഥപ്പണി
പുതക്കാർ - സമപ്രായക്കാർ
പൂമന്തിരിയ - നിറമുള്ള പുല്പ്പായ
പുല്ല - വെള്ളനിറം

| | | |
|---|---|---|
| പെണയാൻ | - | ചതിക്കാൻ |
| പെന | - | മരിച്ച സ്ത്രീയുടെ ആത്മാവ് |
| പൊത്തനെ | - | തനിയെ |
| പൊന്തി | - | മരം കൊണ്ടുള്ള വാൾ |
| മയക്കില്ല | - | പ്രയാസമില്ല |
| മരിയാതി | - | ആചാരപ്രകാരമുള്ള കാഴ്ച |
| മാനം | - | ഉപായം |
| മീട് | - | മുഖം |
| മീശം, വീശം | - | വീതം,പങ്ക് |
| മുട്ട് | - | തടസ്സം |
| മുത്തിങ്ങൾ | - | മൂന്നു തിങ്കൾ (മുന്നു മാസം) |
| മൊയിലൊത്ത് | - | മതിലകത്ത് |
| വയ്യൊക്കിൽ | - | പിന്നൊക്കം |
| വരത്തം | - | സുഖക്കേട് |
| വഴിയെ | - | പിന്നാലെ |
| വാളിക്കുന്നു | - | വിളവെടുക്കുന്നു |
| വിതമ്പണ്ട | - | തപിക്കേണ്ട, വിഷമിക്കേണ്ട |
| വെയിക്കുക | - | ഭക്ഷിക്കുക |
| ശരിപുതം | - | യോജിപ്പ് |

# Tuebingen University Library
# Malayalam Manuscript Series (TULMMS)

ജനറൽ എഡിറ്റർ ഡോ സ്കറിയാ സക്കറിയ

## 1 പയ്യന്നൂർപ്പാട്ട്

ഏറ്റം പഴക്കമേറിയ സ്വതന്ത്രമലയാള സാഹിത്യകൃതി, ഭർത്താവിനോടു കുടിപ്പക തീർക്കാൻ മകൻെറ തലയറുക്കുന്ന നീലകേശിയുടെ കഥ, പ്രാചീന കേരളത്തിൻെറ സമുദ്രവാണിജ്യത്തെക്കുറിച്ചുള്ള വെളിപാട്. എസ്. ഗുപ്തൻ നായർ, എം. ലീലാവതി, ജോർജ് ബൌമാൻ, സ്കറിയാ സക്കറിയ, പി. ആൻറണി (എഡിറ്റർ) എന്നിവരുടെ പഠനങ്ങൾ.

## 2 പഴശ്ശിരേഖകൾ

മലബാറിൽ ചുവടുറപ്പിക്കാൻ തുടങ്ങിയ ഇംഗ്ലിഷുകാരും നാട്ടുകാരും തമ്മിലുണ്ടായ കത്തിടപാടുകൾ. പഴശ്ശിരാജയുടെ 24 കത്തുകളടക്കം 255 രേഖകൾ; തലശ്ശേരി രേഖകളിലെ ഒരു ഭാഗം. ഹെൻറിക് സ്റ്റീറ്റൻ ക്രോൺ, ഹെർബർട്ട് കാൾ, എ. പി. ആൻഡ്രൂസുകുട്ടി, സ്കറിയാ സക്കറിയ, ജോസഫ് സ്കറിയാ (എഡിറ്റർ) എന്നിവരുടെ പഠനങ്ങൾ.

**കേരള പഠനകേന്ദ്രത്തിൻെറ പ്രഥമ പ്രസിദ്ധീകരണം**

**Dr Hermann Gundert and the Malayalam Language**

Ed. Albrecht Frenz and Scaria Zacharia

Contributors: P Govinda Pillai, Murkot Ramunny, D C Kizhakkemuri, N P Muhammed, S Guptan Nair, K M Prabhakara Variar, P Somasekharan Nair, A P Andrewskutty , Venugopala Panikkar, P T Abraham, N M Nampoothiry, Babu Varghese, Sunny P Orathel, Rajeshkumar N, K Balakrishnan, N S Sebastian, James V

pp 307 Rs 150

ISBN 81—7130—348—X

# പ്പാട്ടുകൾ

എഡിറ്റർ

**യാ സക്കറിയ**

റ്റർ

**ൻറണി**

ശകർ
**ന കേന്ദ്രം**
**ാൻസ് കോളജ്**
ി - 686 101

**വുക്സ്**

യം

00 രൂപ